ശ്രീ. പി. സി. ജോർജ് : സർ, ഞാൻ മേശപ്പുറത്തു വയ്ക്കാം.

മി. സ്പീക്കർ : അദ്ദേഹംതന്നെ മേശപ്പുറത്തു വയ്ക്കാമെന്നു സമ്മതിക്കുന്നു.

ശ്രീ. വി. കെ. രാജൻ : ലൂക്കോസിന്റെ മൂക്കും മാണിയുടെ കണ്ണും എന്നു പറഞ്ഞിരുന്നു. ആ നിലയിൽ ലൂക്കോസും മാണിയുമാണ് പ്രതികൾ എന്നനിലയിലാണ് ശ്രീ. ജോർജ് സംസാരിച്ചത്. ഇപ്പോൾ ശ്രീ. ജോർജ് നിരപരാധിയെന്നു കോടതി വിധിച്ചിരിക്കുന്നു. ആ അടിസ്ഥാനത്തിൽ ഇവരാണോ പ്രതികൾ എന്നറിയാൻ സഭയ്ക്ക് അധികാരമുണ്ട്.

II. റിപ്പോർട്ടു സമർപ്പണം

പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ റിപ്പോർട്ട്

ശ്രീ. പി. കെ. വേലായുധൻ : സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ പതിനൊന്നാമതു റിപ്പോർട്ടു ഞാൻ സമർപ്പിക്കുന്നു.

III. ഗവർണ്ണറുടെ പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. പി. ഭാസ്ക്കരൻ : സർ, ഗവർണറുടെ പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തോടു ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. കഴിഞ്ഞ ഡിസംബറിൽ നിലവിൽ വന്ന ജനാധിപത്യമുന്നണി സർക്കാരിനെതിരായ അവിശ്വാസ പ്രമേയത്തെ എതിർത്തു വോട്ടുചെയ്യാനും ഗവർണ്ണറുടെ പ്രസംഗത്തിൻമേലുള്ള നന്ദി പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കാനും എനിക്കു കഴിഞ്ഞത് തികഞ്ഞ മനസാക്ഷിയോടും ആത്മസംതൃപ്തിയോടും കൂടിയാണെന്നുള്ളതു ഇവിടെ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. 1980-ൽ മാർക്സിസ്റ്റു മുന്നണിക്കെതിരായി ജനാധിപത്യമുന്നണിയുടെ സഹായത്തോടുകൂടി ഈ നിയമസഭയിൽ കടന്നുവന്നവരാണ് ഞങ്ങൾ അഞ്ചുപേർ. അതിൽ രണ്ടുപേർ ശ്രീ. ചന്ദ്രശേഖരനും ശ്രീ. കൃഷ്ണൻകുട്ടിയും ഇന്നു ഞങ്ങളോടൊപ്പമില്ല. അവർ മാർക്സിസ്റ്റു പാളയത്തിലേക്കു പോയിരിക്കുകയാണ്. പി. ഭാസ്ക്കരനെ ജനതാപാർട്ടിയുടെ നിയമസഭാ സീററിൽനിന്നു മാററിയിരുത്തണമെന്നു പറഞ്ഞ ചന്ദ്രശേഖരൻ സ്വയം പിൻ സീററിലേക്കു താഴ്ത്തപ്പെട്ടിരിക്കുന്ന ദയനീയമായ ചിത്രമാണ് നാമിന്നിവിടെക്കാണുന്നത്. എന്നെ പാർട്ടിയിൽനിന്നു പുറത്താക്കാൻ ശ്രീ. ചന്ദ്രശേഖരൻ ശ്രമിച്ചാലും എന്റെ ജില്ലയിലെ ജനലക്ഷങ്ങൾ എന്നെ പുറംതള്ളുകയില്ലെന്ന് എനിക്ക് ആത്മാർത്ഥമായ വിശ്വാസമുണ്ട്. ജന വികാരങ്ങളെ മാനിച്ചുകൊണ്ടാണ് ഞാൻ ധീരമായ ഈ നിലപാടു സ്വീകരിച്ചിട്ടുള്ളത്.

സർ, പ്രസിദ്ധമായ കൽദാത്തെ ഫോർമുലയുടെ വെളിച്ചത്തിൽ എന്റെ പാർട്ടിയിലെ ശ്രീ. കെ. ഗോപാലനും അന്നത്തെ നിയമസഭാകക്ഷി ലീഡറായിരുന്ന ശ്രീ. കെ. ചന്ദ്രശേഖരനും ബഹുമാനപ്പെട്ട ഗവർണ്ണറെകണ്ടു, ഒരു ബദൽ മന്ത്രിസഭ ഇവിടെ രൂപീകരിക്കുകയാണെങ്കിൽ അതിനെ താഴെ ഇറക്കുവാൻ ഞങ്ങൾ ഒരുങ്ങുകയില്ലെന്നും അഥവാ വല്ലവരും അതിനെ താഴെ ഇറക്കുവാൻ ശ്രമിച്ചാൽ അതിനോട് ഞങ്ങൾ കൂട്ടുനിൽക്കുകയില്ലെന്നും വ്യക്തമായി പറഞ്ഞ വസ്തുത ഇവിടെ ഊന്നിപറയുവാൻ ഞാനാഗ്രഹി

2/2078/B

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഈ തീരുമാനത്തിനെതിരായി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോടൊപ്പം അവിശ്വാസ പ്രമേയത്തിന് വോട്ടു ചെയ്തകാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, തമിഴ്നാട് മുഖ്യമന്ത്രിയും സിനിമാ നടനുമായ ശ്രീ. എം. ജി. ആർ. ഡബിൾറോൾ അഭിനയിക്കുന്നതുപോലെ ഇപ്പോൾ ശ്രീ. കെ. ചന്ദ്രശേഖരനും ഒരു ഡബിൾറോൾ സിനിമാ നടനായി കാണുന്നതിൽ ഞാൻ അതിശയിക്കുകയാണ്. വല്ലവരും ജനതാപാർട്ടിയെ മാർക്സിസ്റ്റു പാളയത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിച്ചാൽ അത് എന്റെ ശവത്തിൽ ചവിട്ടിക്കൊണ്ടുമാത്രമേ സാധിക്കുവെന്നും വളരെ വികാരഭരിതനായി പറഞ്ഞ ശ്രീ. കെ. ചന്ദ്രശേഖരൻ ഇപ്പോൾ എന്ത് നിലപാട് സ്വീകരിക്കുന്നുവെന്ന് അറിയുവാൻ ഞങ്ങളാഗ്രഹിക്കുന്നു. വടകരയിൽനിന്നും ജയിച്ച അന്നത്തെ ദിവസം മാർക്സിസ്റ്റ് മർദ്ദനം ഏററ ചന്ദ്രശേഖരൻ, കഴിഞ്ഞ കൊല്ലം മാർച്ച് അവസാനം സെക്രട്ടേറിയററ് പടിക്കൽ ഞാൻ അടക്കമുള്ള എം. എൽ. എ. മാരെയും ജനതാപാർട്ടിയിലെ അംഗങ്ങളേയും നേതാക്കളേയും തല്ലിത്തകർത്തത് കണ്ട ശ്രീ. കെ. ചന്ദ്രശേഖരൻ, പെരിങ്ങളത്തെ ജനതാ പാർട്ടി പ്രവർത്തകനായ കുഞ്ഞിരാമൻ മാസ്ററററെയും ഓർക്കാട്ട് ഏരിയായിലെ ജനതാപാർട്ടി പ്രവർത്തകനായ നാണുവിനേയും മാർക്സിസ്റ്റ് പാർട്ടിക്കാർ കുത്തികൊന്നതുകണ്ട ശ്രീ. കെ. ചന്ദ്രശേഖരൻ, അവരുടെ കുടുംബങ്ങൾക്ക് സഹായമെത്തിച്ച ശ്രീ. കെ. ചന്ദ്രശേഖരൻ, ചെറുവള്ളൂരിലെ ജനതാപാർട്ടി പ്രവർത്തകനെ മർദ്ദിച്ചവശനാക്കിയതിനെത്തുടർന്ന് അവരുടെ വീട്ടിൽ കയറിയിറങ്ങി കുടുംബത്തെ സമാശ്വസിപ്പിച്ച ശ്രീ. കെ. ചന്ദ്രശേഖരൻ ഇന്ന് എന്ത് പറയുന്നുവെന്നറിയാൻ അതിയായ ആഗ്രഹമുണ്ട്. എന്തുതന്നെ പറഞ്ഞാലും കുഞ്ഞിരാമൻ മാസ്ററററുടെയും നാണുവിന്റെയും പ്രേതം ശ്രീ. കെ. ചന്ദ്രശേഖരന് മാപ്പുതരികയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീ. ഇ. കെ. നായനാരുടെ മന്ത്രിസഭ രാജിവച്ചശേഷം മാർക്സിസ്റ്റുപാർട്ടി ഈ രാജ്യത്ത് ഉടനീളം അക്രമം അഴിച്ചുവിടാൻ ശ്രമിക്കുകയാണ്. പൊലീസിനെകൊണ്ടു വെടിവയ്പ്പിക്കാനും ലാത്തിചാർജ്ജ് നടത്തിക്കാനും ശ്രമിക്കുകയാണ്. അതാണ് കഴിഞ്ഞമാസം 22-ാം തീയതി കണ്ണൂരിൽ കാണാൻ കഴിഞ്ഞത്. പതിനായിരക്കണക്കിന് പിഞ്ചുകുട്ടികൾ പങ്കെടുത്ത സംസ്ഥാന കലോൽസവത്തെ മാർക്സിസ്റ്റു പാർട്ടിക്കാർ കല്ലുകൊണ്ടും ചെരുപ്പുകൊണ്ടും അഭിഷേകം നടത്തി. പൊലീസുകാർക്കും സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും പരിക്കുപററി. അതിനെത്തുടർന്ന് പൊലീസിന് ലാത്തിചാർജ്ജും ടിയർഗ്യാസ് പ്രയോഗവും നടത്താൻ നിർബന്ധിതരായി. അതിനുശേഷം മൂന്നുദിവസത്തെ കലോൽസവം വളരെ ആർഭാടപൂർവം നടത്താൻ കഴിഞ്ഞു. കഴിഞ്ഞ 24-ാം തീയതി നടന്ന അതിന്റെ സമാപന സമ്മേളനം എന്റെ അദ്ധ്യക്ഷതയിലാണ് നടത്തിയത്. അര ലക്ഷത്തോളം ആളുകൾ പങ്കെടുത്തിരുന്ന ആ കലോൽസവത്തിൽ ഇന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പങ്കെടുത്തു സംസാരിക്കുകയുണ്ടായി. മാർക്സിസ്റ്റ് പാർട്ടിയിൽനിന്നും ഉണ്ടാകുന്ന ഇത്തരം അക്രമ പ്രവർത്തനങ്ങളെ സമചിത്തതയോടുകൂടി കൈകാര്യം ചെയ്യണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയോട് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

സർ, കൈത്തറിയുടെ ഈററില്ലമായ കണ്ണൂരിൽ കൈത്തറി വ്യവസായം ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ വ്യവസായത്തിന് സബ്സിഡി മാത്രമെ നൽകൂ എന്ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതു പോരാ, അതിന്നു ശാശ്വതമായ പരിഹാരം കാണണമെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ ഏററവും വടക്കേയററത്ത് കിടക്കുന്ന ഒരു പിന്നോക്കജില്ലയാണ് കണ്ണൂർ.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ഒരു മെഡിക്കൽകോളേജ് സ്ഥാപിക്കണമെന്നുള്ള ആവശ്യം വളരെ കൊല്ലങ്ങൾക്ക് മുൻപ് മുതലെ ഉന്നയിച്ചിട്ടുള്ളതാണ്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട ഗവർണ്ണർ തൃശ്ശൂരിന്റെ കാര്യം മാത്രമാണ് ഊന്നിപറഞ്ഞിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കണമെന്നുള്ള ആവശ്യം ഒരിക്കൽക്കൂടി ഉന്നയിക്കുകയാണ്.

പല പ്രതിസന്ധികളെയും തരണം ചെയ്തുകൊണ്ട് പല പാഠങ്ങളും പഠിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അനുഭവപാഠത്തിന്റെ വെളിച്ചത്തിൽ പ്രായോഗിക രാഷ്ട്രീയത്തിന് മുൻതൂക്കം നൽകിക്കൊണ്ട് ഇന്നത്തെ ഗവൺമെന്റിനെ സഹായിക്കുകയെന്നുള്ളതാണ് എന്റെ നിഗമനം. 21 മാസത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രവർത്തനവും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വൻപാർട്ടി മേധാവിത്വവും സർവ്വാധിപത്യ പ്രവണതയുംകൊണ്ട് നാട്ടിൽ ക്രമസമാധാനം താറുമാറാവുകയും സൈ്വരജീവിതം അലങ്കോലപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ അവർ വീണ്ടും തിരിച്ചുവരാതിരിക്കുവാൻവേണ്ടി ജനവികാരം മാനിച്ചുകൊണ്ടാണ് ഈ ഗവൺമെന്റിനെ അനുകൂലിക്കുന്നത് എന്റെ പാർട്ടി.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

(ബഹളം)

ശ്രീ. എം. വി. രാഘവൻ : അങ്ങ് ചെയറിലാണ് ഇരിക്കുന്നത്, അല്ലാതെ ഭരണകക്ഷി ബഞ്ചിലല്ല.

(ബഹളം)

ശ്രീമതി എം. കമലം : എന്റെ പാർട്ടിയിലെ മൊത്തം സമയത്തിൽ നിന്നും ഒരു മിനിററ് കൂടി അദ്ദേഹത്തിന് അനുവദിച്ചു കൊടുക്കണം.

(ബഹളം)

മി. സ്പീക്കർ : വളരെ നിഷ്കർഷയോടുകൂടിയാണ് ഞാൻ സമയം നോക്കുന്നത്. 9.13-ന് അദ്ദേഹത്തിന് പ്രസംഗം നിറുത്തണം. പ്രസംഗം അവസാനിപ്പിക്കണമെന്ന് ചെയറിൽ നിന്നും പറഞ്ഞു. ബഹുമാനപ്പെട്ട കമലം അവരുടെ പാർട്ടിയിൽനിന്നും ഒരു മിനിററു കൂടി കൊടുക്കാമെന്നു പറഞ്ഞു. അതുകൊണ്ട് ....

ശ്രീ. പി. കെ. വാസുദേവൻ നായർ : ശ്രീമതി കമലത്തിന്റെ പാർട്ടി ഏതു് പാർട്ടിയാണെന്നറിഞ്ഞാൽ കൊള്ളാം.

(ബഹളം)

ശ്രീ. പി. ഭാസ്കരൻ : എന്റെ പാർട്ടി ജനതാപാർട്ടി, ഈ നിയമസഭയിൽ ക്രിയാത്മകമായി പ്രവർത്തിക്കുമെന്നും ആരുടേയും ചട്ടുകമായി നിന്നു കൊടുക്കാതെ വ്യക്തിത്വത്തോടുകൂടി മുമ്പോട്ടുപോകുമെന്നും പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട്, സമയക്കുറവുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ശ്രീ. പി. ഭാസ്കരന് പ്രസംഗിക്കുവാനുള്ള സമയം കഴിഞ്ഞിട്ടും ഒരു മിനിററ് കൂടി അനുവദിച്ചുവെന്നു പറഞ്ഞു. അതിനെക്കുറിച്ചാണ് എനിക്ക് അറിയേണ്ടത്. ശ്രീമതി കമലത്തിൻെറ പാർട്ടിക്ക് ഇന്ന് എത്ര മിനിററ് ഉണ്ട്. ആ മിനിററ് മുഴുവൻ ശ്രീ. ഭാസ്കരൻ സംസാരിച്ചുകഴിഞ്ഞാൽ പിന്നെങ്ങനെ സമയം കൊടുക്കും. അപ്പോൾ ഇല്ലാത്ത സമയം എങ്ങനെയാണ് ചെയർ അനുവദിച്ചത് എന്നറിയണം. ഇത് ഞങ്ങളുടെയൊക്കെ ഒരവകാശം കൂടിയാണ്.

മി. സ്പീക്കർ : ശ്രീ. പി. ഭാസ്കരൻെറ സമയം കഴിഞ്ഞപ്പോൾ ശ്രീമതി കമലത്തിൻെറ പാർട്ടിയിൽനിന്നും സമയം കൊടുക്കണമെന്നു പറഞ്ഞു. അതുകൊണ്ടാണ് കൊടുത്തത്.

(ബഹളം)

ഓരോരുത്തരുടേയും സമയം വളരെ നിഷ്കർഷയോടുകൂടി ചെയർ ശ്രദ്ധിക്കുന്നുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ എന്തെങ്കിലും പോരായ്മ...........

(ബഹളം)

ശ്രീ. സി. ബി. സി. വാര്യർ : അങ്ങ് ഒരു മിനിററ് കൂടി അനുവദിച്ചുവെന്നു പറഞ്ഞാൽ മനസ്സിലാക്കാം. പാർട്ടിയുടെ ഒരു മിനിററ്കൂടി കൊടുത്തുവെന്നു പറഞ്ഞതുകൊണ്ടാണ് ചോദിക്കുന്നത്.

(ബഹളം)

മി. സ്പീക്കർ : ശ്രീമതി കമലത്തിൻെറ പാർട്ടിക്ക് 5 മിനിററ്കൂടിയുണ്ട്. അതിൽനിന്നും ഒരു മിനിററ് ആണ് ചെയർ അനുവദിച്ചത്.

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഇവിടെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ടു ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ പത്തിരുപത്തി ഒന്ന് മാസക്കാലം അനുഭവിച്ചുകൊണ്ടിരുന്ന ക്രമസമാധാനനിലയുടെ തകർച്ചയെക്കുറിച്ച് പുനഃപരിശോധിക്കുമെന്നും ഭരണരംഗത്ത് ഒട്ടനവധി നല്ലകാര്യങ്ങൾ ചെയ്യുമെന്നും മററും ഇവിടെ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ടാണ് സന്തോഷത്തോടുകൂടി ഇതിനെ പിന്താങ്ങുന്നത്. ക്രമസമാധാനനിലയുടെ തകർച്ചയെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങളൊന്നും ഞാൻ മറക്കുന്നില്ല. ക്രമസമാധാന രംഗത്ത് കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടുള്ളത് എന്താണ്? തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയും കോൺഗ്രസ് ഉൾപ്പെടെയുള്ള കക്ഷികളും തമ്മിലുള്ള വ്യത്യാസ സമീപനമെന്നു പറഞ്ഞു. ഞാനൊന്നു ചോദിക്കട്ടെ തൊഴിലാളികളുടെ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ നാം തമ്മിൽ ഉണ്ടായിട്ടുള്ള തർക്കമെന്താണ്? അങ്ങയുടെ പാർട്ടി 1957-ലും 1967-ലും 1980-ലും കേരളം ഭരിച്ചപ്പോൾ തൊഴിലാളികളുടെ ഇന്നയിന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഞങ്ങൾ എതിരായിനിന്നുവെന്നു നിങ്ങൾക്ക് പറയാൻ സാധിക്കുമോ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിന്, അവരുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അങ്ങോ അങ്ങയുടെ ഗവൺമെൻേറാ ആ ഗവൺമെൻറിലെ അങ്ങയുടെ പാർട്ടിയിൽപ്പെട്ട ഏതെങ്കിലും ഒരു മന്ത്രിയോ ശ്രമിച്ചിട്ടില്ലെന്നുള്ളതല്ലേ വസ്തുത?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്താണ് ചെയ്യുന്നത്? സി. ഐ. ടി. യു. ക്കാരുടെ ഒരു കയ്യിൽ കഠാരിയും മറേറ കയ്യിൽ ബോംബും കൊടുത്തിട്ട് ഇതെല്ലാമാണ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഏർപ്പാടെന്നു പറയുന്നതിൽ എന്താണ് ന്യായീകരണം. കേരളത്തിന്റെ ചരിത്രം മാത്രം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ശ്രീ. ആർ. എസ്. ഉണ്ണി പറയണം കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്തായാലും 1967 കാലത്തായാലും അതിനുമുമ്പായാലും കമ്മ്യൂണിസ്ററുപാർട്ടി തൊഴിലാളികളുടെ പ്രശ്നത്തിനുവേണ്ടി ഒരു ചെറു വിരൽ അനക്കിയിട്ടുണ്ടോ ? അവർ ആകെ ചെയ്തത് സി. ഐ. ടി. യു. കാരെയെല്ലാം അക്രമാസക്തരാക്കിമാററി, അവരെ അതിനുവേണ്ടി പ്രോൽസാഹിപ്പിച്ച് ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും രക്ഷയില്ലാത്ത അവസ്ഥ ഉണ്ടാക്കുക മാത്രമല്ലേ? എന്റെ സുഹൃത്ത് രാമചന്ദ്രൻ എന്തിനാണ് ഈ വേലയ്ക്കു പോയത്? സി. ഐ. ടി. യു. ക്കാർക്ക് സഖാവ് നായനാർ പോലും സർട്ടിഫിക്കററ് കൊടുക്കാൻ തയ്യാറല്ല. സി. ഐ. ടി. യു. കാരുടെ അക്രമത്തെക്കുറിച്ച്, തൃശ്ശൂരിലെ സംഭവത്തെക്കുറിച്ച് ശ്രീ. ഇ. എം. എസ്. പോലും തള്ളി പറഞ്ഞു. തൊഴിലാളികളുടെ കാര്യം പറയുമ്പോൾ ഒരു കാര്യം ഓർക്കുകയാണ്. ഒക്ടോബർ മാസം 14-ാം തീയതി തിരുവനന്തപുരം ജില്ലയിലെ എ. ഐ. ടി യു. സി. (ബഹുമാനപ്പെട്ട വാസുദേവൻനായരുടെ സംഘടന) യും ഐ. എൻ. ടി. യു. സി. യും, യു. ററി യു. സി. യും (ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയുടെ സംഘടന) എന്തിനാണ് പ്രകടനം നടത്തിയത്. മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയുടെ നേതൃത്വത്തിലുള്ള സി. ഐ. ടി. യു. കാരുടെ ഗുണ്ടായിസത്തിൽ പ്രതിഷേധിച്ച് സി. പി. ഐ. നേതാവിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിൽ—ഭരണകക്ഷിയിലെ തൊഴിലാളികൾ എന്തിനാണ് പ്രകടനം നടത്തിയത്? സി. ഐ. ടി. യു. കാർ കാണിക്കുന്ന സൗഹാർദ്ദപരമായ സമീപനത്തിൽ പ്രതിഷേധിച്ചാണോ സമരം നടത്തിയത്? അല്ല. സി. ഐ. ടി. യു. കാരുടെ ഗുണ്ടായിസത്തിൽ പ്രതിഷേധിച്ചാണ്. ആ സി. ഐ. ടി. യു കാർക്കു സർട്ടിഫിക്കററു കൊടുക്കാൻ മുന്നോട്ടുവന്നതിലാണ് സങ്കടം, ഞാൻ സി. പി. ഐ കാരെകുറിച്ച് ഒന്നും പറയാനാഗ്രഹിക്കുന്നില്ല. ഇന്നല്ലെങ്കിൽ നാളെ ഒരുമിച്ചു ഇരിക്കേണ്ടിവരും. വാരാണസി സമ്മേളനമൊന്നും കഴിയാൻ നിങ്ങൾ കാത്തുനിൽക്കണ്ടായെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. നിങ്ങൾ മുമ്പ് ഇരുന്നതല്ലേ ശ്രീനിവാസാ? നിങ്ങൾ എന്തിനാണ് ബേജാർ ആകുന്നത്. എനിക്കു അങ്ങേയററത്തെ പ്രതീക്ഷയുണ്ട്. നിങ്ങൾക്ക് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയോടൊപ്പം മുന്നോട്ടു പോകാൻ സാധ്യമല്ല. മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി ഈ രാജ്യത്ത് അതിന്റെ ചരിത്രത്തിൽ ഐക്യമുന്നണി സ്പിരിററ് ഉൾക്കൊള്ളാത്ത പാർട്ടിയാണ്. 1967-ൽ ചവിട്ടി പുറത്താക്കിയത് ആരാണ് ? ഞങ്ങളല്ലല്ലോ. 1967-ലെ തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ചെയ്ത ഒരു പ്രസംഗം ഞാൻ ഓർക്കുകയാണ്. നാട്ടുകാരെ, കോൺഗ്രസ്സിനെ കൊന്നു കുഴിച്ചുമൂടി, അതിന്റെ ശവപ്പെട്ടിക്ക് ആണിയടിച്ചുവെന്നു സഖാവ് ടി. വി. തോമസ്സ് പ്രസംഗിച്ചു. എന്നിട്ട് എന്തുചെയ്തു? 32 മാസം കഴിഞ്ഞപ്പോൾ ഇ. എം. എസ്. പുറംകാൽകൊണ്ടു ചവിട്ടി പുറത്താക്കി നിങ്ങളെ. പുറത്താക്കിയപ്പോൾ നിങ്ങളുടെ ശക്തി കൊണ്ടാണോ വീണ്ടും വന്നത്? അച്ചുതമേനോൻ ഡെൽഹിയിൽനിന്ന് വരുമ്പോൾ ഒരു ബാഗേ ഉണ്ടായിരുന്നുള്ളു. ഇവിടെ വന്ന ഉടനെ ആ ശവക്കുഴി മാന്തി അവിടെ നിന്ന് പെട്ടിയെടുത്ത് ആണിയെല്ലാം പൊളിച്ചുമാററി കുഴിച്ചു മൂടപ്പെട്ട ഒൻപത് കോൺഗ്രസ്സ് അംഗങ്ങളുടെ കൂടെയല്ലേ ഒൻപത് മാസക്കാലം ഭരിച്ചത്. അതു കഴിഞ്ഞപ്പോൾ ആറരകൊല്ലം അതു കഴിഞ്ഞിട്ട് തെരഞ്ഞെടുപ്പു നടത്തി. ആ തെരഞ്ഞെടുപ്പിൽ എന്താണുണ്ടായത്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മൽസരത്തെക്കുറിച്ചു പ്രസംഗിക്കുന്നു. കോൺഗ്രസ്സ് (ഐ) യ്ക്കു എതിരായിട്ട് പ്രസംഗിക്കുന്നു. നമ്മുടെ മരുന്നുകച്ചവടക്കാർ തലവേദന, മുഖവേദന കണ്ണുവേദന, ചെവിവേദന എന്നിങ്ങനെ എല്ലാ രോഗങ്ങളും മാറും ഇത് ഒരു ഔൺസ് കഴിച്ചാൽ എന്നു പറയാറുണ്ട്. അതുപോലെയാണ് മാർക്സിസ്റ്റ് പാർട്ടി ഇപ്പോൾ ഒരു മുദ്രാവാക്യം മുന്നോട്ടുവച്ചിട്ടുള്ളത്. അര ഔൺസ് ഇന്ദിരാവിരോധവും കാൽ ഔൺസ് ആൻറണി വിരോധവും ഉണ്ടായാൽ ബാക്കി എല്ലാ പിന്തിരിപ്പൻ സ്വഭാവവും മാറും ഏത് സ്ഥാപിത താല്പര്യക്കാരുമായും വർഗ്ഗീയക്കാരുമായും കൂട്ടുകൂടാമെന്ന നിലയാണുള്ളത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യ മുന്നണിയിൽ നിന്ന് മൽസരിച്ച ഞങ്ങളെല്ലാവരുംകൂടി പുതിയ മുന്നണി ഉണ്ടാക്കിയപ്പോൾ 1967-ലെ തെരഞ്ഞെടുപ്പിൽ നമ്മുടെയെല്ലാം മുദ്രാവാക്യം എന്തായിരുന്നു? 1977-ലെ തെരഞ്ഞെടുപ്പിൽ അടിയന്തിരാവസ്ഥകാലത്ത് ഇന്ദിരാകോൺഗ്രസ്സും ഞങ്ങളുമെല്ലാം ഒരുമിച്ചു പ്രവർത്തിച്ചിരുന്നു. ആ കോൺഗ്രസ്സിൻെറ പിന്തുണയോടുകൂടി തെരഞ്ഞെടുപ്പിൽ മൽസരിച്ചപ്പോൾ ഞങ്ങളുടെ മുദ്രാവാക്യം മാർക്സിസ്റ്റ് അക്രമം അറബിക്കടലിൽ എന്നായിരുന്നു. മാർക്സിസ്റ്റു പാർട്ടി ഉൾപ്പെടെയുള്ള കക്ഷികൾ എന്താണു വിളിച്ചത് അടിയന്തിരാവസ്ഥ അറബിക്കടലിൽ എന്നായിരുന്നു. എന്നിട്ടു എന്തായി? മാർക്സിസ്റ്റു അക്രമം അറബിക്കടലിൽ എന്ന മുദ്രാവാക്യം വിളിച്ചതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ നമുക്കു വോട്ടു ചെയ്തത്. അടിയന്തിരാവസ്ഥ അറബിക്കടലിൽ എന്ന മാർക്സിസ്റ്റു പാർട്ടിയുടെ മുദ്രാവാക്യത്തെ കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞു. എന്നിട്ടു നമ്മൾ മുന്നണി ഉണ്ടാക്കിയില്ലേ? മന്ത്രിസഭ ഉണ്ടാക്കുവാൻ ശ്രമിച്ചില്ലേ അന്ന് ധാർമ്മികരോഷം ഉണ്ടായിരുന്നില്ലല്ലൊ ആ ധാർമ്മികരോഷം ഇന്ന് എവിടെനിന്നു വന്നു? തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തിരുന്നത് മാർക്സിസ്റ്റു പാർട്ടിക്കു വേണ്ടിയായിരുന്നോ? ഇപ്പോൾ വലിയ ആവേശമാണ്. എൻെറ സി. പി. ഐ. സുഹൃത്തുക്കളെകുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഇൻഡ്യൻനാഷണൽ കോൺഗ്രസ്സുമായി മുന്നോട്ടു പോകണമെന്ന് ചിലർക്കെങ്കിലും ആഗ്രഹമുണ്ടെന്നാണ് എൻെറ വിശ്വാസം. അങ്ങനെ ആഗ്രഹിക്കുന്ന ചിലരെങ്കിലും ഉണ്ടെങ്കിൽ അവർക്കു നാളെ ഞങ്ങളോടൊപ്പം വരികയല്ലാതെ വേറെ ഗത്യന്തരമില്ല. അതുകൊണ്ട് അവരെപ്പററി ഒരു വാക്കുപോലും പറയാനാഗ്രഹിക്കുന്നില്ല. ശ്രീ. രാമചന്ദ്രൻ ഇവിടെ പറഞ്ഞ ഒരു കാര്യത്തെപ്പററി ഞാൻ സ്മരിച്ചുപോയി. ശ്രീ. രാമചന്ദ്രൻ എന്നത് നല്ല പേരാണ്. പക്ഷെ അദ്ദേഹത്തിന് ഒരു അപകടം പററി. അലക്കുകാർ ആരോ അപവാദപ്രചരണം നടത്തുന്നതു കേട്ട് താൻ അഗ്നിസാക്ഷിയായി സ്വീകരിച്ച ഭാര്യയെ ഉപേക്ഷിച്ചു ശ്രീരാമൻ. അതുപോലെ മാർക്സിസ്റ്റു അലക്കുകാർ ആൻറണിയെപ്പററി പറയുന്ന പ്രചാരവേല കേട്ടു തന്നെ താരാട്ടിയ ആൻറണിയേയും പാർട്ടിയേയും ഉപേക്ഷിച്ചുപോയി. അതുകൊണ്ട് അവരെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കാരണം പറയാൻവേണ്ടി ഒന്നുമില്ല. ഇന്നല്ലെങ്കിൽ നാളെ ഒന്നിച്ച് ഇരിക്കേണ്ടിവരും. ഞാൻ ആദ്യംമുതലേ രാമചന്ദ്രനോട് പറഞ്ഞതാണ് ശ്രീ. രാഘവൻെറ ബന്ധം അധികം വേണ്ടെന്ന്. എനിക്കു ആദ്യമേ പ്രതീക്ഷ ഉണ്ടായിരുന്നില്ല. പാമ്പു കടിച്ച ഏർപ്പാടാണു ഇവിടെയുള്ളത്. രാഘവനെ കടിച്ച പാമ്പാണ് ചത്തത്. അടിമുതൽ മുടിവരെ വിഷമാണ്. ഞാൻ ആദ്യമേ പറഞ്ഞതാണ് ഈ ബന്ധം വേണ്ടെന്ന്. പക്ഷെ രാമചന്ദ്രനാണെങ്കിലോ രാഘവൻ പാട്ടിൽ പിടിച്ചു, പിടിച്ചു ഇപ്പോൾ ഇരുമെയ്യാണെങ്കിലും നമ്മൾ ഒററകരളല്ലേ രാഘവാ ജീവനല്ലേ! എന്ന നിലയിൽ ....എത്തിയിരിക്കുകയാണ്.

ശ്രീ. രാഘവൻ പുഴക്കടവിൽ: സർ, ഈ സഭയിൽ രാഘവൻ രാഘവൻ എന്ന് പറയുന്നു. ഏത് രാഘവനാണെന്ന് വ്യക്തമാക്കണം. ഞാനാണ് കുററക്കാരനെങ്കിൽ ഞാൻ മറുപടി പറയും അതുകൊണ്ടു അതൊന്ന് വ്യക്തമാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : എന്റെ സുഹൃത്ത് എം. വി. രാഘവനെ പററിയാണ് ഞാൻ പറയുന്നത്. ശ്രീ. ഇ. എം. എസ്. നിയമസഭയിൽ പ്രസംഗിക്കുമ്പോൾ വലത് കമ്മ്യൂണിസ്ററ് എന്നു പറഞ്ഞു. ശ്രീ. രാഘവൻ വലത്ത് കമ്മ്യൂണിസ്ററ് എന്നാണ് പറയുന്നത്. വലത് എന്നുള്ളത് കുറേ കൂടി കളിയാക്കി 'വലത്ത്' എന്ന് രാഘവൻ പറഞ്ഞ ഈ നിയമസഭയിൽ, നിങ്ങളെ സി. പി. ഐ. കാരായി അംഗീകരിപ്പിക്കാൻ ഞങ്ങൾപെട്ടപാട് എത്രയാണെന്ന് അറിയാമോ ശ്രീനിവാസാ? ഞങ്ങളുടെ പാർട്ടിയുടെ പേരു സംബന്ധിച്ച തർക്കം ഇവിടെ പറഞ്ഞു. ഞാൻ കൂടുതലായിട്ടൊന്നും പറയുന്നില്ല. എം. കെ. കൃഷ്ണൻെറ പാർട്ടി.... ....

ശ്രീ. പി. കെ. വാസുദേവൻ നായർ : അതിന് ഒരു പ്രത്യുപകാരം ചെയ്യാൻ...................

ശ്രീ. കെ. പി. നൂറുദ്ദീൻ : ഞാൻ നിങ്ങളെപ്പററി ഒരക്ഷരം പോലും പറയാൻ ഉദ്ദേശിച്ചതല്ല. ഇവിടെ മിനിഞ്ഞാന്ന് നടന്ന ചർച്ചയിൽ രാമചന്ദ്രൻ പറഞ്ഞ കാര്യത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ആരാണ് രാമചന്ദ്ര ആദ്യമായി കണ്ണാടികൂട്ടിൽ നിന്ന് കല്ലെറിഞ്ഞത്? കണ്ണാടികൂട്ടിൽ നിന്ന് നിങ്ങളുടെ സഹപ്രവർത്തകൻ നടത്തിയ ഏറിൻെറ ഫലമായി അങ്ങോട്ട് തിരിച്ചു വന്ന ചില്ലുകൾ ഏററ് കൊണ്ട് മുഖത്തുനിന്നും നെഞ്ചത്തുനിന്നും രക്തം വാർന്നപ്പോഴാണോ ബുദ്ധി വരുന്നത്. ആദ്യമേ ബുദ്ധി വരേണ്ടതല്ലേ? അപകടം പററിയതിനുശേഷമാണോ ബുദ്ധി വരുന്നത്? ദേശാഭിമാനി വാരികയിൽ പറഞ്ഞിട്ടുള്ള കാര്യം മാത്രം ഇവിടെ പറയുന്നു. സ്പിരിററ് കുംഭകോണത്തെ കുറിച്ചുള്ള സുഗമമായ അന്വേഷണ നടപടിയ്ക്ക് മുമ്പിൽ നമ്മുടെ തായാട്ട് ശങ്കരനെ കൊണ്ട് എഴുതിച്ചതാ പ്രതിബന്ധങ്ങൾ സൃഷ്ടിച്ച് ഈ രാജ്യത്തെ കള്ള് കച്ചവടക്കാർ, കള്ളക്കച്ചവടക്കാർ എന്നിവരെല്ലാം പാർട്ടിക്കാരുടെ പിന്നാലേ വീടുകളിൽ അഭയം തേടിയിരിക്കുന്നുവെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. ഞങ്ങളാണോ ഇത് പറഞ്ഞത്. ഞാൻ അതിൻെറ മററ് വശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഏതായാലും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയ്ക്ക് ഇത്രത്തോളം ഞങ്ങളുടെ സുഹൃത്തുക്കളെ എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതിൽ നിങ്ങളെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. ഇന്ന് മാത്രമല്ല നിങ്ങളുമായി ആരെല്ലാം ബന്ധപ്പെട്ടിട്ടുണ്ടോ അന്നെല്ലാം ഇതുതന്നെയാണ് സംഭവം. 1960-ലെ തെരഞ്ഞെടുപ്പിൽ മുസ്ലീം ലീഗിനെ കിട്ടിയില്ലേ ഐക്യമുന്നണിയ്ക്ക് എന്നിട്ട് എന്താണുണ്ടായത്? പുതിയ ഒരു ലീഗ് ഉണ്ടാക്കി. എന്താണ് അതിൻെറ പേര്? പ്രോഗ്രസീവ് മുസ്ലീംലീഗ്. അന്ന് നമ്മുടെ നാട്ടിലെല്ലാം പറഞ്ഞുനടന്നത് ബത്തക്കലീഗ് എന്നാണ്. ഉള്ളിൽ ചുവപ്പും പുറത്ത് പച്ചയും. അങ്ങനെയൊരു ലീഗിനെ അന്ന് ഉണ്ടാക്കി. കുറെ കഴിഞ്ഞപ്പോൾ മുസ്ലീംലീഗുമായി ഐക്യമുന്നണിയുണ്ടാക്കിയപ്പോൾ—ഈ ലീഗിനെ ഒഴിവാക്കി. ശ്രീ. ബേബീ ജോണിനെതിരെ അഖിലേന്ത്യാ ആർ. എസ്. പി. ഉണ്ടാക്കി. പരമേശ്വരനേയും കൊണ്ട് നടന്നു. R.S.P.യെ ഒരുമിച്ച് കിട്ടാതെ വന്നപ്പോൾ അഖിലേന്ത്യാ ആർ. എസ്. പി. ഉണ്ടാക്കി. ആ കഷ്ണവും കൊണ്ട് കുറെക്കാലം നടന്നു. അതുകഴിഞ്ഞ് R.S.P. ഐക്യമുന്നണി വന്നപ്പോൾ അഖിലേന്ത്യാ ആർ. എസ്. പി.യെ വധിച്ചു. എന്നിട്ട് ഞങ്ങൾ ആർക്കും സംരക്ഷണം കൊടുത്തിട്ടില്ല എന്നാണ് പറയുന്നത്. നാളെ ആർ. എസ്. പി. യെ ആരെങ്കിലും വലിച്ചെറിഞ്ഞാൽ ഞങ്ങൾ സംരക്ഷിക്കും.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഇപ്പോഴം അഖിലേന്ത്യാ മുസ്ലീംലീഗ് അവിടെയുണ്ട്. ബഹുമാനപ്പെട്ട അബൂബക്കർ ക്രമസമാധാനത്തെപ്പററി പറഞ്ഞുവെല്ലോ. ശ്രീ. പി. പി. വി. മൂസായെ ഒരുപക്ഷേ നിങ്ങൾക്ക് വിശ്വാസമുണ്ടാവുകയില്ല. ശ്രീ. മമ്മുകേയിയോട് ചോദിക്കണമായിരുന്നു. മമ്മുകേയിയുടെ പ്രസംഗം വായിച്ചുനോക്കണം. കലോൽസവദിവസം കണ്ണൂരിൽ നടന്ന പ്രതിപക്ഷത്തിന്റെ കൈയേററം, പ്രതിപക്ഷത്തിന്റെ സമരരീതി, ഇടതുപക്ഷത്തിന്റെ സമരമുഖത്ത് കരിവാരിതേക്കുന്നതായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇടതുപക്ഷസമരത്തിന്റെ ഇമേജ് നഷ്ടപ്പെടുത്തുകയായിരുന്നു. ഈ ഗവൺമെൻറിനെതിരെ സമരം നടത്തുന്നതിനോട് യോജിക്കാം. പക്ഷേ കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടി അവിടെ കാണിച്ചതുപോലുള്ള തെററായ അക്രമാസക്തമായ സമരപരിപാടികളുമായി യോജിക്കാൻ എന്റെ പാർട്ടി തയ്യാറില്ലായെന്ന് പ്രസ്താവന ചെയ്തത് ചെറിയമമ്മുകേയിയാണ്. തലശ്ശേരിയിലും, കണ്ണൂരിലും മററ് സ്ഥലങ്ങളിലുമൊക്കെ നടന്ന സംഭവങ്ങൾ ഒരുപക്ഷേ അങ്ങ് അറിഞ്ഞില്ലായിരിക്കും. മമ്മുകേയിയെപോലെയുള്ളവർ പറയുന്നതെങ്കിലും സ്വീകരിക്കണമായിരുന്നു, ഉൾക്കൊള്ളണമായിരുന്നു എന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

അവസാനമായി എനിക്ക് പറയുവാനുള്ളത് ഞങ്ങളുടെ പാർട്ടിയിൽ നിന്ന് വിട്ടുപോയ സുഹൃത്തുക്കൾ ശ്രീ. എ. കെ. ആൻറണിയെ തള്ളിപ്പറഞ്ഞുകൊണ്ട് നടത്തുന്ന പ്രചരണത്തെസംബന്ധിച്ചാണ്. ഈ രാജ്യത്ത്, കളിമണ്ണിൽ നിന്നും മനുഷ്യനെ മെനഞ്ഞെടുക്കുന്നതുപോലെ, കരിക്കട്ടകളെ ഉലയിൽവച്ച് ഊരി തീക്കനലാക്കി മാററിയ കർമ്മയോഗിയാണ് ശ്രീ. എ. കെ. ആൻറണി. ഈ രാജ്യത്തെ കരിക്കട്ടകളായ പി. സി. ചാക്കോയേയും ശ്രീ. ഷൺമുഖദാസിനേയും, ശ്രീ. രാമചന്ദ്രനേയുമെല്ലാം പ്രോൽസാഹനമാകുന്ന ഉലയിൽവച്ച് ഊതി ഊതി എം. എൽ. എ. മാർ, എം. പി. മാർ, നേതാക്കൻമാർ തുടങ്ങിയ തീക്കട്ടകളാക്കി മാററിയ ശ്രീ. എ. കെ. ആൻറണിയെ തള്ളിപ്പറയുന്നവരോട് ഞാൻ പറയുന്നു, നാളത്തെ രാഷ്ട്രീയസാഹചര്യത്തിൽ നിങ്ങളെല്ലാം കത്തിത്തീർന്നുവെന്നുവരും. അപ്പോൾ വീണ്ടും ഉല തേടി ശ്രീ. എ. കെ. ആൻറണിയുടെ പിന്നിൽ നിങ്ങൾ എത്തിച്ചേരും എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഞാൻ ഈ നന്ദി പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എം. വി. രാഘവൻ: രാജീവ് ക്ഷണിച്ചിട്ടുണ്ട്. അങ്ങ് പോയാൽ മതി.

ശ്രീ. സി. വാസുദേവ മേനോൻ: ബഹുമാനപ്പെട്ട സ്പീക്കർ സർ, ജനാധിപത്യത്തിന്റെ ശ്രീകോവിലെന്ന് വിശേഷിക്കപ്പെടാവുന്ന ഈ സഭയിൽ നിഷ്പക്ഷതയുടെയും നീതിയുടേയും ആടയാഭരണങ്ങൾ അണിഞ്ഞിരിക്കേണ്ട അങ്ങയെ കയ്യേററം ചെയ്ത് പരിപൂർണ്ണ നഗ്നനാക്കിയിരിക്കുകയാണ്, ആടയാഭരണങ്ങളെല്ലാം ഉരിഞ്ഞെറിഞ്ഞിരിക്കുകയാണ്, ഒരു നൂലിഴപോലും അങ്ങയുടെ ശരീരത്തിലില്ല. ഞാൻ ബഹുമാനപ്പെട്ട സ്പീക്കർ പദവിയെ സംബന്ധിച്ചാണ് പറയുന്നത്. ഇതുകണ്ട് ലജ്ജിക്കാത്തവരായി നമ്മുടെ നാട്ടിൽ ജനാധിപത്യവാദികളായ ആരും തന്നെയില്ല. ബഹുമാനപ്പെട്ട മാണിയ്ക്കുപോലും ഇപ്പോൾ ലജ്ജതോന്നിത്തുടങ്ങിയിരിക്കുന്നു. ഇന്നത്തെ പത്രത്തിൽ ഈ നില തുടർന്നു കൊണ്ടു പോകാൻ ആവില്ല, ഈ അപമാനഭാരം താങ്ങാനാവില്ല, ഇനിയിത് നീട്ടികൊണ്ടുപോകരുത്, എന്ന് അവർ പറഞ്ഞിരിക്കുന്നു. എന്നിട്ടും പൗരുഷത്തെക്കുറിച്ച് സംസാരിച്ച സീതി ഹാജിയോട് ഞാൻ പറയുകയാണ് പൗരുഷമെന്നല്ല..............

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഒരു ക്ലാരിഫിക്കേഷൻ. അപമാനഭാരമാണെന്നോ, തുടരാൻ അവകാശമില്ലെന്നോ എന്റെ പാർട്ടി പറഞ്ഞിട്ടില്ല. ഒരു തെരഞ്ഞെടുപ്പിന് സന്നദ്ധമാണെന്നുള്ള ഞങ്ങളുടെ പാർട്ടിയുടെ നിലപാടിനെ വിശദീകരിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ.സി. വാസുദേവ മേനോൻ : നിങ്ങളുടെ പാർട്ടി പാസാക്കിയ പ്രമേയം പത്രത്തിൽ വന്നതിനെ സംബന്ധിച്ച് മാത്രമാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മാണിക്കും പാർട്ടിയ്ക്കും ലജ്ജ തോന്നിയിട്ടും പൗരുഷത്തെക്കുറിച്ച് വീമ്പിളിക്കുന്ന ബഹുമാനപ്പെട്ട സീതിഹാജിയോട് എനിക്ക് ചോദിക്കുവാനുള്ളത്, ബഹുമാനപ്പെട്ട കോയാ സാഹിബിനെ ആ സ്ഥാനത്തിരുത്താൻ വേണ്ടി ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ജീവാത്മാവും പരമാത്മാവുമായ അദ്ദേഹത്തിന്റെ തൊപ്പി ഊരിവയ്പ്പിച്ചില്ലേ എന്നാണ്. ഇന്ന് അതേ പദവിയിൽ നഗ്നമായിട്ടുള്ള കൈയേററം പാർട്ടി ചെയ്തിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് അദ്ദേഹത്തിന് ലജ്ജ തോന്നുന്നില്ല. പൗരുഷവുമില്ല, സ്ത്രീത്വവുമില്ല, നപുംസകത്വം മാത്രമേ നിങ്ങളുടെ പാർട്ടിയ്ക്കുള്ളു. എന്തുകൊണ്ട് നിങ്ങൾക്ക് രോഷം തോന്നുന്നില്ല? അവിടെ കയററിയിരുത്താൻ വേണ്ടി, അദ്ദേഹത്തിന്റെ തൊപ്പി ഊരി വയ്പിച്ച ആളുകൾ, നഗ്നനായിട്ട്, മറുഭാഗത്ത് സ്പീക്കറെ പോലും ചേർത്ത്, ഇന്നത്തെ ഗവൺമെൻറിൽ അങ്ങും കൂടി പങ്കാളിയായിരിക്കുന്നു. ഇതിനെ പൗരുഷത്വമെന്നു പറയണമോ, സ്ത്രീത്വമെന്നു പറയണമോ അതോ നപുംസകത്വമെന്നാണോ പറയേണ്ടത് ?

ഈ രാജ്യത്തിലെ കോൺഗ്രസിന്റെ പതാകയെ സംബന്ധിച്ചും അതിന്റെ മഹത്തായ പാരമ്പര്യത്തെ സംബന്ധിച്ചും, അത് കത്തിച്ചുകളഞ്ഞതിനെപ്പററിയും പറഞ്ഞ് ബഹുമാനപ്പെട്ട സുധീരനും അതുപോലെ തന്നെ മൊയ്തീനുമെല്ലാം രോഷം കൊണ്ടു. ഏതെങ്കിലും ഒരു രാഷ്ട്രീയപാർട്ടിയുടെ പതാക കത്തിക്കുന്നതിന് ഞങ്ങൾ എതിരാണ്. അതിനെ ശക്തിയായി എതിർത്തിട്ടുമുണ്ട്. പക്ഷേ കോൺഗ്രസിന്റെ മഹത്തായ പാരമ്പര്യം ഉൾക്കൊള്ളുന്ന ആ പതാകയെ സംബന്ധിച്ച്, അത് സത്യത്തിന്റെയും സമത്വത്തിന്റെയും, ജനാധിപത്യത്തിന്റെയും പതാകയായിരുന്ന കാലത്ത് അതിന്റെ പിന്നിൽ ഇവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളും അണിനിരന്നിരുന്നു. ഇന്ന് ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രീ. കരുണാകരനും കൂടി അതിന് ഒരു കൗപീനത്തിന്റെ വിലപോലും ഇല്ലാതാക്കിയിരിക്കുന്നു. ആ പതാകയെ സംബന്ധിച്ചാണോ പറയുന്നത്? ഉത്തരപ്രദേശിലെ കൊള്ളക്കാർക്കും ആന്തുലയെ പോലുള്ള ആളുകൾക്കും, ബലാൽസംഗം നടത്തുന്ന ആളുകൾക്കും എല്ലാം അഭയം നൽകുന്ന ആ പതാകയെ സംബന്ധിച്ചാണോ നിങ്ങൾ ഇപ്പോൾ ഊററം കൊള്ളുന്നത്? ആ പതാകയെ ഇനിയുമിനിയും അപമാനിച്ച് അതിന് കൂറത്തുണിയുടെ വില പോലും ഇല്ലാതാകുന്ന രീതിയിലേക്കാണ് കാര്യങ്ങൾ ചെന്നെത്തിയിരിക്കുന്നത്,

ഇവിടെ ഈ ഗവൺമെൻറിലുള്ള കക്ഷികളെ സംബന്ധിച്ച്, അവരുടെ ആശയപ്പൊരുത്തത്തെ സംബന്ധിച്ച്, സംസാരിച്ച് ഗവർണ്ണറുടെ പ്രസംഗമെന്നു പറയുന്ന അച്ചടിച്ച ലഘുലേഖയിൽ ആശയപ്പൊരുത്തമുള്ള കക്ഷികളാണ് അവിടെയിരിക്കുന്നത് എന്നു പറഞ്ഞു. ഇന്നത്തെ പത്രത്തിലും ശ്രീ. ആർ. സുന്ദരേശൻ നായർ പ്രസംഗിച്ചിട്ടുള്ളത്, ഇവിടെ സാമ്പത്തിക സംവരണം ഏർപ്പെടുത്തേണ്ടതുണ്ട്, അതിന് ഈ ഗവൺമെൻറ് പരമാവധി ശ്രമിക്കുമെന്നാണ്. ഈ ഗവൺമെൻറിന്റെ നയമെന്താണ്? ബഹുമാനപ്പെട്ട കോയാ സാഹിബും അതുപോലെ തന്നെ അദ്ദേഹത്തിന്റെ പിന്നിലിരിക്കുന്ന ശ്രീനിവാസനുമെല്ലാം തന്നെ ഇവിടെ സാമ്പത്തികസംവരണം ഏർപ്പെടുത്തുന്നതിന് അനുകൂലമാണോ? അതാണോ ഈ ഗവൺമെൻറിന്റെ നയം? അതോ ശ്രീ. സുന്ദരേശൻ നായരുടെ നയമാണോ അത്? ഗവർണ്ണറുടെ നയപ്രഖ്യാപന

2/2078/B.

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ സാമ്പത്തിക സംവരണത്തെസംബന്ധിച്ച് ഒരക്ഷരം പറഞ്ഞിട്ടില്ല. പട്ടികജാതിക്കാരെ സംബന്ധിച്ചും, പിന്നോക്കജാതിക്കാരെ സംബന്ധിച്ചും, അവർക്ക് ഉദ്യോഗം കൊടുക്കുന്ന കാര്യങ്ങളെ സംബന്ധിച്ചും യാതൊന്നും പറഞ്ഞിട്ടില്ല. സാമ്പത്തിക സംവരണമല്ല, ഇന്ന് നില നിൽക്കുന്ന ജാതി സംവരണം ഇവിടെ സംരക്ഷിക്കപ്പെടും എന്നുള്ള കാര്യത്തെ സംബന്ധിച്ചു പോലും ഒരക്ഷരം പ്രസംഗത്തിൽ പറയാതിരിക്കുന്നത് അർത്ഥഗർഭമല്ലേ? ഈ രാജ്യത്തിലെ പിന്നോക്ക വർഗ്ഗക്കാരെയും, പട്ടികജാതിക്കാരെയും, അതു പോലെതന്നെ ഗിരിവർഗ്ഗക്കാരെയും എല്ലാം തന്നെ പററിക്കുന്നതിനുവേണ്ടിയിട്ടാണത്.

ശ്രീ. പി. കെ. ശ്രീനിവാസൻ: മൗനം സമ്മതമാണെന്ന് സമ്മതിക്കാമെങ്കിൽ ശ്രീമാൻ സുന്ദരേശൻ നായരുടെ സാമ്പത്തികസംവരണവാദം ശ്രീ. സി. എച്ച്. മുഹമ്മദ് കോയയ്ക്കും മററും സ്വീകാര്യമാണെന്നല്ലേ മനസ്സിലാക്കേണ്ടത്?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, അംഗങ്ങൾക്ക് ഇങ്ങനെ ചോദ്യത്തിന് വഴങ്ങികൊടുത്താൽ ബുദ്ധിമുട്ടാകും.

ശ്രീ. സി. വാസുദേവ മേനോൻ: ഇനി ഞാൻ വഴങ്ങുകയില്ല. ബഹുഭൂരിപക്ഷം വരുന്ന നമ്മുടെ രാജ്യത്തെ മുസ്ലീങ്ങൾക്കും പിന്നോക്ക വർഗ്ഗക്കാർക്കും ഇത് സ്വീകാര്യമാവുകയില്ല. ഈ രാജ്യത്തെ കാലാകാലങ്ങളായി പിന്നോക്ക ജാതിക്കാർ അനുഭവിച്ചുവരുന്ന അവരുടെ സംരക്ഷണംപോലും ഇല്ലാതാക്കുന്ന നയപ്രഖ്യാപനമാണിത്. ഈ ഗവൺമെൻറ് സ്ഥാനമേററ ഉടൻ തന്നെ അത് കണ്ടുകഴിഞ്ഞു. ഈ രാജ്യത്ത് ഇന്നുവരെ നടക്കാത്ത രീതിയിൽ പിന്നോക്ക വർഗ്ഗക്കാർക്കെതിരെ, ഗിരിവർഗ്ഗക്കാർക്കെതിരെ തുടർച്ചയായ അക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

ഈ രാജ്യത്ത് കർഷക തൊഴിലാളി പെൻഷൻ കിട്ടുന്നവരെന്നു പറഞ്ഞാൽ, അതിൽ ബഹുഭൂരിപക്ഷവും പിന്നോക്ക വർഗ്ഗത്തിൽപ്പെട്ട ആളുകളാണ്. അതടക്കം ഇവിടെ നിറുത്തൽ ചെയ്യുമെന്ന് പറഞ്ഞത് ഞങ്ങളല്ല. ബഹുമാനപ്പെട്ട മാണിയുടെ പാർട്ടി ഇന്നലെ പാസാക്കിയ പ്രമേയത്തിൽ അത് തുടർന്നു കൊടുക്കണമെന്ന് പറഞ്ഞിട്ടുള്ളത്, അത് നിറുത്തലാക്കാൻ ഈ ഗവൺമെൻറ് ശ്രമിക്കുന്നു എന്നുള്ളതിൻെറ സൂചനയാണ്. ആ ഭാഗത്തിരിക്കുന്ന ഗവൺമെൻറ് കക്ഷിയിലെ ഉത്തരവാദപ്പെട്ട പാർട്ടിയിലെ ആളുകളടക്കം പറഞ്ഞത് കർഷക തൊഴിലാളി പെൻഷൻ മുമ്പത്തെപ്പോലെ വീണ്ടും കൊടുത്തു തുടങ്ങണമെന്ന്. അതിൻെറയർത്ഥം ഈ ഗവൺമെൻറ് അത് നിറുത്തലാക്കാൻ പോകുന്നു എന്നാണ്. ഇത് അവരുടെ നേരെയുള്ള കൈയ്യേററമാണെന്ന് ഭരണ കക്ഷിയിലെ ആളുകളടക്കം പറയാൻ തുടങ്ങിയിരിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: ഗവർണ്ണറുടെ പ്രസംഗത്തിൽ വളരെ വ്യക്തമായി ആ കാര്യം പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. വാസുദേവ മേനോൻ: ഞാൻ ബഹുമാനപ്പെട്ട മാണിയുടെ പാർട്ടിയെ സംബന്ധിച്ചാണ് പറഞ്ഞത്, അങ്ങ് എന്തിന് മറുപടി പറയണം. അതുമാത്രമല്ല ഇവിടെ ബഹുമാനപ്പെട്ട ജോസഫും, മാണിയുമെല്ലാം തന്നെ വളരെയധികം ആശയഐക്യമാണ് ഗവൺമെൻറുമായിട്ട് എന്നു പറഞ്ഞു. ഇവരെല്ലാം തന്നെ കൃഷിക്കാരെ പ്രതിനിധീകരിക്കുന്ന ആൾക്കാരാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. ഈ രാജ്യത്ത് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ച്, കൊക്കോ ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ച കുരുമുളക്, റബ്ബർ ഇവ ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ച് നിങ്ങളുടെ നയം എന്താണ്. എന്താശയപ്പൊരുത്തമാണുള്ളത്. ഇതിനെയെല്ലാം തന്നെ അനുകൂലിക്കുന്ന ഇതെല്ലാം നടത്തിയിട്ടുള്ള ഒരു പാർട്ടിയുടെ പ്രതിനിധിയാണ് നിങ്ങളുടെ നേതാവ്. ഇതിലെല്ലാം ആശയപ്പൊരുത്തം ഉള്ളവരാണോ? തൊഴിലാളികളുടെ കാര്യം പറയുന്ന ആളുകൾ മറുഭാഗത്തുണ്ട്. തൊഴിലാളിനേതാക്കൻമാരുടെ കാര്യം പറയുന്ന ആളുകളുണ്ട്. അവരോട് ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഈ രാജ്യത്തെ തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടി പണിമുടക്കുന്നതിനെ നാഷണൽ സെക്യൂരിററി ആക്ററ് ഉപയോഗിച്ച് അടിച്ചമർത്താൻ നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ? അതിൽ നിങ്ങൾ ആശയപ്പൊരുത്തം ഉള്ളവരാണോ, ആശയഐക്യം ഉള്ളവരാണോ? ഇവിടെ ഒന്നിച്ചിരുന്നുകൊണ്ട് എസൻഷ്യൽ സർവീസ് മെയിൻറനൻസ് ആക്ററിന് എതിർത്തവരാണ്. ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനങ്ങൾ, കൃഷിക്കാരടക്കം അവരുടെ ആവശ്യങ്ങൾക്ക് വേണ്ടി സമരം ചെയ്യുന്ന അവസരത്തിൽ അതെടുത്ത് ഉപയോഗിക്കുകയില്ലെന്ന് പറഞ്ഞ ആളുകൾ എന്താശയപ്പൊരുത്തത്തോടുകൂടിയാണ് ഇവിടെ ഇരിക്കുന്നതെന്ന് മനസിലാകുന്നില്ല. എന്താശയപ്പൊരുത്തം? ഈ രാജ്യത്തെ ജനാധിപത്യത്തെ ഇത്രയും നഗ്നമായി കൈയേററം ചെയ്തുകൊണ്ട് (ബഹളം).

ശ്രീ. കെ. ശങ്കരനാരായണൻ : സർ, ഒരു ചോദ്യം ഈ ആശയ പൊരുത്തം എപ്പഴാ ഇല്ലാതായത്.

ശ്രീ. സി. വാസുദേവ മേനോൻ : ശങ്കരനാരായണന് ഈ കാര്യങ്ങൾ ഒന്നും അറിഞ്ഞുകൂടാ. അദ്ദേഹത്തിന് ഈ കാര്യങ്ങൾ പറഞ്ഞാൽ മനസ്സിലാവുകയില്ല. ഇവിടെ ആകെ ഊററം കൊള്ളുന്നത് പോലീസ് നയത്തിൽ വ്യത്യാസം വന്നു എന്നു പറഞ്ഞുകൊണ്ടാണ്. ഇവിടെ ബഹുമാനപ്പെട്ട സരസ്വതിയമ്മ കുര്യൻ എന്തോ സംസാരിച്ചതു സംബന്ധിച്ച് അന്തസ്സിനെ സംബന്ധിച്ചും സ്ത്രീത്വത്തെ സംബന്ധിച്ചും എല്ലാം ആവേശം കൊണ്ട് സംസാരിക്കുന്നത് കേട്ടു. യഥാർത്ഥത്തിൽ ആത്മാർത്ഥത ഉള്ളവരാണെങ്കിൽ ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട ശ്രീനിവാസൻെറ അമ്മയെ അവരുടെ വീട്ടിൽക്കയറി അധിക്ഷേപിച്ചതിനെ സംബന്ധിച്ചിടത്തോളം (ബഹളം) . . . ഒരക്ഷരം പറയാൻ നിങ്ങൾ തയ്യാറായില്ല. അമ്മ പെററ മക്കളെ സംബന്ധിച്ചിടത്തോളം അവരെ ലോക്കപ്പിലിട്ട് ഇടിച്ച് വെള്ളം ദാഹിക്കുന്നു എന്നു പറയുന്ന സമയത്ത് മൂത്രമൊഴിച്ചു കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് ഒരു പക്ഷേ മക്കളുടെ വേദന അറിയുകയില്ല. നിങ്ങൾക്ക് അതിനെ സംബന്ധിച്ചിടത്തോളം ഒരക്ഷരം പറയാൻ സാധിക്കുകയില്ല. ഞാൻ ചോദിക്കട്ടെ കമലമ്മ എന്തേ മിണ്ടാത്തത്. നിങ്ങൾക്ക് സ്ത്രീത്വത്തോടുള്ള പരാക്രമം വേണ്ടത് എന്നു പറഞ്ഞല്ലൊ. ഒരമ്മയുടെ നേരെ ഇതുപോലെ ഹീനമായ രീതിയിൽ പെരുമാറിയത് നിങ്ങൾ എന്താണ് മിണ്ടാതിരുന്നത്. ഈ രാജ്യത്ത് അങ്ങോളമിങ്ങോളം ലോക്കപ്പ് മർദ്ദനങ്ങൾ അഴിച്ച് വിട്ടിരിക്കുന്നു. അതിനെ സംബന്ധിച്ച് നിങ്ങൾക്ക് ഒരക്ഷരം പറയാനുണ്ടായില്ലല്ലൊ. നിങ്ങൾ കൽപ്പററ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ആളാണ്. അവിടെയുള്ള ഗിരിവർഗ്ഗക്കാരെ സംബന്ധിച്ച് . . . . (ബഹളം). നിങ്ങൾക്ക് അവരോട്.

ശ്രീമതി എം. കമലം : കൽപ്പററ നിയോജകമണ്ഡലത്തിലല്ല ആ സംഭവം നടന്നത്. ആ സംഭവത്തിൽ എനിക്ക് പ്രതിഷേധം ഉണ്ട്. ഞാൻ എഴുതി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവമേനോൻ: ഇതിലധികം ഒററ് കൊടുക്കുന്ന ഒരേർപ്പാട് ഉണ്ടോ ? ഈ പ്രതിഷേധം ഇന്നലെവരെ തോന്നാത്തത് എന്താണ്. ഏതാനും പോലീസുകാരുടെ തെമ്മാടിത്തമാണെങ്കിൽ അത് മനസ്സിലാക്കാൻ സാധിക്കും. പക്ഷേ ഈ ഗവൺമെൻറിൻെറ നയം മാറിയിരിക്കുന്നു. ഇവിടെ ലോക്കപ്പ് മർദ്ദനം തുടങ്ങിയിരിക്കുന്നു.

അതുപോലെ ജനങ്ങളെ കൈയേററം തുടങ്ങിയിരിക്കുന്നത് നയത്തിൻെറ വ്യത്യാസമാണ്. ഏതാനും പോലീസുകാരുടെ തെമ്മാടിത്തരം ആണെങ്കിൽ അത് ഈ രാജ്യത്ത് നടന്നിട്ടുണ്ട്. ആ നടന്നതിനെ സംബന്ധിച്ച് നമ്മളൊരുപോലെ ആക്ഷേപിച്ചിട്ടുണ്ട്. പക്ഷേ ഞങ്ങൾ ആ നയം മാററിയിരിക്കുന്നു. പോലീസ് ഊർജ്ജസ്വലമായിരിക്കുന്നു എന്നു പറഞ്ഞ് ഊററം കൊള്ളുന്ന ശ്രീമാൻ ഉമ്മൻചാണ്ടി ഒന്ന് മനസ്സിലാക്കണം. ഞാൻ അനുഭവസ്ഥനാണ്. ഈ കഴിഞ്ഞ 22-ാം തീയതി ഒരു ബോണസ് തർക്കം സംബന്ധിച്ച്, ലോറി തടഞ്ഞതിനെ സംബന്ധിച്ച് നെല്ലിയാംപതിയിൽ ഓറിയെൻറൽ എസ്റേററിലെ കുറെ തൊഴിലാളികളുടെ പേരിൽ കേസ് ചാർജ് ചെയ്ത പ്രതികളെ അന്വേഷിക്കുന്നതിൻെറ പേരിൽ അവർക്ക് പാടിയിൽ കിടന്നുറങ്ങാൻ സാധിക്കുന്നില്ല. അവരെ ഹാജരാക്കുന്നതിനുവേണ്ടി ഞാനും ഈ സഭയിലെ ഒരംഗമായിരുന്ന ശ്രീമാൻ സി. ജി. പണിക്കരും എല്ലാം ചേർന്ന് നിങ്ങൾ പാടിയൽ ചെന്ന് തിരയേണ്ട ഇതാ പ്രതികൾ എന്ന് പറഞ്ഞ് ഞങ്ങൾ ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ചവരെ ഹാജരാക്കി. എന്നിട്ട് നെല്ലിയാംപതി മലയിൽ പോയി സംഭവം അന്വേഷിച്ച് വൈകുന്നേരം അവരെ ജാമ്യത്തിൽ എടുക്കാൻ ചെന്ന സമയത്ത് സ്റേറഷനിൽ നിന്ന് ഇറങ്ങാൻ പോലും അവർക്ക് വയ്യ അത്രയ്ക്ക് ക്രൂരമായി മർദ്ദിച്ചിട്ടാണ് ഡി. എസ്. പി. യുടെ മുമ്പിൽ ഹാജരാക്കിയത്. നാലു ദിവസം അവർ ആശുപത്രിയിൽ കിടന്നു. അവർക്ക് മൂത്രമൊഴിക്കാൻ വയ്യ. ആ തൊഴിലാളികൾക്ക് ഇന്ന് അദ്ധ്വാനിച്ചു ജീവിക്കാൻ വയ്യ അതിൽ ഊററം കൊള്ളുകയാണോ ? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ! നിങ്ങൾ ചെറുപ്പമാണ്, ഇപ്പോൾ തന്നെ കൊലയാളി എന്ന പേര് നിങ്ങൾ സമ്പാദിക്കരുത്, അതിന് ഇനിയും സമയം എത്രയോ ഉണ്ട്. ഇതിലൊന്നും ഊററം കൊള്ളേണ്ട. ഇതിൽ ഊററം കൊണ്ടവരാരും തന്നെ നീണ്ടാൾ വാണിട്ടില്ല. അതുകൊണ്ട് ഈ രാജ്യത്ത് അധികാരം കൈയിൽ കിട്ടിയെന്ന് വിചാരിച്ച് ഹീനമായ ലോക്കപ്പ് മർദ്ദനം തുടരാൻ അനുവദിക്കരുത്.

അതുപോലെ തന്നെ ഈ ഗവൺമെൻറ് അധികാരം ഏറെറടുത്തതിൻെറ പിറേറ ദിവസം ഒരു കൊല്ലമായി നടപ്പിലാക്കിവരുന്ന ഐ. ആർ. സി. തീരുമാനമനുസരിച്ച് കൊടുത്തുവന്നിരുന്ന കൂലി കൊടുക്കുകയില്ലെന്ന് പറഞ്ഞു. അതിനെതിരായി നടത്തിയ സമരത്തിൽ കർഷകത്തൊഴിലാളികളുടെ നേരെയടക്കം കുഴൽമത്ത് വെടിവയ്പ് നടത്തി. അവരുടെ പേരിൽ കേസ് എടുത്തിട്ടില്ല. മറിച്ച് 45 ഓളം തൊഴിലാളികളുടെ പേരിൽ 107-ാം വകുപ്പ് പ്രകാരം കേസ്സ് ചാർജ്ജു ചെയ്തു. അന്വേഷിച്ചോ ? ഇവിടെ സ്ററാലിൻെറ നയത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസം പറഞ്ഞ തൊഴിൽകാര്യമന്ത്രി അതിനെസംബന്ധിച്ച് അന്വേഷിച്ചോ ? ഐ. ആർ. സി. തീരുമാനം അനുസരിച്ചുള്ള കൂലി ആവശ്യപ്പെട്ടുകൊണ്ട്, ഒരു വർഷമായി കൊടുത്തിരുന്ന കൂലി നിർത്തലാക്കിയത് ആവശ്യപ്പെട്ടുകൊണ്ടാണ് സമരം നടത്തിയത്. ആയിരപ്പറ നെല്ലോളം കൂലി ബാക്കിതന്നെ ഉണ്ട്. അതിനെ സംബന്ധിച്ചിടത്തോളം അന്വേഷിച്ചിട്ടില്ല. അതിനെ സംബന്ധിച്ച് സ്ററാലിൻെറ നയത്തെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസമാണോ ബഹുമാനപ്പെട്ട തൊഴിൽ കാര്യമന്ത്രി എന്ന് പറയുന്ന ശിവദാസന്.

LIBRARY ARCHIVES Kerala Legislative Assembly

സർ, എനിക്ക് എന്റെ നാട്ടുകാരനായ എന്റെ സുഹൃത്ത് ആയിട്ടുള്ള ശ്രീമാൻ സുന്ദരം സ്വാമിയോട് വളരെയധികം സ്നേഹമാണ്. എനിക്ക് അദ്ദേഹത്തെ മാലയിട്ട് സ്വീകരിക്കണമെന്ന് അരങ്ങയററത്തെ ആഗ്രഹം ഉണ്ട്. അത്രയധികം സന്തോഷമുണ്ട് അദ്ദേഹം ഒരു മന്ത്രിയായി കണ്ടതിൽ. പക്ഷേ ഇവരുടെ കൂടെയാണ് ഇരിക്കുന്നതെന്ന് കാണുന്ന സമയത്ത് വാസ്തവത്തിൽ പണ്ട് പരമശിവൻ അനുഭവിച്ച വേദന, കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന നിലയിലാണ് അദ്ദേഹം. ബഹുമാനപ്പെട്ട സുന്ദരം സ്വാമി ! ജില്ല കൗൺസിൽ ബില്ലിന് ഒരൊററ അദ്ധ്യായമെങ്കിലും എഴുതി വാങ്ങാതിരുന്നതെന്തേ ? നിങ്ങളടക്കമുള്ള മന്ത്രിസഭ ആണല്ലോ ? ഇവിടെ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് നടത്തുമെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളത്. നിങ്ങൾ മററല്ലാ പ്രശ്നങ്ങളും പറഞ്ഞിട്ട് ഒരക്ഷരം പോലും ജില്ലാ കൗൺസിലിനെ സംബന്ധിച്ച് ഇവിടെ പറയാത്തതെന്ത് ? ഇവിടെ ഭരിക്കാനുള്ള ഏർപ്പാടില്ല. ഈ രാജ്യത്തെ ജനങ്ങൾ ആകെ ലജ്ജിക്കുന്നു. അവരുടെ കൂടെയുള്ള ആളുകൾ ലജ്ജിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ രാജ്യത്തെ പത്രങ്ങൾ, ഇവരെ പിൻതാങ്ങുന്നു പത്രങ്ങൾ പോലും എഴുതിയിരിക്കുന്നത് ജനാധിപത്യത്തിന്റെ നേരെയുള്ള നഗ്നമായ കൈയേററം തുടരരുത്. ഉടൻ തെരഞ്ഞെടുപ്പിലേക്ക് നീങ്ങണമെന്നാണ്. അതിനിടയിൽ കിട്ടിയ അവസരമെല്ലാം ഈ രാജ്യത്തിലെ ജനങ്ങളുടെ നേരെ ലോക്കപ്പു മർദ്ദനം നടത്തുന്നതിനും അവരെ ഹീനമായി മർദ്ദിക്കുന്നതിനും അതിൽ ഊററം കൊള്ളുന്ന ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഈ സമയം അതിന് വിനിയോഗിക്കരുത്, കൊലയാളി എന്ന പേരിന് അർഹനായിത്തീരരുത് എന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. സി. എസ്. നീലകണ്ഠൻ നായർ :</u> സർ, ഞാൻ ഇവിടെ കഴിഞ്ഞ ദിവസവും ഇന്നും നടന്ന പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗങ്ങൾ സശ്രദ്ധം ശ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രതിപക്ഷത്ത് ഇരിക്കുന്നവർക്ക് നയപ്രഖ്യാപന പ്രസംഗത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ കഴിയാതെ പോയത് എന്താണെന്ന് ഞാൻ പരിശോധിച്ചു നോക്കുകയായിരുന്നു. വളരെ നല്ല കാര്യങ്ങൾ ചെയ്യാൻ തയ്യാറെടുത്തു നിൽക്കുന്ന ഒരു ഗവൺമെൻറിന്റെ മനോഹരമായ ചിത്രം ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ ജനജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും കടന്നുചെന്ന് ശോഭനമായ ഒരു ഭാവി വാഗ്ദാനം ചെയ്യുന്ന നടപടിയ്ക്കാണ് ഈ ഗവൺമെൻറ് രൂപം കൊടുത്തിരിക്കുന്നത്. അക്രമരാഷ്ട്രീയത്തിന്റെ യാതനകളും വേദനകളും കുറച്ചുകാലം കൊണ്ടുതന്നെ വളരെയേറെ കുറഞ്ഞിട്ടുണ്ട്. പട്ടിണിയാണെങ്കിലും സൈ്വരമായി കിടന്ന് ഉറങ്ങാമല്ലോ എന്ന് സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ഒരു ആശ്വാസം തന്നെ ഉണ്ട്. അത് ഒരു പ്രാഥമിക കാര്യം തന്നെയാണ്. വളരെ സന്തോഷകരമായ ഒരു വസ്തുത കേന്ദ്രത്തിൽ നിന്ന് അർഹമായ വിഹിതം പിടിച്ചു പററുന്നതിനും കൂടുതൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും ഈ ഗവൺമെൻറ് തയ്യാറാകുമെന്ന് കാണുന്നു. കേന്ദ്ര ഗവൺമെൻറുമായി Confrontation അല്ല കോഓപ്പറേഷനാണ് എന്ന് പറയുന്നത് തീർച്ചയായും ഈ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് വളരെ കൂടുതൽ പ്രയോജനപ്പെടുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സർ, ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും സമുദ്ധാരണത്തിന് പ്രതിജ്ഞാ ബദ്ധമാണ്. ഈ ഗവൺമെൻറ് എന്നും അതിനുതകുന്ന പരിപാടികൾ ആവിഷ്ക്കരിക്കും എന്നും പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറ്റൊരു വസ്തുത പൊതു ജീവിതത്തിൽ അഴിമതി ഇന്ന് ഒരു തീരാശാപമായിത്തീർന്നിരിക്കുകയാണ്. അതിന് അറുതി വരുത്തുന്നതിനു തകുന്ന നിയമംകൊണ്ടുവരുമെന്ന് കാണുന്നത് സന്തോഷകരമാണ്. അത് എത്രയും വേഗം നടപ്പാക്കണം. ഇതിന് തുനിഞ്ഞ മററു ഗവൺമെൻറുകൾക്ക് സംഭവിച്ചതുപോലെ ഒന്നും ഈ ഗവൺമെൻറിന് സംഭവിക്കാതിരിക്കട്ടെ എന്ന് ആശിക്കുകയാണ്.

സർ, കോടതിയിൽ കാലതാമസം ഒഴിവാക്കാൻ ചില നടപടികൾ കൈക്കൊള്ളുമെന്ന് ഇതിൽ സൂചനയുണ്ട്. സർ, ഇത്തരുണത്തിൽ ഒരു കാര്യം ഗവൺമെൻറിനെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വർഷങ്ങളായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ജനങ്ങളുടെ നിറവേററപ്പെടാത്ത ഒരു ആവശ്യമാണ് ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്തു സ്ഥാപിക്കുകയെന്നുള്ളത്. അതിനുവേണ്ടി ഞങ്ങൾ, സ്വാതന്ത്ര്യസമര സേനാനിയും ഒരു മുൻ മുഖ്യമന്ത്രിയും ഉന്നത കോൺഗ്രസ്സ് നേതാവുമായ പറവൂർ ററി. കെ. നാരായണപിള്ളയുടെ നേതൃത്വത്തിൽ നടത്തിയ ഐതിഹാസികമായ സമരത്തിൻെറ മാറെറാലികൾ ഇന്നും തലസ്ഥാനനഗരിയുടെ തെരുവീഥികളിൽ നിലനില്ക്കുകയാണ്. നമ്മുടെ കേന്ദ്ര നിയമ സഹമന്ത്രി അടുത്ത ദിവസം ചെയ്ത പ്രസ്താവനയിൽനിന്നും സംസ്ഥാന ഗവൺമെൻറിൻെറ ആത്മാർത്ഥതയില്ലായ്മ മൂലമാണ് ഇതുവരെ അത് നടക്കാതെ പോയതെന്ന് മനസ്സിലാക്കാം. സർ, അതിൻെറ ന്യായാന്യായങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. കാരണം പല ഗവൺമെൻറുകൾക്കും അത് അറിവുള്ളതാണ്. തൃശ്ശൂർക്കാരനായ ശ്രീ. അച്ചുതമേനോനും കണ്ണൂർക്കാരനായ ശ്രീ. നായനാരും തിരുവനന്തപുരത്തെ അവഗണിച്ചെങ്കിൽ ശ്രീമാൻ എം. വി. രാഘവൻെറ ഭാഷയിൽ പറഞ്ഞാൽ കണ്ണൂരിൽ ജനിച്ച് തൃശ്ശൂരിൽ വളർന്ന് ഇപ്പോൾ തിരുവനന്തപുരത്ത് സ്ഥിരതാമസമാക്കിയിരിക്കുന്ന ശ്രീ. കരുണാകരൻ ഉടനടി ഒരു ഹൈക്കോടതിയുടെ ബഞ്ച് തിരുവനന്തപുരത്തു സ്ഥാപിച്ചുകിട്ടാൻ മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഇ. കെ. നായനാർ:</u> സർ, ഒരു പോയിൻറ് ഓഫ് ആർഡർ.. .... പ്രതിപക്ഷത്തിരിക്കുന്നവർക്കും മൈക്ക് ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ടാക്കിത്തരണം. അല്ലെങ്കിൽ അതിൻെറ ആളെ പുറത്താക്കണം. അത് ഒരു കാര്യം.

രണ്ടാമത്, കണ്ണൂർക്കാരനായ നായനാരും അവഗണിച്ചു എന്നു പറഞ്ഞപ്പോഴാണ് ഞാൻ പോയിൻറ് ഓഫ് ഓർഡറുമായി എഴുന്നേററത്. ഞാൻ ചോദിക്കുന്നത്, സാമ്പത്തിക സംവരണത്തിന് പരമാവധി ശ്രമിക്കുന്ന മനോഹരമായ ഒരു നയമാണ്, ഗവർണ്ണറുടെ പ്രസംഗത്തിലൂടെ ഉന്നയിച്ചത് എന്നു പറയുന്നത് ശരിയാണോ? ചരൽക്കുന്നിൽ ശ്രീമാൻ സുന്ദരേശൻ നായർ പറയുന്നു, സാമ്പത്തിക സംവരണത്തിനു പരമാവധി ശ്രമിക്കുമെന്ന്, ഇതാണോ മനോഹരമായ നയം?

<u>ശ്രീ. സി. എസ്. നീലകണ്ഠൻ നായർ:</u> ഞാൻ പറഞ്ഞത് അദ്ദേഹം സമ്മതിച്ചതിൽ എനിയ്ക്കു സന്തോഷമുണ്ട്, കണ്ണൂർക്കാരൻ ആയതുകൊണ്ട് തിരുവനന്തപുരത്തെ അവഗണിച്ചു എന്നുപറഞ്ഞത് ഏതായാലും ശ്രീമാൻ കരുണാകരൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് ഇവിടെ ഒരു ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് വളരെയധികം മുൻതൂക്കം കൊടുത്തു കാണുന്നത് ചാരിതാർത്ഥ്യജനകമാണ്. പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ തിങ്ങി താമസിക്കുന്ന പ്രദേശങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടു ഈ വർഷം തന്നെ 100-ൽ പരം ഡിസ്പെൻസറികൾ സ്ഥാപിക്കുമെന്നു പറഞ്ഞിട്ടുള്ളതും റെഫറേർണിററി സെൻറർ എന്ന പുതിയ പരീക്ഷണം നടത്തുമെന്നു പറഞ്ഞതും വളരെ വലിയ കാര്യങ്ങളാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

സർ, ഇവിടെ മുമ്പ് ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്. എഴുതി വായിക്കാമോ എന്നു ചോദിച്ചപ്പോൾ അന്നത്തെ സ്പീക്കർ, എഴുതി വായിക്കാം; പക്ഷെ ഇടയ്ക്കിടയ്ക്ക് ഇങ്ങോട്ട്, മുകളിലോട്ട് നോക്കണമെന്നു പറഞ്ഞു. അതു കൂടി ചെയ്യാതെ ഇങ്ങനെ വായിക്കുന്നത് ഓഡറിലാണോ ?

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: സർ, ശ്രീരാമകൃഷ്ണൻെറ അത്ര പ്രാഗത്ഭ്യം എനിക്കില്ല.

സർ, വിനോദ സഞ്ചാര വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വിദേശ സഞ്ചാരികളുടെ ആവശ്യത്തിന് "ഹോസ്പിററൽ" സൗകര്യത്തോടുകൂടിയ ഒരു ഹോട്ടൽ തുടങ്ങുമെന്ന് പറഞ്ഞിരിക്കുന്നത് നല്ല കാര്യമാണ്.

അതുപോലെതന്നെ കേരളത്തിലെ സാമൂഹ്യ—സാംസ്കാരിക ജീവിതത്തിൻെറ കേന്ദ്ര ബിന്ദുക്കളായി പ്രവർത്തിച്ചിരുന്ന നമ്മുടെ കേന്ദ്രങ്ങളുടെ ഇന്നത്തെ ശോചനീയമായ അവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധ ആകർഷിച്ചുകാണുന്നതിൽ വളരെയധികം സന്തോഷിക്കുകയാണ്. സർ, അവയുടെ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനും അവയ്ക്കാവശ്യമായ വിഹിതം എത്തിച്ചുകൊടുക്കുന്നതിനും, ഒരു ഏകീകൃത ദേവസ്വം നിയമം കൊണ്ടുവരുന്നതിനും ഉള്ള നടപടികൾ ഈ ഗവൺമെൻറ് ഉടനടി കൈക്കൊള്ളുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

സർ, ഒരു കാര്യത്തിൽ ഞാൻ ശ്രീമാൻ നായനാരോട് യോജിക്കുകയാണ്. ഞങ്ങൾക്ക് പരാതിയുണ്ട്. മുൻ ഗവൺമെൻറുകളുടെ ദുഷിച്ച നയത്തിൻെറ ഫലമായി വലിയ ഒരു ജനവിഭാഗം ദാരിദ്ര്യത്തിൻെറ പടുകുഴിയിൽ വീണിട്ടുണ്ട്; കൂടുതൽ പേർ വീണുകൊണ്ടിരിക്കുകയുമാണ്. ഈ വീഴ്ച തടഞ്ഞേ മതിയാകൂ. സമൂഹത്തിൻെറ അടിത്തട്ടിൽ കഴിയുന്ന ദരിദ്രരിൽ ദരിദ്രരായ ഇവർ ഇന്നും അവഗണിക്കപ്പെട്ടു കഴിയുകയാണ്. സാമ്പത്തികമായ ആനുകൂല്യത്തിൻെറ വിതരണത്തിൽ മുൻഗണന ലഭിക്കേണ്ടത് സമുദായത്തിനല്ല; ദരിദ്ര വിഭാഗത്തിനാണ്. കഴിഞ്ഞ ദിവസം ഒരു സുഹൃത്തും ഇന്ന് ശ്രീ. വാസുദേവ മേനോനും സുന്ദരേശൻ നായരുടെ സാമ്പത്തിക സംവരണ വാദം ഒരുതരത്തിൽ ഇന്നത്തെ ഗവൺമെൻറിന് അനുയോജ്യമാകുമോ എന്ന ഒരു ചോദ്യം ഉന്നയിച്ചു. സർ, ഇ. കെ. നായനാരുടെ കൂടെ അഖിലേന്ത്യാ ഇൻഡ്യാ മുസ്ലീം ലീഗിലെ പി എം. അബൂബേക്കറും അതുപോലെ തന്നെ കെ. എം. മാണിയും ഇരുന്നു ഭരിച്ചകാലത്ത് അദ്ദേഹത്തിൻെറ മാർക്സിസം എവിടെ പോയിരുന്നു എന്ന് ചോദിക്കുകയാണ്. സർ, ശ്രീമാൻ സുന്ദരേശൻ നായർ വിശ്വസിക്കുന്ന ആ പ്രസ്ഥാനത്തിൻെറ, അദ്ദേഹം ഇന്ന് മന്ത്രിയായി അവരോധിക്കപ്പെടാൻ തെരഞ്ഞെടുപ്പിലൂടെ അർഹമാക്കിയ ആ പ്രസ്ഥാനത്തിൻെറ അതി പ്രധാനമായ ഒരുവാദമാണ് സാമ്പത്തിക സംവരണ വാദം.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: അന്ന് ഞങ്ങളുടെ സമീപനം വളരെ വ്യക്തമായിരുന്നു. ഇന്ന് സാമ്പത്തിക സംവരണത്തിനാണോ സുന്ദരേശൻ നായർ നിൽക്കുന്നതെന്ന കാര്യത്തെപ്പററി കരുണാകരന് എന്ത് പറയാനുണ്ട്; സി. എച്ച്. മുഹമ്മദുകോയയ്ക്കു എന്തു പറയാനുണ്ട്. അതുപോലെതന്നെ മററുള്ള ആളുകൾക്ക് എന്തുപറയാനുണ്ട് ഇന്നുവരെ അവർ അതു പരാമർശിച്ചിട്ടില്ല. അതിനുവേണ്ടി അവർ പ്രവർത്തിക്കുമെന്നാണ്, സുന്ദരേശൻ നായർ പറഞ്ഞത്. ഞങ്ങൾ അന്ന് വ്യക്തമാക്കിയിരുന്നു സാമുദായിക സംവരണത്തിന് നിലകൊള്ളുമെന്ന്.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഞാൻ പറയുന്ന നയത്തിന് അനുകൂലമായ ഒരു നയമെടുക്കുമെന്ന് ശ്രീ. നായനാർ മുഖ്യമന്ത്രിയായി ചാർജ്ജ് എടുക്കുന്നതിൻെറ അന്ന് അദ്ദേഹം ആൾ ഇൻഡ്യ റേഡിയോയിലൂടെ പ്രഖ്യാപിച്ചതിനുശേഷം അദ്ദേഹം ഈ നിയമസഭയിൽ അതിനെതിരായി സംസാരിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. ഇ. കെ. നായനാർ: അന്നത്തെ പ്രസംഗം എൻെറ കൈവശമുണ്ട്. അത് സത്യവിരുദ്ധമാണ്. ഞങ്ങൾ സാമുദായിക സംവരണത്തിനുവേണ്ടി നിലകൊള്ളുന്നു. അതേ സമയം അന്നത്തെ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നും പറഞ്ഞു.

ശ്രീ. പി. കെ. വേലായുധൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ ബഹുമാനപ്പെട്ട ഇ. കെ. നായനാർ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിൻെറ ക്യാബിനററിനകത്ത് ഉണ്ടായിരുന്ന രണ്ട് മന്ത്രിമാർ തൃശൂരിൽ നടന്ന നായർ മഹാസമ്മേളനത്തിൽ സാമ്പത്തിക സംവരണത്തിനുവേണ്ടി വാദിക്കുകയും പ്രസംഗിക്കുകയും ചെയ്തിട്ട് അവർക്കെതിരായി ഒരു നടപടിയും സ്വീകരിക്കാത്ത സഖാവ് നായനാർ ഇപ്പോൾ ഇങ്ങനെ പറയുന്നത് ഓർഡറിലാണോ ?

ശ്രീ. ഇ. കെ. നായനാർ: അന്ന് സംവരണത്തെ സംബന്ധിച്ച ഗവൺമെൻറിൻെറ നയം വ്യക്തമാക്കിയിരുന്നു.

മി. സ്പീക്കർ: ഇങ്ങനെയുള്ള കാര്യങ്ങൾക്ക് പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയല്ല.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: ഈ സാമ്പത്തിക സംവരണം സുന്ദരേശൻനായരുടെതു മാത്രമല്ല സർ, എല്ലാ സമുദായത്തിലുംപെട്ട ബഹുലക്ഷം പട്ടിണി പാവങ്ങളുടെ ആശ്വാസത്തിനുവേണ്ടിയുള്ള വാദമാണ്. സർ, ഹരിജനങ്ങൾക്ക് ഇന്നു നൽകുന്ന ആനുകൂല്യം കുറയ്ക്കണമെന്ന് എൻ. ഡി. പി. യോ സുന്ദരേശൻ നായരോ ആവശ്യപ്പെട്ടിട്ടില്ല. പക്ഷെ ഹരിജനങ്ങളുടെ ഇടയിലുള്ള ജഗജ്ജീവൻ റാംമാരെ കാണണമെന്നു മാത്രമാണ് പറയാനുള്ളത്. സർ, പട്ടിണി പാവങ്ങളെ സമുദായ ഭേദമന്യേ പട്ടിണി പാവങ്ങളായി കാണാൻ തയ്യാറാകണം.

സർ, കഴിഞ്ഞ ദിവസം എറണാകുളത്ത് മുഴങ്ങികേട്ട ഒന്നു രണ്ടു വാചകങ്ങൾ മലയാള മനോരമ റിപ്പോർട്ട് ചെയ്തിരുന്നത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. "ജാതിയില്ലാത്ത റോസാപ്പൂക്കൾ" ആ റോസാപ്പൂക്കളെ നോക്കൂ അവയ്ക്കു ഹിന്ദുവെന്നോ, ക്രിസ്താനിയെന്നോ ഉള്ള ഭേദചിന്ത ഉണ്ടോ ? അവ ജാതിയെയും രാഷ്ട്രീയത്തേയും ചൊല്ലി വഴക്കടിക്കുന്നില്ല. ജാതി

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ ചിന്തകളുടെ കല്ലറകളിൽ പുതിയ തലമുറയെ ഒതുക്കികെട്ടാതെ വിശാല വീക്ഷണമുള്ളവരായി വളരാൻ അനുവദിക്കണം. അതുപോലെതന്നെ പട്ടിണിയിൽ കഴിയുന്ന നിങ്ങളിൽ താഴ്ന്ന ഒരു ബ്രാഹ്മണ കുടുംബത്തിന് രാഷ്ട്രത്തിന്റെ സാമ്പത്തിക സഹായം ലഭ്യമല്ലാത്തതിനെ അപലപിക്കൂ. ആ സാധു ബ്രാഹ്മണന്റെ പുത്രിയുടെ ദയനീയ സ്ഥിതി ഓർത്തു നോക്കൂ. അവരം ആവശ്യപ്പെട്ടിട്ടാണോ ബ്രാഹ്മണ കുലത്തിൽ ദാരിദ്ര്യം അനുഭവിക്കാൻ പിറന്നത്. അവളുടെ കുലം ജാതിയിൽ ഉയർന്നതായത് യാദൃച്ഛികം മാത്രമല്ലേ? പക്ഷെ എത്ര ദരിദ്രരായാലും ബ്രാഹ്മണന് പഠിക്കാൻ സ്കോളർഷിപ്പിന് അർഹതയില്ലെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. പട്ടിണിയും ദാരിദ്ര്യവും ജാതി നോക്കി വിലയിരുത്തുന്നതിനെ വ്യക്തിപരമായി എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. പട്ടിണിക്കാർക്കായാലും പട്ടിണി തന്നെയാണ്."

സർ, തൊഴിലിന്റെ വിതരണത്തിൽ ആർക്കെങ്കിലും പ്രത്യേക പരിഗണന ആവശ്യമാണെങ്കിൽ അത് പട്ടിണി പാവങ്ങളുടെ കാര്യത്തിൽ മാത്രമാണ്. സംവരണകാര്യത്തിൽ ഇ. കെ. നായനാർ പറഞ്ഞിടത്തോളമെങ്കിലും പറയാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ലല്ലോയെന്ന് ഞങ്ങൾക്കു പരാതിയുണ്ട്. പറഞ്ഞിട്ട് ചെയ്യാതിരുന്നു എന്ന ചതിയാണ് ശ്രീ. നായനാർ കാണിച്ചത്. പറഞ്ഞില്ലെങ്കിലും വല്ലതും ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറായാൽ മതിയായിരുന്നു. ഒരു ഉത്തരവുമൂലം സാമ്പത്തിക സംവരണം ഏർപ്പെടുത്താൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സംവരണ കമ്മീഷനെ നിയമിച്ചതുകൊണ്ടും പ്രശ്നത്തിന് പരിഹാരമാവുകയില്ല. ഇപ്പോൾ സംവരണത്തിന്റെ ആനുകൂല്യം ലഭിക്കാത്ത സമുദായങ്ങളിലെ പട്ടിണി പാവങ്ങൾക്ക് വേണ്ടി 10 ശതമാനം ഉദ്യോഗ സംവരണം ഈ ഗവൺമെന്റ് പ്രഖ്യാപിക്കുമോ? അത് മററു ചില സംസ്ഥാനങ്ങൾ ചെയ്തിട്ടുള്ളതാണ്. അത്രയും സന്മനസ്സെങ്കിലും ഈ ഗവൺമെന്റ് കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. രമേശൻ നായർ : സർ, ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നന്ദിപ്രമേയത്തെ ഞാൻ ആത്മാർത്ഥമായി പിൻ

10 a. m. തുണയ്ക്കുകയാണ്. കരുണാകരന്റെ ഗവൺമെന്റ് ഈ സംസ്ഥാനത്തു ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളുടെ ഒരു രൂപരേഖയാണ് നയപ്രഖ്യാപന പ്രസംഗത്തിൽക്കൂടി ഇവിടെ വച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ പുരോഗതിയും ജനങ്ങളുടെ ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പ്രസംഗമാണ് നമുക്കിവിടെ ശ്രവിക്കുവാൻ സാധിച്ചത്. നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഥമ സ്ഥാനം നൽകിയിരിക്കുന്നത് ക്രമസമാധാനത്തിനും സംശുദ്ധമായ ഭരണത്തിനുമാണ്. ക്രമസമാധാനംപോലെ തന്നെ വളരെ പ്രധാന്യമുള്ളതാണ് സംശുദ്ധമായ ഭരണവും. ഒരു രാജ്യത്തു അഴിമതി ഇല്ലാതാക്കാൻ സംശുദ്ധമായ ഭരണത്തിന് കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. രാഷ്ട്രീയ രംഗത്തും ഔദ്യോഗിക രംഗത്തുമെല്ലാം ക്യാൻസർ പോലെ പടർന്നു പിടിച്ചിരിക്കുന്ന അഴിമതി ഇല്ലാതാക്കാൻ ഈ ഗവൺമെന്റ് നിയമനിർമ്മാണ നടപടി സ്വീകരിക്കുമെന്നു പറഞ്ഞതിനെ ഞാൻ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. അത് സംബന്ധിച്ച് ഒരു നിർദ്ദേശം കൂടി വയ്ക്കാൻ ഞാനാഗ്രഹിക്കുന്നു: അതായത് അങ്ങനെയുള്ള നിയമം വരുമ്പോൾ അതിന്റെ പരിധിയിൽ മന്ത്രിമാരെക്കൂടി ഉൾപ്പെടുത്തണം. ക്രമസമാധാനപാലനം എന്നത് ഒരു ഗവൺമെന്റിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണ്. ഏതൊരു ഭരണപരിഷ്ക്കാരവും നിലനിൽക്കണമെങ്കിൽ സമാധാനപരമായ ഒരു ജീവിതം ഉറപ്പു വരണം. ക്രമസമാധാനം കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിവില്ലാത്ത ഒരു ഗവൺമെന്റ് ഭരണച്ചുമതല ഏറെറടുക്കരുത്. അവിശ്വാസ

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയത്തിനു മറുപടി പറഞ്ഞപ്പോൾ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും ഈ ഗവൺമെൻറിൻെറ പോലീസ് നയം വ്യക്തമായി പ്രഖ്യാപിച്ചു കഴിഞ്ഞു. ആത്മാർത്ഥതയുടേയും സത്യസന്ധതയുടെയും ദൃഢചിത്തതയുടെയും ശബ്ദമായിരുന്നു ആ പ്രഖ്യാപനത്തിൻേറത്. അല്ലാതെ മുൻ ഗവൺമെൻറിൻെറതുപോലെ ആണും പെണ്ണും കെട്ട ഒരു പോലീസ് നയമല്ല ഈ ഗവൺമെൻറിൻേറത് എന്നു പറയാൻ എനിക്കഭിമാനമുണ്ട്.

ശ്രീ. വി. കെ. രാജൻ: ക്രമസമാധാനം ഇവിടെ ഭദ്രമാണെന്ന് മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും സംസാരിച്ചു എന്നാണ് ബഹുമാനപ്പെട്ട രമേശൻ നായർ പറയുന്നത്. തൃശൂരിൽ മിനിഞ്ഞാന്ന് പുതിയ യൂത്ത് കോൺഗ്രസ് രാജകുമാരന് സ്വീകരണം കൊടുത്തതിനോടനുബന്ധിച്ച് നടന്ന സംഭവം മെമ്പർ മറന്നപോലെ തോന്നുന്നു. ഹോട്ടൽ യമുനയിൽ ആയിരക്കണക്കിന് കെ. എസ്. യു. ക്കാർ കടന്നു ചെന്ന് അവിടത്തെ ജോലിക്കാരെ തല്ലുകയും സാധനങ്ങൾ തല്ലിതകർക്കുകയും ചെയ്തു. ആയിരക്കണക്കിന് പോലീസുകാർ നോക്കി നിൽക്കെയാണ് ഈ സംഭവം നടന്നത്. ഇതാണോ ഈ ഗവൺമെൻറിൻെറ പോലീസ് നയം. പോലീസ് യാതൊരു നടപടിയും സ്വീകരിച്ചിില്ല- ക്രമസമാധാന പാലനം ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ഇത് സഭയെ തെററിദ്ധരിപ്പിക്കലാണ്. കെ. എസു. യു. ക്കാർ അവിടെ പോയിട്ടുമില്ല ആരെയും തല്ലിയിട്ടുമില്ല.

ശ്രീ. ഇ. രമേശൻ നായർ: സർ, ഈ സംസ്ഥാനത്തു ഒരു ഗവൺമെൻറ് ഉണ്ടായതിൽ ജനങ്ങൾ സന്തോഷിക്കുകയാണ്. അവരുടെ സ്വത്തിനും ജീവനും സംരക്ഷണം കിട്ടുന്നതുകൊണ്ട് അവരിന്ന് ആശ്വസിക്കുകയാണ്. ഈ രാജ്യത്തെ പോലീസുകാരുടെ കഴിവിൻെറ കാര്യത്തിൽ ആർക്കും ആക്ഷേപമില്ല. പോലീസുകാർ ജനസേവകരാണ് ജനസംരക്ഷകരാണ്. അല്ലാതെ ജനമർദ്ദകരല്ല. മർദ്ദനത്തിനു വേണ്ടി നടത്തുന്ന മർദ്ദനവും സമാധാന പാലനത്തിനു വേണ്ടിയുള്ള ബലപ്രയോഗവും രണ്ടാണ്. മുൻ ഗവൺമെൻറിൻെറ കാലത്ത് അന്നത്തെ ആഭ്യന്തര മന്ത്രിയുടെ അനുഗ്രഹാശിസ്സുകളോടുകൂടി രൂപം കൊണ്ട പോലീസ് അസോസിയേഷൻ ഒരു പ്രമേയം പാസാക്കുകയുണ്ടായി. തങ്ങളുടെ കൃത്യ നിർവ്വഹണത്തിനുള്ള സ്വാതന്ത്ര്യം നൽകണമെന്നായിരുന്നു ആ പ്രമേയത്തിലൂടെ അവർ ആവശ്യപ്പെട്ടത്. അതിന് അന്നത്തെ ആഭ്യന്തരവകുപ്പു മന്ത്രി മറുപടി പറഞ്ഞത് പോലീസ് നയം എന്താണെന്ന് തീരുമാനിക്കേണ്ടത് ഗവൺമെൻറാണെന്നാണ്. സർ, നയം തീരുമാനിക്കാൻ പോലീസുകാരെ അനുവദിക്കണമെന്നവർ പറഞ്ഞിട്ടില്ല. അവരിൽ നിക്ഷിപ്തമായിരിക്കുന്ന ഔദ്യോഗിക ചുമതല നിർബാധം നിർവ്വഹിക്കാനുള്ള അവസരം നൽകണമെന്നാണ് അവർ പറഞ്ഞത്. കൊലപ്പുള്ളികളെ തിരഞ്ഞുപിടിക്കുന്നതിനും ആയുധങ്ങളും ബോംബുകളും ശേഖരിച്ചു വച്ചിരിക്കുന്ന രഹസ്യ സങ്കേതങ്ങൾ കണ്ടുപിടിക്കുന്നതിനും നിയമ വിരുദ്ധമായ ആയുധ പരിശീലനം കണ്ടുപിടിക്കുന്നതിനുമൊന്നും നയ പരിപാടിയുടെ ആവശ്യമില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് ക്രിമിനൽ പ്രൊസീഡിയർ കോഡിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. അതു നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം തങ്ങൾക്കു വേണമെന്നു പറഞ്ഞപ്പോൾ അന്നത്തെ ഗവൺമെൻറ് പറഞ്ഞതെന്താണെന്നോ ? കൊലപാതകികളെ കണ്ടുപിടിക്കുന്നത് ഞങ്ങൾ പറയുകയാണെങ്കിൽ മതി എന്നാണ്. ബോംബുണ്ടാക്കുന്ന രഹസ്യ സങ്കേതങ്ങൾ കണ്ടുപിടിക്കണമെങ്കിൽ അതു ഞങ്ങൾ പറയുകയാണെങ്കിൽ മതി എന്നാണ്. ബഹുമാനപ്പെട്ട വാസുദേവമേനോൻ ലോക്കപ്പ് മർദ്ദനത്തെ പ്പററി

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുന്നതു കേട്ടു. കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് ആറ് (6) ലോക്കപ്പ് കൊലപാതകങ്ങൾ നടത്തിയിട്ട് ഇപ്പോൾ ഇവിടെ വന്നിതു പറയാൻ നാണമില്ലേ ? തടവിയതുകൊണ്ടായിരിക്കാം അവർ മരിച്ചു പോയത് എന്നു പറയുമായിരിക്കും. സർ, പ്രതിപക്ഷത്തിൻെറ സമരതന്ത്രത്തിന് ഒരു പ്രത്യേകതയുണ്ട്. അവർ ആദ്യം പ്രക്ഷോഭണം ഇളക്കിവിടും എന്നിട്ട് പോലീസിനെകൊണ്ട് ബലം പ്രയോഗിപ്പിക്കും. അതിനുശേഷം പോലീസിനെതിരായി സമരമുണ്ടാക്കും. എന്നിട്ട് സമരത്തിൻെറ ശൃംഖല തന്നെ ഉണ്ടാക്കും. വേണ്ടിവന്നാൽ രക്തസാക്ഷികളെയും ഉണ്ടാക്കി അവയെ എടുത്തുകൊണ്ട് രാജ്യം മുഴുവനും നടന്ന് ഇതു മുഴുവൻ ഗവൺമെൻറിൻെറ ചെയ്തികളാണെന്നു പറഞ്ഞ് മനസ്സിൽ സന്തോഷിച്ചുകൊണ്ട് പാർട്ടി പിളരാൻ ഇതൊരുപായമായല്ലോ എന്നു കരുതികൊണ്ട് മുന്നോട്ടു പോകുന്ന നിഷേധാത്മകമായ നിലപാടാണ് മാർക്സിസ്ററു പാർട്ടിക്കുള്ളത്. സർ, കഴിഞ്ഞ 19-ാം തീയതി ഇവിടെ ഒരു സമരം നടന്നു. ആൾ ഇൻഡ്യാ പണിമുടക്കിൻെറ ഭാഗമായിട്ടാണ് അതുണ്ടായത്. പക്ഷേ കേരളത്തിൽ ബന്തായിട്ടാണ് നടത്തിയത്. സർ, ഇൻഡ്യാ ഒരു ജനാധിപത്യ രാജ്യമാണ് ഇൻഡ്യയുടെ ജനാധിപത്യം കാത്തു സൂക്ഷിക്കുന്നതും ഇൻഡ്യയിൽ ജനാധിപത്യം സംഭാവന ചെയ്തതും ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആണ്. സർ, പണിമുടക്കാൻ അവകാശമുള്ളതു പോലെ തന്നെ പണിമുടക്കാതിരിക്കാനും അവകാശമുണ്ട്. കടകൾ അടയ്ക്കാൻ സ്വാതന്ത്ര്യം ഉള്ളതുപോലെ തന്നെ കടകൾ തുറക്കാനും സ്വാതന്ത്ര്യമുണ്ട്. പണിമുടക്കിൻെറ മറവിൽ നിന്നുകൊണ്ട് അക്രമം അഴിച്ചുവിട്ടുകൊണ്ട് രാഷ്ട്രീയ പ്രതിയോഗികളെ അമർച്ചചെയ്യാൻ ശ്രമിക്കുന്നത് ആഭാസത്തരമാണ്. അതു ശരിവയ്ക്കാൻ ജനാധിപത്യ സംവിധാനത്തിൽ വിശ്വാസമുള്ളവരാരും സമ്മതിക്കുകയില്ലെന്നുള്ളതിന് സംശയമില്ല. നിത്യോപയോഗ സാധനങ്ങളുടെ വില കയറുന്നു എന്നാണ് പറഞ്ഞത്. കഴിഞ്ഞ 21 മാസക്കാലം അധികാരത്തിലിരുന്നപ്പോൾ ഒരക്ഷരം പോലും ഉരിയാടാതിരുന്നിട്ട് ഇപ്പോൾ വെളിയിലിറങ്ങി നിന്നുകൊണ്ട് പറയുകയാണ് വില കൂടുന്നു, വില കൂടുന്നു എന്ന്. ആരാണിതിനുത്തരവാദി ? നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ ഇതിനെതിരായി ഒരു ചെറുവിരൽപോലും അനക്കിയില്ല. അത്യാവശ്യ സർവ്വീസിൽ പണിമുടക്കു നിരോധിച്ചു കൊണ്ടുള്ള നിയമം പിൻവലിക്കണമെന്നാണ് പറയുന്നത്. പണിമുടക്കു നിരോധിച്ചത് എവിടെയാണെന്നോ? ഓർഡിനൻസ് ഫാക്ടറിയിൽ ചൈനയും പാകിസ്ഥാനുമൊക്കെ ആയുധ ശേഖരണം നടത്തുമ്പോൾ നമ്മുടെ ഓർഡിനൻസ് ഫാക്ടറികളിൽ പണിമുടക്കു നടത്താൻ അവകാശം ചോദിക്കുന്നത് രാജ്യദ്രോഹികളാണ്. അതുപോലെ തന്നെ ആശുപത്രിയും റെയിൽവേയും. ഇങ്ങനെ ഒരു രാജ്യത്തിന് ഏററവും അത്യാവശ്യമുള്ള സ്ഥാപനങ്ങളിൽ മാത്രമേ പണിമുടക്കു നിരോധിച്ചിട്ടുള്ളൂ. അതേ അവസരത്തിൽ പോളണ്ടിൽ എന്തു നടക്കുന്നു ? മധുരമനോഹര മനോജ്ഞ പോളണ്ടാണ്. എന്തു പറയുന്നു കമ്മ്യൂണിസ്ററു പാർട്ടി ? പോളണ്ടിലെ തൊഴിലാളികൾ സമരം ചെയ്യുന്നത് ശമ്പളത്തിനു വേണ്ടിയല്ല. ഞങ്ങൾക്കാഹാരം തരൂ, റൊട്ടി തരൂ എന്നു പറഞ്ഞുകൊണ്ട് സമരം ചെയ്ത പോളണ്ടിലെ തൊഴിലാളികൾക്കെതിരായി റഷ്യൻ പട്ടാളം വരികയും അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്. അവിടത്തെ തൊഴിലാളികളെ മുഴുവനും റഷ്യാക്കാരൻെറ തോക്കിനിരയാക്കി പേപ്പട്ടികളെപ്പോലെ കൊന്നൊടുക്കുന്ന വാർത്ത പത്രങ്ങളിൽ നാം കാണുന്നില്ലേ? മാത്രമോ? അവിടെയുള്ള കുഞ്ഞുങ്ങളെ മുഴുവനും അന്യസ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നു. സർ, റഷ്യയുടെ അടിയന്തിരാവസ്ഥ പ്രഖ്യാപനം അവരുടെ ഭാഷയിൽ ഇടതുപക്ഷ ജനാധിപത്യ അടിയന്തിരാവസ്ഥയാണ്. ശ്രീമതി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചാൽ അത് അവരുടെ ഭാഷയിൽ ഏകാധിപത്യ അടിയന്തിരാവസ്ഥയാണ്. സർ, ഞങ്ങളുടെ നാട്ടിലൊക്കെ ഒരു വിശ്വാസമുണ്ട്. മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

പ്രാവശ്യം ചാകുട്ടിയിടുന്ന പശു പിന്നെ പ്രസവിക്കുകയില്ല എന്ന്; അതുപോലെയാണ് . മാർക്സിസ്റ്റുകാരുടെ സ്ഥിതി. അവർക്ക് ഭരിക്കാൻ മൂന്നു പ്രാവശ്യം അവസരം കൊടുത്തു. ആദ്യം 28 മാസവും പിന്നീട് 32 മാസവും ഇപ്പോൾ 21 മാസവും. ഈ മൂന്നു തവണയും അകാല പ്രസവമാണ് നടന്നത്. അതുകൊണ്ട് ഈ പശു ഇനി പ്രസവിക്കുകയില്ല. മാർക്സിസ്റ്റുകാർ ഇനി അധികാരത്തിൽ വരികയില്ല. സർ, മാർക്സിസ്റ്റു പാർട്ടി വളരുകയാണെന്നാണ് പറയുന്നത്. 1957—ൽ അവർ തനിച്ചു ഭരിച്ചു. 1967—ൽ കോൺഗ്രസിതരകക്ഷികളുമായി ചേർന്നു ഭരിച്ചു. 1980—ൽ കോൺഗ്രസ് സംസ്കാരം ഉൾക്കൊണ്ടവരുമായി കൂട്ടുചേർന്നു ഭരിച്ചു. മാർക്സിസ്റ്റു പാർട്ടി വളരുകയാണെന്നുള്ളത് ഇതിൽ നിന്നു തന്നെ വ്യക്തമാണ്. ഞാനും സമ്മതിക്കുന്നു പടവലങ്ങപോലെ കീഴോട്ടാണിവരുടെ വളർച്ച. സർ, ഈ നന്ദി പ്രമേയത്തെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. എസ്. നീലകണ്ഠൻ നായർ)

ശ്രീ. കെ. ശ്രീധരൻ : ഇപ്പോൾ നിലവിലുണ്ടെന്നു പറയുന്ന ഒരു ഗവൺമെൻറിനുവേണ്ടി ഗവർണ്ണർ ചെയ്തിട്ടുള്ള പ്രസംഗത്തിനു നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള പ്രമേയത്തെ ശക്തിയുക്തം എതിർക്കുകയാണ്. കാരണം, ഇവിടെ നിലവിലുണ്ടെന്നു് പറയപ്പെടുന്ന ഈ ഗവൺമെൻറിനെ അധികാരത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി അപ്പുറത്തിരിക്കുന്നവരായിരുന്നാലും ശരി, ആ ഗവൺമെൻറിനെ എതിർക്കുന്ന ഇപ്പുറത്തിരിക്കുന്ന ഞങ്ങൾ 70 പേർ ആയിരുന്നാലും ശരി, 140 നിയമസഭാസാമാജികൻമാരെ തെരഞ്ഞെടുത്തത് 1980-ലെ പൊതുതെരഞ്ഞെടുപ്പിലാണ്. ആ തെരഞ്ഞെടുപ്പിൽ നമ്മുടെ സംസ്ഥാനം നൽകപ്പെട്ട വിധി ഏകാധിപത്യനയങ്ങൾക്കെതിരായ വിധിയാണ്. ആ വിധി ഉണ്ടായിട്ട് അതിൻെറ അടിസ്ഥാനത്തിൽ ഈ നിയമസഭയിലേക്ക് കടന്നുവന്നതിനുശേഷം ഇവിടെവച്ച് 140 എം. എൽ. എ. മാർ പരസ്പരം കൂറുമാറിക്കൊണ്ട് കേരളത്തിലെ സമ്മതിദായകരുടെ അഭിലാഷത്തെയും അന്തസ്സിനേയും ചോദ്യം ചെയ്തുകൊണ്ട് ഒരു ഗവൺമെൻറു രൂപീകരിക്കുക എന്നു പറഞ്ഞാൽ അതു ജനാധിപത്യത്തോടു ചെയ്യുന്ന ഏററവും കടുത്ത അനീതിയാണ്. അതുകൊണ്ട് ഒരു പുതിയ ജനവിധി നേടിയതിനുശേഷമല്ലാതെ ഇവിടെ നിന്നുകൊണ്ട് പുതിയ ഗവൺമെൻറുണ്ടാക്കാനുള്ള നടപടി വളരെയധികം തെററാണു, ജനാധിപത്യത്തിനെതിരെയുള്ള ഒരു കടന്നാക്രമണമാണ്. മാത്രമല്ല, ജനങ്ങൾ ആഗ്രഹിച്ചത്, ഏകാധിപത്യവിരുദ്ധ ഗവൺമെൻറിനെ ഈ സംസ്ഥാനത്ത് കൊണ്ടുവരാനാണ്. സർ, ഇന്നു ഇവിടെയുള്ളത് ജനകീയ മുന്നണിഗവൺമെൻെറന്നുമല്ല ഇവിടെയുള്ളത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറു അനുവർത്തിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയ നയങ്ങളും സാമ്പത്തികനയങ്ങളും ഏകാധിപത്യനയങ്ങളും പ്രകാശിപ്പിക്കുന്ന ഒരേജൻസി മാത്രമാണ്. ഈ നിയമസഭയിൽ നാലഞ്ചുദിവസങ്ങളായി നടക്കുന്ന ചർച്ചയിൽ പാർലമെൻററി ജനാധിപത്യത്തിൽ പരാമർശിക്കാൻ പാടില്ലാത്ത രണ്ടു സുപ്രധാന ഘടകങ്ങളെ സംബന്ധിച്ചാണ് ഏററവും കൂടുതൽ പരാമർശിച്ചിട്ടുള്ളത്. ഒന്ന് അങ്ങ് ഇരിക്കുന്ന ചെയറിനെ സംബന്ധിച്ച്—സ്പീക്കറെ സംബന്ധിച്ച്. അതുപോലെതന്നെ ഗവർണ്ണറെ സംബന്ധിച്ച്. സ്വാഭാവികമായും പാർലമെൻറിൻെറ ചർച്ചയിലായാലും നിയമസഭയുടെ ചർച്ചയിലായാലും ശരി അത് പരാമർശിക്കാൻ പാടില്ല. അത്രയും പരിപാവനമാണ്. പക്ഷേ ഇവിടെ എന്താണു ഉണ്ടായത് ? അതാണ് ഇവിടെ ചർച്ചയ്ക്കു വിഷയമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ എല്ലാം അക്ഷരങ്ങൾ തപ്പിപ്പിടിച്ച് അപ്പുറത്തിരിക്കുന്ന മാണി ഉൾപ്പെടെയുള്ള നിയമപണ്ഡിതൻമാർ വായിക്കുകയാണ്. പക്ഷേ ഒരു കാര്യമുണ്ട്. അവർ ഇവിടെ നിയമപുസ്തകങ്ങളിലെ അക്ഷരം മാത്രമാണ് കണ്ടിട്ടുള്ളത്. ഇൻഡ്യൻ ജനാധിപത്യത്തിന്റേയും ഇൻഡ്യൻ പാർലമെന്റിന്റെയും ആത്മാവ് കണ്ടെത്താൻ മാണി ഉൾപ്പെടെയുള്ള നിയമപണ്ഡിതൻമാർക്ക് സാധിച്ചിട്ടില്ല. ആരാണ് സ്പീക്കർ; ഞാനൊന്നു ചോദിക്കട്ടെ; ഒരു മൊട്ടുസൂചി എടുക്കണമെങ്കിൽ എടുക്കാൻ പാടില്ലെന്നു പ്രതിപക്ഷത്തുനിന്നു പറഞ്ഞുകഴിഞ്ഞാൽ അങ്ങയുടെ കാസ്റ്റിംഗ് വോട്ടുകൊണ്ടു മാത്രമേ ആ മൊട്ടുസൂചി എടുക്കാനുള്ള അവകാശം ഉള്ളു എന്ന സ്ഥിതി വിശേഷം നിലനിൽക്കുകയാണ്. പാർലമെന്ററി ജനാധിപത്യത്തിൽ 'സ്പീക്കർ'ക്ക് അതല്ല ഉദ്ദേശിച്ചിട്ടുള്ളത്. സ്പീക്കർ എന്ന പദവിയെ സംബന്ധിച്ചിടത്തോളം എന്താണു സ്ഥിതി? നമ്മുടെ നിയമസഭയിൽ, ഫലത്തിൽ, സത്യം ക്രൂശിക്കാൻ തയ്യാറില്ലെങ്കിൽ ഞാൻ പറയട്ടെ, സ്പീക്കർ ഭരണകക്ഷിയുമായി ലയിച്ചിരിക്കുന്നു. അതല്ലെങ്കിൽ ഭരണകക്ഷി സ്പീക്കറെ റബ്ബർ സ്റ്റാമ്പാക്കി മാററിയിരിക്കുന്നു. ഇതു രണ്ടായാലും ശരി പാർലമെന്ററി ജനാധിപത്യത്തിന്റെ മരണമണി മുഴക്കമാണ് നടക്കുന്നത്. ഇതു ഈ രാജ്യത്തു ഉണ്ടാകാൻ പാടില്ല.

സർ, ഗവർണ്ണർ എന്ന പദവി ഇൻഡ്യയിലെ ഫെഡറൽ സംവിധാനത്തിന്റെ പ്രധാനമായ ഒരു കണ്ണിയാണ്. സംസ്ഥാന താല്പര്യങ്ങളും കേന്ദ്രതാൽപ്പര്യങ്ങളും ഒരുപോലെ സംരക്ഷിക്കാൻ ബാധ്യതയുള്ള സമഞ്ജസമായ സ്ഥാനമാണ് ഗവർണ്ണർ. നിർഭാഗ്യകരമെന്നു പറയട്ടെ, കേരളാ ഗവർണ്ണർ, സംസ്ഥാനത്തിന്റെ ജനകീയ താൽപ്പര്യങ്ങളെ അവഗണിച്ചു എന്നുമാത്രമല്ല, കേന്ദ്രതാല്പര്യങ്ങളേയും അവഗണിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രതാല്പര്യമെന്നു പറയുമ്പോൾ ഇന്ദിരാഗാന്ധിയുടെ കേന്ദ്രഗവൺമെന്റിന്റെ കാര്യമല്ല, കേന്ദ്ര സംസ്ഥാന താൽപ്പര്യങ്ങൾ സമഞ്ജസമായി നിലനിറുത്താൻ ബാധ്യതയുള്ളതുകൊണ്ട് ആ താല്പര്യങ്ങൾ നിർവ്വഹിക്കുന്നതിനു പകരം കോൺഗ്രസ് (ഐ.) യുടെ പ്രസിഡണ്ടായ ശ്രീമതി ഇന്ദിരാഗാന്ധിയുടേയും ഇന്ദിരാഗാന്ധിയുടെ അനുയായിയായ കരുണാകരന്റെയും അടുക്കളയിലെ വേലക്കാരിയായി അധഃപതിച്ചിരിക്കുന്നുവെന്ന സത്യം വേദനയോടുകൂടിയല്ലാതെ പറയാൻ സാധ്യമല്ല. അതുകൊണ്ടാണ് പറയുന്നത് ഇൻഡ്യൻ പാർലമെന്ററി ജനാധിപത്യത്തെ കഴിഞ്ഞ 33 കൊല്ലക്കാലമായി തകർത്തുതരിപ്പണമാക്കാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി ഗാന്ധിയും അതുപോലെയുള്ള ആളുകളും അവർക്കെല്ലാം വേണ്ടിയിട്ട് അവസാനമായി നാടകീയമായ സംഭവത്തിലേക്ക് ഇൻഡ്യൻ പാർലമെന്ററി ജനാധിപത്യത്തെ തകർക്കുന്നതിനുവേണ്ടി സ്പീക്കറേയും ഗവർണ്ണറേയും ദുരുപയോഗപ്പെടുത്തിയിരിക്കുന്ന സ്ഥിതിവിശേഷം നമ്മുടെ നിയമസഭയിൽ ഉണ്ടായിരിക്കുന്നു. കേരള നിയമസഭയുടേയോ മററു ഇന്ത്യൻ നിയമസഭയുടേയോ പാർലമെന്റിന്റെയോ മാത്രമല്ല, ലോക പാർലമെന്ററി ജനാധിപത്യത്തിന്റെ നിലനിൽപ്പിൽ ആകാംക്ഷയുള്ള ജനങ്ങൾ ഉററു നോക്കിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണിത്. ആയിരക്കണക്കിനു രക്തസാക്ഷികളുടെ ചെഞ്ചോരയിൽ രൂപപ്പെട്ടിട്ടുള്ളതാണ് ഇൻഡ്യൻ പാർലമെന്റ്. ജനാധിപത്യത്തെ കാത്തുസൂക്ഷിക്കാൻ മാന്യമായ തീരുമാനമെടുക്കാൻ ഉള്ള സ്ഥാനം ആ കസേരയ്ക്ക് ഉണ്ടെന്നുള്ള വസ്തുത ഈ സന്ദർഭത്തിൽ പറയാതിരിക്കാൻ നിവൃത്തിയില്ല.

സർ, ഞങ്ങൾ പുറത്തുവന്നു കഴിഞ്ഞതിനുശേഷം കുറച്ചുദിവസമാണ് ഗവർണ്ണറുടെ ഭരണം ഉണ്ടായിരുന്നത്. അതിനുശേഷം കരുണാകരന്റെ ഭരണം ഉണ്ടായിരിക്കുകയാണ്. ഗവർണ്ണറുടെ ഭരണത്തിൽ എന്തായിരുന്നു സ്ഥിതി? ആൻറണികോൺഗ്രസ് അടിയന്തിരാവസ്ഥയ്ക്കു എതിരായി നിരന്തരമായി

LIBRARY ARCHIVES Kerala Legislative Assembly

പോരാടിക്കൊണ്ടിരുന്ന പാർട്ടി ആണെന്നാണ് അവകാശപ്പെടുന്നത്. ഇൻഡ്യയിലെ ഏററവും പ്രമാദമായ സംഭവമാണ് രാജൻ സംഭവം. ആ രാജൻ സംഭവത്തിൽ ഹൈക്കോടതി വിധി വരുന്നതിനു മുമ്പേ ഗവർണ്ണർ ജ്യോതിവെങ്കടചെല്ലത്തിൻെറ ഭരണത്തിൽ രാജൻകേസിലെ പ്രതികളെ ഉദ്യോഗത്തിൽ നിയമിച്ചു കഴിഞ്ഞിരിക്കുന്നു. ചോദിക്കട്ടെ ഇത്രയും പ്രമാദമായ സംഭവത്തിൽ മദ്രാസ് ഹൈക്കോടതി വിധി ഉണ്ടായിക്കഴിഞ്ഞപ്പോഠം ഇൻഡ്യൻ ജനാധിപത്യത്തെയും ഇൻഡ്യൻ മൗലിക സ്വഭാവത്തേയും നിഷേധിച്ചുകൊണ്ട് ഉള്ള ഈ വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാൻ അപ്പുറത്തിരിക്കുന്ന കരുണാകരന് സാധിച്ചോ? 1975-ൽ അടിയന്തിരാവസ്ഥ കൊടികുത്തിവാണ സമയത്തും അതിനുശേഷവും കരുണാകരൻ അവിടെ ഇരുന്നകാലത്തുണ്ടായ ഭരണം എന്താണ് ആ നയം തന്നെയാണ് തുടർന്നുകൊണ്ടിരിക്കുന്നത്. അടിയന്തിരാവസ്ഥയെ എതിർത്തു എന്നു പറയുന്ന ഉമ്മൻചാണ്ടി ഇന്ന് ആഭ്യന്തര മന്ത്രിയാണ്. എന്തുകൊണ്ട് സുപ്രീംകോടതിയിൽ അപ്പീൽ പോയില്ല? ഇപ്പോഠം ഈ നാട്ടിൽ എന്താണു നടക്കുന്നത്? പോലീസിനെ കയറൂരിവിട്ടിരിക്കുകയാണ്. പോലീസ് മർദ്ദനം കൊണ്ട് ഈ സംസ്ഥാനത്തെ ജനങ്ങഠംക്ക് ജീവിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. മാത്രമല്ല, അക്രമികഠംക്ക് പോലീസ് സംരക്ഷണം കൊടുത്തുകൊണ്ടിരിക്കുകയാണ്. രാജീവ് ഗാന്ധി കേരളത്തിൽ വന്നു. തൃശ്ശൂരിൽ യൂത്തുകോൺഗ്രസുകാരുടെ പൊതുസമ്മേളനത്തിൽ അദ്ദേഹം പ്രസംഗിച്ചു. അവിടെ നടന്ന സമ്മേളനത്തിൽ പ്രസംഗിക്കുവാൻ വന്ന യൂത്ത്കോൺഗ്രസ് (ഐ.) യുടെ നേതാക്കൻമാരും കെ. എസ്. യു. (ഐ.) യുടെ നേതാക്കൻമാരും തൃശ്ശൂർ യമുന എന്നു പറയുന്ന ഹോട്ടൽ തല്ലിത്തകർത്തു. എന്തിനുവേണ്ടിയിട്ട്. വയറുനിറയെ ഭക്ഷണം കഴിച്ചിട്ട് പൈസ ചോദിച്ചപ്പോഠം കരുണാകരൻെറ അക്കൗണ്ടിൽ എഴുതിക്കോ, തരാൻ മനസ്സില്ല എന്നു പറഞ്ഞിട്ടാണ് ആ ഹോട്ടൽ തല്ലിത്തകർത്തത്. നൂറുകണക്കിനു പോലീസുകാരുടെ സാന്നിദ്ധ്യത്തിലാണ് ഇതു നടത്തിയിട്ടുള്ളത്. നിഷേധിക്കാൻ തയ്യാറുണ്ടോ ? ഇടതുപക്ഷ ജനാധിപത്യമുന്നണിയെ തകർക്കാൻ കച്ചകെട്ടിയിരിക്കുന്ന മനോരമ റിപ്പോർട്ടു ചെയ്തിരിക്കുന്നത് ഞാൻ വായിക്കാം.... വെള്ളിയാഴ്ച രാത്രി കോൺഗ്രസ് (ഐ.) റാലിക്ക് എത്തിയവർ പൊതുസമ്മേളനം നടത്തിയിരുന്ന വിദ്യാർത്ഥി കോർണേഴ്സിലുള്ള ഹോട്ടൽ കയ്യേറിയെന്നും പതിനായിരത്തിലേറേ രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും ഹോട്ടൽ ഉടമ അറിയിച്ചു. രാത്രി എട്ടരമണിക്കു ഹോട്ടലിനകത്ത് പൊതിരെ തല്ലു നടന്നു. ഭക്ഷണം കഴിച്ചതിനുശേഷം ചിലർ ബില്ലു കൊടുക്കാതെ രക്ഷപ്പെടാൻ ശ്രമിച്ചതാണ് കുഴപ്പത്തിനു വഴിതെളിച്ചതെന്നു പറയുന്നു. ഹോട്ടലിൻെറ മാനേജിംഗ് പാർട്ടണർ, ബി. ജെ. പി. ജില്ലാ ട്രഷററായ ധർമ്മപാലനെ ചിലർ പുറത്തേയ്ക്കു വലിച്ചെറിഞ്ഞു മർദ്ദിച്ചു. അദ്ദേഹത്തിൻെറ ജീവൻ രക്ഷിക്കാൻ ഓടിയെത്തിയ ജീവനക്കാരനായ ആലുവാ സ്വദേശി അപ്പുക്കുട്ടൻ (23) മർദ്ദനമേററു ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഹോട്ടലിലേക്ക് ഉള്ള തള്ളിക്കയററം തടയാൻ ഷട്ടർ ഇട്ടപ്പോഠം പുറത്തുനിന്ന് തുരുതുരാ കല്ലുകഠം വന്നുവീണു. ഹോട്ടലിലെ മേശകളും കസേരകളും തകർന്നു കിടക്കുന്നു. സർ, ഇതു മനോരമയാണ് റിപ്പോർട്ടുചെയ്തിട്ടുള്ളത്. ഞാൻ ചോദിക്കുന്നു, നൂറുകണക്കിനു പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ വച്ചിട്ടു ഹോട്ടൽ കൊള്ളയടിക്കപ്പെട്ടിരിക്കുകയാണു സർ. കോൺഗ്രസ് (ഐ.) ആയാലും ശരി, ആൻറണി കോൺഗ്രസ് ആയാലും ശരി, അധികാരത്തിലിരിക്കുന്നത് സംസ്ഥാനത്തിൻെറ ഖജനാവ് കൊള്ളയടിക്കാനാണ്. ആ കൊള്ളയടിച്ച പണത്തിൽ നിന്നും സമ്മേളനത്തിനുവന്ന ആ പിള്ളേർക്കും ചായകുടിക്കാനും ഭക്ഷണം കഴിക്കാനും കാശ് കൊടുക്കാതെ കരുണാകരൻേറയും ഉമ്മൻചാണ്ടിയുടേയും കീശ മാത്രം വീർപ്പിക്കുന്നതു ശരിയാണോ സർ? അത് അവർ ചെയ്യേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികളെ കൊല ചെയ്യുന്നു. തോമസ് എന്നു പറയുന്ന ഒരു വിദ്യാർത്ഥിയെ തൃശ്ശൂരിൽ കൊല ചെയ്തു. സംസ്ഥാനത്ത് നൂറുകണക്കിന് കൊലപാതകങ്ങൾ നടക്കുന്നു. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഈ ഗവൺമെൻറ് അവതരിപ്പിക്കുന്ന നന്ദിപ്രമേയത്തെ ഒരിക്കലും പിന്താങ്ങാൻ സാധ്യമല്ലായെന്നുള്ളതാണ് വസ്തുത. അപ്പുറത്തു ഭൂരിപക്ഷമുണ്ടെന്നാണ് ഇപ്പോൾ പറയുന്നത്. ഒരു കല്യാണവീട്ടിൽ ചെന്നാൽ അവിടെ ഒട്ടധികം ശാപ്പാറുകൾ കണ്ടെന്നുവരും. അതെല്ലാം ആ വീട്ടിലേതാണെന്നു അവിടെച്ചെല്ലുന്നവർ ധരിക്കാൻ തുടങ്ങിയാൽ വലിയ കഷ്ടമാണ്. അപ്പുറത്തിരിക്കുന്ന ആൻറണികോൺഗ്രസ്സിലെ പതിനാറു പേരും മാണിയുടെ കേരളകോൺഗ്രസ്സിലെ ഒൻപതുപേരും വില്പനയ്ക്കുവച്ച ചരക്കു—അത് ഇന്നു കരുണാകരൻെറ മന്ത്രിസഭ ഉണ്ടാക്കുന്ന കല്യാണത്തിനു കിട്ടിയെങ്കിൽ നാളെ മറ്റൊരു കല്യാണമുണ്ടെങ്കിൽ ആ വീട്ടിലും അവരെ കിട്ടാവുന്ന സ്ഥിതിവിശേഷമാണ്. ഈ ഗവൺമെൻറിന് നിലനില്ക്കാൻ ഒരിക്കലും സാധിക്കുകയില്ല. മാണിയുടെ കേരളാകോൺഗ്രസ് പറയുന്നു ഇത് മിനിമന്ത്രിസഭയാണെന്ന്. ഭരണഘടനയിൽ മിനിമന്ത്രിസഭയില്ല. മിനി മന്ത്രിസഭ എന്നു പറഞ്ഞാൽ അപൂർണ്ണമായ മന്ത്രിസഭയാണ്. സംസ്ഥാനത്തോടുത്തരവാദിത്വമില്ലാത്ത മന്ത്രിസഭയാണ്. അങ്ങനെ മിനി മന്ത്രിസഭയെന്നു മാണി പറയുന്ന മന്ത്രിസഭയ്ക്കു രാഷ്ട്രീയമായി, ജനാധിപത്യപരമായി, ഭരണഘടനാപരമായി, നിയമപരമായി, നിലനിൽക്കാൻ അവകാശമില്ല. അവർ രാജിവച്ചു പുറത്തുപോകുകയാണു വേണ്ടത്.

ജനാധിപത്യ സമരങ്ങളെ എല്ലാം ചോരയിൽ മുക്കിക്കൊല്ലുമെന്നാണ് ഉമ്മൻചാണ്ടി പറയുന്നത്. ഞാൻ ശ്രീ. ഉമ്മൻചാണ്ടിയോട് ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. ഇതിനെക്കാൾ വലിയ കൊലകൊമ്പനായിട്ടുള്ള കോഴിപ്പുറത്തു മാധവമേനോൻ, കമ്മ്യൂണിസ്റ്റുകാർ രക്തം ഊററിക്കുടിക്കുന്നുവെന്നും കമ്മ്യൂണിസ്റ്റുകാർക്കു ജന്മം കൊടുക്കുകയില്ലെന്നും പറഞ്ഞ കോഴിപ്പുറത്തു മാധവമേനോൻ, പൊതുജീവിതം പിന്നീടു കണ്ടിട്ടില്ല; കാണാൻ സാധിക്കാത്തതരത്തിൽ അദ്ദേഹത്തെ പരാജയപ്പെടുത്താൻ കേരളത്തിനു സാധിച്ചിട്ടുണ്ട്.

സർ, നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. തച്ചടി പ്രഭാകരനവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഇന്നലെ പ്രതിപക്ഷത്തുനിന്നു സംസാരിച്ച അംഗങ്ങൾ, പ്രത്യേകിച്ചും ഹരിജൻ എം. എൽ. എ. മാർ, ഈ ഗവൺമെൻറിനെതിരായി ചില ആക്ഷേപങ്ങൾ പറയുന്നതു കേട്ടു. ഒന്നാമതായി പറഞ്ഞുകേട്ടത് ശ്രീ. കരുണാകരൻെറ ഗവൺമെൻറു വന്നശേഷം സംസ്ഥാനത്തു ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും രക്ഷയില്ല എന്ന വാദഗതിയാണ്. ബത്തേരി സംഭവം ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അവരീ വാദഗതി നിരത്തിവച്ചത്. സർ, സുൽത്താൻബത്തേരിയിൽ ആദിവാസികളെ കൊന്ന ആ സംഭവം ഉത്കണ്ഠ ഉണ്ടാക്കുന്ന ഒന്നാണ്. സുൽത്താൻബത്തേരിയിൽ ആദിവാസികൾ കൊല്ലപ്പെട്ടപ്പോൾ, മുൻകാലങ്ങളിൽനിന്ന് വ്യത്യസ്ഥമായി അതിലെ പ്രതിയെ മണിക്കൂറുകൾക്കകം കസ്ററഡിയിലെടുത്തു നടപടികൾ സ്വീകരിച്ചു. കൊല്ലപ്പെട്ട ആളുകളുടെ ബന്ധുക്കൾക്ക് ആശ്വാസം നൽകി. സർ, ഈ നിയമസഭയുടെ പട്ടികജാതി പട്ടിക വർഗ്ഗക്ഷേമസമിതി സ്ഥലം സന്ദർശിച്ചു. ആവശ്യമായ ആശ്വാസ നടപടികൾക്കുവേണ്ടി ശുപാർശ നടത്തി. ആ ആശ്വാസ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടെ: ഇന്ന് സുൽത്താൻബത്തേരി സംഭവത്തിൻെറ പേരിൽ ധാർമ്മികരോഷം കൊള്ളുന്ന മാർക്സിസ്ററു സുഹൃത്തുക്കൾ 21 മാസം ഭരിച്ചപ്പോഴുണ്ടായ ചില സംഭവങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലേക്കു ഞാൻ ശ്രദ്ധ ക്ഷണിക്കുകയാണ്. അന്നു പാനൂരിൽ സബ്ഇൻസ്പെക്ടറായിരുന്ന ഹരിജനായ സോമൻ പട്ടാപ്പകൽ ഡ്യൂട്ടിയിലിരിക്കെ വെടി വെച്ചു കൊല്ലപ്പെട്ടിട്ട് എത്ര ധാർമ്മിക രോഷമുണ്ടായി നിങ്ങൾക്ക്? മണിക്കൂറുകളും ആഴ്ചകളും മാസങ്ങളും കഴിഞ്ഞിട്ടും നിങ്ങളുടെ നേതാവ് ടി. കെ. രാമകൃഷ്ണന് സോമന്റെ കൊലപാതകിയെ അറസ്ററുചെയ്യാൻ കഴിഞ്ഞില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പിറേറ ദിവസത്തെ ക്യാബിനററിൽത്തന്നെ അതിനെപ്പററിയന്വേഷിക്കാൻ നടപടിയെടുത്തു.

ഡോ. എം. എ. കുട്ടപ്പൻ: കരിമണ്ണൂരിലെ പോലീസ് സ്റേറഷനിൽവച്ച് മർദ്ദിച്ചുകൊല്ലപ്പെട്ട അവശ ക്രിസ്ത്യാനിയായ രാജപ്പന്റെ കാര്യത്തിൽ നിങ്ങൾക്കു ധാർമ്മിക രോഷമുണ്ടായില്ല. തേവരയിലെ പോലീസ് സ്റേറഷനിൽവച്ച് മർദ്ദിച്ചുകൊല്ലപ്പെട്ട ഹരിജനായ ചിന്നസ്വാമിയുടെ കാര്യത്തിൽ ധാർമ്മികരോഷമുണ്ടായില്ല. വടക്കാഞ്ചേരിയിലെ പോലീസ് സ്റേറഷനിൽ വച്ച് കൊല്ലപ്പെട്ട ഹരിജനായ രാജന്റെ കാര്യത്തിൽ ധാർമ്മിക രോഷമുണ്ടായില്ല. ....

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ബഹുമാനപ്പെട്ട കുട്ടപ്പൻ, ഒരു ഹെഡ്മാസ്ററർ ഒരു ഹരിജൻ ബാലികയെ ബലാൽസംഗം ചെയ്തുവെന്ന് ഉന്നയിക്കുകയും അതിന്റെ പേരിൽ നടപടിയെടുക്കുകയും ചെയ്തിരുന്നതാണ്. ഈ മന്ത്രിസഭ അധികാരത്തിൽവന്ന് ശ്രീ. ബേബിജോൺ വിദ്യാഭ്യാസമന്ത്രി സ്ഥാനത്തുനിന്ന് മാറിയ ഉടൻതന്നെ ആ കാപാലികനായ ഹെഡ്മാസ്ററെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചില്ലേ?

മി. ചെയർമാൻ: ഇത് പോയിന്റ് ഓഫ് ആർഡർ അല്ല.

ഡോ. എം. എ. കുട്ടപ്പൻ: സർ, ഏതാനും വർഷംമുമ്പ് അങ്ങ് വടക്ക് കോഴിക്കോട്ട് എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായ ശ്രീ. രാജനെ ശ്രീ. കരുണാകരന്റെ പോലീസ് ഉരുട്ടിക്കൊന്നുവെന്നു പറഞ്ഞുകൊണ്ട് ഈ സംസ്ഥാനത്തുടനീളം മാർക്സിസ്ററുകാർ പ്രകടനം നടത്തുകയുണ്ടായി. അവരുടെ സാമൂഹ്യ മനസ്സാക്ഷി അപ്പോൾ ഉണർന്നു, സർ. രാജൻ എവിടെ എന്ന മുദ്രാവാക്യം ഈ സംസ്ഥാനത്തുടനീളം അവർ മുഴക്കി. കാരണമെന്താണു സർ? രാജന്റെ പിതാവായ ഈച്ചരൻ വെള്ള ഈച്ചരനോ കറുത്ത ഈച്ചരനോ അല്ല. രാജന്റെ പിതാവായ ഈച്ചരൻ ഈച്ചരവാര്യരാണ്. വാര്യരായ ഈച്ചരന്റെ മകൻ കൊല്ലപ്പെട്ടപ്പോൾ അതു സവർണ്ണനാണെന്നുള്ളതിന്റെ പേരിൽ മാത്രം ഇവിടെ സാമൂഹ്യ മനസ്സാക്ഷി ഉണർന്നു, സർ. ഹരിജൻ കൊല്ലപ്പെട്ടാൽ സാമൂഹ്യ മനസ്സാക്ഷി ഉണരുകയില്ല! സവർണ്ണൻ കൊല്ലപ്പെട്ടാൽ സാമൂഹ്യമനസ്സാക്ഷി ഉണരും! അതല്ലേ സർ, മാക്സിസ്ററു പാർട്ടി ചെയ്തുകൊണ്ടിരിക്കുന്നത്?

ശ്രീമാൻ കരുണാകരൻ ഇവിടെ ഹരിജനക്ഷേമ വകുപ്പിന്റെ ചാർജ്ജ് ഏറെറടുത്തിരിക്കുകയാണ്. ഇതിനുമുമ്പ് ഹരിജനക്ഷേമ വകുപ്പ് ഒരു കുത്തഴിഞ്ഞ വകുപ്പായിരുന്നു സർ. കാര്യക്ഷമതയില്ലാത്ത വകുപ്പായിരുന്നു അത്. ശ്രീമാൻ കരുണാകരൻ ഇതിന്റെ ചാർജ്ജ് ഏറെറടുത്തശേഷം ഈ ഹരിജനക്ഷേമ വകുപ്പിനെ ഒരു സമ്പൂർണ്ണമായ വകുപ്പാക്കി മാററിയിരിക്കുകയാണ്. ഒരു സെക്രട്ടറിയുടെ കീഴിൽ കാര്യക്ഷമതയുള്ള ഒരു വകുപ്പാക്കി അതു മാററിയിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നു. ശ്രീമാൻ എം. കെ. കൃഷ്ണൻ ഇവിടെ ഹരിജനക്ഷേമമന്ത്രിയായിരുന്ന കാലത്ത് ഒരു കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഞങ്ങൾ പെടുത്തിയിരുന്നു. ഇവിടത്തെ വിദ്യാഭ്യാസ വകുപ്പിൽ ഒട്ടേറെ ഒഴിവുകൾ പത്തുശതമാനം സംവരണമനുസരിച്ച് നികത്തപ്പെടേണ്ടതായിട്ടുണ്ടായിരുന്നു. ഏതാണ്ട് രണ്ടായിരത്തിലേറെ തസ്തികകൾ അങ്ങനെ ഉണ്ടായിരുന്നു. ബി. എഡ്ഡോ ടി. ടി. സി. യോ ഇല്ലാത്ത ആളുകളെ സ്പെഷ്യൽ റിക്രൂട്ട്മെന്റു മുഖേന അദ്ധ്യാപകരായി നിയമിക്കണമെന്ന വാദം ഞങ്ങളുന്നയിച്ചിരുന്നു. പക്ഷേ ശ്രീമാൻ എം. കെ. കൃഷ്ണന് അതു നടപ്പാക്കാൻ കഴിഞ്ഞില്ല. ശ്രീമാൻ കരുണാകരൻ ഹരിജനക്ഷേമ വകുപ്പിന്റെ ചാർജ് ഏറ്റെടുത്തശേഷം ഇന്നു ഹരിജനവിഭാഗത്തിൽപ്പെട്ട രണ്ടായിരത്തോളം, എസ്. എസ്. എൽ. സിയും ബി. എ. യും പാസായ ആളുകൾക്ക് അധ്യാപകജോലി ലഭിക്കാൻ പോകുകയാണ്- ടി. ടി. സി. യും ബി. എഡ്ഡും ഇല്ലാതെ. ഇവിടെ എല്ലാവർക്കും അറിയാവുന്നതുപോലെ, സംസ്ഥാനത്ത് ഒട്ടേറെ കോളേജുകളുണ്ട്. അതിൽ ബഹുഭൂരിപക്ഷം കോളേജുകളും, അമ്പതു ശതമാനത്തിലേറെ കോളേജുകളും സ്വകാര്യ മേഖലയിലാണ്. ഒന്നുകിൽ എസ്. എൻ. ഡി. പി.യുടേത് അല്ലെങ്കിൽ എൻ. എസ്. എസ്സിന്റേത് അല്ലെങ്കിൽ എം. ഇ. എസ്സിന്റേത് അല്ലെങ്കിൽ ക്രിസ്ത്യാനികളുടേത്. ഈ സംസ്ഥാനത്ത് കോളേജ്. പോയിട്ട് ഒരു കുടിപ്പള്ളിക്കൂടം പോലും ഹരിജനങ്ങളുടെ വകയായി ഇല്ല. ആ സ്വപ്നം സാക്ഷാൽക്കരിക്കാൻ വേണ്ടി, ശ്രീമാൻ ഇ. കെ. നായനാരുടെ പാർട്ടിയിൽപ്പെട്ട ശ്രീമാൻ പി. കെ. കുഞ്ഞച്ചൻ ചെയർമാനായി ശ്രീമാൻ കല്പട നാരായണനും ശ്രീമാൻ പി. കെ. വേലായുധനും ഞാനുമൊക്കെ മെംബർമാരായി ട്രസ്റ്റ് രൂപീകരിച്ചു. ആ ട്രസ്റ്റ് എരുമേലിയിൽ കോളേജ് ആരംഭിക്കാൻവേണ്ടി ശ്രമം നടത്തി. യൂണിവേഴ്സിറ്റി പറയുന്ന എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ശ്രമം നടത്തി. പക്ഷേ ശ്രീമാൻ നായനാരുടെ ഗവൺമെന്റിന് ഞങ്ങളുടെ കോളേജ് അനുവദിച്ചുതരാൻ കഴിഞ്ഞില്ല. കേരള യൂണിവേഴ്സിറ്റി ശുപാർശ ചെയ്തതാണ് സർ. ശ്രീമാൻ കല്പട നാരായണൻ ചോദിച്ചു നോക്കണം ; ശ്രീമാൻ ബേബി ജോൺ പറഞ്ഞു കോളേജനുവദിക്കുന്നത് സാമുദായിക പരിഗണന വച്ചുകൊണ്ടല്ല എന്ന്. അസംബ്ലിയിൽ പറഞ്ഞതാണ്. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട ബേബിജോൺ, കോട്ടയം ജില്ലയിൽ വെറും ആറു കിലോമീറ്റർ മാത്രം അകലത്തിൽ പാമ്പാടിയിലും മണ്ണാർക്കാട്ടും ഓരോ കോളേജ് അനുവദിച്ചത് സാമുദായിക പരിഗണന വച്ചുകൊണ്ടല്ലെന്ന് അങ്ങയ്ക്ക് പറയാൻ കഴിയുമോ? ആ മന്ത്രിസഭയിൽ ശ്രീമാൻ എം. കെ. കൃഷ്ണൻ ഉണ്ടായിരുന്നു സർ, ഹരിജനങ്ങളുടെ പ്രാതിനിധ്യവും വഹിച്ചുകൊണ്ട്. കോളേജ് അനുവദിപ്പിക്കാനദ്ദേഹത്തിനു കഴിഞ്ഞില്ല. ശ്രീമാൻ എം. കെ. കൃഷ്ണന്, ആ മന്ത്രിസഭയിലിരുന്നുകൊണ്ട്, മററു സംസ്ഥാനങ്ങളിൽനിന്നു കേരളത്തിലേക്ക് സ്പിരിററു കള്ളക്കടത്തു നടത്തുന്നതിനു കൂട്ടുനിൽക്കാൻ മാത്രമേ കഴിഞ്ഞുള്ളു.

(തടസ്സം)

ശ്രീമാൻ എം. കെ. കൃഷ്ണന്റെ അനുജനായ എം. കെ. അർജ്ജുനന് പെട്രോൾ പമ്പും ലോറിയുമൊക്കെ ഉണ്ടായതിൽ എനിക്കു സന്തോഷമേ ഉള്ളു സർ, പക്ഷേ അടുത്ത പ്രാവശ്യം ശ്രീമാൻ എം. കെ. കൃഷ്ണൻ ഞാറയ്ക്കൽ നിന്ന് കെട്ടിവച്ച കാശുപോലും വാങ്ങാൻ പോകുന്നില്ല.

ഈ മന്ത്രിസഭയിൽ ഹരിജന പ്രാതിനിധ്യമില്ലെന്ന് ഇവിടെ പറഞ്ഞു കേട്ടു. ഹരിജനപ്രാതിനിധ്യമില്ലാത്ത സാഹചര്യം ഭൂഷണമാണെന്ന അഭിപ്രായമൊന്നും എനിക്കില്ല.

2/2078/B.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ: പോയിന്റ് ഓഫ് ആർഡർ: അപ്പുറത്തേക്കു കാലുമാറിയവരും അവിടിരുന്നവരുമുൾപ്പെടെ അഞ്ചുപേർ ഹരിജനങ്ങളായുള്ളപ്പോൾ ഹരിജനങ്ങളെയാക്ഷേപിച്ചുകൊണ്ട് അവരുടെ അവകാശങ്ങളെ മുഴുവൻ നിഷേധിച്ചുകൊണ്ട് കരിങ്കാലി മന്ത്രിസഭയ്ക്ക് കൂട്ടുനിൽക്കുന്ന ശ്രീമാൻ കുട്ടപ്പൻ ഈ പ്രസംഗം നടത്തുന്നത് ആർഡറിലാണോ ?

ഡോ. എം. എ. കുട്ടപ്പൻ: ഹരിജനപ്രാതിനിധ്യത്തിന്റെ പ്രശ്നം എത്രയും നേരത്തേ പരിഹരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. എനിക്ക് സൂചിപ്പിക്കാനുള്ളത് നിങ്ങളുടെ കണ്ണിലെ കോലെടുത്തു മാററിയിട്ടുവേണം ഞങ്ങളുടെ കണ്ണിലെ കരടെടുക്കാൻ വരാൻ എന്നാണ്. ഞാൻ ചോദിക്കട്ടെ, കമ്മ്യൂണിസ്ററു പ്രസ്ഥാനത്തിന്റെ ആദി ദശകങ്ങളിൽ ആ പാർട്ടിക്കുവേണ്ടി ചോരയും നീരും ഒഴുക്കിയതാരാണ് ? ഞങ്ങളുടെ ആളുകളാണ്. ഹരിജനങ്ങളാണു സർ. സർ, എന്റെ ഓർമ്മ എന്റെ കൗമാരപ്രായത്തിലേക്ക് എന്റെ കൗപീന പ്രായത്തിലേക്ക്, പോകുകയാണ്.

സർ, എന്റെ അച്ഛൻ തെങ്ങുകയററ തൊഴിലാളിയും അമ്മ അലക്കു തൊഴിലാളിയുമായിരുന്നു. അച്ഛനും അമ്മയ്ക്കും കുടുംബാസൂത്രണത്തെ സംബന്ധിച്ച ടെക്നിക്കു അറിയാൻ പാടില്ലാത്തതുകൊണ്ട് ഒരു ഡസൻ മക്കൾ ഉണ്ടായിപ്പോയി. അതിൽ പന്ത്രണ്ടാമത്തെ പുള്ളിയാണ് ഞാൻ. എന്റെ അച്ഛനും അമ്മയും കൂടി വേല ചെയ്ത് കിട്ടുന്ന കാശ് വളരെ തുച്ഛമായിരുന്നു. സവർണ്ണരായ ശ്രീ. എം. എൻ. ഗോവിന്ദൻനായരെപ്പോലുള്ള, ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെപ്പോലുള്ള, ശ്രീ. അച്യുതമേനോനെപ്പോലുള്ള ആളുകൾ ഞങ്ങളുടെ വീട്ടിലും കമ്മ്യൂണിസം ഒഴുക്കി കഴിഞ്ഞിരുന്നു. ഇവർ കടന്നുവന്ന് ഞങ്ങളുടെ വീട്ടിലെ കഞ്ഞിയും കപ്പയും കഴിച്ചപ്പോൾ ഞങ്ങൾ വിചാരിച്ചു ഇവർ രാജ്യം ഭരിച്ചാൽ ഞങ്ങൾക്ക് രക്ഷയാകുമെന്ന്. പക്ഷേ എന്താണ് സംഭവിച്ചതെന്നോ? ആ സഖാക്കളെ പോററിയതിന്റെ പേരിൽ ഞങ്ങളുടെ വീട്ടിലും പോലീസ് വന്നു. എന്റെ അച്ഛനും അമ്മയ്ക്കും പോലീസ് മർദ്ദനമേററു. ഞങ്ങളുടെ വീട്ടിലെ ചട്ടികളും കലങ്ങളുമെല്ലാം അവർ തല്ലി ഉടച്ചു. പക്ഷെ നമ്പൂതിരിപ്പാട് രണ്ട് പ്രാവശ്യം രാജ്യം ഭരിച്ചു. ശ്രീ. അച്യുതമേനോൻ രാജ്യം ഭരിച്ചു. ശ്രീ. പി. കെ. വാസുദേവൻ നായർ രാജ്യം ഭരിച്ചു. മാറി മാറി ശ്രീ. നമ്പൂതിരിപ്പാടും അച്യുതമേനോനും നായനാരുമെല്ലാം രാജ്യം ഭരിച്ചതല്ലാതെ ശ്രീമതി കെ. ആർ. ഗൗരിയെപ്പോലുള്ള ആളുകളെ മുഖ്യമന്ത്രിയാക്കാൻ കമ്മ്യൂണിസ്ററുകാർക്ക് കഴിഞ്ഞിട്ടില്ല. അന്ന് ഒളിവിലെ രസവിരസമല്ലാതിരുന്ന ഓർമ്മകളുടെ പേരിൽ ഞങ്ങൾക്കുണ്ടായ ഏക നേട്ടം അച്ഛൻ ആരാണെന്ന് ചൂണ്ടിക്കാണിക്കാനില്ലാതെ ഞങ്ങളുടെ സ്ത്രീകൾക്ക് കുട്ടികളെ പ്രസവിക്കേണ്ടതായി വന്നു എന്നുള്ളതാണ്.

* * * *

ആ പഴയ കാലത്ത് കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിനുവേണ്ടി ചോരയും നീരും ഒഴുക്കിയ ശ്രീ. കെ. പി. ആർ. ഗോപാലൻ എൻ. സി. ശേഖർ എന്നിവരെ നിങ്ങൾ മറന്നു പോയോ? ആലപ്പുഴക്കാരൻ ശ്രീ. കെ. വി. പവിത്രൻ അദ്ദേഹത്തിന്റെ പുരുഷായുസ്സ് മുഴുവൻ കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിനുവേണ്ടി ചോരയും നീരും ഒഴുക്കിയിട്ടുണ്ട്.

* * * *

**** അദ്ധ്യക്ഷന്റെ ഉത്തരവനുസരിച്ച് നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എം. എ. കുട്ടപ്പൻ : ഈ ഹരിജനങ്ങളുടെ മുഴുവൻ കുത്തക അവകാശപ്പെടുന്ന മാർക്സിസ്റ്റ് പാർട്ടിയോട് നിങ്ങളുടെ പോളിററ് ബ്യൂറോയിൽ എത്ര ഹരിജനങ്ങൾ ഉണ്ടെന്ന് ചോദിക്കുകയാണ്. ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

* * * *

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ സഭയിൽ രണ്ട് മൂന്ന് കാര്യങ്ങളാണ് എടുത്ത് അമ്മാനമാടിക്കൊണ്ട് സംസാരിക്കുന്നത് കേട്ടത്. ജനാധിപത്യം, ക്രമസമാധാനപാലനം, ജീവനും സ്വത്തിനും സംരക്ഷണം. ശ്രീ. പി. ഭാസ്ക്കരൻ സംസാരിച്ചപ്പോൾ പറഞ്ഞു ഐക്യജനാധിപത്യമുന്നണിയുടെ വോട്ട് കിട്ടിയാണ് അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയിലെ അംഗങ്ങളും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വിജയിച്ചത് എന്ന്. ആ നിലക്ക് ഐക്യജനാധിപത്യമുന്നണിയുടെ ഗവൺമെന്റിലേക്ക് കൂറുമാറിയത് കൂറുമാററമല്ല. സ്വാഭാവികമായി ചെയ്യേണ്ട ഒരു കൃത്യമാണെന്ന് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. ആ വ്യാഖ്യാനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വോട്ടു കിട്ടി ജയിച്ച ആൻറണി കോൺഗ്രസ്സിലേയും മാണി കേരളാ കോൺഗ്രസ്സിലെയും അംഗങ്ങളെ സംബന്ധിച്ചിടത്തോളം ബാധകമാക്കി കഴിഞ്ഞാൽ എന്ത് നിലപാടാണ് അവർ ഇവിടെ എടുക്കേണ്ടതെന്നുള്ള കാര്യം ആലോചിക്കണം. ഇതിനെ സംബന്ധിച്ച് ഇൻഡ്യയിലെ ജനാധിപത്യവാദികളായിട്ടുള്ള പത്രങ്ങൾ അവരുടേതായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു പത്രത്തിന്റെ അഭിപ്രായം ഞാൻ ഇവിടെ വായിക്കാം. ഇൻഡ്യൻ എക്സ്പ്രസ്സിൽ.

How do the 29 MLAs who had won their seats on the anti-congress (I) plank now find themselves in the Congress (I) camp?

അതിൽ കോൺഗ്രസ്സ് (ഐ) യുടെ ജനാധിപത്യവിരുദ്ധ നയങ്ങളെ എതിർത്തുകൊണ്ട് ആ അടിസ്ഥാനത്തിൽ ജനങ്ങളിൽ നിന്നും വോട്ട് വാങ്ങിയ ശേഷം ആ കോൺഗ്രസ്സ് (ഐ) യെ അധികാരത്തിൽ നിർത്തുന്നതിനുവേണ്ടി തീരുമാനം എടുക്കുന്ന നിലപാടാണോ ജനാധിപത്യം, അതാണോ ജനാധിപത്യത്തിന്റെ പുതിയ വ്യാഖ്യാനം?

'At no time has the casting vote been used to convert parity into a majority for a Government to sustain it'.

ഇന്ന് ജനാധിപത്യത്തിന്റെ പുതിയൊരു വ്യാഖ്യാനം, സ്പീക്കറുടെ വോട്ടുകൊണ്ട് പാരിററിയായിട്ടുള്ള വോട്ട് പ്രതിപക്ഷത്തും ഭരണപക്ഷത്തും പാരിററി ആയിട്ടുള്ളത് ഭൂരിപക്ഷമാക്കുകയെന്നുള്ളത് ഇൻഡ്യൻ ജനാധിപത്യത്തിൽ എന്നും, ലോകജനാധിപത്യത്തിൽത്തന്നെ പുതിയൊരു മാതൃക സൃഷ്ടിച്ചിരിക്കുകയാണ്.

ഈ രീതിയിലുള്ള പുതിയ ജനാധിപത്യ വ്യാഖ്യാനം ഈ രാജ്യത്ത് വന്നുകൊണ്ടിരിക്കുകയാണ്. മറെറാരു ജനാധിപത്യ വ്യാഖ്യാനം കോൺഗ്രസ്സ് (ഐ) ഈ രാജ്യത്ത് സൃഷ്ടിച്ചിരിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയം സഭയിൽ പരാജയപ്പെട്ടാലും അതിന് പ്രതിപക്ഷങ്ങൾ അവതരിപ്പിക്കുന്ന ഉപക്ഷേപങ്ങൾ പാസ്സായാലും രാജി വയ്ക്കേണ്ടതില്ല. യൂ. പി. യിൽ എന്താണ് സംഭവിച്ചിരിക്കുന്നത്?

ശ്രീ. എം. സി. ചെറിയാൻ : സർ, പോയിൻറ് ഓഫ് ഓർഡർ. കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ന്യൂനപക്ഷ ഗവൺമെൻറ് ഉണ്ടാക്കാൻ നേതൃത്വം കൊടുത്ത സി. പി. ഐ. കാർ ഇന്ന് ഈ നിയമസഭയിൽ വന്ന് ന്യൂനപക്ഷ ഗവൺമെൻറിനെപ്പററി വിമർശിക്കുന്നത് ഓർഡറിലാണോ?

**** അദ്ധ്യക്ഷന്റെ ഉത്തരവ് അനുസരിച്ച് നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : സർ, യൂ. പി. യിൽ

Another defeat for U. P. Government

The Uttar Pradesh Government yesterday suffered its second defeat in the Vidhan Sabha during the current budget session when an opposition amendment to the motion of thanks to the Governor was carried by 31 to 24 votes........

എന്നാണ്.

The main points related to the massacre of harijans in various areas of the State, particularly in Mainpuri, Etah, Etawaha and Farukhabad district, the day to day deterioration in the law and order situation and killing of innnocent persons in the name of encounters with dacoits........

അത് മാത്രമല്ല ജനാധിപത്യത്തെ ചവുട്ടി മെതിച്ച മററൊരുകാര്യവും അവർ പാസ്സാക്കിയ പ്രമേയത്തിൽ പറയുന്നുണ്ട്.

........inability to hold the repoll for the Garhwal Lok Sabha seat, the Government has not only shown its incapacity to run the administration but has also inflicted a serious blow to parliamentary democracy.

ഈ രീതിയിലുള്ള പുതിയ ജനാധിപത്യത്തെക്കുറിച്ചാണ്.

ഭരണ കക്ഷിയിലുള്ള സുഹൃത്തുക്കൾ ഇപ്പോൾ പറയുന്നത് ക്രമസമാധാനത്തെപ്പററി പറയുകയാണെങ്കിൽ നായനാരുടെമന്ത്രിസഭ 80 ജനുവരിയിൽ എലക്ഷനിൽ ജയിച്ച് ഇവിടെ മന്ത്രിസഭ രൂപീകരിച്ച കാലം മുതൽക്കുതന്നെ ക്രമസമാധാനം തകർന്നു എന്നു പറയാൻ തുടങ്ങിയതാണ്. അന്ന് കോൺഗ്രസ് (ഐ)മാത്രമല്ല പറഞ്ഞത് നമ്മുടെ പ്രധാനമന്ത്രിയെ കൊണ്ട് ഒരു കൊല്ലം മുമ്പ് തന്നെഅത് പറയിപ്പിക്കാൻ തുടങ്ങി. ഇത് അന്നത്തെ റിപ്പോർട്ടാണ്. ഒരുകൊല്ലം മുമ്പ് ഉള്ളതാണ്. 'കേരളത്തിൽ ക്രമസമാധാന നില തകർന്നു എന്നും പാർട്ടി വളർത്താൻ മാർക്സിസ്ററ്നേതാക്കൾ പൊതു ഖജനാവ് ധൂർത്തടിക്കുന്നു എന്നും' പ്രതിപക്ഷ നേതാക്കൾ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയോട് പരാതിപ്പെട്ടു. തുടർന്ന് പ്രധാനമന്ത്രി പറഞ്ഞതെന്താണ്? 'കേരളത്തിൽ മാർക്സിസ്ററ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണി ഗവൺമെൻറ് പ്രതിപക്ഷ കക്ഷികളെ ഉൻമൂലനം ചെയ്യാൻ ശ്രമിക്കുന്നതായി പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി കുററപ്പെടുത്തിയിരിക്കുന്നു. ഇവിടത്തെ ക്രമസമാധാനനില ഇടതുപക്ഷ മുന്നണി ഭരിക്കാൻ തുടങ്ങിയ നാൾ മുതൽതന്നെ തകർന്നു എന്നു പറഞ്ഞുകൊണ്ടാണ് അവർ തുടക്കം ആരംഭിച്ചതുതന്നെ. എന്നാൽ ഈ അവസരത്തിൽ ഈ ക്രമസമാധാനം കോൺഗ്രസ്സ് (ഐ) നേതൃത്വം ഏത് രീതിയിലാണ് പരിപാലിക്കുന്നതെന്നുള്ളതിന് മാതൃക ഉണ്ട്. ഹിന്ദു പത്രമാണ് ഞാൻ വായിക്കുന്നത്.

U.P. dacoits allege links with Congress (I) leaders :—The Congress (I) in U.P. has been embarrassed by a disclosure made in the Assembly yesterday on the Sadhupur massacre of 10 harijans on December, 30 last.

രേഖാമൂലമാണ് യൂ. പി. യിലെ പ്രതിപക്ഷം കോൺഗ്രസ്സ് (ഐ) എം. എൽ. എ. മാരും കോൺഗ്രസ്സ് (ഐ) ജില്ലാ സെക്രട്ടറിയും അവിടത്തെ കൊള്ളക്കാരെ സഹായിക്കുന്നു എന്നുള്ളത് പരാതിപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly

The Chief Whip of the Lok Dal, Mr. Mohan Singh, produced in the House a photostat copy of an official letter of the then S.P. of Mainpuri to the D.I.G., Agra, on January 4, 1979. The contents of the letter carried a summary of the interrogation of the dacoits, Anar Singh and Shivaraj Singh, when under arrest. They had subsequently jumped bail. The SP's letter which was not contradicted by the Government showed that the dacoits had purchased cartridges from two Congress (I) leaders of Mainpuri district who were named in the report.

The dacoits allegedly confessed that the present MLA and General Secretary of Congress (I) Mr. Rajendra Singh, also helped them to procure carridges.

അത് മാത്രമല്ല ഇവർ ഈ കൊള്ളക്കാരെ കോൺഗ്രസ്സ് (ഐ) എം. എൽ. എ. യും കോൺഗ്രസ്സ് (ഐ) ഡിസ്ട്രിക്റ്റ് സെക്രട്ടറിയും അവരുടെ വീട്ടിൽ താമസിപ്പിച്ച് പോലീസ്സിൽ നിന്നും അവർക്ക് സംരക്ഷണം കൊടുത്തു എന്നുള്ളതാണ്.

According to Lok Dal Chief Whip, the dacoit, Shivaraj Singh in his interrogation had said they used to stay at the house of Mr. Raghubir Singh, a Congress (I) MLA and Mr. Maharaj Singh, a senior party leader, and got protection from them.

ഇതാണ് കോൺഗ്രസ്സ് (ഐ) മോഡൽ ക്രമസമാധാനത്തിന്റെ രീതി. ഈ രീതിയിലുള്ള ക്രമസമാധാന രീതിയെക്കുറിച്ചാണ് നമ്മുടെ ഇന്നത്തെ ഭരണകക്ഷി സ്നേഹിതൻമാർ സംസാരിക്കുന്നതെന്ന് വ്യക്തമാണ്. കാരണമെന്താണെന്നുവച്ചാൽ ഇവിടത്തെ എസ്റ്റേററ് മുതലാളിമാർക്കുവേണ്ടി എസ്റ്റേററ് തൊഴിലാളികളെ ലോക്കപ്പ് മർദ്ദനം നടത്തിയതിന്റെ പല ഉദാഹരണങ്ങളും ഈ സഭയിലെ സഖാവ് സി. വാസുദേവമേനോനും മററ് മെമ്പർമാരും ഇവിടെ പറയുകയുണ്ടായി. ഈ ഗവൺമെൻറിന്റെ വർഗ്ഗ സ്വഭാവത്തെ വ്യക്തമാക്കുന്നതായ ക്രമസമാധാനപാലനമാണ് ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. മുതലാളിമാർക്കുവേണ്ടി തൊഴിലാളികളെ അറസ്ററ് ചെയ്യുക മാത്രമല്ല, തൊഴിലാളികളെ ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിക്കുക മാത്രമല്ല അതും പോരാത്തതുകൊണ്ട് മുതലാളിമാരുടെ പ്രീതിക്കുവേണ്ടി മുതലാളിമാരുടെ എസ്റ്റേററിൽ കൊണ്ടുപോയി മുതലാളിമാരുടെ മുമ്പിൽവച്ച് മർദ്ദിക്കുകയും ചെയ്യുന്നു. അങ്ങനെ മുതലാളിമാർക്കുവേണ്ടി തൊഴിലാളി വർഗ്ഗത്തെ ഇഞ്ചിഞ്ചായി ചതച്ചു കൊല്ലുന്ന ഒരു ക്രമസമാധാനപാലന നയമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. അത് ഈ ഗവൺമെൻറിന്റെ വർഗ്ഗ സ്വഭാവം വ്യക്തമാക്കുന്നതായ കാര്യമാണ്.

ശ്രീ. എൻ. പി. മൊയ്തീൻ പ്രസംഗിച്ച അവസരത്തിൽ ജീവനം സ്വത്തിനും സംരക്ഷണം കിട്ടുന്ന കാര്യത്തെപ്പററി പറഞ്ഞു. അതാണ് വലിയ കാര്യം. പലരും വിചാരിക്കും ഈ കോൺഗ്രസ്സ് സ്വത്തവകാശം നമ്മുടെ ഭരണഘടനയിൽ മൗലിക അവകാശമായി ഉറപ്പെടുത്താൻ മുൻകൈ എടുക്കുന്ന പാർട്ടിയാണെന്ന്, അതുകൊണ്ടു സ്വത്തിന് സംരക്ഷണം നൽകുന്ന കാര്യത്തിൽ എങ്കിലും കോൺഗ്രസ്സ് (ഐ) ഭരിക്കുന്ന കാലത്ത് ചില സംരക്ഷണം കിട്ടുമെന്ന് ചിലർ പ്രതീക്ഷിക്കുന്നുണ്ട്. സ്വത്തിനുള്ള സംരക്ഷണം ഭരണഘടനയിൽ നിന്നും എടുത്തു മാററിയത് ജനതാപാർട്ടി ഭരിക്കുന്ന കാലഘട്ടത്തിലാണ്. എന്നാൽ കോൺഗ്രസ്സ് ഭരിക്കുന്നത് ആർക്കുവേണ്ടിയാണെന്നുള്ള കാര്യം നാം ചിന്തിക്കേണ്ടതുണ്ട്. രാജ്യത്തെ ഒന്നോ രണ്ടോ, പത്തോ നൂറോ

LIBRARY ARCHIVES Kerala Legislative Assembly

ആയിരമോ പതിനായിരമോ ജനങ്ങളുടെ സ്വത്തല്ലാ ഇവിടത്തെ കോടിക്കണക്കിന് ജനങ്ങളുടെ സ്വത്ത് പിടിച്ചു പറിക്കാൻ ഈ രാജ്യത്തെ കുത്തക മുതലാളിമാർക്ക് ലൈസൻസ് കൊടുത്തിരിക്കുകയാണ്. കുത്തക മുതലാളി വർഗ്ഗത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള ഒരു നയം ബോധപൂർവം പിൻതുടരുന്ന ഒരു ഗവൺമെൻറാണ് ഇന്ദിരാകോൺഗ്രസ്സിന്റേതായ ഗവൺമെൻറ്.

ശ്രീ. പി. കെ. ശ്രീനിവാസൻ : ബഹുമാനപ്പെട്ട മന്ത്രിമാരെക്കുറിച്ചുള്ള വിമർശനം നടത്തുന്ന അവസരത്തിൽ സാധാരണ ഗതിയിൽ അവർ ശ്രദ്ധിച്ചിരിക്കണമെന്നുള്ളത് സാമാന്യ, കീഴ് വഴക്കമാണ്. അതിൽ നിന്നും വ്യത്യസ്തമായി നമ്മുടെ ആഭ്യന്തര മന്ത്രിയെ വിമർശിക്കുന്ന അവസരത്തിലെല്ലാം അദ്ദേഹം കല്യാണ പന്തലിലിരിക്കുന്ന പെൺകൊച്ചിനെപ്പോലെ കുനിഞ്ഞിരിക്കുന്നത് ശരിയാണോ ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : സർ, നമ്മുടെ രാജ്യത്തെ കർഷക ജനകോടികളെ കൊള്ളയടിച്ച് കുത്തക മുതലാളിമാരെ വളർത്തുകയും അതേ സമയം തന്നെ കൃഷിക്കാരുടെ സ്വത്ത് പിടിച്ചു പറിക്കാൻ അവരെ അനുവദിക്കുകയും ചെയ്യുന്ന നയമാണ് കോൺഗ്രസ്സ് സ്വീകരിച്ചിരിക്കുന്നത്. ഈ കുത്തക മുതലാളിമാർ നടത്തുന്ന ഈ പിടിച്ചുപറി നേരിട്ടുള്ള പിടിച്ചുപറിയല്ലാത്തതുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് ഇതു മനസ്സിലാകുന്നില്ല. വാസ്തവത്തിൽ ഈ കൃഷിക്കാരുടെ സ്വത്തുക്കളെല്ലാം തന്നെ കുത്തക മുതലാളിമാരുടെ സ്വത്തിലേക്ക് കുന്നുകൂടി മാറി കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ശ്രീ. കാറൽ മാർക്സ് കുത്തക മുതലാളിത്തവും തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് വളരെ വ്യക്തമായി പ്രതിപാദിച്ചതിനുശേഷം പറയുകയാണ് അതൊന്നുമല്ല മുതലാളിത്തം ചെയ്യുന്ന ഏററവും വലിയ ദ്രോഹം തൊഴിലാളികളെ കൊള്ളയടിക്കുന്നതുപോലും നിസ്സാരമാണെന്നാണ്. ഏത് രാജ്യത്തായാലും ശരി കർഷക ജനകോടികളുടെ സ്വത്ത് പിടിച്ചുപറിക്കുന്നതിനെ സംബന്ധിച്ച് മാർക്സ് തന്റെ വിശ്വപ്രസിദ്ധമായ 'കാപ്പിററൽ' എന്ന ഗ്രന്ഥത്തിൽ 1-ാം വാല്യത്തിൽ 31-ാം ചാപ്ററിൽ Modern fiscality യെ സംബന്ധിച്ച് പറയുന്ന സ്ഥലത്ത് അതായത് ആധുനിക കാലഘട്ടത്തിലെ ധന ശാസ്ത്ര നയ തന്ത്രം കൃഷിക്കാരെ കൊള്ളയടിക്കുന്നതിനെക്കാൾ തൊഴിലാളികളെ കൊള്ളയടിക്കുന്നതിനെക്കാൾ ഭീകരമായിട്ടുള്ളത് എന്താണ് എന്ന് അദ്ദേഹം പറയുന്നത് നോക്കാം.

The destructive influence that it exercises on the condition of the wage-labourer concerns us less however, here, than the forcible expropriation, resulting from it, of peasants, artisans, and in a word, all elements of the lower middle-class.

ചെറുകിട കൃഷിക്കാരുടെയും കരകൗശല വേലക്കാരുടെയും സ്വത്ത് പിടിച്ചു പറിക്കുകയെന്നുള്ള പ്രവർത്തനം തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനെക്കാൾ ഭീകരമായിട്ടുള്ളതാണ്. അത് ഇൻഡ്യാ രാജ്യത്ത് നടന്നു കൊണ്ടിരിക്കുകയാണ്. ഒററ ഉദാഹരണം പറയാം. കേരളത്തിൽ കൊല്ലം തോറും 320 കോടി നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ട്. കഴിഞ്ഞവർഷം വെളിച്ചെണ്ണയുടെ വില ക്വിൻറലിന് 1800 രൂപ ആയിരുന്നത് ഇന്ന് നില വിലിരിക്കുന്ന വില 1190 ആണ്. 610 രൂപ കുറഞ്ഞിരിക്കുകയാണ്. എന്നുവെച്ചാൽ നാളികേരം ഒന്നിന് 60 പൈസ കുറഞ്ഞിരിക്കുന്നു. ഈ 320 കോടി നാളികേരത്തിൻമേൽ ഏകദേശം 192 കോടിരൂപ കൊല്ലംതോറും കുറയുകയാണ്. അതു വെറുതെ ഇല്ലാതെ പോവുകയല്ല. കുത്തക മുതലാളി

LIBRARY ARCHIVES Kerala Legislative Assembly

മാരുടെ ധനത്തിലേക്ക് കുന്നുകൂടുകയാണ് ചെയ്യുന്നത്. ഈ രാജ്യത്തെ ടാറ്റാമാരും ബിർളാമാരും ഉൽപ്പാദിപ്പിക്കുന്ന സോപ്പിനും സുഗന്ധ ദ്രവ്യങ്ങൾക്കും വില കുറഞ്ഞിട്ടില്ല. അതുകൊണ്ട് കൊല്ലം തോറും നാളികേര കൃഷിയിൽനിന്നും മാത്രം 192 കോടി രൂപ വീതം പിടിച്ച് കുത്തക മുതലാളിമാരുടെ കൈയിൽ ഏൽപ്പിക്കുന്നു. ഈ രാജ്യത്തെ കൃഷിക്കാരൻ ഈ വരുമാനം കൊണ്ടുകൊണ്ട് കുറികൾ ചേർന്നിട്ടുണ്ടായിരിക്കും, മക്കളുടെ കല്യാണത്തിനും മററും കടം വാങ്ങിച്ചിട്ടുള്ളവരായിരിക്കും. അത് അടച്ചു തീർക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ അവരുടെ സ്വത്ത് വിൽക്കേണ്ടിവരുന്നു. അങ്ങനെ ഈ രാജ്യത്തെ ലക്ഷക്കണക്കിന് നാളികേര, റബ്ബർ കൃഷിക്കാരെയും അതുപോലുള്ള കൃഷിക്കാരെയും എല്ലാം തന്നെ കൊള്ള ചെയ്യുന്ന കുത്തക മുതലാളിത്തത്തെ വളർത്തുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്.

സർ, ഇവിടെ പറയുന്നതുകേട്ടു വാരാണസി സമ്മേളനം കഴിഞ്ഞാൽ സി. പി. ഐ. മറുഭാഗത്തെ സഹായിക്കുമെന്ന്. ഈ കുത്തക മുതലാളിമാർക്കുവേണ്ടി വിടുവേല ചെയ്യുന്ന ഇന്ദിരാഗാന്ധി ഗവൺമെൻറിനെ ഒരു കാലത്തും ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സഹായിക്കാൻ പോകുന്നില്ല.

ശ്രീ. കെ. ശങ്കരനാരായണൻ : ഇത്ര വലിയ കുത്തകക്കാർക്കും പണക്കാർക്കും കൂട്ടുനിൽക്കുന്ന ഇന്ദിരാ കോൺഗ്രസ്സിന്റെ കൂടെ പത്തുവർഷം ശയിച്ചപ്പോൾ മിസ്റ്റർ ഗോപാലകൃഷ്ണൻ ! നിങ്ങൾക്ക് മാർക്സിസം പറയാൻ തോന്നിയില്ലല്ലോ ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : അതിനെപ്പററിയെല്ലാം ഞങ്ങളുടെ ഭട്ടിൻഡ കോൺഗ്രസ്സിൽ വ്യക്തമാക്കിയിട്ടുണ്ട്. അതെല്ലാം ഞങ്ങൾ നിർത്തലാക്കി. അടിയന്തിരാവസ്ഥക്കാലത്ത് കോൺഗ്രസ്സ് (ഐ) യുമായി കൂട്ടുചേർന്നത് തെററാണെന്നു പറയാനുള്ള ധാർമ്മികമായ അവകാശം ഞങ്ങൾക്കുണ്ട്. ആ തെററ് തിരുത്തിക്കൊണ്ട് ഇൻഡ്യയിലെ ഇടതുപക്ഷ ജനാധിപത്യ ശക്തികളെ ഏകീകരിച്ചുകൊണ്ട് കൃഷിക്കാരുടെയും തൊഴിലാളികളുടെയും സാധാരണക്കാരുടെയും നൻമയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ബദൽ സംവിധാനത്തെ ന്യൂഡെൽഹിയിൽ അധികാരത്തിൽ കയററുന്നതിനു വേണ്ടിയുള്ള പ്രവർത്തനമാണ് ഞങ്ങൾ ഏറെറടുത്തിരിക്കുന്നത്. അതുകൊണ്ട് വാരാണസി സമ്മേളനം കഴിഞ്ഞാൽ നിങ്ങളുടെ കൂടെ വരുമെന്നുള്ളത് വെറും വ്യാമോഹം മാത്രമാണ്. ഈ നന്ദിപ്രമേയത്തെ എന്റെ പാർട്ടിക്കുവേണ്ടി ശക്തിയായി എതിർക്കുന്നു.

ശ്രീ. പി കെ. വേലായുധൻ : സർ, ബഹുമാനപ്പെട്ട തച്ചടി പ്രഭാകരൻ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അവിശ്വാസപ്രമേയത്തെക്കുറിച്ച് ചർച്ച നടന്നപ്പോഴും നന്ദിപ്രമേയത്തെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോഴും മാർക്സിസ്റ്റ് പാർട്ടിയിലെ സ്നേഹിതൻമാർ ഹരിജനങ്ങളുടെയും ആദിവാസികളുടെയും താൽപ്പര്യസംരക്ഷണത്തെക്കുറിച്ച് വാചാലമായി ഇവിടെ സംസാരിക്കുന്നത് കേൾക്കാനിടയായി. കഴിഞ്ഞ പത്തിരുപത്തിരണ്ടു മാസക്കാലം മാർക്സിസ്ററു പാർട്ടിയിലെ ഹരിജൻ എം. എൽ. എ മാരുടെ നാവ് നരിയാപുരത്ത് കുഞ്ഞച്ചന്റെ ബാങ്കിൽ പണയംവച്ചിരിക്കുകയായിരുന്നോവെന്ന് ചോദിക്കുവാനാഗ്രഹിക്കുകയാണ്. 1980 ഡിസംബർമാസം 2-ാം തീയതിയും 1981 ആഗസ്ററ്മാസം 28-ാം തീയതിയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ ഹരിജനക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിക്കെഴുതിയ കത്തുകൾ കേരളത്തിലെ ദിനപ്പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിലെ വസ്തുതകൾ വളരെ വ്യക്തമായി ഈ രാജ്യത്തെ ജനങ്ങൾ മനസിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ നന്ദിപ്രമേയത്തെക്കുറിച്ചുള്ള ചർച്ചയിൽ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നതിന് ചില ന്യായങ്ങളുണ്ട്. കഴിഞ്ഞ പത്തിരുപത്തിരണ്ടു മാസത്തെ ശ്രീ. എം. കെ. കൃഷ്ണന്റെ ദുർഭരണംകൊണ്ട് കുത്തഴിഞ്ഞ ഹരിജനക്ഷേമവകുപ്പും ഹരിജനക്ഷേമ പ്രവർത്തനങ്ങളും പുനഃസംവിധാനം ചെയ്യാനും പുനഃസംഘടിക്കാനുമുള്ള ധീരമായ ഈ തീരുമാനത്തെ ഞാൻ ആത്മാർത്ഥമായും സ്വാഗതം ചെയ്യുകയാണ്. ഈ ഡിപ്പാർട്ടുമെന്റ് പുനസംഘടിക്കുമ്പോഴും ഈ ഡിപ്പാർട്ടുമെന്റിന്റെ സ്കീമുകൾ പുനഃസംവിധാനം ചെയ്യുമ്പോഴും അത് ഹരിജനങ്ങൾക്കും ആദിവാസികൾക്കും എത്രമാത്രം ഉപകാരപ്രദമാകത്തക്കവിധത്തിൽ നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഹരിജനക്ഷേമ വകുപ്പിൽ നീക്കിവയ്ക്കുന്ന തുകയുടെ 76 ശതമാനവും വിദ്യാഭ്യാസസൗകര്യങ്ങൾക്കുവേണ്ടിയാണ് നീക്കിവയ്ക്കുന്നത് പിന്നെ 13 ശതമാനം തുക ഉദ്യോഗസ്ഥന്മാർക്ക് ശമ്പളം കൊടുക്കുവാൻവേണ്ടി നീക്കിവയ്ക്കുന്നുണ്ട്. ബാക്കിവരുന്ന തുച്ഛമായ സംഖ്യ മാത്രമാണ് ഹരിജനങ്ങളുടെ സാമ്പത്തിക കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത്. ഇവിടെ ശ്രീ. എം. കെ. കൃഷ്ണൻ ഹരിജനക്ഷേമവകുപ്പു മന്ത്രിയായിരുന്നപ്പോൾ 30-4-1981-ൽ ഹരിജനക്ഷേമ ഡയറക്ടർ ഹരിജനക്ഷേമ വകുപ്പു പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ചും പുനഃസംവിധാനം ചെയ്യുന്നതിനെക്കുറിച്ചും ഗവൺമെന്റിന് ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ടായിരുന്നു ആ പ്രൊപ്പോസലിൽ ഉദ്ദേശിക്കുന്നത് ഉയർന്ന തസ്തികകളിലുള്ള പത്തു പതിനാലോളം ഉന്നത ഉദ്യോഗസ്ഥന്മാരെ നിയമിച്ച് ഹരിജനങ്ങൾക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് ഒരു പററം ഉദ്യോഗസ്ഥന്മാരെ തീററിപ്പോററുന്നതിനുള്ള നിർദ്ദേശങ്ങളാണ്. 100 ശതമാനവും ഗ്രാന്റായി 76 ലക്ഷം രൂപയുടെ സ്കീമുകൾ ഡി. ആർ. ഡി. എ. വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമ്പോൾ അത് സബ്സിഡി ആയും ലോണായും വിതരണം ചെയ്യുമ്പോൾ ഹരിജനങ്ങൾക്ക് കിട്ടാത്ത ജാമ്യം ഹാജരാക്കണമെന്നും മററുമുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നതുകൊണ്ട് ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും പഞ്ചായത്തു പ്രസിഡന്റുമാരും പഞ്ചായത്ത് മെമ്പർമാരും സമർപ്പിക്കുന്ന ലിസ്ററിലുള്ള മാർക്സിസ്ററ് പാർട്ടിയിൽപ്പെട്ട ഹരിജനങ്ങൾക്ക് മാത്രം ആനുകൂല്യം ലഭിക്കത്തക്ക സംവിധാനത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും തള്ളിക്കളഞ്ഞുകൊണ്ട് ഈ സംസ്ഥാനത്തെ വിഹിതം പങ്കുവയ്ക്കുമ്പോൾ ഹരിജനങ്ങൾക്കും ആദിവാസികൾക്കും നീതിപൂർവ്വമായി സമ്പത്തിന്റെ വിഹിതം കിട്ടുന്നതിനാവശ്യമായ ഒരു സംവിധാനം സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെടുകയാണ്.

ലോക്കപ്പ് മർദ്ദനത്തിനും ലോക്കപ്പ് മരണത്തിനും എല്ലാം സമരം ചെയ്ത് പാരമ്പര്യമുള്ള മാർക്സിസ്ററ് പാർട്ടിക്കാർക്ക് കുടിയിറക്കിനെക്കുറിച്ച് ഒന്നും സംസാരിക്കുവാനില്ലേ? ശ്രീ. കല്പട നാരായണന്റെ നിയോജകമണ്ഡലത്തിൽ ചേരമാൻകോട് കുന്നിൽ ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തുനിന്നും ഹരിജനങ്ങളെ കുടിയിറക്കി ഈപ്പൻട്രസ്ററിന് ഭൂമി പതിച്ചുനൽകാനുള്ള നടപടി സ്വീകരിച്ചത് ശ്രീ. എം. കെ. കേശവന്റെ നേതാവായ ശ്രീ. പി. എസ്. ശ്രീനിവാസന്റെ നേതൃത്വത്തിലാണെന്നുള്ളകാര്യം മറക്കരുതെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ആദിവാസികളെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുമ്പോൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. കെ. നായനാരുടെ നിയോജകമണ്ഡലത്തിൽ അകമല അടിവാരത്തുനിന്നും എൺപതോളം കുടുംബങ്ങളെ കുടിയിറക്കിയപ്പോൾ അത് അന്യായ

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നോയെന്ന് പറഞ്ഞുകൊണ്ട് ഗിരിജനക്ഷേമവകുപ്പിൽനിന്നും 500 രൂപ വീതം കൊടുത്ത് അവരെ കുടിയിരുത്തിയത് ശ്രീ. എം. കെ. കൃഷ്ണൻ ഓർക്കുന്നുണ്ടായിരിക്കുമെന്ന് ഞാൻ കരുതുകയാണ്.

ഈ രാജ്യത്തെ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി സംസാരിച്ച ശ്രീ. പി. സി. ചാക്കോയോട് ഞാനൊന്നുചോദിക്കട്ടെ പന്തളത്തെ മന്നം ഷുഗർമില്ലിൽ അവിടത്തെ തൊഴിലാളികൾക്ക് ശമ്പളംകൊടുത്തിട്ട് എത്രമാസമായി. സി. ഐ. ടി. യു. വിന്റെയും എ. ഐ. ടി. യു. സി. യുടെയുംനേതാക്കന്മാർ നിവേദനം നടത്തിയപ്പോൾ, അവിടത്തെ തൊഴിലാളി കുടുംബങ്ങൾ പട്ടിണികിടക്കുകയാണെന്നു പറഞ്ഞപ്പോൾ ആ മില്ല് സ്വകാര്യ വ്യക്തിക്ക് വിററ് പത്തിരുപത്തി നാലുലക്ഷം രൂപ കൊള്ളയടിക്കുവാനുള്ള ശ്രമത്തിലായിരുന്നില്ലേയെന്ന് ശ്രീ. ചാക്കോച്ചനോട് ചോദിക്കുവാൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. സർ, ഇതൊക്കെയാണ് ഇന്ന് പന്തളത്ത് പറഞ്ഞുകേൾക്കുന്നത്.

സർ, ഇവിടെ സ്പിരിററ് കുംഭകോണത്തെക്കുറിച്ച് പറഞ്ഞു ശ്രീ. എം. കെ. കൃഷ്ണനും ശ്രീ. പി. സി. ചാക്കോയും തമ്മിലുള്ള ബന്ധങ്ങളെ ക്കുറിച്ച് പറയുകയാണെങ്കിൽ അത് പകൽ പോലെ പരസ്യമായ വസ്തുത കളാണ്, ഡിസംബറിലും ആഗസ്ററ് മാസത്തിലും പത്രവാർത്തവന്നു. അന്നു മുതലല്ല ഈ ബന്ധം തുടങ്ങിയത്. 1981 മാർച്ച് മാസം 16-ാം തീയതി സഖാവ് എം. കെ. കൃഷ്ണന്റെ അധ്യക്ഷതയിലാണ് ശ്രീ. പി. സി. ചാക്കോ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ശവക്കല്ലറയ്ക്ക് തറക്കല്ല് ഇട്ടത്. ഈ സംസ്ഥാനത്തെ ഹരിജനങ്ങൾക്ക് വ്യവസായ യൂണിററ് ഉണ്ടാക്കുവാൻ ബഡ്ജററിൽ വ്യവസായ വകുപ്പിൽ പണം വയ്ക്കാതെ ഹരിജനങ്ങളെ തെററിദ്ധരിപ്പിച്ചുകൊണ്ട് 1981 മാർച്ച് മാസം 16-ാം തീയതി സഖാവ് എം. കെ. കൃഷ്ണന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കൽ കോളനിയിൽ ഹരിജനങ്ങൾക്ക് വ്യവസായ എസ്റേററിനുവേണ്ടി തറക്കല്ലിട്ട ആ ദുർദിനത്തിലാണ് നായനാർ ഗവൺമെന്റിന്റെ ശവക്കല്ല റയ്ക്ക് കല്ലിട്ടതായി വിശേഷിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്തെ ഹരിജനങ്ങളേയും ആദിവാസികളേയും കബളിപ്പിച്ചുകൊണ്ട് ഒരു നിമിഷംപോലും മുമ്പോട്ടുപോകാൻ സാദ്ധ്യമല്ല. 1982 മാർച്ച്മാസം 16-ാം തീയതിയെന്നുപറയുന്ന ഒരു സുദിനമുണ്ടെങ്കിൽ ആ സുദിനത്തിൽ ഹരിജനങ്ങളെ കബളിപ്പിച്ചുകൊണ്ട് നിങ്ങൾ ഇട്ട കല്ല് പറിച്ചെടുത്ത് ശ്രീ. പി. സി. ചാക്കോയുടെ നെഞ്ചത്ത് കയററി വയ്ക്കാനുള്ള തന്റേടമുള്ള ഹരിജൻ യുവാക്കൾ ഈ സംസ്ഥാനത്തുണ്ടെന്നുള്ള കാര്യം ഓർക്കണമെന്ന് ഈ അവസരത്തിൽ പറയുകയാണ്.

അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ശ്രീ. എ. സി. ഷൺമുഖദാസ് ആദിവാസികളെക്കുറിച്ച് ഘോരഘോരം പ്രസംഗിച്ചുകേട്ടു. അദ്ദേഹം സാമൂഹ്യവികസനവകുപ്പു മന്ത്രിയായിരുന്ന അവസരത്തിൽ കമ്മ്യൂണിററി ഡവലപ്പ്മെന്റിനുവേണ്ടി നീക്കിവച്ചിരുന്നത് വെറും 191.4 ലക്ഷം രൂപ മാത്രമായിരുന്നു. അതുപോലെതന്നെ സ്പെഷ്യൽ കമ്പോണന്റ് പ്ലാനിനുവേണ്ടി നീക്കിവച്ചത് വെറും 5.97 ലക്ഷം രൂപ മാത്രമായിരുന്നു.

കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി നിയമ സഭയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ അക്കമിട്ട് അക്കമിട്ട് പറ
11 a.m.] ഞ്ഞിട്ടുണ്ട്. കമ്മ്യൂണിററി ഡവലപ്പ്മെന്റിൽ ഹരിജനങ്ങൾ ക്കുവേണ്ടി നീക്കിവച്ച 155 ലക്ഷം രൂപ ലാപ്സായിയെന്ന്. പകുതി ഹരിജനായും പകുതി സവർണ്ണനായും ശ്രീ. നായനാർ മന്ത്രിസഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന ശ്രീ. ഷൺമുഖദാസിന് ഇതേപ്പറ്റി എന്താണ് പറയാനുള്ളത്? ഇവിടെ വലിയ ഗിരിപ്രഭാഷണം നടത്തുകയാണ്. നമ്മുടെ സംസ്ഥാനത്തെ ആദിവാസികളെക്കുറിച്ച് അവരുടെ പരാധീനതകളെക്കുറിച്ച് ശ്രീ. കല്ലട നാരായണൻ സംസാരിക്കുന്നതുകേട്ടു. ശ്രീ. ബേബീജോൺ കേരളത്തിൽ റവന്യൂ മന്ത്രിയായിരുന്ന അവസരത്തിലാണ് നമ്മുടെ സംസ്ഥാനത്തെ ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാനുള്ള നിയമം ഈ നിയമസഭയിൽ പാസാക്കി ഇൻഡ്യൻപ്രസിഡൻറിൻെറ അനുമതിയോടുകൂടി കേരളത്തിൽ നടപ്പാക്കാനുള്ള അവസരം ഉണ്ടായത്. ശ്രീ. ബേബീജോണിനോട് ചോദിക്കുകയാണ്, എന്നിട്ട് ആ നിയമം ഈ സംസ്ഥാനത്ത് നടപ്പാക്കിയോ? ആദിവാസി കേന്ദ്രത്തിൽ സുൽത്താൻബത്തേരിയിൽ പോയിവന്ന ശ്രീ. എം. കെ. കേശവനോടു ചോദിക്കുന്നു ശ്രീ. പി. എസ്. ശ്രീനിവാസൻ റവന്യൂ മന്ത്രി ആയിരിക്കുമ്പോൾ ആ നിയമം ഈ സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞോ? കഴിഞ്ഞില്ല. ശ്രീ. ബേബീജോണിനും ശ്രീ. പി. എസ്. ശ്രീനിവാസനും വനംകൊള്ളയടിക്കുന്ന ആദിവാസികളെ കൊള്ളയടിക്കുന്ന കാട്ടുരാജാക്കൻമാരെ സംരക്ഷിക്കാനുള്ള താൽപര്യമായിരുന്നു ഉണ്ടായിരുന്നത്. ഹരിജനങ്ങളെ സംരക്ഷിക്കാൻ താൽപര്യമുണ്ടായിരുന്നില്ല. നമ്മുടെ സംസ്ഥാനത്ത് കണ്ണീരും കയ്യുമായി കഴിയുന്ന ....

ശ്രീ. സി. എ. കുര്യൻ : ആദിവാസികളുടെ ഭൂമി തിരിച്ചുകൊടുക്കാനുള്ള നിയമം നിങ്ങൾ നടപ്പാക്കുമോ? എത്രമാസത്തിനുള്ളിൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. കെ. വേലായുധൻ : അത് ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് മറുപടി പറയുമ്പോൾ വ്യക്തമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കണ്ണീരിലും കഷ്ടപ്പാടിലും കഴിയുന്ന ദുരിത പൂർണ്ണമായ ജീവിതം അനുഭവിച്ചുവരുന്ന ദാരിദ്ര്യരേഖക്ക് താഴെ ജീവിക്കുന്ന ഒരു ജനസമൂഹമാണ് ഈ രാജ്യത്തെ ഹരിജനങ്ങളും ആദിവാസികളും ജാതിമതവർഗ്ഗഭേദമില്ലാതെ പ്രവർത്തിക്കുന്ന ആളുകൾ ഇന്ന് അവരുടെ വാദഗതികൾ മാററിക്കൊണ്ട് ഒരുകാലത്ത് സംവരണമെന്ന് പറഞ്ഞാൽ മോരും മുതിരയുംപോലെ വ്യത്യസ്തമാണെന്നുപറഞ്ഞ കമ്മ്യൂണിസ്ററുകാരെപ്പോലെ ഇന്ന് സംവരണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ എനിക്കു സംശയം തോന്നുന്നു. ഈ രാജ്യത്ത് സംവരണത്തിന് എതിരായും അനുകൂലമായും രണ്ടു ചേരികൾ വളർന്നുവരികയാണ്. ആ ചേരികൾ തമ്മിൽ അടിയ്ക്കാതിരിക്കാനുള്ള സാഹചര്യമുണ്ടാക്കാൻ സവർണ്ണരും അവർണ്ണരും തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഉണ്ടാകാതിരിക്കാൻ സാമുദായിക കലാപം ഉണ്ടാകാതിരിക്കാൻവേണ്ടി തള്ളികളഞ്ഞ നെട്ടൂർ കമ്മീഷൻെറ സ്ഥാനത്ത് ഒരു പുതിയ സംവരണ കമ്മീഷനെ നിയമിക്കാനുള്ള ധീരമായ നടപടി ഈ ഗവൺമെൻറ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നതു. നന്ദി പ്രമേയത്തെ ശക്തമായി ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭരണഘടനാപരമായും രാഷ്ട്രീയമായും ധാർമ്മികമായും ഒരു നിമിഷംപോലും അധികാരത്തിൽ തുടരാൻ കരുണാകരൻ മന്ത്രിസഭയ്ക്കു അവകാശമില്ല. ഈ നിയമസഭയിൽ ഒരിക്കൽപോലും ഭൂരിപക്ഷം തെളിയിക്കാത്ത കരുണാകരൻ മന്ത്രിസഭ സ്പീക്കറുടെ കാസ്ററിംഗ് വോട്ട് കൊണ്ട് അധികാരത്തിൽ തുടരുന്നത് അപഹാസ്യമാണ്. പാർലമെൻററി ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

ഭരണസംവിധാനത്തിന്റെ നീണ്ട ചരിത്രത്തിൽ ഇത്രയും നാണം കെട്ട ഒരു നടപടി ഉണ്ടായിട്ടില്ല. അങ്ങ് നിഷ്പക്ഷനാണ്; കക്ഷികൾക്കതീതനാണ്. അങ്ങയെക്കൂടി ഭരണകക്ഷിയിൽ അംഗമായി ഉൾക്കൊള്ളിച്ചുകൊണ്ട് മന്ത്രിസഭ മുന്നോട്ടുപോകാമെന്ന് ആഗ്രഹിക്കുന്നത് ഭരണഘടനയുടെ അന്തസ്സിന് നിരക്കാത്തതും പാർലമെന്ററി ജനാധിപത്യ ഭരണസംവിധാനത്തിന് യോജിക്കാത്തതുമായ നടപടിയാണ്. ജനാധിപത്യത്തെ സംബന്ധിച്ച് തെല്ലെങ്കിലും നിങ്ങൾക്ക് കൂറ് ഉണ്ടെങ്കിൽ, അന്തസ്സും അഭിമാനവുമുണ്ടെങ്കിൽ നിങ്ങൾ രാജിവച്ച് പോകണം. അന്തസ്സും അഭിമാനവും ശ്രീ. കരുണാകരനെ സംബന്ധിച്ചിടത്തോളം ഇല്ലെന്ന് അറിയാം. ശ്രീ. സി. എച്ച്. മുഹമ്മദ്കോയയോടും ശ്രീ. ജോസഫിനോടും ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. ശ്രീ. കരുണാകരൻ കാണിക്കുന്ന ഈ നാണം കെട്ട നടപടിയ്ക്ക് കൂട്ടുനിൽക്കുന്നത് നിങ്ങൾ ഇക്കാലമത്രയും ഉയർത്തി പിടിച്ച ജനാധിപത്യരാജ്യങ്ങൾക്ക് ഭൂഷണമല്ല. കഴിഞ്ഞ 28-ാം തീയതി വഞ്ചനയിൽക്കൂടി അധികാരത്തിൽ കയറിയ ശ്രീ. കരുണാകരന്റെ മന്ത്രിസഭ ഇന്ന് നിയമവിരുദ്ധ നടപടികളുമായി മുന്നോട്ടുപോവുകയാണ്. കേരളത്തിൽ ഇന്ന് പോലീസ് മർദ്ദന ഭരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. പല കിരാതൻമാരുടേയും ഭരണം കണ്ടിട്ടുള്ളതാണ് ഈ കേരളം ദിവാൻ രാമസ്വാമിഅയ്യരുടെ കാലത്തുപോലും ഉണ്ടാകാത്തനിലയിലുള്ള ഭീകരമായ പോലീസ് മർദ്ദനമാണ് ഇന്ന് കേരളത്തിൽ നടക്കുന്നത്. 30-ാം തീയതി ഈ മന്ത്രിസഭയ്ക്കെതിരായി സമാധാനപരമായി പ്രകടനം നടത്തിയ യുവജനങ്ങളെ പോലീസ് ലാത്തിച്ചാർജ്ജു ചെയ്തു. ആലപ്പുഴയിലും കൊല്ലത്തും ലാത്തിച്ചാർജ്ജു നടന്നു. ആലപ്പുഴയിൽ 110 സഖാക്കളെ ആർ. എസ്. പി. സഖാക്കളെ അടക്കം പോലീസ് ഭീകരമായി മർദ്ദിക്കുകയുണ്ടായി. ആ സഖാക്കൾ മൂത്രമൊഴിക്കാൻ പോലും നിവർത്തിയില്ലാതെ ആലപ്പുഴ മെഡിക്കൽകോളേജിൽ കഴിയുകയാണ്. ശ്രീ. കരുണാകരൻ പറയുന്നതനുസരിച്ച് പ്രവർത്തിക്കുന്ന ശ്രീ. ഉമ്മൻചാണ്ടിയെ കാണുമ്പോൾ സഹതാപം തോന്നുകയാണ്. കഴിഞ്ഞ മാസം 19-ാം തീയതി ദേശവ്യാപകമായി നടന്ന പണിമുടക്കിനെ നേരിടുന്നതിനുവേണ്ടി ശ്രീ. കരുണാകരന്റെ പോലീസ് തൊഴിലാളിപ്രവർത്തകൻമാരേയും രാഷ്ട്രീയ പ്രവർത്തകൻമാരേയും ലോക്കപ്പിലിട്ട് മർദ്ദിച്ചു. ആലപ്പുഴയിൽ സൗത്ത് പൊലീസ്സ്റ്റേഷനിൽ എന്നത്തേയ്ക്കും വേണ്ടപ്പെട്ട പ്രവർത്തകൻമാരെ നഗ്നരാക്കിനിർത്തി ഒരു ദിവസം മുഴുവൻ മർദ്ദിച്ചു. അന്ന് അതിനെ എതിർത്ത അമ്പലപ്പുഴ താലൂക്ക് കമ്മിറ്റി മെമ്പർ പുഷ്പരാജനെ പോലീസ് 25-ാം തീയതി മൂന്നു മണിയ്ക്ക് അറസ്റ്റുചെയ്തു അറസ്റ്റ് ചെയ്തപ്പോൾ തന്നെ മർദ്ദിച്ചു. മാത്രമല്ല രണ്ടുമണിക്കൂർ ആലപ്പുഴ പട്ടണത്തിൽ കൊണ്ടുനടന്ന് അടിച്ചു. ശ്രീ. പി. കെ. വി. ടെലഫോണിൽ ബന്ധപ്പെട്ടു വിളിച്ച് പറഞ്ഞിട്ടും വിട്ടില്ല. ഡി. വൈ എസ്. പിയെ. വീട്ടിൽ ചെന്ന് കണ്ടു. കേസ് ഒന്നുമില്ല. വിട്ട് അയയ്ക്കാമെന്ന് പറഞ്ഞു. ശ്രീ. പി കെ. വി. പുഷ്പരാജനെ ഇറക്കികൊണ്ടു വരുന്നതിനു വേണ്ടി ചെന്നപ്പോൾ എസ്. ഐ. വിട്ട് അയയ്ക്കാമെന്ന് പറഞ്ഞു ഒരു കൂട്ടം പോലീസുകാർ ശ്രീ. പി. കെ. വി. യുടെ മുമ്പിൽ നിർത്തികൊണ്ട് പി. കെ. വി. വന്നോടാ എന്നു പറഞ്ഞു അടിച്ചു. ഡി. വൈ. എസ്. പി. പറഞ്ഞിട്ടും എസ്. ഐ വിട്ടയച്ചില്ല. പിറേറദിവസം, ഒരു രാത്രി മുഴുവനും പോലീസിന്റെ മർദ്ദനങ്ങൾക്ക് വിധേയമായതിനുശേഷം കോടതിയിൽ നിന്ന് ജാമ്യം കൊടുത്തിട്ടാണ് വിട്ടയച്ചത്. ശ്രീ. കരുണാകരൻ ആലപ്പുഴയിൽ ചെന്നിട്ട് ടി. ബി. യിൽ വച്ച് ഉദ്യോഗസ്ഥൻമാരെ വിളിപ്പിച്ചു ഡി. എസ്. പി. യേയും ഡി. വൈ. എസ്. പി. യെയും വിളിപ്പിച്ചു. നിങ്ങൾ മുന്നോട്ടുപോകൂ അടിച്ചമർത്തു എന്ന് പറഞ്ഞു ശ്രീ. പി. കെ. വാസുദേവൻനായരെ അപമാനിച്ച പോലീസിനെ അടക്കം കരുണാകരൻ അഭിനന്ദിക്കുന്നതു കേട്ടു. ഇന്ന് പോലീസ് വകുപ്പ് ഭരിക്കുന്നത് ശ്രീ. ഉമ്മൻചാണ്ടിയല്ല കരുണാകരനാണ്. കേരളയൂണിവേ

ഴ്സിററിയിൽ എന്താണ് നടന്നത്? യൂണിവേഴ്സിററി കോളേജിനുമുമ്പിൽ സമാധാനപരമായി സമരം നടത്തിയ നൂറിൽപ്പരം വിദ്യാർത്ഥികളെ പോലീസ് പൈശാചികമായി മർദ്ദിച്ചു. ബസ്സിന് കല്ലെറിയുകയും ബസ്സിന് തീകത്തിക്കുകയും സമരങ്ങളും നടത്തുകയുമൊക്കെ ചെയ്തിട്ടല്ലേ ശ്രീ. ഉമ്മൻചാണ്ടി നിങ്ങളും ആ കസേരയിൽ ഇരിക്കുന്നത് എന്ന് ചോദിക്കാനാഗ്രഹിക്കുകയാണ്. നിങ്ങളുടെ രാഷ്ട്രീയജീവിതത്തിൽ തിരുവനന്തപുരത്ത് നടന്നതുപോലെയുള്ള 'ആക്രമം വിദ്യാർത്ഥികളുടെമേൽ ഉണ്ടായിട്ടുണ്ടോ? നിങ്ങളും ഇതിനെ ന്യായീകരിക്കുന്നത് ശരിയാണോ? ഈ രാജ്യത്ത് തൊഴിലാളി പ്രവർത്തകൻമാരെ, രാഷ്ട്രീയപ്രവർത്തകൻമാരെ സാമൂഹ്യവിരുദ്ധൻമാരെന്ന മുദ്രകുത്തികൊണ്ട് ലോക്കപ്പിലിട്ട് മർദ്ദിക്കുന്നു. ഞങ്ങളുടെ നേതാക്കൻമാരെ പോലീസ് അപമാനിക്കാൻ ശ്രമിക്കുന്നു. ശ്രീ. കരുണാകരനും ശ്രീ. ഉമ്മൻചാണ്ടിയും ഇന്ന് നടത്തുന്ന ഈ തേർവാഴ്ച കണ്ടുകൊണ്ടിരിക്കാൻ ഇനി സാദ്ധ്യമല്ല. എന്തുവില കൊടുത്തും ഇതിനെ നേരിടാൻ ഞങ്ങൾ നിർബന്ധിതമാകും. ശ്രീ. ശിവദാസൻ പല കാര്യങ്ങളെകുറിച്ചും ഇവിടെ പ്രസംഗിക്കുന്നതുകേട്ടു. 1957-ലും 1959-ലും 1967-ലും 1977-ലും അംഗീകരിച്ച നയമാണ് ഞാൻ തുടരുന്നതെന്ന് ശ്രീ. ശിവദാസൻ പറയുന്നു. ഞാൻ ഒന്ന് ചോദിക്കട്ടെ ഏററവും അവസാനമായികൂടിയ 8-ാം സംസ്ഥാനസമ്മേളനം എന്താണ് അംഗീകരിച്ചത്? സഖാവ് ശിവദാസനും, ശ്രീകണ്ഠൻനായർ അടക്കം ഇന്ദിരാകോൺഗ്രസ്സിനെതിരായി ഇടതുജനാധിപത്യമുന്നണി ഉണ്ടാക്കണമെന്ന തിന്റെ പേരിൽ ആ കൂട്ടുകെട്ടിന്റെ പേരിൽ അല്ലേ ശിവദാസാ നിങ്ങൾ ഈ സഭയിൽ കടന്നുവന്നത്? അത് മറന്ന് പോയോ? 1980-ൽ പാർലമെന്റിൽ തോററപ്പോൾ വിപ്ലവം നഷ്ടപ്പെട്ട ശ്രീകണ്ഠൻനായർ തന്റെ ഭാര്യയ്ക്ക് 1980-ൽ മൽസരിക്കാൻ സീററ് കൊടുത്തില്ലെന്നുള്ളതിന്റെ പേരിൽ, തന്റെ അളിയൻ കുമാരപിള്ളയെ നാട്ടിൽ സദാചാര കുററപ്രവർത്തനത്തിന്റെ പേരിൽ നടപടിയെടുത്തതിന്റെ പേരിൽ ഉണ്ടാക്കിയ പാർട്ടിയല്ലേ? 1981 മാർച്ചുമാസത്തിൽ കാൺപൂരിൽ നമ്മുടെ ദേശീയ സമ്മേളനം കൂടിയപ്പോൾ ശ്രീ. ശിവദാസനും പങ്കെടുത്ത് അംഗീകരിച്ചത് എന്താണ്? ഇൻഡ്യയിലെ ബൂർഷ്വാസിയ്ക്കെതിരായി ഇടതുപക്ഷ ഐക്യമാണ് വേണ്ടതെന്ന് വാദിച്ച ശ്രീ. ശിവദാസൻ, നിങ്ങൾക്ക് നാണമില്ലേ ഇപ്പോൾ ഇതു പറയുവാൻ എന്ന് ചോദിക്കാനാഗ്രഹിക്കുകയാണ്. സംവരണത്തെസംബന്ധിച്ച ഈ ഗവൺമെന്റിന്റെ നയം എന്താണെന്ന് വ്യക്തമാക്കണം. ഇത് ജനവിരുദ്ധ ഗവൺമെന്റാണ്. ഇതുപോലെതന്നെ തൊഴിൽ സമരങ്ങളിൽ പോലീസിന്റെ നയം എന്താണെന്ന് വ്യക്തമാക്കണം. കലാലയങ്ങളിൽ പോലീസ് കടന്നുചെന്ന് വിദ്യാർത്ഥിനികളെ അപമാനപ്പെടുത്തിയതു കൊണ്ടാണ് എല്ലാ വിദ്യാർത്ഥിസംഘടനകളും ഒരുമിച്ച് ആവശ്യപ്പെട്ടത് കലാലയത്തിൽ പോലീസ് കടക്കാൻ പാടില്ലെന്ന്. ഇന്ന് നിങ്ങൾ പോലീസിന് കലാലയത്തിൽ പ്രവേശിക്കാൻ അനുവാദം കൊടുത്തിരിക്കുന്നു. നിങ്ങളുടെ നയം എന്താണെന്ന് വ്യക്തമാക്കണം. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചുള്ള ഈ ഗവൺമെന്റിന്റെ നയം എന്താണ്? കൊക്കോയും റബ്ബറും വെളിച്ചെണ്ണയും ഇറക്കുമതി ചെയ്യുന്നതു സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നയം എന്താണ്? ഒരുനിമിഷംപോലും അധികാരത്തിൽ തുടരാൻ അവകാശമില്ലാത്ത, ഭൂരിപക്ഷമില്ലാത്ത ഈ മന്ത്രിസഭ രാജി വച്ച് തെരഞ്ഞെടുപ്പ് നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. കൊററമ്പയിൽ അഹമ്മദ് ഹാജി : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള ഒരു നയ പ്രഖ്യാപന പ്രസംഗമായിരുന്നു ഗവർണ്ണർ ഇവിടെ നടത്തിയതെന്ന് പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുകയാണ്. എന്നാൽ പ്രതിപക്ഷങ്ങൾ പറഞ്ഞത് ഗവർണ്ണർ ഇവിടെ പ്രസംഗിച്ചതേയില്ല എന്നാണ്. പ്രസംഗിച്ചാൽ തന്നെയും ആ പ്രസംഗം പൂർത്തിയാക്കിയിട്ടില്ല. അഥവാ പൂർത്തിയാക്കിയതായി പരിഗണിക്കണമെന്ന് പറഞ്ഞാൽ തന്നെയും ആ പ്രസംഗത്തിൽ ഒന്നുമില്ല എന്ന രീതിയിലാണ് പ്രതിപക്ഷത്തിന്റെ സമീപനം. ആ പ്രസംഗം ഒരു അധിക പ്രസംഗമായിരുന്നില്ല. പറയാനുള്ളതൊക്കെ അതിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പരിമിതികൾ മനസ്സിലാക്കി, ആ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സത്യസന്ധമായ ഒരു സമീപനത്തിന്റെ സൂചന ആ പ്രസംഗത്തിലുണ്ട്. ഇവിടെ ഒരു ദിവസം നേരം പുലരുമ്പോൾ പാലും തേനും ഒഴുക്കാമെന്നോ അല്ലെങ്കിൽ സ്വർഗ്ഗരാജ്യം പണിയാമെന്നോ പറഞ്ഞിട്ടില്ല. പക്ഷേ ഈ രാജ്യത്ത് കഴിഞ്ഞ 21 മാസക്കാലമായി നിലനിന്നിരുന്ന കമ്മ്യൂണിസ്റ്റ് കാട്ടാളത്തഭരണം ഈ കൊച്ചു കേരളത്തിന് ഏൽപ്പിച്ചിട്ടുള്ള മുറിവുകൾ ഉണക്കുന്നതിനുവേണ്ടിയുള്ള ചെറിയ ചെറിയ ചികിത്സകൾ അതിലുണ്ട്. ആ കാര്യങ്ങളെക്കുറിച്ച് വിശദമായി പറയാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല.

ഇന്നത്തെ സാഹചര്യത്തിൽ ഏററവും പ്രസക്തവും പ്രധാനവുമായ രണ്ട് പരാമർശനങ്ങൾ ആ പ്രസംഗത്തിലുണ്ട്. ഒന്ന് ഈ രാജ്യത്തെ സാമൂഹ്യവിരുദ്ധൻമാരെ അവരുടെ രാഷ്ട്രീയ വിധേയത്വം പരിഗണിക്കാതെ അടിച്ചമർത്തുമെന്നുള്ളതാണ്. രണ്ടാമത്തേത് പൊതു പ്രവർത്തകൻമാരിലുള്ള അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണം കൊണ്ടുവരുമെന്നുള്ളതാണ്. ഈ വിധത്തിലുള്ള പ്രസക്തമായ കാര്യങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട്.

ഗവർണ്ണർ ഇവിടെ പ്രസംഗിച്ചുകൊണ്ടുനിന്നപ്പോൾ, ഗവർണ്ണറുടെ പ്രസംഗം അവസാനിക്കുന്നതുവരെ ബഹുമാനപ്പെട്ട പി. കെ. വാസുദേവൻനായർ ഈ സഭയിൽ പ്രസംഗിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പി. കെ. വി. യുടെ പ്രസംഗത്തിന് പ്രതിപക്ഷത്തിൽനിന്ന് ഒരു നന്ദിപ്രമേയം അവതരിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ അത് ഇവിടെ കണ്ടില്ല. ബഹുമാനപ്പെട്ട പി. കെ. വി. യോട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്തിലുള്ള നിരാലംബരായിട്ടുള്ള, തൊഴിൽരഹിതരായിട്ടുള്ള സാധാരണക്കാരുടെ പൊള്ളുന്ന പ്രശ്നങ്ങളും അതുമാതിരിതന്നെ ഒരു നേരത്തെ കഞ്ഞി കുടിക്കാൻ കഴിവില്ലാത്ത 60 ശതമാനത്തിലധികം ആളുകളുടെ നീറുന്ന പ്രശ്നങ്ങളെക്കുറിച്ചെല്ലാം ഈ സഭയിൽ ചിന്തിക്കുകയും ചർച്ച ചെയ്യുകയും ഒക്കെ ചെയ്ത്, അതിനുള്ള പരിഹാരമാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ അങ്ങ് ഇവിടെ അവതരിപ്പിച്ച ആ ചവിട്ടുനാടകം, ജനാധിപത്യ വിശ്വാസികളെ മുഴുവൻ ലജ്ജിപ്പിക്കുന്നു. ഞങ്ങൾക്ക് ആലോചിക്കാൻപോലും സാദ്ധ്യമല്ല. അങ്ങ് ഈ സഭയിലവതരിപ്പിച്ച ആ കോമാളിവേഷം ഈ സഭ ദർശിച്ച ഏററവും വലിയ ദുരന്തമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കൂടുതലൊന്നും പറയുന്നില്ല. പക്ഷേ അങ്ങ് മുഖ്യ മന്ത്രിയായിരുന്ന കാലത്ത് സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് പറഞ്ഞു, പി. കെ. വി. കാണ്ടാമൃഗത്തെ തോൽപ്പിക്കരുതെന്ന് പരാമർശം ഞാൻ ആദരപൂർവ്വം അങ്ങയെ അത് അനുസ്മരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട ബേബിജോണും, പി. കെ. വി. യുമൊക്കെ നമ്മുടെ സംസ്ഥാനത്തുള്ള രാഷ്ട്രീയരംഗത്തെ അതികായൻമാരാണ്, പ്രഗൽഭമതികളാണ്, പരിചയസമ്പന്നരാണ്, പാർട്ടിനേതാക്കൻമാരാണ്. പക്ഷേ അവരെ ഒരു പ്രകൃതി നിയമം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതായത് "ഉയരം കൂടുംതോറും ഉള്ള ഓരോ വീഴ്ചയും കൂടുതൽ കൂടുതൽ വേദനാജനകമായിരിക്കും" എന്നുള്ള പ്രകൃതിനിയമം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ജനാധിപത്യത്തെക്കുറിച്ചൊക്കെ വലിയ വലിയ വാക്കുകൾ പറയുന്നതുകേട്ടു. പുതിയ പുതിയ വ്യാഖ്യാനങ്ങൾ കേട്ടു. എന്തെന്ത് ഭാഷ്യങ്ങളാണ്? കാലുമാറലിനെക്കുറിച്ച്, കുതിര കച്ചവടത്തെക്കുറിച്ച് എല്ലാം പറയുന്നതു കേട്ടു. 1977-ൽ ഞങ്ങളുടെ മുന്നണി ഭദ്രമായ ഭൂരിപക്ഷത്തോടുകൂടി ഭരിച്ചുകൊണ്ടിരുന്നപ്പോൾ ശ്രീ. പി. കെ. വി.യുടെ പാർട്ടിയും, ശ്രീ. ബേബിജോണിന്റെ പാർട്ടിയുമൊക്കെ ഒരു ദിവസം രാവിലെ നിയമസഭയിൽവന്ന്, ഞങ്ങളുടെ പാർട്ടികൾ രാജിവയ്ക്കുകയാണെന്ന് പറഞ്ഞു. മാണി വിട്ടുപോയപ്പോൾ ഒരു വാക്ക് പറഞ്ഞില്ലായെന്ന് രണ്ട് ദിവസം മുമ്പ് ആരോ പരിഭവം പറയുന്നതു കേട്ടു. ഇവരൊക്കെ പോകുമ്പോൾ ഞങ്ങളോട് വല്ലതും ആലോചിച്ചിരുന്നോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി ഇന്ന് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ അവസരവാദിയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് അവർ പറഞ്ഞത് ഇഷ്ടദാനത്തെ അനുകൂലിക്കുന്ന ആർക്കുംതന്നെ ഇടതുപക്ഷ മുന്നണിയിൽ സ്ഥാനമില്ലെന്നായിരുന്നു. സഖാവ് ഇ. എം. എസ്. പറഞ്ഞപ്പോൾ അത് ''ഇമ്മിണി വലിയ ഒന്നായി'' ഇരിക്കുമെന്നാണ് സി. പി. ഐ. ക്കാരും ആർ. എസ്. പി. ക്കാരും വിചാരിച്ചത്. അവർ അങ്ങനെ ഒരു സുപ്രഭാതത്തിൽ മാറിപ്പോയി. അതുകഴിഞ്ഞ് തെരഞ്ഞെടുപ്പ് വന്നു. തെരഞ്ഞെടുപ്പിൽ ബഡായി പറഞ്ഞിട്ട് കാര്യമില്ലെന്ന് ശ്രീ. ഇ. എം. എസിന് അറിയാം. തെരഞ്ഞെടുപ്പ് വന്നപ്പോൾ എന്താണ് കണ്ടത്. ഞങ്ങളോടൊന്നിച്ച് നിയമസഭയിൽ വന്ന് ഇഷ്ടദാനത്തിന് വോട്ടു ചെയ്ത ശ്രീ. എ. കെ. ആന്റണിയുടെ പാർട്ടിയേയും ശ്രീ. കെ. എം. മാണിയുടെ പാർട്ടിയേയുമെല്ലാം എല്ലാ സംവരണതത്വങ്ങളും ഉപേക്ഷിച്ചുകൊണ്ട്, എല്ലാ ഉപാധികളും ഉപേക്ഷിച്ചുകൊണ്ട് ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തി.

അതുപോലെതന്നെ ഇവിടെ ബി. ജെ. പി. യെ കുറിച്ച് പറയുന്നതു കട്ടു. സഖാവ് ഇ. എം. എസ്. ഇതുവരെ പൊക്കിപ്പിടിച്ചുകൊണ്ട് നടന്ന മുദ്രാവാക്യം ഏകാധിപത്യത്തിനെതിരായും വർഗ്ഗീയതയ്ക്കെതിരായും പരസ്യമായി സത്യം ചെയ്യുന്നവർക്ക് മാത്രമേ ഞങ്ങളുടെ മുന്നണിയിൽ സ്ഥാനമുള്ളു എന്നായിരുന്നു. എന്നാൽ ഇപ്പോൾ നമ്മൾ കേൾക്കുന്നതെന്താണ്? ഏകാധിപത്യപ്രവണതകൾക്കെതിരായി പോരാടാൻ ബി. ജെ. പി, യെകൂടി കൂട്ടു് എന്നാണ്. ബി. ജെ. പി. കൂടെ വന്നോ എന്നാണ് പറയുന്നത്. അതിനെക്കുറിച്ച് ഇവിടെ പരാമർശിച്ചപ്പോൾ ശ്രീ. ഇ. കെ. നായനാർ പറയുകയുണ്ടായി; പത്രത്തിൽ വരാത്ത കുറെ കാര്യങ്ങൾ ഞങ്ങൾ പാസാക്കിയിട്ടുണ്ടെന്ന്. അത് ശരിയായിരിക്കാം. പത്രത്തിൽ വരാൻ പററാത്ത പല കാര്യങ്ങളും നിങ്ങൾ പാസാക്കുന്നുണ്ടായിരിക്കാം. പക്ഷേ പത്രത്തിൽ വന്ന കാര്യങ്ങൾ, അത് നിങ്ങൾ പറയാത്ത കാര്യങ്ങളാണെങ്കിൽ, പാസാക്കാത്ത കാര്യങ്ങളാണെങ്കിൽ അത് പറയാൻ അർഹതയുള്ള ആരെങ്കിലും പരസ്യമായി നിഷേധിക്കണം. അതുവരെ ഞങ്ങൾക്ക് അത് വിശ്വസിക്കുകയേ നിവൃത്തിയുള്ളു.

ബംഗാളിലും കേരളത്തിലുമൊക്കെ തെരഞ്ഞെടുപ്പ് ഉണ്ടാകാൻ പോവുകയാണ്. ഈ സമയത്ത് വലിയ കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ബഡായി പറഞ്ഞിട്ട് കാര്യമില്ല. ഇന്നത്തെ സാഹചര്യത്തിൽ ബി ജെ. പി. യുടെ കൂട്ടു കിട്ടാതെ മുന്നണിക്ക് വിജയിക്കാൻ സാധിക്കുകയില്ലായെന്ന് അവർക്ക് അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്ററ് പാർട്ടിയുടെ മുന്നണിയിലേക്ക് ആരെങ്കിലും പോയാൽ അത് ആശയ ധ്രുവീകരണം. മാർക്സിസ്ററ് വിരുദ്ധ മുന്നണിയിലേക്ക് ആരെങ്കിലും പോയാൽ അത് കാലുമാററൽ: ഇതാണ് പുതിയ തിയറി. ആ ഭാഗത്തേയ്ക്ക് ഒന്ന് നോക്കണം: എല്ലാ വിമതൻമാരുടേയും കൂടാരമല്ലേ ആ മുന്നണി: നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളിൽനിന്നും പിണങ്ങിപ്പോയവരുടെ മുന്നണി: അങ്ങോട്ട് നോക്കണം. എന്തൊരു കൗതുകമാണ്: സംസ്ഥാന മുസ്ലീം ലീഗ് പ്രസിഡൻറ് പൂക്കോയ തങ്ങളിൽനിന്ന് പിണങ്ങിപ്പോയ ആളുകൾ, ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസിൽനിന്ന് പിണങ്ങിപ്പോയ ആളുകൾ ശ്രീ. കെ. ഗോപാലൻ പ്രസിഡൻറായിട്ടുള്ള ജനതാപാർട്ടിയിൽനിന്ന് പിരിഞ്ഞുപോയ ആളുകൾ, അതുപോലെതന്നെ ആർ. എസ്. പി. യിലെ ശ്രീകണ്ഠൻനായരിൽനിന്ന് പിരിഞ്ഞുപോയ ആളുകൾ. ഇങ്ങനെയുള്ള പിണങ്ങികളുടെ, വിഘടിതൻമാരുടെ കൂടാരമല്ലേ അവിടെ കാണുന്നത്.

മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയോട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ഈ രാജ്യത്തെ ഒരു വലിയ പാർട്ടിയാണ്. സാധാരണക്കാരായ ഒരുപാട് ജനങ്ങൾ അവരിൽ വിശ്വാസമർപ്പിക്കുന്നുണ്ട്. അതുകൊണ്ട് സദാചാരപരവും സംസ്കൃതവുമായ ഒരു രാഷ്ട്രീയരംഗം സൃഷ്ടിക്കുന്നതിനുവേണ്ടി സത്യസന്ധത പുലർത്തുന്നതിനുവേണ്ടി, മാന്യമായ രാഷ്ട്രീയരംഗം സൃഷ്ടിക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ ഏററവും വലിയ രാഷ്ട്രീയ പാർട്ടിയെന്ന് അവകാശപ്പെടുന്ന മാർക്സിസ്ററ് പാർട്ടി എന്തെങ്കിലും സംഭാവന ചെയ്യുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ ഇത്തരം ചെയ്തികളിൽ ഒന്ന് ലജ്ജിക്കാൻപോലും കഴിയാത്ത വിധം മാർക്സിസ്ററു പാർട്ടിയുടെ മനഃസാക്ഷി മരവിച്ചുപോയിരിക്കുകയാണ്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി, ഈ സംസ്ഥാനത്തുള്ള മററ് രാഷ്ട്രീയ കക്ഷികളെ ഒത്ത് ഈ സംസ്ഥാനത്തിൻെറ പ്രശ്നങ്ങളിൽ ഒരുമിപ്പിച്ച് നിറുത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ശ്രീ. എം. കെ. ആൻറണിയുടെ പാർട്ടിയേയും ജനതാപാർട്ടിയുടെയും കേരളത്തിലുള്ള പ്രവർത്തകൻമാരേയും നേതാക്കൻമാരേയും കണ്ട്, മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പഠിച്ച പണി പതിനെട്ടും പയററിനോക്കിയിട്ടും അവരെ പിടിക്കാൻ സാധിച്ചില്ല. കേരളത്തിലെ ജനങ്ങളുടെ വികാരത്തെ ഉൾക്കൊള്ളാൻ കഴിയുന്ന അവർക്ക് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുമായി പൊരുത്തപ്പെട്ടു പോകാൻ സാദ്ധ്യമായിരുന്നില്ല. അവസാനം അവിടെ യാതൊരു രക്ഷയുമില്ലായെന്ന് കണ്ടപ്പോൾ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി കോൺഗ്രസ്സിൻെറയും ജനതാ പാർട്ടിയുടേയും കേരള ഹൈക്കമാൻറുകളെ സ്വാധീനിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. എല്ലാ പ്രലോഭന, സമ്മർദ്ദ തന്ത്രങ്ങളുടേയും ഫലമായി ഹൈക്കമാൻറുകളെയും അവരുടെ കെണിയിൽ വീഴ്ത്താൻ അവർക്ക് സാധിച്ചു.

ഒരു പെണ്ണിനോടുള്ള വിവാഹ അഭ്യർത്ഥന നിരാഹരിക്കപ്പെട്ടപ്പോൾ അതിലുള്ള വൈരാഗ്യം തീർക്കാൻവേണ്ടി കുടിയനായ പെണ്ണിൻെറ അച്ഛന് കള്ള് വാങ്ങിച്ചുകൊടുത്ത്, പെണ്ണിനെ സ്വന്തമാക്കാൻ ശ്രമിച്ച തെരുവുപോക്കിരിയുടെ ചിത്രമാണ് മാർക്സിസ്ററു പാർട്ടിയെ കാണുമ്പോൾ എനിക്ക് ഓർമ്മ വരുന്നത്. എന്തൊരു അധഃപതനമാണ്; ഈ പതനത്തെക്കുറിച്ച് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ആലോചിക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ സംസ്ഥാനത്തിൻെറ പ്രത്യേകതകൾ മുന്നിൽവച്ചുകൊണ്ട് ഇവിടെ ഇന്ദിരാ കോൺഗ്രസ്സുമായി സഹകരിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായണമെന്ന് ശ്രീ. എ. കെ. ആൻറണിയുടെ പാർട്ടി പറഞ്ഞപ്പോൾ മാർക്സിസ്ററ് പാർട്ടിയോടും ഇന്ദിരാ കോൺഗ്ര

LIBRARY ARCHIVES Kerala Legislative Assembly

സിനോടും സമദൂര സിദ്ധാന്തം പാലിക്കണമെന്ന് വാശിപിടിച്ചു വാദിച്ച ശ്രീ. ഷൺമുഖദാസ് ഇപ്പോൾ താങ്കളെ എവിടെ കൊണ്ടുചെന്നെത്തിച്ചിട്ടുള്ളതെന്ന് ആലോചിക്കണം എന്ന് ഞാൻ ശ്രീ. പാക്കോയോട് അപേക്ഷിക്കുന്നു.

സഖാവ് ടി. കെ. രാമകൃഷ്ണൻ, ആസാമിൽ പ്രതിപക്ഷത്തിന് ഭൂരിപക്ഷമുണ്ടായിട്ട് അവരെ ഗവൺമെന്റ് രൂപീകരിക്കാൻ അനുവദിച്ചില്ല എന്ന് രണ്ടു ദിവസം മുൻപ് ഇവിടെ പറയുകയുണ്ടായി. രണ്ട് വർഷത്തിലധികമായി സസ്പെൻറ് ചെയ്തുവച്ചിട്ടുള്ള ആസാമിൽ ഗവൺമെന്റ് ഉണ്ടാക്കാൻ പ്രതിപക്ഷത്തിന് അവസരം കൊടുക്കണം. രണ്ട് മാസം പോലും സസ്പെൻഷൻ പൂർത്തിയാകാത്ത കേരളത്തിൽ നിയമസഭ പിരിച്ചുവിടണം; കരുണാകരൻ മന്ത്രിയാകാൻ പാടില്ല. എന്താണ് സർ ഈ ഇരട്ടമുഖം; ഈ വിധത്തിലാണോ രാഷ്ട്രീയ കാര്യങ്ങളെ നമ്മൾ സമീപിക്കേണ്ടത്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ പാർട്ടികളും വലിയ മുദ്രാവാക്യങ്ങൾ ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചുകൊണ്ടാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയിച്ച് അധികാരത്തിൽ വന്നത്. കേന്ദ്രത്തോട് സമരം ചെയ്വാൻ കഴിവുള്ള കേന്ദ്രവിദഗ്ദ്ധനായ മുഖ്യമന്ത്രിക്കെ കേരളത്തിലെ കാര്യങ്ങൾ കണക്ക് പറഞ്ഞ് വാങ്ങിക്കാൻ സാധിക്കുകയുള്ളു എന്ന് പറഞ്ഞു. അധികാരത്തിൽ വന്ന നിങ്ങളുടെ ഭരണം ഭീമമായ പരാജയമായിരുന്നു എന്ന് നിങ്ങൾതന്നെ സമ്മതിച്ചു. റബ്ബർ ഇറക്കുമതി ചെയ്യുന്നു, വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു, കൊക്കോകൃഷിക്കാർക്ക് ന്യായമായ വില കിട്ടാൻ നിവൃത്തിയില്ല, കേന്ദ്രം എല്ലാ വിധത്തിലും ദ്രോഹിക്കുന്നു എന്നൊക്കെ നിങ്ങൾതന്നെ പറഞ്ഞു. ഞങ്ങൾ പ്രമേയം പാസാക്കിത്തരണമെന്ന് നിങ്ങൾ ഞങ്ങളോട് പറഞ്ഞു. ഞങ്ങൾ പ്രമേയം പാസാക്കിത്തന്നു. അതുമാത്രമല്ല കേന്ദ്രത്തിന്റെ അടുത്തുപോയി അവന്റെ കീശ പറിച്ചെടുത്ത് കണക്ക് പറഞ്ഞ് കാര്യം നേടുമെന്ന് പറഞ്ഞ വീരശൂരപരാക്രമികളായ നിങ്ങൾ അവസാനം കേന്ദ്രത്തിലേക്ക് ഞങ്ങൾ കൂടി വരണമെന്ന് ആവശ്യപ്പെട്ടു. ഞങ്ങൾ വന്നു. ഒന്നല്ല, രണ്ട് തവണ വന്നു പക്ഷേ നിങ്ങൾ ചെയ്തത് എന്താണ്

സർ, ഈ ജനാധിപത്യ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, പ്രധാനമന്ത്രി കേരളം സന്ദർശിച്ചപ്പോൾ നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന്, കേരളത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടി പ്രധാനമന്ത്രി കേരളത്തിൽ വന്നപ്പോൾ നിങ്ങളെ ഈ പ്രശ്നം അവതരിപ്പിക്കാൻ വേണ്ടി വിളിച്ചപ്പോൾ നിങ്ങൾ ചെയ്തത് എന്താണ്. ഞങ്ങളില്ലെങ്കിൽ പ്രളയം എന്നായിരുന്നില്ലേ നിങ്ങളുടെ നയം. ഞങ്ങൾക്ക് ഭരണമില്ലെങ്കിൽ എന്ത് കൊക്കോ, എന്ത് റബ്ബർ, കൃഷിക്കാർ എന്ത് തേങ്ങാക്കുല എന്നല്ലേ സർ, നിങ്ങളുടെ സമീപനം. അതാണോ ഒരു രാഷ്ട്രീയ പാർട്ടി എന്ന നിലയ്ക്ക് ഇവിടെ പലപ്പോഴും ഭരണം നടത്തിയിട്ടുള്ള ഒരു പ്രസ്ഥാനം എന്ന നിലയ്ക്ക് നിങ്ങളിൽനിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

സർ, ഇവിടെ ഇന്ദിരാഗാന്ധിയെ, സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കുററം പറഞ്ഞതെന്താണ്, അവർ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു എന്നാണ്. എന്നാൽ പോളണ്ടിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെക്കുറിച്ച് ഒരക്ഷരം ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ പറഞ്ഞില്ല. അതിനെക്കുറിച്ച് ചോദിച്ചാൽ പറയും അത് പോളണ്ടിന്റെ ആഭ്യന്തരകാര്യമാണെന്ന്. ബഹുമാനപ്പെട്ട ഇ. കെ. നായനാരോട് എനിക്ക് വലിയ സ്നേഹവും ബഹുമാനവും ഉള്ളതുകൊണ്ട്, അദ്ദേഹത്തെ വേദനിപ്പിക്കുന്നത് എനിക്ക് ഇഷ്ടമില്ലാത്തതുകൊണ്ട് പ്രസിഡന്റ് റെയഗന്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ കമ്പി അടിച്ചതിനേക്കുറിച്ച് ഞാൻ ചോദിക്കുന്നില്ല. ഇവിടെ പോലീസിന്റെ കാര്യത്തെക്കുറിച്ച് വളരെയേറെ പരത്തി പ്രസംഗിക്കുകയുണ്ടായി. ഇന്നലെവരെയും പോലീസിന്റെ ചുമതല വഹിച്ചിരുന്ന ഈ കേരളത്തെ ഒരു ചോരക്കളം ആക്കിയിരുന്ന സഖാവ് ടി. കെ. രാമകൃഷ്ണൻ പോലീസിന്റെ പരാതിയെക്കുറിച്ചുള്ള ചർച്ചയുടെ നായക സ്ഥാനം ഏറ്റെടുക്കേണ്ടിയിരുന്നോ എന്ന് എനിക്ക് ഇപ്പോഴും സംശയമുണ്ട്. പോലീസിനെക്കുറിച്ച് വളരെയധികം ഇവിടെ പറഞ്ഞു. ആദ്യം മുതൽ തന്നെ ആഭ്യന്തര മന്ത്രിയെക്കുറിച്ചുള്ള ആക്ഷേപത്തിന്റെ അഭിഷേകമായിരുന്നു സർ ഇവിടെ നടന്നത്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി തന്റെ സ്വതസിദ്ധമായ.........

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചോരക്കളം ആക്കിയില്ല എന്നല്ലേ പരാതി .... (ബഹളം)

ശ്രീ. കൊറമ്പയിൽ അഹമ്മദ് ഹാജി: ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ഇവിടെ സ്വതസിദ്ധമായ മന്ദസ്മിതത്തോടുകൂടി എല്ലാം കേട്ടുകൊണ്ടിരുന്നു. അവസാനം അദ്ദേഹത്തിന്റെ ഊഴം വന്നു. അദ്ദേഹം ഒരു നാട്യവും ഇല്ലാതെ ഒരു നാടകീയതയും ഇല്ലാതെ കാര്യങ്ങൾ വിവരിക്കാൻ തുടങ്ങി. നിങ്ങൾ ചോദ്യങ്ങൾ ചോദിച്ച് അദ്ദേഹത്തെ പിടിച്ചു നിർത്തി. അദ്ദേഹം തിരിഞ്ഞു നിന്നു. ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ തുടങ്ങിയപ്പോൾ നിങ്ങൾ ഒച്ചവച്ചു, ബഹളം വച്ചു. ചോദ്യങ്ങൾ ചോദിക്കാൻ എത്രമാത്രം വെമ്പൽ നിങ്ങൾക്ക് ഉണ്ടായിരുന്നോ അതിലേറെ നിർബന്ധം അദ്ദേഹം പറയുന്നത് ആരും കേൾക്കരുതെന്ന് നിങ്ങൾക്ക് ഉണ്ടായിരുന്നു. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉമ്മൻചാണ്ടിയുടെ ശബ്ദം, ജനാധിപത്യത്തിന്റെ ശബ്ദം, ബഹളംവച്ച് നിങ്ങൾക്ക് തടഞ്ഞു വയ്ക്കാൻ സാധിക്കുകയില്ല. ഒച്ചവച്ച് കൂക്കിവിളിച്ചു .... (ബഹളം)

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ഈ രാജ്യത്ത് നടക്കുന്ന പോലീസ് മർദ്ദനങ്ങളെ നിർല്ലജ്ജം ന്യായീകരിക്കരുത്.

ശ്രീ. കൊറമ്പയിൽ അഹമ്മദ് ഹാജി: ബഹളംവച്ച് ഒച്ചവച്ച് ജനാധിപത്യത്തെ തടഞ്ഞുനിർത്താം എന്നാണ് നിങ്ങൾ വ്യാമോഹിക്കുന്നതെങ്കിൽ ആ ശബ്ദം ദിഗന്തങ്ങളിൽ മാറ്റൊലിക്കൊള്ളും. ആ ശബ്ദം ചക്രവാളങ്ങളെ പ്രകമ്പനം കൊള്ളിക്കും, ആ ശബ്ദം ഈ രാജ്യത്തെ ജനങ്ങൾക്ക് ആത്മവിശ്വാസം ഉണ്ടാക്കും. ആ ശബ്ദം ഈ രാജ്യത്തെ ജനാധിപത്യ വിശ്വാസികളെ ആവേശഭരിതരാക്കും. ഒച്ചവച്ചുകൊണ്ട് കൂക്കിവിളിച്ചുകൊണ്ട് ആ ശബ്ദത്തെ തടഞ്ഞു നിർത്താൻ നിങ്ങൾ ശ്രമിക്കേണ്ട എന്ന് ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ പകൽക്കിനാവുകൾ കാണുകയാണ്, നിങ്ങൾ ആകാശക്കോട്ടകൾ കെട്ടുകയാണ്. ആ ശബ്ദത്തെ തടഞ്ഞു നിറുത്താം എന്ന് നിങ്ങൾ വ്യാമോഹിക്കുകയാണ്. കോട്ടകളും കൊത്തളങ്ങളുമൊക്കെ തല്ലിത്തകർത്തു തരിപ്പണമാക്കിയ ജനതകളുടെ ചരിത്രം നിങ്ങൾ വിസ്മരിക്കുകയാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിലെ ഒരംഗം ഒരു മന്ത്രിയുടെ സീറ്റിൽ ചെന്നിട്ട് അവിടെയിരുന്ന് സംസാരിക്കുന്നതു ശരിയാണോ ?

മിസ്റ്റർ ചെയർമാൻ: ഇതൊക്കെ മുമ്പും ഇവിടെ നടന്നിട്ടുള്ളതാണ്.

2,2078/B.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൊറമ്പയിൽ അഹമ്മദുഹാജി : അതുകൊണ്ട് നിങ്ങൾ ആകാശകോട്ട കെട്ടുകയാണെന്നു പറയുകയാണ്. കോട്ടകളും കൊത്തളങ്ങളും തല്ലിത്തകർത്തു തരിപ്പണമാക്കിയ ജനതകളുടെ ചരിത്രം നിങ്ങൾ വിസ്മരിക്കരുതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ രാജ്യത്ത് നിങ്ങൾ ഉദ്ദേശിക്കുന്നതു നടപ്പാകാൻ പോകുന്നില്ല. ഈ രാജ്യത്തെ ജനങ്ങൾ രാഷ്ട്രീയബോധം ഉള്ളവരാണ്, അവർ വിദ്യാസമ്പന്നരാണ്. ഈ രാജ്യത്ത് ഒരു ജനാധിപത്യ സംവിധാനം വേണമെന്നും ഈ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമം ഈ രാജ്യത്ത് ഉണ്ടാകണമെന്നും ആഗ്രഹിക്കുന്നവരാണ്.

സർ, ഇവിടെ ആരോ സംവരണത്തിന്റെ പ്രശ്നത്തെപ്പററി പറഞ്ഞു. സംവരണത്തിന്റെ പ്രശ്നം സാമ്പത്തിക അടിസ്ഥാനത്തിലല്ല, ഈ രാജ്യത്ത് സാമൂഹ്യമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഉള്ളത്. സാമൂഹ്യമായ പിന്നോക്കാവസ്ഥ അവസാനിക്കുന്നതുവരെയും ഇവിടെ ഈ സംവരണതത്വം നിലനിർത്തേണ്ടി വരുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവും ഇല്ല. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെയുള്ള മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടി ഈ പിളർപ്പൻ നയം അവസാനിപ്പിക്കണം. ഞങ്ങളില്ലെങ്കിൽ പ്രളയം എന്നുള്ള സമീപനം ഉണ്ടല്ലോ അതവസാനിപ്പിക്കണം എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീ. എ. കെ. ആൻറണിയുടെ കോൺഗ്രസ്സിനെ കിട്ടാത്തതുകൊണ്ട് ഹൈക്കമാൻറിനെ പിടിച്ചു. ഷൺമുഖദാസിനെ പിടിച്ചു ഈ വൈവിദ്ധ്യത്തിൽനിന്നും നിങ്ങൾ ഒഴിയണം. ഞാൻ അതിനുവേണ്ടി അപേക്ഷിക്കുകയാണ്. ഇവിടെ പണ്ട് ഇന്ദുലേഖ ഇല്ലെങ്കിൽ അടിച്ചുതളിക്കാരി മാധവി എന്ന് സൂരി നമ്പൂതിരി സമാശ്വസിച്ചതു പോലെ എ. കെ. ആൻറണി ഇല്ലെങ്കിൽ ഷൺമുഖദാസ് എന്നുള്ള നിലയിലേക്ക് മാർക്സിസ്ററു പാർട്ടി അധഃപതിക്കരുത് എന്നു ഞാൻ പറയുകയാണ്. അതുകൊണ്ട് ഈ വക പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ പരിശോധിക്കണം. നമ്മുടെ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കണം. ഈ രാജ്യത്ത് ഇന്നൊരു ജനാധിപത്യ സംവിധാനം ഉണ്ടായിരിക്കുകയാണ്. ഇവിടെ സ്പീക്കർ ഗോൾ അടിക്കുന്നു എന്നൊക്കെ ശ്രീ. പി. കെ. വാസുദേവൻ നായർ പറയുകയുണ്ടായി. ശ്രീമാൻ എ. കെ. ആൻറണിയുടെ കോൺഗ്രസ്സ് പിരിഞ്ഞുപോയപ്പോൾ ഒരസംബ്ലി ഇല്ലാത്തതുകൊണ്ട് നല്ലകാലം എന്നല്ലാതെ എന്തു പറയാനാണ്. അന്ന് ഒരു അസംബ്ലി വിളിച്ചിരുന്നെങ്കിൽ നിങ്ങൾ ആക്ഷേപിച്ചിരുന്ന കാസ്ററിംഗ് വോട്ടും റഫറിയുടെ ഗോളടിയുമൊക്കെ നിങ്ങൾ ഈ നിയമസഭയിൽ കാണിക്കുമായിരുന്നോ ? പക്ഷേ അതിൽനിന്ന് നിങ്ങൾ സന്ദർഭവശാൽ രക്ഷപ്പെട്ടുപോയതാണ്. അതുകൊണ്ടു പ്രശ്നങ്ങൾ ശരിയായി പഠിച്ച് നമ്മുടെ രാജ്യത്തു ശരിയായ ഒരു രാഷ്ട്രീയ രംഗ സൃഷ്ടിക്കുവേണ്ടി, അല്ലെങ്കിൽ ശരിയായ ഒരു രാഷ്ട്രീയ സമീപനത്തിനുവേണ്ടി നിങ്ങൾ ഒന്നിച്ചുനിന്നുകൊണ്ട് കേരളത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പരിശ്രമിക്കണം. പ്രധാനമന്ത്രിയെ നിങ്ങൾ ഗോബാക്ക് വിളിച്ചു. നിങ്ങൾ കറുപ്പുകൊടി കാണിച്ചു. ഇവിടെ കറുപ്പുകൊടി പ്രകടനത്തെക്കുറിച്ചു പറഞ്ഞു, കറുപ്പുകൊടി പ്രകടനക്കാരെ തല്ലിച്ചതച്ചെന്നു പറഞ്ഞു. എന്താണു സർ ഈ രാജ്യത്തു നടന്നത് ? ഈ രാജ്യത്ത് പല സ്ഥലങ്ങളിലും കണ്ണൂരും, തിരുവനന്തപുരത്തും ഒക്കെ നടന്നതെന്താണ് ? ഇവിടെ പ്രതിപക്ഷക്കാർ അവതരിപ്പിച്ച നാടകം തന്നെയായിരുന്നു അവിടെയും. കറുത്ത കൊടി മടിയിൽ തിരുകി പരിപാടി നടക്കുന്ന ഹാളിലേക്ക് തിങ്ങിക്കയറി, എന്നിട്ട് പരിപാടി ആരംഭിച്ചപ്പോൾ കൊടിപിടിച്ചു മിന്നുക, ഗോബാക്ക് വിളിക്കുക, പരിപാടി തടസ്സപ്പെടുത്തുക ഇതാണ് കണ്ണൂരും, തിരുവനന്തപുരത്തുമൊക്കെ നടന്നത്. എന്നിട്ട് അവസാനം ശരിയായ പ്രതിഷേധ

പ്രകടനത്തിന് അവസരമില്ലെന്ന വിധത്തിൽ പ്രതിഷേധിക്കുകയും ആക്ഷേപിക്കുകയുംചെയ്യുക. ഇതു ശരിയല്ല. ശരിയായ പ്രതിഷേധത്തിനുള്ള സന്ദർഭമുണ്ട് നമുക്ക്.

ഇന്ദിരാഗാന്ധിയെ സംബന്ധിച്ചുള്ള ഏററവും വലിയ കുററം അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു എന്നുള്ളതാണ്. ഇന്ദിരാഗാന്ധി ഏററവും വലിയ ഏകാധിപതി എന്നു പറയുന്നു. എന്താണ് ഇന്ദിരാഗാന്ധി എന്ന ഏകാധിപതി ചെയ്തത് ? അടിയന്തിരാവസ്ഥക്കാലത്ത് തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചു. (വേണമെങ്കിൽ അവർക്ക് അതൊഴിവാക്കാമായിരുന്നു). ആ തെരഞ്ഞെടുപ്പിൽ തോററപ്പോൾ ഒരു തടസ്സവും നിൽക്കാതെ ജനതാ പാർട്ടിക്ക് അധികാരവും ഏൽപ്പിച്ചുകൊടുത്ത് പുറത്തിറങ്ങി. ജനതാപാർട്ടി എത്രയെത്ര അന്വേഷണ കമ്മീഷനുകളെ ആയിരുന്നു ഏർപ്പെടുത്തിയത്. എത്രമാത്രം കോടതി വരാന്തകളിലായിരുന്നു അവരെ നിങ്ങൾ കയററിയത്. അവസാനം പിന്നെയും തെരഞ്ഞെടുപ്പു വന്നു. ആ തെരഞ്ഞെടുപ്പിൽ ഈ രാജ്യത്തെ ജനലക്ഷങ്ങൾ ബഹുഭൂരിപക്ഷത്തോടു കൂടി അവരെ തെരഞ്ഞെടുത്തു. അവർ വീണ്ടും അധികാരത്തിൽ വന്നു. ഇന്ദിരാഗാന്ധിയുടെ ഏകാധിപത്യം അതായിരുന്നു. നിങ്ങളുടെ ഏകാധിപത്യമോ ? അവിടെ എതിർപക്ഷമുണ്ടോ? വിമർശനം ഉണ്ടോ സർ, എതിർ സ്ഥാനാർത്ഥിയുണ്ടോ ? അതാണു നിങ്ങളുടെ ഏകാധിപത്യം. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ദിരാഗാന്ധി എന്ന വ്യക്തിയുടെ ഏകാധിപത്യത്തെക്കാളും എത്രയോ മാരകമായ ഏകാധിപത്യമാണ് കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിന്റേത്. കാരണം ഒരു വ്യക്തി എത്ര വലിയ ആൾ ആയാലും അദ്ദേഹത്തിന്റെ മരണത്തോടുകൂടി അതവസാനിക്കും. എന്നാൽ ഒരു പ്രസ്ഥാനത്തിന്റെ ഏകാധിപത്യം തലമുറ തലമുറകളായി നീണ്ടുപോകും. അതുകൊണ്ട് കമ്മ്യൂണിസ്ററ് ഏകാധിപത്യം മററെല്ലാ ഏകാധിപത്യത്തെക്കാളും ഏററവും വലിയ വിഷലിപ്തമാണ്, ഏററവും വലിയ അപകടകാരിയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ എന്റെ ഒരു സ്നേഹിതൻ പറയുകയുണ്ടായി സി. എച്ച്. മുഹമ്മദുകോയ സാഹിബ്ബിനെ തൊപ്പി ഊരിക്കും എന്ന്. സി. എച്ച്. മുഹമ്മദുകോയ സാഹിബ്ബിന്റെ പാർട്ടി ഈ രാജ്യത്ത് ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയും എല്ലാ സ്ഥാനങ്ങളും കൈകാര്യം ചെയ്തിട്ടുള്ള പാർട്ടിയാണ്. അവരുടെ ശക്തി ഉപയോഗിച്ചു, സ്വന്തം ആൾബലം ഉപയോഗിച്ച് പൊതുജന പിന്തുണ ഉപയോഗിച്ചുകൊണ്ടാണ് ഈ സ്ഥാനങ്ങളൊക്കെ അലങ്കരിച്ചത്. നമുക്കറിയാം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിലെ ഇ. എം. എസ്. നമ്പൂതിരിപ്പാട് എന്റെ നാട്ടിൽവന്ന് പ്രസംഗിക്കുകയുണ്ടായി, മുസ്ലീം ലീഗ് ഇല്ലാത്ത ഒരു ഭരണം, അതാണ് ഞങ്ങളുടെ ലക്ഷ്യം എന്ന്. മുസ്ലീം ലീഗ് എന്നു പറഞ്ഞുകൊണ്ടു നമ്പൂതിരിപ്പാട് ഉദ്ദേശിച്ചത് മുസ്ലീംലീഗിന്റെ രണ്ടു പ്രതിനിധികൾ മന്ത്രിസഭയിൽ ഇല്ലാതിരിക്കലായിരുന്നോ ? ആണെന്നു ഞാൻ കരുതുന്നില്ല. അങ്ങനെയാണെങ്കിൽ അധികാരം കിട്ടിയ ദിവസം മുതൽക്ക് നിങ്ങൾ മുസ്ലീംലീഗിനെ അധികാരത്തിലേക്കു ക്ഷണിക്കുകയായിരുന്നു. അപ്പോൾ മുസ്ലീംലീഗിന്റെ പ്രതിനിധികൾ സി. എച്ച്. മുഹമ്മദുകോയ സാഹിബും നഹാസാഹിബും മന്ത്രിസഭാ കൗൺസിലിൽ ഇല്ലാതിരിക്കുക എന്നുള്ളതല്ല നിങ്ങൾ ഇതുകൊണ്ട് ഉദ്ദേശിച്ചതെന്നു ഞാൻ വിശ്വസിക്കുന്നു. നേരെമറിച്ച് മുസ്ലീംലീഗിനെ തല്ലിത്തകർക്കാം, മുസ്ലീം ലീഗിനെ ക്ഷീണിപ്പിക്കാം, തെരഞ്ഞെടുപ്പിൽക്കൂടി മുന്നണിയുടെ ബലത്തിൽ മുസ്ലീംലീഗിനെ ദുർബ്ബലപ്പെടുത്താം എന്നാണ് നിങ്ങൾ വിചാരിച്ചത്. അതിനുവേണ്ടി ഈ രാജ്യത്തുള്ള എല്ലാ ആളുകളേയും കൂട്ടുപിടിച്ചു. അതൊന്നും പോരാഞ്ഞിട്ട്, യഥാർത്ഥ മുസ്ലീംലീഗ് ഞങ്ങളുടെ കൂടെ ആണെന്ന് ഈ രാജ്യത്തെ ജനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

തെററിദ്ധരിപ്പിക്കുന്നതിന് ഞങ്ങളിൽനിന്നു പിരിഞ്ഞുപോയ ആളുകളുടെ കൈയിൽ ചില പച്ചക്കൊടിയും കൊടുത്ത് ഇതാണ് മുസ്ലീംലീഗ് എന്നു നിങ്ങൾ പറഞ്ഞു.

ആ തെരഞ്ഞെടുപ്പിലെ ഫലം എന്താണ് സർ, അതിന്റെ മുമ്പത്തെ തെരഞ്ഞെടുപ്പിൽ പന്ത്രണ്ടു നിയമസഭാംഗങ്ങൾ മാത്രമുണ്ടായിരുന്ന ഞങ്ങളെ, മുസ്ലീം ലീഗിനെ ക്ഷീണിപ്പിക്കാൻ വേണ്ടി, തകർക്കാൻവേണ്ടി നിങ്ങൾ അരങ്ങൊരുക്കിയിരുന്ന ആ തെരഞ്ഞെടുപ്പിൽ 14 നിയമസഭാംഗങ്ങളുമായാണ് ഞങ്ങൾ ഇങ്ങോട്ടുവന്നത്. ഞങ്ങളുടെ മുന്നണി തോററിട്ടുണ്ടാകും. അൽപ്പം ഒരു ശതമാനം വോട്ടുകൊണ്ട് ഞങ്ങളുടെ മുന്നണി തോററു. ഞങ്ങൾ പ്രതിപക്ഷത്തിരുന്നു. പക്ഷേ എന്റെ പാർട്ടി തോററില്ല ഞങ്ങൾ തോററില്ല. ഞങ്ങൾ കൂടുതൽ ശക്തിയാർജ്ജിച്ചുകൊണ്ട്, കൂടുതൽ കരുത്ത് ആർജ്ജിച്ചുകൊണ്ട് ഈ നിയമസഭയിലേയ്ക്ക് കടന്നു വരികയാണ് അവർ ചെയ്തത്. ഇങ്ങനെ പല കാര്യങ്ങളും പറയുമ്പോൾ ഓരോ കാര്യത്തെ കുറിച്ചും വ്യക്തമായ ധാരണ നമുക്ക് ഉണ്ടാകേണ്ടത് ആവശ്യമാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ഈ സംസ്ഥാനത്ത് വലിയൊരു പാർട്ടിയാണ്. തൊഴിലാളികളും കർഷകരുമൊക്കെ നിങ്ങളുടെ കൂടെയുണ്ട്. അതുകൊണ്ട് ഈ രാജ്യത്ത് ഒരു സംശുദ്ധമായ രാഷ്ട്രീയ രംഗ സൃഷ്ടിക്കുവേണ്ടി മാർക്സിസ്ററു പാർട്ടിയുടെ ശക്തി വിനിയോഗിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, നമ്മുടേത് ഒരു കൊച്ചു സംസ്ഥാനമാണ്. ധാരാളം സാമ്പത്തിക പ്രയാസങ്ങളുണ്ട്. ഈ വക കാര്യങ്ങളെക്കുറിച്ചെല്ലാം മനസ്സിലാക്കി നമ്മുടെ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, ഈ രാജ്യത്തെ പാവപ്പെട്ടവന് ഒരിററ് ദാഹജലം നൽകുന്നതിനു വേണ്ടി, പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്നതിനുവേണ്ടി ഉള്ള ഒരു ജനാധിപത്യ സമ്പ്രദായത്തിൽ ആ മഹത്തായ ശ്രമത്തിന് നിങ്ങളുടേതായ പങ്ക് വഹിക്കാൻ മുന്നോട്ടു വരണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി ശക്തിയായി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ടി. എം. ജേക്കബ്)

<u>ശ്രീ. വി. സി. കബീർ :</u> സർ, പ്രസംഗിക്കാത്ത ഗവർണ്ണറുടെ പ്രസംഗത്തിന് ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നില്ല. ഇവിടെ ഒരു 'പൊയ്ക്കാലി'' മന്ത്രി സഭയല്ലേ അധികാരത്തിലിരിക്കുന്നത്. സർ, അങ്ങ് "പൊയ്ക്കാലി'' യെ കണ്ടിട്ടുണ്ടോ ? എന്നാ സുന്ദരൻ സ്വാമി, നമ്മ ഊരിലെല്ലാം ഇരിക്ക പശുവിനെ കറക്കുന്ന അമ്മമാർ, മുന്നച്ചിമാർ ചത്തുപോയ പശുകുട്ടിയുടെ തോൽ എടുത്ത് വയ്ക്കോൽ തുരുകി നാലു കാൽ വച്ച് പശുവിന്റെ അടുത്തു കൊണ്ടു വയ്ക്കും. സുന്ദരം സ്വാമിക്ക് തെരിയുമല്ലവാ ആ ജാതി ജീവനില്ലാത്ത പൊയ്കാലുകൾ ഉള്ള ഒരു മന്ത്രിസഭയാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. എന്നിട്ട് ഗവർണ്ണറെക്കൊണ്ട് ഇവിടെ ഏതാണ്ട് ഒരു അഭ്യാസം കാണിപ്പിച്ചു. എന്താണെന്ന് എനിക്കു തന്നെ അറിയില്ല ; രണ്ട് മിനിട്ട് കൊണ്ട് എല്ലാം സമാപിച്ചു. തൃശൂർ പൂരത്തിന് വെടി കെട്ട് കുറെ നേരമെങ്കിലും ഉണ്ടാകും. ഇവിടെ അതും ഉണ്ടായില്ല .

സർ, അച്ചടിച്ചു വന്ന പ്രസംഗം ഞാൻ വായിച്ചു നോക്കി, നല്ലവണ്ണം വായിച്ചു എനിക്കു വായിക്കാൻ അറിയാം. സീതി ഹാജിക്കറിയില്ല, ഞാൻ പഠിപ്പിച്ചു തരാം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ആ പ്രസംഗത്തിനകത്ത് കർഷക തൊഴിലാളി പെൻഷൻ പരിശോധിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ആര്യാടൻ അങ്ങയുടെ കൈ കൊണ്ട് അനുവദിച്ചു കൊടുത്ത കർഷക തൊഴിലാളി പെൻഷൻ പല അമ്മമാരും 95-ഉം, 100-ഉം വയസായ ആളുകൾ ആ തള്ളമാർ ആ കടലാസും വച്ചുകൊണ്ടു ഇരിക്കുകയാണ്. പെൻഷൻ ഇപ്പോൾ വരും വരും എന്നു പറഞ്ഞ് അവരെയൊക്കെ നിങ്ങൾ സ്ക്രൂട്ടിനൈസു ചെയ്തു തുലച്ചിട്ടിരിക്കുന്നു. ആ അമ്മമാരെല്ലാം കൂടി ശപിച്ചാൽ കരുണാകരാ ഗുരുവായൂരപ്പനുപോലും നിങ്ങളെ സഹായിക്കാൻ ഒക്കുകയില്ല. കർഷകത്തൊഴിലാളി പെൻഷൻ അവർക്ക് കൊടുക്കണം സർ.

ഉമ്മൻ ചാണ്ടി നിങ്ങളെ മന്ത്രിയാക്കുന്നതിന് തൊണ്ടപൊട്ടുമാറ് മുദ്രാവാക്യം വിളിച്ച അനേകായിരം ചെറുപ്പക്കാരെ നിങ്ങൾക്ക് ഓർമ്മയുണ്ടോ ? നിങ്ങൾ എഴുതി കൊടുത്തു വായിച്ച ആ പ്രസംഗം ഉണ്ടല്ലോ , വായിക്കാത്ത ആ പ്രസംഗത്തിൽ ഗവർണ്ണർ തൊഴിലില്ലായ്മ വേതനത്തെക്കുറിച്ച് ഒരക്ഷരം പോലും പറഞ്ഞില്ല. സർ, ഒളിവർ ട്വിസ്റ്റിനെക്കുറിച്ച് കേട്ടിട്ടില്ലേ ? ഒളിവർ ട്വിസ്റ്റ് അനാഥാലയത്തിൽ താമസിക്കുകയായിരുന്നു. വിശന്നു പൊരിഞ്ഞപ്പോൾ അവിടത്തെ പാചകക്കാരൻ Bumble the Beedele ന്റെ മുമ്പിൽ ചെന്ന് ഒരു കുമ്പിൾ കഞ്ഞി തരൂ എന്നു പറഞ്ഞു. ആ മഹാപാപി കഞ്ഞി വിളമ്പുന്ന കയിലുകൊണ്ട് കരുണാകരന്റെ മനസുപോലെ തന്നെ ആ ഒളിവർ ട്വിസ്റ്റിന്റെ തലയ്ക്കടിച്ചു. ചോരയും കഞ്ഞിവെള്ളവും കൂടി ഒഴുകി സർ, ആ അവസ്ഥയിലാണ് നിങ്ങൾ ഈ സംസ്ഥാനത്തെ ചെറുപ്പക്കാരെ കൊണ്ടെത്തിച്ചിരിക്കുന്നത്. ഉമ്മൻ ചാണ്ടി, നിങ്ങൾ ഓർമ്മിക്കണം.

സാർ, ഹസ്സൻ മുണ്ടഴിക്കാൻ വിദഗ്ദ്ധനാണെന്ന് ഞാൻ ഇവിടെ വച്ച് ഇപ്പോഴാണ് അറിഞ്ഞത്. ഞങ്ങളുടെ മനസിൽ അനാവശ്യമായി മുണ്ടഴിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നതുപോലും "ഹറാം", ആണ്. ആ ഹറാമായ കാര്യം അതിന് ഒരു കാര്യമുണ്ട്. ഹസൻ ചെറുപ്പമാണ്. ഇവിടെ നിന്നും തുണിയില്ലാതെ പോയി. ഇപ്പോൾ മുണ്ട് മുറിച്ചിട്ടു ഒരു ഭാഗത്തു കിടക്കുന്നുണ്ട്. പൂർണ്ണമായ കാര്യങ്ങളിലേയ്ക്കു കടക്കുന്നതിനു മുമ്പു എല്ലാം തീരുമാനിക്കണം. അല്ലെങ്കിൽ നിങ്ങൾ തിരുവനന്തപുരം പട്ടണത്തിൽ കൂടെ സ്ട്രീക്കിംഗ് നടത്തേണ്ടിവരും. ഓർമ്മിക്കുന്നത് നല്ലതാണ്.

(ബഹളം)

സർ, ഇവിടെ മിസ്റ്റർ നൂറുദ്ദീൻ കരിക്കട്ടയുടെ കാര്യം പറഞ്ഞു. പുക്കും ചുണ്ണാമ്പും തിരിച്ചറിഞ്ഞു കൂടാത്തവർക്ക് കാര്യം അറിയാമോ? സർ, കരിക്കട്ടയാണെങ്കിൽ തീയിൽ വച്ചു ഊതിയാൽ അത് ജ്വാലാമുഖിയാകും. മണ്ണാങ്കട്ടയാണെങ്കിലോ ? ഇന്ദിരാഗാന്ധിയും കരുണാകരനും അപ്പുറവും ഇപ്പുറവും ഇരുന്ന് തട്ടാനെപ്പോലേ ഊതുകയാണ്. ഊതി ഊതി അത് കാററിൽ പറന്നുപോകും നൂറുദ്ദീൻ സാഹിബേ യാതൊരു രക്ഷയുമില്ല. ആന്റണിയെ ആദർശത്തിന്റെ മുഖം മൂടിയണിയിച്ച് ഒരു കാലത്തു കൊണ്ടു നടന്നിരുന്നു. ആന്റണി ഒരു കാലത്ത് സിംഹമായിരുന്നു സർ. കരുണാകരന്റെ അനാചാരങ്ങൾക്കും ഇന്ദിരാഗാന്ധിയുടെ കുടുംബ വാഴ്ചയ്ക്കും എതിരെ അലറിയിരുന്ന സിംഹമായിരുന്നു. ആ സിംഹത്തെ റേളിയിൽ വച്ച് 10 ചില്ല് കാശിന് അടിച്ചുകൊന്നു സർ, എന്നിട്ട് ഇവിടെ വന്ന് പ്രസംഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കോടതി ഇല്ലേ? കോടതികാര്യങ്ങൾ നോക്കുന്ന മന്ത്രിയാരാ ? ഞാൻ ഒററപ്പാലത്തു നിന്നുമാണ് വരുന്നത്, അവിടെ ഒരു കോടതിയുണ്ട്. മുനിസിഫ് കോടതി. അവിടെ കോടതി നടക്കാറില്ല മിസ്ററർ ഉമ്മൻ ചാണ്ടി. അവിടത്തെ ചെറുപ്പക്കാരിയായ ആ മജിസ്ട്രേട്ടോ മുൻസിഫോ, ആ സാധനം ചെറുപ്പക്കാരി ആ വക്കീലൻമാരോടു ചേർന്നു വേണ്ടാത്ത കാര്യങ്ങളൊക്കെ പറയുന്നു. അതു കാരണം രണ്ടു മാസമായി കോടതി കൂടുന്നില്ല.

സർ ഇവിടെ ട്രാൻസ്പോർട്ടു മന്ത്രിയില്ലേ? അവരുടെ ചാക്കിടൽ പരിപാടിയൊക്കെ അവസാനിച്ചില്ലേ ? ഇനിയെങ്കിലും രാജ്യകാര്യങ്ങൾ ഒന്നു നോക്കണം. ആരാണ് ട്രാൻസ്പോർട്ടു മന്ത്രി ഇവിടെ? എല്ലാവരുടെയും തലയ്ക്കു വലിയ കെട്ടായതുകൊണ്ട് എനിക്കറിയില്ല. സർ, അവിടെ ഒററപ്പാലം പാലക്കാട് ഭാഗത്ത് ബസ് ഓടുന്നില്ല. അവിടെ ഒരു കുത്തക കമ്പനി— മിസ്ററർ ഗംഗാധരന് അറിയാം—കുത്തക മുതലാളിമാർ, 39 ബസ്സുള്ള മുതലാളിമാർ ബസ് മുടക്കിയിരിക്കുന്നു. അതിന്റെ മെറിററിലേയ്ക്കു ഞാൻ കടക്കുന്നില്ല. അവിടത്തെ ആളുകൾക്ക് യാത്രചെയ്യാൻ സൗകര്യമില്ല. ഈ ചാക്കു കച്ചവടം ഒന്നു അവസാനിപ്പിച്ച് ഈ രണ്ടു കാര്യങ്ങളും ഒന്ന് അന്വേഷിക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്.

സർ, ഇവിടത്തെ നിയമ സമാധാനത്തെക്കുറിച്ച് വളരെ കൂടുതൽ പറയാനുണ്ട്. ഉമ്മൻചാണ്ടിയ്ക്ക് ഒരു സോഫ്ററു കോർണർ ഒന്നും ഞാൻ വയ്ക്കുന്നില്ല. നിങ്ങൾ ചെറുപ്പക്കാരെ ആവശ്യമില്ലാതെ തുണിപൊക്കി അടിക്കരുത്. ഇതൊക്കെ മഹാപാപമാണ്. കന്യാമറിയംപോലും നിങ്ങളുടെ പുണ്യക്ഷേത്രസ്യ പോലും മാപ്പു തരുകയില്ല. പെൺകുട്ടികളുടെ ശാപം അത്രയേറെ നിങ്ങളുടെ തലയ്ക്കു വന്ന് അടിക്കുന്നുണ്ട്.

ഇവിടെ ഞാൻ ഒരു കഥ പറയാം സർ. പണ്ട് രാമായണം കഥ പറയുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. രാമായണം കഥ. മൊയ്തീൻ സാഹിബിന് രാമായണം കഥ പറഞ്ഞാൽ ഇഷ്ടപ്പെടുകയില്ല. ഈ രാമായണം കഥ കേൾക്കാൻ, രാമായണ പാരായണം കേൾക്കാൻ, സ്ഥിരമായി പോയ ഒരാൾ ഉണ്ടായിരുന്നു. അങ്ങേർക്ക് ഹനുമാനെ കാണണമെന്നായിരുന്നു ആശ. 10—90 ദിവസം കഥ കേൾക്കാൻ പോയി. പക്ഷെ കഷ്ടകാലത്തിന് ഹനുമാന്റെ കാര്യം പറയുമ്പോൾ ഇയാൾ ഉറങ്ങിപോകും. 101-ാം ദിവസമായി ഹനുമാനെ കണ്ടില്ല. അയാൾ കണ്ണൊക്കെ തിരുമ്മി, പച്ചവെള്ളം കൊണ്ട് മുഖം തടവി ഹനുമാനെ കണ്ടിട്ടേ അടങ്ങൂ എന്നു തീരുമാനിച്ചു അവിടെ ഇരിപ്പായി. കുറെ കഴിഞ്ഞപ്പോൾ വീണ്ടും ഉറങ്ങി. ഉറങ്ങി എഴുന്നേററപ്പോൾ കഥപറയുന്ന ആളും കഥകേട്ടു കൊണ്ടിരുന്നവരും പോയി, അദ്ദേഹം തിരിഞ്ഞു നോക്കിയപ്പോൾ അദ്ദേഹത്തിന്റെ പിന്നിൽ വാൽ. ശ്രീ. ഉമ്മൻചാണ്ടിഒരു കാലത്ത് ഇന്ദിരാ കോൺഗ്രസ്സിൽപോയ ബാലകൃഷ്ണന്റെയും പി. ബാലന്റെയും, ശങ്കരനാരായണന്റെയും, ഒക്കെ പേരുകൾ ചുവരിൽ എഴുതിവയ്ക്കുകയായിരുന്നു. ഇന്ദിരാ കോൺഗ്രസ്സിൽ പോകുന്ന ആളുകളെ അന്വേഷിച്ച് അദ്ദേഹം ഉറക്കമൊഴിച്ചിരുന്നു. ഇപ്പോൾ ഉമ്മൻചാണ്ടിതിരിഞ്ഞുനോക്കിയപ്പോൾ സാക്ഷാൽ ഇന്ദിരാ കോൺഗ്രസ്സിന്റെ വാൽ സാക്ഷാൽ ഉമ്മൻചാണ്ടിയുടെ പിന്നിൽ അല്ലേ സർ, ഇത് എന്ത് അവസ്ഥയാണ് സർ,ദുരവസ്ഥയല്ലേ ?

ഈ എട്ടുകാലി മന്ത്രിസഭ കേരളാംബികയെ അനാവശ്യമായി വിഷമിപ്പിക്കാൻ വേണ്ടി ഉണ്ടാക്കിയ മന്ത്രിസഭയാണ്. കേരളാംബേ, നിന്റെ ദുർവിധിയോർത്ത് ഞാൻ തലതല്ലിക്കരയട്ടെ എന്നല്ലാതെന്തു പറയാൻ ! മിനിഞ്ഞാന്ന് രാജകുമാരൻ വന്നപ്പോൾ മി. കരുണാകരൻ കാണാൻ പോയിരുന്നല്ലൊ. കരുണാകരന്റെ ജൂബയുടെ തുമ്പിൽ പിടിച്ചുകൊണ്ട് എന്നെയും കൂടി പൂരം കാണിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകണമേ എന്നു യാചിക്കാമായിരുന്നില്ലേ ഉമ്മൻചാണ്ടിക്ക്? ഗുണ്ടു ഭരിക്കുന്ന കർണ്ണാടകത്തിൽ കോൺഗ്രസ്സ്ഫാസിസിനകത്ത് കൊലപാതകത്തിന്റെ കളിയാണ്. അവിടേക്കാണ് എന്റെ പ്രിയപ്പെട്ട ഇറച്ചിക്കോഴികളെ നിങ്ങളും കടന്നുപോയിട്ടുള്ളത്. വക്കം, ആര്യാടൻ, വിശ്വനാഥൻ എന്റെ പ്രിയപ്പെട്ട കരളിന്റെ കരളായിരുന്ന ജോസ് താന്നിക്കലേ ഇന്ദിരാഗാന്ധി വരുമ്പോൾ വിരുന്നൊരുക്കാൻ വേണ്ടി തീററതന്നുനിറുത്തിയിരിക്കുന്ന ഒന്നാം തരം ഇറച്ചിക്കോഴികളാണ് നിങ്ങൾ. മുഹമ്മദാലി ചെറിയ കോഴിയാണ്. നിങ്ങളുടെ കഷ്ടം ഓർക്കുമ്പോൾ എന്റെ വേലായുധാ എനിക്ക് സങ്കടം തോന്നുന്നു. ഇന്നലെയോളമെന്തെന്നറിഞ്ഞീല, ഇനി നാളെയുമെന്തെന്നറിവീല എന്നു പറഞ്ഞതുപോലെയാണ് നിങ്ങൾ കരുണാകരനുവേണ്ടി കൊക്കൊക്കോ കൂവുന്നത്. ഈ ഗവൺമെന്റിനു നാണവും മര്യാദയുമുണ്ടോ? ഈ മന്ത്രിമാർക്കുണ്ടോ? നിങ്ങൾ ആരുടെ പൊയ്ക്കാലുവച്ചിട്ടാണ് അധികാരത്തിലിരിക്കുന്നത്? നിങ്ങൾക്ക് ജനങ്ങൾ വോട്ടുതന്നോ? നിങ്ങൾ വോട്ടുചോദിച്ചോ? പണ്ടാരാണ്ടു പറഞ്ഞതുപോലെ സംബന്ധം ഒഴിഞ്ഞുപോകുമ്പോൾ പടി അടയ്ക്കാൻ പറയുന്നതുപോലെയാണ് നിങ്ങൾ ഞങ്ങളോട് പറഞ്ഞത്. സംബന്ധം ഒഴിഞ്ഞുപോകുമ്പോൾ ആ സ്ത്രീയുടെ ഇഷ്ടം പോലെ ചെയ്തുകൊള്ളട്ടെ. അല്ലാതെ ഈ പറയുന്നവർക്കെന്തു കാര്യം? ഞങ്ങളെ നോക്കി ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുന്നതെന്തിനാണ്? ബഹുമാനപ്പെട്ട കൊരമ്പയിൽ അഹമ്മദ്ഹാജിക്ക് ഞങ്ങളെക്കുറിച്ച് വലിയ വേവലാതിയാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും (എസ്) ഇവിടത്തെ ഇടതുപക്ഷകക്ഷികളും ചേർന്ന് ഇവിടെ വലിയൊരു ബഹുജനസഖ്യം ഉണ്ടാക്കും. 1985-ൽ അമ്മയും മകനും ഉമ്മൻചാണ്ടിയും കരുണാകരനും കൂടി ഇൻഡ്യാരാജ്യത്ത് തിരഞ്ഞെടുപ്പു നടത്തിയാൽ പണ്ട് മണ്ണാങ്കട്ടയും കരിയിലയും കൂടി കാശിക്കു പോയപോലെയാകും. പണ്ട് മണ്ണാങ്കട്ടയും കരിയിലയും കൂടി കാശിക്ക് പോയി. ഗുരുവായൂരും കുറവിലങ്ങാട്ടുമൊക്കെ കടന്നുപോയല്ലോ. കുറേ ദൂരം പോയപ്പോൾ ഒരു കാററുവന്നു. ഉടനെ കരിയിലയുടെ മീതെ മണ്ണാങ്കട്ട കേറി നിന്നു. അങ്ങനെ രക്ഷപ്പെട്ടു. അന്ന് വിമാനവും സൂപ്പർസോണിക്കുമൊന്നുമില്ലല്ലോ. നടന്നാണ് പോയത്. കുറേദൂരം കൂടി പോയപ്പോൾ മഴ വന്നു. ഉടൻ തന്നെ കരിയില മണ്ണാങ്കട്ടയുടെ മീതെ കേറി കിടന്നു. അങ്ങനെ അവരെയും രക്ഷപെട്ടു. വീണ്ടും കുറേ ദൂരം കൂടി പോയി. വാരാണസി അടുക്കുന്നതിന് മുൻപ് തന്നെ ഒരുകാററും മഴയും കൂടിവന്നു. അപ്പോൾ കരിയില ആദ്യം പറന്നു പോയി ഉമ്മൻചാണ്ടി. അതിനുശേഷം മണ്ണാങ്കട്ട അലിഞ്ഞുപോയി കരുണാകരൻ. നിങ്ങൾ തിരഞ്ഞെടുപ്പു നടത്തിയാൽ അതേ സ്ഥിതിയാണുണ്ടാകുക. ഇവിടെ ഇടതുപക്ഷകക്ഷികൾ ചേർന്ന് വലിയൊരു ശക്തിയുണ്ടാകും. പാലക്കാട്ടെ കാര്യം ഉമ്മൻചാണ്ടിക്ക് അറിയാമല്ലോ. എന്തെന്നാൽ അദ്ദേഹം അവിടത്തെ തൊഴിലാളിയൂണിയന്റെ നേതാവാണ്, ഐ. എൻ. ടി. യു. സി. യുടെ പ്രമുഖനായ വക്താവാണ്. അവിടത്തെ തുണിമില്ലുകൾ പൂട്ടിയിട്ട് എത്ര മാസമായി? കെട്ടുതാലി വരെ പണയം വച്ചാണ് സർ, അവിടത്തെ മൂവായിരത്തോളം തൊഴിലാളികുടുംബങ്ങൾ ഇന്ന് ജീവിക്കുന്നത്. നിങ്ങൾക്കെന്താ തുണിമിൽ മുതലാളിമാരെ പേടി? കോയമ്പത്തൂരിൽ പോകാൻ പേടിയുണ്ടോ? അവരെ സമൻസയച്ച് സെക്രട്ടറിയററിൽ വരുത്താൻ നിയമമില്ലേ? അധികാരമില്ലേ? ഒന്നുമില്ലെങ്കിൽ പോലീസില്ലേ? വിഷം കുടിച്ചാത്മഹത്യചെയ്യാൻ പോലും ചില്ലിക്കാശില്ലാതിരിക്കുന്ന ആ തൊഴിലാളി കുടുംബങ്ങളിലെ കുഞ്ഞുമക്കളെ ഓർത്തെങ്കിലും വിദ്യാർത്ഥികളായ മക്കളെ ഓർത്തെങ്കിലും ഉമ്മൻചാണ്ടീ, കരുണാകരാ ആ തുണിമില്ലുകൾ തുറക്കുന്നതിനും അവരെ പട്ടിണിയിൽ നിന്നു രക്ഷിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ഇല്ലെങ്കിൽ പാലക്കാട്ടു വന്നാൽ സുന്ദരംസ്വാമി ഉങ്കളുക്കും

LIBRARY ARCHIVES Kerala Legislative Assembly

അപായം. തച്ചടി പ്രഭാകരനാണെങ്കിൽ തച്ചുകൊല്ലാൻ വിദഗ്ദ്ധനാണ് ആൻറണിയാകുന്ന ആദർശ സിംഹത്തെ തച്ചുകൊന്നതിൻെറ ചോരയുമായ് രവിമാർ പലയിടത്തും പുഞ്ചിരിക്കുന്നു. ആ കൊലയുടെ കഥയിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പാവപ്പെട്ട ഗവർണ്ണറമ്മ ബുദ്ധിമുട്ടി ഇവിടെ വന്ന് വായിക്കാതെപോയ പ്രസംഗത്തിന് ഞാൻ നന്ദി പറയുന്നില്ല സർ.

ശ്രീ. കെ. പി. രാമൻ : സർ, അമിതാധികാരത്തിൻെറ വയ്ക്കോൽത്തുറുമ്പിൽ പിടിച്ചുതൂങ്ങിനിൽക്കുന്ന ഒരു മന്ത്രിസഭയ്ക്കുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ വായിച്ചു എന്ന് പറയപ്പെടുന്ന പ്രസംഗത്തിന് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. സവർണ്ണ മേധാവിത്വത്തോടുകൂടി ഇവിടെ ഭരിക്കുന്ന ഈ ഗവൺമെൻറിൽ നിന്നു ഇവിടത്തെ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും രക്ഷകിട്ടുകയില്ല. കുത്തക മുതലാളിമാർക്കും കായൽരാജാക്കൻമാർക്കും വേണ്ടിയുള്ള ഗവൺമെൻറാണിവിടെ ഭരിക്കുന്നത്. ശ്രീ. മൊയ്തീൻ പറഞ്ഞതുപോലെ ആരുഭരിച്ചാലും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളത് ഏതൊരു ഗവൺമെൻറിൻെറയും ചുമതലയാണ്. ആ ചുമതല നിറവേററാൻ സാധിക്കാത്ത ഒരു ഗവൺമെൻറിന് ഒരു നിമിഷം പോലും ഭരണത്തിൽ നിൽക്കാൻ അവകാശമില്ല. നമ്മുടെ സംസ്ഥാനത്തെ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും മററു സമുദായങ്ങൾക്കും ഒന്നിനും രക്ഷയില്ലെന്നു തെളിഞ്ഞിരിക്കുകയാണ്. ഈയിടെ നടന്ന സംഭവങ്ങളിൽ നിന്നുമാണ് ഇതു മനസ്സിലാക്കാൻ സാധിക്കുന്നത്. സർ, ഈ ഗവൺമെൻറ് രാജിവച്ചു പോകണമെന്ന് ഞാൻ പറയുന്നില്ല എന്തെന്നാൽ ഉത്തർപ്രദേശിലെ സ്ഥിതി നമുക്കൊക്കെ അറിയാം. അവിടെ ഈ നരനായാട്ടുകളൊക്കെ ഉണ്ടായിട്ടും ഗഡ്വാളിലെ തിരഞ്ഞെടുപ്പു നടത്താൻ പററാതെ വന്നിട്ടും ക്രമവും സമാധാനവും നഷ്ടപ്പെട്ടിട്ടും അവിടത്തെ 12 ജില്ലകൾ കൊള്ളബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച് കൊണ്ടുള്ള നോട്ടിഫിക്കേഷൻ വന്നിട്ടും ഉത്തർപ്രദേശിലെ മുഖ്യമന്ത്രി വിശ്വനാഥ്പ്രതാപ് സിംഗിന് നമ്മുടെ ഇന്ദിരാഗാന്ധി നിയമസമാധാനനില ഭദ്രമാണെന്നുള്ള ഒരു യോഗ്യതാപത്രം നൽകുകയാണുണ്ടായത്. മാത്രവുമല്ല അദ്ദേഹം രാജിവച്ച് പോകേണ്ടതില്ലെന്നുപദേശിക്കുകയും ചെയ്തു. അതുകൊണ്ട് ഈ ഗവൺമെൻറ് രാജിവച്ചുപോകണമെന്നു പറയാൻ ഞാനുദ്ദേശിക്കുന്നില്ല. 1982 ജനുവരി 7 കേരള ജനാധിപത്യ മന:സാക്ഷിയെ ഞെട്ടിപ്പിച്ച ഒരു ദിനമായിരുന്നു ആ വ്യാഴാഴ്ച അന്തിമയങ്ങിയപ്പോഴാണ് ബത്തേരിയിലെ ആദിവാസികളെ കൂട്ടക്കൊല ചെയ്തത്. സുൽത്താൻബത്തേരിയിലെ വെള്ളിമാട് കുന്നുഗ്രാമത്തിൽ നിന്നും കരിഞ്ഞ മാംസത്തിൻെറയും കരിമരുന്നിൻെറയും മണം വിട്ടുമാറിയിട്ടില്ല. പകലന്തിയോളം കഠിനാദ്ധ്വാനം ചെയ്ത് കൂലിയാവശ്യപ്പെട്ടപ്പോൾ ആ പ്രദേശത്തെ പണക്കാരനും നിരവധിഏക്കർ ഭൂമിയുടെ ഉടമയുമായ അഹമ്മദു കുട്ടിഹാജിയുടെ മകൻ കുണ്ടോട്ടൽ അബൂബക്കർ പണിയകുടുംബത്തിൽപ്പെട്ട അറുപതുവയസ്സായ വെള്ളച്ചിയെയും അവരുടെ മകൻ മുപ്പതുവയസ്സായ കുറുമ്പനെയും വെള്ളച്ചിയുടെ മകൾ ഇരുപത്തഞ്ചുവയസ്സായ വെളുമ്പിയെയും അവരുടെ ആറുവയസ്സായ കുട്ടിയേയും ആറുമാസം പ്രായമായ കുഞ്ഞിനെയും വെടിവച്ചും കത്തികൊണ്ട് നുറുക്കിയും കൊലപ്പെടുത്തുകയാണുണ്ടായത്. സർ, ഈ കൊലയ്ക്കുപിന്നിൽ വേറെ ചില ഉദ്ദേശങ്ങൾ കൂടിയുണ്ടായിരുന്നു. ഭൂമി തട്ടിയെടുക്കുകയെന്നുള്ള ഉദ്ദേശം കൂടിയുണ്ടായിരുന്നു. നക്കാപിച്ചയും ചാരായവും പുകയിലയുമെല്ലാം കൊടുത്ത് വയനാട്ടിലെ ആദിവാസികളിൽ നിന്നും ഭൂമി തട്ടിയെടുക്കുന്ന ഒരു സമ്പ്രദായമുണ്ട്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള നിയമം നടപ്പാക്കിയില്ലെന്നു പറഞ്ഞ് ശ്രീ. പി. കെ. വേലായുധൻ കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രിയെ ആക്ഷേപിക്കുന്നത് കേട്ടു. അടിയന്തിരാവസ്ഥയിലെ

LIBRARY ARCHIVES Kerala Legislative Assembly

ഇരുപതിനപരിപാടിയിൽ ഒന്നായിരുന്നില്ലേ ഈ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ? എന്നിട്ട് വേലായുധൻെറ പാർട്ടിക്കാരോ ഇന്ദിരാഗാന്ധിയോ എന്തുകൊണ്ട് അതു നടപ്പാക്കാൻ നിർബന്ധിച്ചില്ല? ദിയോളിയെയും ചെയിൻ പൂരിനേയും മററും അനുസ്മരിപ്പിക്കുമാറ് സുൽത്താൻ ബത്തേരിയിൽ നടന്ന ആദിവാസികളുടെ ഈ കൂട്ടക്കൊല കരുണാകരൻെറ വാഴ്ചക്കാലത്ത് നടക്കാനിരിക്കുന്ന ചില സംഭവങ്ങളുടെ സൂചന മാത്രമാണെന്നാണെനിക്ക് തോന്നുന്നത്.

സർ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 35 വർഷങ്ങളായി. സർക്കാർ ഈ ഗിരിജനങ്ങളേയും ഹരിജനങ്ങളേയും ആദിവാസികളേയും സംബന്ധിച്ച് കേഴുന്നു. പണിയെടുത്താൽ കൂലി ചോദിക്കുന്നതിനു ഇന്നു അവകാശമില്ല. ഒരിഞ്ചു ഭൂമിക്കുവേണ്ടി ആവശ്യപ്പെടാൻ ഇന്ന് അവകാശമില്ല. ഒരു തുള്ളി വെള്ളത്തിനുവേണ്ടി ആവശ്യപ്പെടാൻ ഇന്ന് അവകാശമില്ല. ഇത് ആവശ്യപ്പെട്ടാൽ ഈ മണ്ണിൽ ഇന്ന് അരിഞ്ഞുവീഴ്ത്തുന്ന സാഹചര്യമാണുള്ളത്. നമ്മുടെ കേരള മണ്ണിലും ഇതെല്ലാം സംഭവിച്ചു. ഈ ഹരിജനങ്ങളുടെ വകുപ്പു കരുണാകരൻ കൈകാര്യം ചെയ്യുന്നതും അതു മററാർക്കും വിട്ടുകൊടുക്കാതെ ഇരിക്കുന്നതിൽ നിന്നും നമുക്കു മനസ്സിലാക്കേണ്ടത് ഈ വയനാടുനടന്നതു പോലെയുള്ള കൂട്ടക്കൊലകളെ സംബന്ധിച്ച് ഓർക്കുമ്പോൾ അദ്ദേഹത്തിന് ചിലതെല്ലാം ചെയ്യാൻവേണ്ടി മാത്രമാണ് ഈ ഹരിജന ഗിരിജനക്ഷേമ വകുപ്പു വച്ചുകൊണ്ട് മുന്നോട്ടു പോകുന്നത് എന്നു പറയാനാഗ്രഹിക്കുകയാണ്. ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും നാഥൻ എന്നു ഇപ്പോൾ അവകാശപ്പെടുന്ന കരുണാകരൻ, വയനാട്ടിൽ ഈ സംഭവങ്ങളെല്ലാം ഉണ്ടായപ്പോൾ, ആ കൂട്ടക്കൊല നടന്ന സ്ഥലത്ത് ഒന്നു പോയിനോക്കാനുള്ള സൻമനസുപോലും കാണിച്ചില്ല. അമ്മയുടെ മകൻ എറണാകുളത്തു വന്നപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ പോകുകയുണ്ടായി. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രി ഉമ്മൻചാണ്ടി ചില വാഗ്ദാനങ്ങളെല്ലാം അവർക്കു കൊടുക്കുകയുണ്ടായി. ചിലർക്കെങ്കിലും ജോലി നൽകാമെന്നും വീടുവച്ചുകൊടുക്കാമെന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തോടു എനിക്കു പറയുവാനുള്ളത്, അതെല്ലാം നല്ല കാര്യങ്ങളാണ്, പക്ഷേ ആ ഭാഗത്തുള്ള ആദിവാസികൾ ഭയവിഹ്വലരായിട്ടാണ് അവിടെ കഴിഞ്ഞുകൂടുന്നത്. പണിയവിഭാഗത്തെക്കുറിച്ച് പറയുമ്പോൾ അവർ അന്ധവിശ്വാസം വച്ചുപുലർത്തുന്നവരാണ്. അവരെ ഭീഷണിപ്പെടുത്തിക്കൊണ്ട് ഇനിയും അവരുടെ കൈവശമുള്ള ഭൂമി അന്യാധീനപ്പെടുത്താൻ യാതൊരു പ്രയാസവുമില്ല. അതുകൊണ്ട് ജീവനും സ്വത്തിനും രക്ഷ നൽകുന്നതിനും അതോടൊപ്പം ഭയമില്ലാതെ ജീവിക്കുന്നതിനും ഉള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് വേണ്ടത്. അതെല്ലാം പറയുമ്പോൾ ശ്രീ. കരുണാകരൻെറ കീഴിലുള്ള മന്ത്രിമാർക്ക് സംസ്ഥാനത്ത് അങ്ങോളമിങ്ങോളം നടക്കുന്നതിന് ഭയമുണ്ട്. റാണി ഈച്ചയെ മററു തേനീച്ചകൾ പൊതിഞ്ഞുകൊണ്ടു നടക്കുന്നതു പോലെയാണ് നമ്മുടെ മന്ത്രിമാരെ പോലീസുകാർ പൊതിഞ്ഞുകൊണ്ടു നടക്കുന്നത്. കഴിഞ്ഞ ശനിയാഴ്ച ഉമ്മൻചാണ്ടി കോഴിക്കോട്ടു വന്നിറങ്ങിയപ്പോൾ ഞാനും ഉണ്ടായിരുന്നു അവിടെ. പോലീസ് പരേഡ് നടക്കുകയാണ് ആ സ്ഥലത്ത് എന്നാണ് അപ്പോൾ തോന്നിയത്. ഉമ്മൻചാണ്ടി വരുന്നു, അദ്ദേഹത്തെ കൊണ്ടുപോകുന്നതിന് കോഴിക്കോടു ജില്ലയിലുള്ള പോലീസുകാർ എല്ലാവരും സന്നിഹിതരായിരുന്നു. നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത്, ഒരു റിപ്പോർട്ട് ഈയിടെ പത്രത്തിൽ വായിക്കുകയുണ്ടായി. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട മടവൂർ ഗ്വാളിയർ റയോൺസും അതിൻെറ പരിസരപ്രദേശങ്ങളും അദ്ദേഹം സന്ദർശിക്കുകയും അതിൻെറ സ്റേററുമെൻറ് ഇറക്കുകയും ഉണ്ടായി. അദ്ദേഹം ആളുകളെ ഭയന്നുകൊണ്ടു പറഞ്ഞതാണെന്നാണ് മനസ്സിലാക്കു

2/2078/B.

LIBRARY ARCHIVES Kerala Legislative Assembly

ന്നത്, അദ്ദേഹം പറഞ്ഞു, 1974-ൽ ഉണ്ടായ തൃശ്ശൂർ രാമനിലയം കരാർ നടപ്പിലാക്കുമെന്ന്. പണ്ടും ഇതുപോലെതന്നെ മന്ത്രിമാരെല്ലാം ആ ഫാക്ടറിക്കകത്തു പോകുകയും നാട്ടുകാരെ പേടിപ്പിച്ചുകൊണ്ട് മുന്തിയ ന്യായങ്ങളെല്ലാം പറയുകയും ഉണ്ടായിട്ടുണ്ട്, പിന്നീട് അവരെ കാണാത്ത അനുഭവമാണ് ആ പ്രദേശത്തെ നാട്ടുകാർക്കും സ്ഥലം എം. എൽ. എ. മാർക്കും ഉണ്ടായിട്ടുള്ളത്. അങ്ങനെയുള്ള നിലപാടാണോ സുന്ദരേശൻ നായരും സ്വീകരിച്ചിട്ടുള്ളത് എന്നു മനസ്സിലാകുന്നില്ല. അദ്ദേഹത്തോട് എനിക്കു വാസ്തവത്തിൽ പറയാനുള്ളത് ആ പ്രദേശത്ത് ഇപ്പോൾ ഒരു യുദ്ധത്തിന്റെ പ്രതീതിയാണുള്ളത് എന്നാണ്. അവിടെ സംഘർഷാവസ്ഥ നിലനിൽക്കുന്നു. ദിവസങ്ങളായി തുടർച്ചയായി സമരങ്ങൾ നടക്കുന്നു. അവിടെ അന്തരീക്ഷം ജലമലിനീകരണത്താൽ ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് അവരുടെ ക്ഷമയററ് അമർഷം ആളിക്കത്തി കമ്പനിക്കു ചുററും തടിച്ചുകൂടിയിരിക്കുകയാണ്. ഇവരെ പിരിച്ചുവിടുന്നതിനുവേണ്ടി കമ്പനി മാനേജുമെന്റിന്റെ ഗുണ്ടകൾ അവരെ മർദ്ദിക്കുകയും മററു പല പരാക്രമങ്ങളും ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. അനധികൃതകുഴലുകൾ വഴി ഇന്ന് ആ വിഷജലം പുറത്തേയ്ക്ക് ഒഴുക്കിക്കൊണ്ടിരിക്കുന്നതിനാൽ ജലജന്തുക്കൾ ചത്തുപോകുക മാത്രമല്ല, ആ പരിസരത്തുകൂടി സഞ്ചരിക്കുന്ന ജനങ്ങൾ ബോധംകെട്ടു വീഴുകയുമാണ്. മാത്രമല്ല, ആ പരിസരത്തുള്ള വിദ്യാലയങ്ങളിൽപ്പോലും കുട്ടികൾക്കു പഠിക്കാൻ സാധിക്കുന്നില്ല. അങ്ങനെയുള്ള ദുസ്സഹമായ അന്തരീക്ഷമാണുള്ളത്. ഇതുപോലെ പല പ്രാവശ്യം നിയമസഭയിൽ ഈ പ്രശ്നത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ളതാണ്. അതുകൊണ്ട് എന്തു ചെയ്യണമെന്നു ഞാൻ പറയുന്നില്ല.

ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ഈ ഭാഗത്ത് വിമതൻമാരുടെ കേന്ദ്രമാണ് എന്നു. ആൾ ഇൻഡ്യ മുസ്ലീം ലീഗിനെ സംബന്ധിച്ച് പറയുമ്പോൾ ഞങ്ങൾ 12 എം. എൽ. എ. മാരാണുള്ളത്. ആ 12 പേരിൽ ഏഴുപേർ ഒരു ഭാഗത്തേയ്ക്ക് മാറിയിരുന്നാൽ എങ്ങനെ വിമതൻമാരാകും. അതുപോലെതന്നെ കോൺഗ്രസ് എസ്സിനെ സംബന്ധിച്ചായാലും ജനതാപാർട്ടിയെ സംബന്ധിച്ചായാലും അവരെല്ലാം ദേശീയ നയത്തിൽ ഉറച്ചുനിൽക്കുന്ന പാർട്ടികൾ തന്നെയാണ്. അതുകൊണ്ട് അവർ എങ്ങനെ വിമതൻമാരാകും എന്നു ചോദിക്കുകയാണ്.

അപ്പുറത്തു നിന്നു ഒരു മെമ്പർ കർഷകത്തൊഴിലാളി പെൻഷനെ സംബന്ധിച്ച് ഗവർണ്ണറുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട് എന്നു പറയുകയുണ്ടായി. സർ, മലപ്പുറം ജില്ലയിൽ ആ സംസാരിച്ച മെമ്പറുടെ പാർട്ടിയിൽ നിന്നുതന്നെ വാങ്ങിയപെൻഷൻ തിരിച്ചുകൊടുക്കേണ്ട സാഹചര്യം ഉണ്ടാകുമെന്നു പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഒന്നുകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. ജോസഫ് : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്നതിന് മി. തച്ചടി പ്രഭാകരൻ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ സർവ്വാത്മനാ അനുകൂലിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുമ്പോൾ രാഷ്ട്രീയത്തിന്റെ അതിപ്രസരത്തെക്കാൾ ക്രിയാത്മകമായി പ്രസംഗത്തിലേക്ക് കടക്കാൻ ആഗ്രഹിക്കുകയാണ്. "എല്ലാ സാമൂഹ്യവിരുദ്ധ ശക്തികളെയും രാഷ്ട്രീയ വിധേയത്വം കണക്കിലെടുക്കാതെ ദൃഢമായി അമർച്ച ചെയ്യുന്നതിനും ക്രമസമാധാനം പാലിക്കുന്നതിനും എന്റെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്" എന്നു പറഞ്ഞിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ പ്രധാനപ്പെട്ട ഭാഗമാണെന്ന് ഈ പ്രമേയത്തെ സംബന്ധിച്ച് ഈ സഭയിൽ നടന്നിട്ടുള്ള ചർച്ചകൾ തെളിയിക്കുന്നു. ക്രമസമാധാനപാലനത്തെ സംബന്ധിച്ചാണ് ഇടതുപക്ഷ മുന്നണി ഗവൺമെൻറിനെതിരെ അന്നത്തെ പ്രതിപക്ഷം സ്വരം ഉയർത്തിക്കൊണ്ടിരുന്നത്. ഇന്നും ക്രമസമാധാനപാലനത്തെ സംബന്ധിച്ച് ഇന്നത്തെ മുന്നണി ഗവൺമെൻറിനെതിരെ ഇന്നത്തെ പ്രതിപക്ഷം സ്വരം ഉയർത്തുന്നു. ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം എന്താണെന്നു ഞാൻ ശ്രദ്ധിച്ചിരുന്നു. മുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിൻെറ കാലത്ത്, പ്രതിപക്ഷം ആരോപിച്ചിരുന്നത്, സാമൂഹ്യവിരുദ്ധരുടേയും മാർക്സിസ്ററു ഗുണ്ടകളുടേയും വിളയാട്ടംകൊണ്ട് ഈ രാജ്യത്തെ സമാധാനപ്രേമികളായ ആളുകൾ വലയുന്നുവെന്നായിരുന്നുവെങ്കിൽ ഇന്ന് പ്രതിപക്ഷം ഉന്നയിക്കുന്നത് പോലീസ് മർദ്ദനംകൊണ്ട് ജനങ്ങൾ ശ്വാസംമുട്ടിയിരിക്കുന്നുവെന്നാണ്. സർ, നമുക്കു കാണാൻ കഴിയുന്നത് എന്താണ്? ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറിൻെറ കാലത്ത് ഞാനും എൻെറ പാർട്ടിയും ക്രമസമാധാനപരിപാലനത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് പ്രതിജ്ഞാബദ്ധം ആകണമെന്നു സൂചിപ്പിച്ചിരുന്നു. അതിൻെറ വെളിച്ചത്തിൽ പത്തുപ്രമാണങ്ങൾ ഇവിടെ അവതരിപ്പിച്ചെങ്കിലും അതെല്ലാം കാററിൽ പറത്തിക്കൊണ്ടാണ് ഭരിച്ചിരുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനു ഉദാഹരണം ഞങ്ങളല്ല പറയുന്നത്. അന്നു ഭരണകക്ഷിയിലെ പ്രബലകക്ഷിയായിരുന്ന ആൻറണികോൺഗ്രസ്സിൻെറ തലസ്ഥാനനഗരിയിലുള്ള, സെക്രട്ടേറിയററിനു മുമ്പിലുള്ള ആഫീസ് തല്ലിത്തകർത്തതു സംബന്ധിച്ച് ആരോപണമുണ്ടായി. പോലീസ് സമയത്ത് വന്നില്ല എന്നു പറഞ്ഞു, നടപടി എടുത്തില്ലായെന്നു പറഞ്ഞു. രാമകൃഷ്ണൻ വേണ്ടതുപോലെ ചെയ്തു എന്നു പറഞ്ഞുവെങ്കിലും കാര്യങ്ങൾ ഇന്നും അവതാളത്തിൽ കിടക്കുന്നുവെന്നതാണ് സത്യം. അതുപോലെതന്നെ പ്രബലകക്ഷിയായിരുന്ന സി. പി. ഐ. യിലെ ശ്രീ. പി. കെ. വാസുദേവൻ നായർ എൻെറ അയൽവക്കത്തുനടന്ന സംഭവത്തെ സംബന്ധിച്ച് ഒരു വിലാപം കഴിഞ്ഞ ജൂലൈ മാസത്തിൽ ഇവിടെ നടത്തുകയുണ്ടായി. ടി. കെ. രാമകൃഷ്ണനെ നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു ഇവിടെ ഭരണകക്ഷിയിലെ ഞങ്ങൾക്കുപോലും ഗതിയില്ലാതായിരിക്കുന്നുവെന്ന്. ഈ പോലീസ് നയംകൊണ്ട് എങ്ങനെ ഈ ഗവൺമെൻറിനെ നിലനിറുത്താൻ ഒക്കുമെന്ന് അദ്ദേഹം ചോദിച്ചു. സി. പി. ഐ. പ്രവർത്തകൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന ശ്രീധരൻനായർ എന്ന ഒരു സ്നേഹിതൻ ഏതാണ്ട് 33 കുത്തുകളോടുകൂടിയാണ് മരണമടഞ്ഞത്. കുത്തിയത് മാർക്സിസ്ററുകൾ ആണെന്നും പറയപ്പെടുന്നു. പക്ഷേ ആ പ്രതികളെ അറസ്ററു ചെയ്തിട്ടില്ല. ഏതാണ്ട് ഒരാഴ്ചത്തെ ഗൂഢാലോചനയ്ക്കുശേഷം പ്രതി സ്വയം ഹാജരാകുകയാണ് ഉണ്ടായത് എന്നു പറയുമ്പോൾ ക്രമസമാധാനപാലനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഗവൺമെൻറ് കാണിച്ചിട്ടുള്ള അനവധാനത ഈ രാജ്യത്തെ ജനങ്ങളെ വിരളി പിടിപ്പിച്ചു എന്നുള്ളതിൽ സംശയമില്ല.

അതുപോലെതന്നെ സർ, ഈ സഭയിൽ മുൻമന്ത്രിയായിരുന്ന മി. ശ്രീനിവാസൻെറ അമ്മയെ പോലീസുകാർ പുലഭ്യം പറഞ്ഞു എന്നു പറയുമ്പോൾ വേദന ഉണ്ടാകുക മാത്രമല്ല ഉണ്ടായത്, ഉദ്യോഗസ്ഥൻമാരോട് ചെവിക്കുനുള്ളിക്കൊള്ളണമെന്നുവരെ പറഞ്ഞു ഭീഷണിപ്പെടുത്തുവാൻ മറന്നില്ല. ശ്രീനിവാസനു മാത്രമല്ല അമ്മ ഉള്ളത്. ഈ രാജ്യത്തെ നേതാക്കൻമാരല്ലാത്ത പാവപ്പെട്ടവർക്കും ജനാധിപത്യസ്നേഹികൾക്കും മാതാക്കളുണ്ട്. അവരുടെ മുമ്പിൽ വച്ച് നടന്നിട്ടുള്ള അക്രമങ്ങൾ, ബലാൽസംഗങ്ങൾ ഒക്കെ ഈ സഭയിൽ അന്നത്തെ പ്രതിപക്ഷം ഉന്നയിച്ചപ്പോൾ ഈ ധർമ്മരോഷം അന്നു കണ്ടില്ല സർ.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ വളരെ വ്യക്തമായിക്കഴിഞ്ഞു, ആ മുന്നണിയുടെ ഭരണകാലത്ത് ഉണ്ടായിട്ടുള്ള ക്രമസമാധാന ലംഘനം ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ആ മുന്നണിയിലുള്ള വിശ്വാസം നഷ്ടപ്പെടുത്തി എന്ന്. അതേ സമയത്ത് പോലീസ് നയത്തെ സംബന്ധിച്ചിടത്തോളം ശ്രീ. ഉമ്മൻചാണ്ടി ഈ സഭയിൽ നടത്തിയ സുശക്തമായ പ്രഖ്യാപനം ഈ രാജ്യത്തെ മുഴുവൻ ജനങ്ങളേയും കോൾമയിർക്കൊള്ളിക്കുന്നതാണ് എന്നുള്ളതാണ് വസ്തുത. ഈ രാജ്യത്ത് ലാത്തിച്ചാർജ് ഉണ്ടായി എന്നു പറയുന്നു. ഞാൻ ഓർക്കുന്നു; ഈ ലാത്തിച്ചാർജ്ജിനു ഒരു വിശേഷത ഉണ്ടെന്നുള്ളതാണ് നമുക്കു കാണാൻ കഴിയുന്നത്. മുമ്പൊക്കെ അണികളാണ് തല്ലുകൊണ്ടത് എന്നാണെങ്കിൽ ഇന്ന് നേതാക്കൻമാരും തല്ലുകൊള്ളാൻ തുടങ്ങിയിട്ടുണ്ട് എന്നുള്ളതാണ് പാമ്പാടിപോലെയുള്ള സ്ഥലങ്ങൾ തെളിയിക്കുന്നത്. സർ, ഇതു ഒരു ജനാധിപത്യരാഷ്ട്രം ആണെന്നു പറയുന്നു. ജനാധിപത്യം നിലനിൽക്കുന്ന സംസ്ഥാനമാണെന്ന് ഭരണപക്ഷവും പ്രതിപക്ഷവും വാദിക്കുന്നു. തങ്ങളുടെ അഭിപ്രായം പ്രചരിപ്പിക്കാനുള്ള അവകാശം ജനാധിപത്യത്തിൽ ഓരോ പാർട്ടിക്കും ഉള്ളതാണല്ലോ. മൗലികമായ അവകാശമാണത്. ഒരു പാർട്ടി യോഗം നടത്തുമ്പോൾ
12 noon മറെറാരു പാർട്ടി ആ യോഗം കലക്കുന്നു എന്നുപറഞ്ഞാൽ അവിടെ എന്താണു ചെയ്യേണ്ടത് എന്നു മാർക്സിസ്ററു പാർട്ടി പറഞ്ഞുതരേണ്ടിയിരിക്കുന്നു--പോലീസ് അവിടെ ഇടപെടുന്നത് തെററാണോ? അതുപോലെ, ഞാൻ എന്റെ മുറിയിലിരുന്നു കണ്ട സംഭവമാണ് വൈസ് ചാൻസലറുടെ നേർക്കുള്ള കയ്യേററ്. അദ്ദേഹത്തിന്റെ ഡ്രൈവർ അതിസമർത്ഥനല്ലായിരുന്നെങ്കിൽ ഒരു അനുശോചനസന്ദേശം ഈ സഭയിൽനിന്നു അയയ്ക്കേണ്ടിവരുമായിരുന്നു. അങ്ങനെയുള്ള സന്ദർഭത്തിൽ പോലീസ് നിർവീര്യമാകരുത് രാഷ്ട്രീയ വിധേയത്വം നോക്കരുത് എന്നു പറഞ്ഞാൽ അതിനോട് യോജിക്കാതിരിക്കാൻ സാധിക്കുമോ? അതുകൊണ്ട്, ഇടതുപക്ഷജനാധിപത്യമുന്നണി ക്രമസമാധാനം തകർക്കുകയാണ് ചെയ്തതെങ്കിൽ ഈ ഗവൺമെന്റ് ആ മേഖലയിൽ ജനങ്ങൾക്ക് ഉറപ്പുകൊടുത്തുകൊണ്ട് ധൈര്യവും ആവേശവും കൊടുത്തുകൊണ്ട് ക്രമസമാധാനം പുനഃസ്ഥാപിക്കുകയാണ് ചെയ്തത് എന്നു ഗവർണ്ണർ പറയുമ്പോൾ അവരോടു നന്ദി രേഖപ്പെടുത്താതിരിക്കാൻ നിർവ്വാഹമില്ല. അതുപോലെ, കേന്ദ്രസംസ്ഥാനബന്ധങ്ങളെപ്പററി പ്രസംഗത്തിൽ വ്യക്തമാക്കുന്നുണ്ട്. കേന്ദ്രത്തിനെതിരായി ഒരു തുറന്നസമരമായിരുന്നു കഴിഞ്ഞ മുന്നണി പ്രഖ്യാപിച്ചതെങ്കിൽ ക്രിയാത്മകമായ സഹകരണമനോഭാവമാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നു മാത്രമല്ല ഈ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് ഹാനികരമായിത്തീർന്നേക്കാവുന്ന ഏതു സംഗതിയും കേന്ദ്രസർക്കാരിന്റെ മുൻപിൽ ഉടനടി അവതരിപ്പിക്കാനും ഊർജ്ജസ്വലമായി നടപടിയെടുപ്പിക്കാനും എന്റെ ഗവൺമെന്റ് മടിക്കുകയില്ല എന്നു പ്രസംഗത്തിൽ പറയുമ്പോൾ, എന്റെ പാർട്ടി സ്വീകരിച്ചിട്ടുള്ള 'സുദൃഢമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും' എന്ന ലക്ഷ്യത്തിലേക്ക് ഈ പ്രഖ്യാപനം നയിക്കുമെന്നുള്ളതുകൊണ്ട് ആ ഭാഗത്തിൽ എനിക്ക് ഈ പ്രമേയത്തോട് യോജിക്കാതിരിക്കാൻ സാധിക്കുകയില്ല. അതുപോലെ കാർഷികരംഗം കൃഷിക്കാരുടെ കാര്യം പറഞ്ഞപ്പോൾ, ഇടതുപക്ഷജനാധിപത്യമുന്നണി കൃഷിക്കാർക്ക് കൊടുത്തിട്ടുള്ള നിരവധിയായ നൻമകളിരിക്കെ മാണിയും കൂട്ടരും എന്തിനാണു മറുപക്ഷത്തേക്കു പോയത് എന്നു ശ്രീ. ടി. കെ. രാമകൃഷ്ണൻ ചോദിക്കുകയുണ്ടായി. മാർക്സിസ്ററുപാർട്ടിയുടെ നേതൃത്വത്തിൽ 1957-ലും 1967-ലും 1980-ലും ഭരിച്ചിട്ടുണ്ട്. 1957-ലും 1967-ലും ഞങ്ങൾ മാർക്സിസ്ററുപാർട്ടിയുടെ മുന്നണിയിലില്ലായിരുന്നു. 1980-ൽ ഞങ്ങൾ ആ മുന്നണിയിലുണ്ടായിരുന്നു എന്നുള്ള ഒററക്കാരണംകൊണ്ടു മാത്രമാണ് മുൻപു

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാലഘട്ടങ്ങളിലുമില്ലാതിരുന്ന കർഷകപ്രേമം, കാർഷികമേഖലയോടുള്ള സഹതാപം, ആ ഗവൺമെൻറ് കാണിച്ചിട്ടുള്ളത് എന്നത് ഒരു വസ്തുതയാണ്. ആകയാൽ കർഷകരുടെ ലോകത്തിന് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഇരുപത്തൊന്നുമാസത്തെ ഭരണത്തിൽ നിന്ന് എന്തെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ കർഷകരുടെ കുത്തകാവകാശം അവകാശപ്പെടുന്ന ഞങ്ങളും മററു ജനാധിപത്യ കക്ഷികളും ആ മേഖലയിൽ ഉണ്ടായിരുന്നതിൻെറ നേട്ടം മാത്രമാണതെന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

(തടസ്സം)

കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുമെന്നു ഗവർണർ പ്രഖ്യാപിച്ചിരിക്കുന്നു. ഈ ന്യായമായ വില ഉറപ്പു വരുത്തുമ്പോൾ ഇന്നത്തെ ജീവിതച്ചെലവിൻെറ വർദ്ധന കണക്കിലെടുക്കേണ്ടതുണ്ട്. അതുപോലെ കൃഷിക്കാരുപയോഗിക്കുന്ന വളത്തിൻെറയും കീടനാശിനികളുടെയും വിലവർദ്ധനവ് കണക്കിലെടുക്കേണ്ടതുണ്ട്. കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുമ്പോൾ, കൃഷിക്കാരനുഭവിക്കുന്ന ക്ലേശങ്ങളും നമ്മൾ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. കാർഷിക സബ്സിഡി—ഇന്നും കാർഷിക മേഖലയിൽ സബ്സിഡി ഉറപ്പുവരുത്തപ്പെട്ടിട്ടില്ല. കൃഷിക്കാരുപയോഗിക്കുന്ന വളങ്ങൾക്കും കീടനാശിനികൾക്കും സബ്സിഡി കൊടുത്തുകൊണ്ട് കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുന്ന നയം ഈ ഗവൺമെൻറ് സ്വീകരിക്കുമെന്നു പറയുമ്പോൾ അതിനെ പിൻതാങ്ങാതിരിക്കാൻ സാധിക്കുകയില്ല. അതുപോലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു മററുചില കാര്യങ്ങളും ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. സാന്ദർഭികമായി ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിക്കാം. കണ്ണൂർ ജില്ലയിലെ കുടിയാൻമലയിലും കൊട്ടൂരിലും ഈയിടെ എനിക്കൊന്നു പോകാനിടവന്നു. അവിടെ കഴിഞ്ഞവർഷമുണ്ടായ പ്രകൃതി ക്ഷോഭംമൂലം അവിടത്തെ കൃഷിഭൂമികൾ താറുമാറായിരിക്കുകയാണ്. ഉരുൾ പൊട്ടൽമൂലം അവരുടെ കൃഷിസ്ഥലങ്ങളിൽ ആനപിടിച്ചാൽ മാററാൻ നിവൃത്തിയില്ലാത്ത കല്ലുകൾ സ്ഥലംപിടിച്ചിരിക്കുന്നു. ഈ പാറകൾ നീക്കി ആ കൃഷിസ്ഥലം നന്നാക്കിയെടുക്കാൻ ആ പാവപ്പെട്ട കൃഷിക്കാരെക്കൊണ്ട് സാധ്യമല്ല. ഇത്തരം പ്രകൃതിക്ഷോഭങ്ങൾമൂലമുണ്ടാകുന്ന തകരാറുകൾ പരിഹരിക്കത്തക്കവിധം ഗവൺമെൻറ് കാർഷികാശ്വാസനടപടികൾ സ്വീകരിക്കുന്നതിൽ മുൻതൂക്കം കൊടുക്കുന്നതിൽ തെററില്ല എന്നെനിക്കഭിപ്രായമുണ്ട്. കൃഷിസ്ഥലങ്ങൾ അങ്ങനെ നന്നാക്കിയെടുക്കാൻ ആവേശകരമായ സമീപനം ഗവൺമെൻറ് ഉടനടി കൈക്കൊള്ളണമെന്ന് പറയാൻ ഞാനീയവസരമുപയോഗിക്കുന്നു. അതുപോലെ—കൊക്കോകൃഷി: ഈ സംസ്ഥാനത്ത് ഏററവും കൂടുതൽ കൊക്കോ ഉൽപാദിപ്പിക്കുന്ന ജില്ലയേയും ഏററവും കൂടുതൽ കൊക്കോ ഉൽപാദിപ്പിക്കുന്ന നിയോജകമണ്ഡലത്തെയും ഞാൻ പ്രതിനിധാനം ചെയ്യുന്നു. കൊക്കോക്കൃഷിയെ സംബന്ധിച്ചിടത്തോളം കൃഷിക്കാർ നിരാശരാണെന്നറിയാമല്ലോ. ഇപ്പോൾ അല്പസ്വല്പം ആശ്വാസമുണ്ടെന്നേയുള്ളു. എന്നാൽ കൊക്കോസംസ്കരണ കേന്ദ്രങ്ങൾ ഗവൺമെൻറ് ഏററവുംവേഗം തുടങ്ങുമെന്നും കയററുമതിക്കുള്ള സാധ്യതകളെപ്പററി ആരായുമെന്നും പറയുമ്പോൾ അതിനെ നിരുപാധികം പിൻതാങ്ങാതിരിക്കാൻ സാധ്യമല്ല. അതുപോലെ കൃഷിയെപ്പററി പറയുന്നതോടൊപ്പം, തൊഴിൽമേഖലയെപ്പററിയും പറയുന്നുണ്ട്. "തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾക്ക് കോട്ടംവരാതെ വർദ്ധിച്ച വ്യാവസായിക വളർച്ചയ്ക്കും ഉൽപാദനക്ഷമതയ്ക്കും അനുയോജ്യമായവണ്ണം രമ്യമായ തൊഴിലാളി തൊഴിലുടമ ബന്ധത്തിനാവശ്യമായ അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിന് തൻെറ ഗവൺമെൻറ് ശ്രമിക്കുന്നതാണെന്ന്" ഗവർണ്ണർ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരളാകോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം, ഞങ്ങൾ കർഷകനും തൊഴിലാളിയും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണെന്നു കണക്കാക്കുന്ന പാർട്ടിയാണ്. ആ നിലയിൽ ഈ രാജ്യത്ത് തൊഴിൽപ്രശ്നങ്ങളെപ്പററി പറയുമ്പോൾ, തൊഴിലാളികൾ മാർക്സിസ്ററുപാർട്ടിയുടെ കുത്തകയല്ലെന്നു പറയാൻ ഞാൻ ധൈര്യപ്പെടുന്നു. അതുകൊണ്ട് തൊഴിലാളികളുടെ താൽപര്യങ്ങൾ ഉറപ്പുവരുത്തുമ്പോൾ നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തെക്കൂടി പരിഗണിക്കേണ്ടതുണ്ട്. ഈ രാജ്യത്തു ഭരണം നടത്തുന്നതിനുവേണ്ടി മൽപ്പിടിത്തം നടത്തുന്ന രാഷ്ട്രീയപാർട്ടികൾ ഇന്ന് ഇരുവശത്തും ഇരിക്കുന്നു. പക്ഷേ രാജ്യത്തിന്റെ കാര്യങ്ങൾ അപകടത്തിലാണെന്ന് എനിക്കു തോന്നുന്നത്. ഉൽപാദനരംഗത്തു നാം അഭിവൃദ്ധി കൈവരിക്കാതെ എന്തു ചെയ്യാൻ കഴിയും? അതുപോലെ തൊഴിലില്ലായ്മ നമ്മെ തുറിച്ചുനോക്കുന്ന മറെറാരു പ്രശ്നമാണ്. നമ്മുടെ വ്യാവസായിക മേഖലയിൽ വൻകിട വ്യവസായങ്ങൾ കാര്യമായി ആരംഭിക്കാൻ സംസ്ഥാനത്തിനു കഴിഞ്ഞിട്ടില്ല. വൻകിടവ്യവസായങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ തീവ്രത കാണിക്കുന്നതുപോലെതന്നെ ഉൽപാദനരംഗത്തെ സംബന്ധിച്ച് പ്രതിപക്ഷവും ഭരണകക്ഷിയും ചിന്തിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. സർ, ഇന്ന് ഓവർടൈമിനെ സംബന്ധിച്ച് മാർക്സിസ്ററ് പാർട്ടിയുടെ അഭിപ്രായമെന്താണ്? ഓവർടൈം അവസാനിപ്പിച്ചാൽ നമുക്കു ചെയ്യാവുന്ന ഒരു കാര്യമുണ്ട്—ഇന്നു തൊഴിൽരഹിതരായി നിൽക്കുന്നവരിൽ അഞ്ചുശതമാനമാളുകൾക്ക് കൂടുതലായി തൊഴിൽ കൊടുക്കാൻ കഴിയും. പക്ഷേ ഓവർടൈം അവസാനിപ്പിച്ചാൽ ആദ്യമായി നമ്മുടെ തൊഴിലാളി സംഘടനകൾ എവിടേക്കായിരിക്കും പോകുക എന്നു ചിന്തിക്കേണ്ടതായിട്ടുണ്ട്. ഓവർടൈം നിർത്തലാക്കുന്നതുസംബന്ധിച്ച് എല്ലാ കക്ഷികളിലുമുള്ള തൊഴിലാളി സംഘടനകളുമായി ആലോചിക്കുന്നതിൽ തെററില്ല. അതുപോലെതന്നെ അനാവശ്യമായ പണിമുടക്കുകൾ—ഇവിടെ 19-ാം തീയതിയിലെ പണിമുടക്കിനെസംബന്ധിച്ച് ഘോരഘോരം പ്രസംഗിക്കുകയുണ്ടായി. എനിക്കു കാണാൻ കഴിഞ്ഞത് ഒരു പണിമുടക്കാഭാസമാണ് 19-ാം തീയതി നടന്നതെന്നാണ്. പണിമുടക്ക് തന്റേടമുള്ള രാഷ്ട്രീയകക്ഷികൾ പ്രഖ്യാപിച്ചാൽ സ്വതന്ത്രമായ മനസ്സുമായി സ്വതന്ത്രമായ താൽപര്യങ്ങളുമായി അതിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർമാത്രം പങ്കെടുക്കണം. നമ്മുടെ റോഡുകൾ 19-ാം തീയതി എങ്ങനെ ആയിരുന്നു? 19-ാം തീയതി എല്ലാ റോഡുകളിലും തടികളും കല്ലുകളും വലിച്ചുവച്ചു ബസ്സുകൾ തീകത്തിച്ചു. ആ ബസ്സുകളിൽ യാത്രചെയ്തവരെന്തുതെററാണ് ഈ രാജ്യത്തോടു ചെയ്തത് എന്ന് ചോദിക്കാൻ ഞാൻ നിർബന്ധിതനാണ്. മാർക്സിസ്ററു പാർട്ടി തയ്യാറാണോ നമ്മുടെ രാജ്യത്തിന്റെ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് അടുത്ത അഞ്ചു വർഷത്തേക്ക് നമ്മുടെ തൊഴിൽ മേഖലയിലും കാർഷികമേഖലയിലും വ്യാവസായികമേഖലയിലും അനാവശ്യമായ പണിമുടക്കുകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ? അങ്ങനെ മോറട്ടോറിയം കല്പിച്ചാൽ, എനിക്കു ധൈര്യമായി പറയാൻകഴിയും, ഈ രാജ്യം കാർഷികമായും വ്യാവസായികമായും വളരും. കമ്മ്യൂണിസവും ഇല്ലാതാകും എന്നുള്ളതിനെപ്പററി സംശയമില്ല. അതുകൊണ്ട് കൃത്രിമമായ സമരങ്ങൾക്ക് മോറട്ടോറിയം കല്പിക്കാൻ അവർ തയ്യാറല്ല. 19-ാം തീയതിയിലെ സമരം ബലാൽക്കാരമായി നടത്തിയതെന്നാണ് എനിക്കു പറയാൻ കഴിയുന്നത്. സർ, വ്യാവസായികമേഖലയിൽ പുരോഗതി കൈവരിക്കാൻ ഈ ഗവൺമെൻറ് മുൻകൈയെടുക്കുമെന്നുള്ളതുകൊണ്ട് ഇതിനെ പിൻതുണയ്ക്കാതിരിക്കാൻ കഴിയുകയില്ല. പിന്നെ നമ്മുടെ വിദ്യാഭ്യാസമേഖല—അനേകം വിദ്യാലയങ്ങൾ പ്രൈവററ് മേഖലയിൽ കഴിഞ്ഞ വർഷം കൊടുത്തിട്ടുണ്ട്. ഈ വർഷം കൊടുക്കാൻ പോകുന്നു. അങ്ങനെ പ്രൈവററ് മേഖലയിലും പൊതുമേഖലയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടാകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ മാനദണ്ഡം വർദ്ധിപ്പിക്കാൻ ചിന്തിക്കുമ്പോൾ ഒരു കാര്യം പറയാതിരിക്കാൻ സാധ്യമല്ല. രാജ്യത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അനേകം എയിഡഡ് സ്കൂളുകളുണ്ട്. അതിന്റെ മീഡിയം എന്തുമാകട്ടെ. ഇവിടെ വിപ്ലവം പ്രസംഗിച്ചുകൊണ്ടിരിക്കുന്ന പല മഹാത്മാരുടെയും മക്കൾ ആ മീഡിയത്തിലുള്ള സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന വസ്തുതയെങ്കിലും കണക്കിലെടുത്ത് അങ്ങനെയുള്ള സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാൻ ഈ ഗവൺമെന്റ് ധൈര്യപൂർവ്വം മുന്നോട്ടു വരണം.

കർഷകത്തൊഴിലാളി പെൻഷനെപ്പററി ഘോരഘോരം പ്രസംഗിച്ചുകേട്ടു. അത് ഇവിടെ കൊണ്ടുവരുന്നകാര്യം എന്റെ കക്ഷിയിൽപ്പെട്ട ധനകാര്യമന്ത്രിയുടെ മസ്തിഷ്കത്തിലുണ്ടായതാണ് എന്നു പറയാൻ ഞാൻ ധൈര്യപ്പെടുന്നു. അങ്ങനെ കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തുതുടങ്ങിയപ്പോൾ കണ്ടതെന്താണ്? എല്ലാ പഞ്ചായത്തിലും സൂക്ഷ്മമായിപ്പറഞ്ഞാൽ, മാർക്സിസ്ററുകളായ അപേക്ഷകർക്ക് യാതൊരു പരിശോധനയും കൂടാതെ കൊടുത്തു എന്നുള്ളതാണ്. അതു പുനഃപരിശോധിക്കാൻ പറഞ്ഞു. പുനഃപരിശോധിച്ചപ്പോഴോ? ആർക്കെങ്കിലും ജനാധിപത്യവാദികളായ ആളുകൾക്കു കിട്ടിയിട്ടുണ്ടെങ്കിൽ നിഷ്കരുണം തടയപ്പെട്ടു എന്നുള്ളതാണു ശരി.

സർ, കർഷകത്തൊഴിലാളി പെൻഷൻ ശരിക്ക് പരിശോധിച്ച് മാർക്സിസ്ററ് ആകട്ടെ, കേരളാ കോൺഗ്രസ്സ് ആകട്ടെ, കോൺഗ്രസ്സ് ആകട്ടെ രാഷ്ട്രീയ പരിഗണന കൂടാതെ അർഹതയുള്ളവർക്ക് കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഗവൺമെൻറിനോടും മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

സർ, ഈ ഗവർമ്മെൻറ് ന്യൂനപക്ഷ ഗവൺമെൻറാണ്, ഉടൻ ഇലക്ഷൻ നടത്തണമെന്നാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ മി. നായനാർ! കഴിഞ്ഞ ഒക്ടോബർ മാസം 15-ാം തീയതി കോൺഗ്രസ്സ് അതിന്റെ പിന്തുണ പിൻവലിച്ചപ്പോൾ എന്തുകൊണ്ട് ഈ അസംബ്ലി പിരിച്ചുവിട്ട് ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ തയാറായില്ല. എന്തുകൊണ്ട് 1969-ൽ ശ്രീ. പി. കെ. വാസുദേവൻനായർ അന്ന് അച്ചുതമേനോന് കൊടുത്ത ഉപദേശം നായനാർക്ക് കൊടുത്തില്ല എന്നു ഞാൻ ചോദിക്കുകയാണ്. അങ്ങനെ രാഷ്ട്രീയമായി നോക്കുകയാണെങ്കിൽ നിങ്ങൾക്ക് മൂന്നു ചാൻസ് കിട്ടിയതാണ്. 1957, 1967, 1980 ഈ മൂന്നു ചാൻസിലും പരാജയപ്പെട്ട മാർക്സിസ്ററു പാർട്ടി ഇനി ഒരു കാരണവശാലും അധികാരത്തിൽ വരാൻ പാടില്ലെന്നുള്ളതാണ് ജനങ്ങളുടെ വിധി. 1960-ലെ വിമോചന സമരത്തിനുശേഷം ശ്രീ. പി. ടി. ചാക്കോ വിഭാവനംചെയ്ത ജനാധിപത്യ ഐക്യം എന്ന സൂത്ര വാക്യം ഇന്ന് വീണ്ടും ആവർത്തിക്കപ്പെടാൻ പോവുകയാണ്. പക്ഷെ മാർക്സിസ്ററു പാർട്ടിക്കും അവരുടെ പിണിയാളുകൾക്കും പിന്നീട് എങ്ങനെ അധികാരത്തിൽ വന്നു എന്നുള്ളതിനെ സംബന്ധിച്ചും കരുണാകരനും മററ് ചില നേതാക്കൻമാരും ചിന്തിക്കുന്നത് ഈ അപകടം വീണ്ടും സംഭവിക്കാതിരിക്കാൻ സഹായിക്കുമെന്നുള്ള ചെറിയ ഉപദേശത്തോടുകൂടി ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. തോമസ്:</u> സർ, എന്റെ സുഹൃത്ത് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ജനതാ പാർട്ടിയിലെ അംഗം ആയിരുന്ന ഞാൻ കൂറുമാറിയെന്നും കാലുമാറിയെന്നും രാഷ്ട്രീയ പ്രേരണയാൽ ഈ മന്ത്രിസഭയെ പിന്താങ്ങുന്നു എന്നും ഉള്ള ആരോപണങ്ങൾ കേൾക്കുകയുണ്ടായി. അതിനെപ്പററി വ്യക്തമാക്കിയാൽ കൊള്ളാമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ആഗ്രഹമുണ്ട്. 1979-ൽ എന്റെ സുഹൃത്ത് ശ്രീ. ഇ. ജോൺ ജേക്കബ്ബിന്റെ നിര്യാണംമൂലം ഉണ്ടായ വിടവിൽ ആണ് ഞാൻ മത്സരിക്കാൻ ഇടയായത്. ആദ്യമായി ഞാൻ രാഷ്ട്രീയത്തിൽ പ്രവേശിക്കാൻ കാരണമായത് ഞാൻ പ്രതിനിധീകരിക്കുന്ന തിരുവല്ലയെ ഒരു ഭരണകക്ഷിയിൽപ്പെട്ട ആളുകളും പരിഗണിക്കുന്നില്ലെന്നുള്ളതുകൊണ്ടാണ്. അതേസമയം അവഗണിക്കുകയായിരുന്നു താനും. അന്നത്തെ മുന്നണി മാർക്സിസ്റ്റ് പാർട്ടിക്കുപങ്കുള്ളതായിരുന്നു. ആ മുന്നണിയിൽ ഒരു സ്ഥാനാർത്ഥിയായി ആണ് ഞാൻ മത്സരിച്ചു ജയിച്ചത്. അതുപോലെതന്നെ 1980-ൽ ജനറൽ എലക്ഷൻ നടന്നപ്പോഴും ഇന്ദിരാകോൺഗ്രസ്സ് മുന്നണിയിൽപ്പെട്ട ഒരു അംഗമായിട്ടാണ് ഞാൻ മത്സരിച്ചത്. എന്നാൽ ഇതുകൊണ്ടൊന്നുമല്ല ഈ മന്ത്രിസഭയെ പിന്താങ്ങുന്നതിനു തീരുമാനിച്ചതെന്നുള്ള വസ്തുത ഞാൻ വ്യക്തമാക്കുകയാണ്. എനിക്ക് തിരുവല്ലായുടെ ചില കാര്യങ്ങൾ നേടി എടുക്കേണ്ടതുണ്ട്. അതിന് പാരിതോഷികം കിട്ടിയിട്ടോ രാഷ്ട്രീയ ഉദ്ദേശം വച്ചുകൊണ്ടോ അല്ല. തിരുവല്ലയ്ക്ക് ചില കുറവുകൾ ഉണ്ട്. അത് പരിഹരിച്ചെടുക്കേണ്ട ആവശ്യം എന്റെ ആവശ്യമാണ്. അതുകൊണ്ട് ഒരു മന്ത്രിസഭ നിലനിൽക്കേണ്ടത് അത്യാവശ്യമാണെന്ന് എനിക്ക് ബോധ്യമായതുകൊണ്ടാണ് ഈ മന്ത്രിസഭയെ പിന്തുണ കൊടുത്ത് സഹായിക്കാൻ ഞാൻ തയാറായത്. ഞാൻ പ്രതിനിധീകരിക്കുന്ന അല്ലെങ്കിൽ എന്റെ പാർട്ടിയുടെ നേതൃത്വം വഹിച്ചിരുന്ന ശ്രീ. ചന്ദ്രശേഖരൻ ഇവിടെ ഇല്ല. അദ്ദേഹം ഞങ്ങൾക്കെല്ലാം ഉറപ്പു നൽകിയിരുന്നത് കൽദാത്തെ ഫോർമുലവച്ചുകൊണ്ടാണ്. ഈ ഗവൺമെന്റിനെ താഴെ ഇറക്കാൻ സഹായിക്കുകയില്ലെന്നും താഴെ ഇറക്കുവാൻ അനുകൂലിക്കുകയില്ലെന്നുമുള്ള നിലപാട് അദ്ദേഹം വ്യക്തമാക്കിയിരുന്നു. അന്ന് ശ്രീ. ഗോപാലനെപ്പററി ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞിരുന്നത് ആ ചെറിയ മനുഷ്യന്റെ ചെറിയ ബാഗിൽ വലിയ താക്കോൽ ഇരിക്കുന്നു എന്നാണ്. ഈ മാർക്സിസ്റ്റ് പാർട്ടിക്ക് പിന്തുണ നൽകാൻ ഒരുമ്പെടുന്നെങ്കിൽ എന്റെ ശവശരീരത്തിൽക്കൂടി നടന്നുപോയി മാത്രമേ അത് നടപ്പാക്കുകയുള്ളെന്ന് അദ്ദേഹം വ്യക്തമായി പ്രഖ്യാപിച്ചതാണ്. ഇതിൽ കൂടുതൽ പറയേണ്ട കാര്യമില്ല. ഞാൻ പിന്തുണ നൽകുന്നതിന് സ്വയം തീരുമാനം എടുത്തത് എനിക്ക് പിന്തുണ നൽകിയ ജനങ്ങളുടെ ഹിതമനുസരിച്ച് മാത്രമാണ്. ആ കാര്യത്തിൽ ഞാൻ പ്രതിനിധീകരിക്കുന്ന പാർട്ടി എനിക്ക് വ്യക്തമായ ഉറപ്പ് നൽകിയിരുന്നു.

സർ, തിരുവല്ലായിൽ ഒരു ആശുപത്രി ഉണ്ട്. 100 വർഷം പഴക്കമുള്ള ആശുപത്രിയാണ്. മാർക്സിസ്റ്റ് പാർട്ടിയും മററെല്ലാ പാർട്ടികളും ഇവിടെ ഭരിച്ചിട്ടുണ്ട്. ഈ രണ്ടുവർഷത്തെകാര്യംമാത്രം പറയാം. ഇത്രയുംശൂന്യമായി കിടക്കുന്ന ഒരു ആശുപത്രി വേറെ കാണാൻ സാധിക്കുകയില്ല. അവിടെ പോകുന്ന ആളുകളുടെ പ്രാഥമികാവശ്യങ്ങൾപോലും നിർവ്വഹിക്കാൻ സാധിക്കാത്ത ആശുപത്രിയാണ് അത്. എന്നാൽ തിരുവല്ലായിൽത്തന്നെ ആധുനികരീതിയിലുള്ള പ്രൈവററ് ആശുപത്രികൾ ധാരാളം ഉണ്ട്. സാധാരണക്കാരായ, ദുർബ്ബലരായ, ദരിദ്രരായിട്ടുള്ള ആളുകൾ സാധാരണ ഗവർമ്മെന്റ് ആശുപത്രികളിലാണ് ചികിൽസക്കായി പോകുന്നത്. ഈ ആശുപത്രിയിൽ ഇന്നത്തെ സാഹചര്യത്തിൽ ഒരു ഓപ്പറേഷൻ തിയേററർപോലുമില്ല. ആരോഗ്യകരമായി അവിടെ ഓപ്പറേഷൻ നടത്താനുള്ള സാഹചര്യമില്ല. ആരോഗ്യമന്ത്രി തിരുവല്ലാ ആശുപത്രി സന്ദർശിക്കുകയാണെങ്കിൽ ഈ കാര്യങ്ങൾ മനസ്സിലാക്കാൻകഴിയും.

സർ, ആലപ്പുഴ ഒരു പിന്നോക്ക ഡിസ്ട്രിക്ററ് ആണ്. അതിലെ പിന്നോക്ക സ്ഥലമായ ചുമത്രയിൽ ഒരു ട്രാക്കോ കേബിൾ കമ്പനി സ്ഥാപിക്കാൻ തീരുമാനമെടുത്തു. തിരുവല്ലയാണ് അതിന് യോജിച്ചതെന്ന് കണ്ടിട്ട് അവിടെ സ്ഥാപിക്കുന്ന കാര്യത്തിൽ അനുകൂലമായ പ്രോജക്ററ് റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കിയിരുന്നതാണ്. ഉറപ്പ് നൽകിയിരുന്നതുമാണ്. എന്നാൽ അഡൈ്വസർ ഭരണകാലത്ത് അത് വീണ്ടും ചേർത്തലയിലേക്കു മാററിക്കൊണ്ടു പോകാൻ തീരുമാനമുണ്ടായി. അതിന്റെ തലപ്പത്തിരിക്കുന്ന രണ്ട് ഉദ്യോഗസ്ഥൻമാർ അതായത് ചെയർമാനും മാനേജിംഗ് ഡയറക്ടറും 62 വയസ്സ് കടന്നിട്ടുള്ള ആളുകളാണ്. തിരുവല്ലായിൽ വ്യവസായങ്ങൾ ഒന്നുമില്ല. തിരുവല്ലായെ പരിഗണിക്കുന്നില്ലെന്നുള്ള പരാതി എനിക്കുമുണ്ട്.

സർ, കഴിഞ്ഞ 15 വർഷമായി തിരുവല്ലായ്ക്ക് പുതിയൊരു ഡിസ്ട്രിക്ററ് വേണമെന്നുള്ള ആവശ്യം ഞാൻ ഉന്നയിച്ചിട്ടുണ്ട്. ശ്രീ. കെ. കെ. നായർ പത്തനംതിട്ട ജില്ല വേണമെന്ന് ആവലാതിപ്പെടുന്നതിൽ തെററൊന്നുമില്ല. കാര്യക്ഷമമായ പ്രവർത്തനം നടത്തണമെങ്കിൽ അതിന് ആവശ്യപ്പെടുന്ന ആളുകൾക്ക് ജില്ലകൾ അനുവദിച്ചു കൊടുക്കുന്നത് നല്ലതാണ്. കളക്ടർമാർക്ക് ജില്ലകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയണമെങ്കിലും പഞ്ചവൽസര പദ്ധതികൾ കാര്യക്ഷമമായി നടത്താൻ സാധിക്കണമെങ്കിലും ജില്ലകളുടെ വലിപ്പം കുറഞ്ഞിരിക്കേണ്ടതാവശ്യമാണ്. ഞങ്ങളുടെ കളക്ടർതന്നെ തിരുവല്ലായുടെ കിഴക്കൻ പ്രദേശങ്ങൾ കണ്ടിട്ടുണ്ടോയെന്നുള്ള കാര്യത്തിൽ സംശയമുണ്ട്. ഞാൻ ഈ നന്ദിപ്രമേയത്തെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. എസ്തോസ് : സർ, പ്രസംഗിച്ചെന്ന് അവകാശപ്പെടുന്ന ഗവർണ്ണറുടെ പ്രസംഗിക്കാത്ത പ്രസംഗത്തിന് അവതരിപ്പിച്ചിരിക്കുന്ന നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുന്നു. ഇത് വായിച്ചാൽ ഒരു കാര്യം മനസ്സിലാക്കാം. "അപ്രകാരമുള്ള ഒരു ബദൽ സംവിധാനത്തിൽ ഭരണഘടനാപരമായ നീതീകരണം ഈ ഗവൺമെൻറിന് ആവശ്യമില്ല. അത് ഗവർണ്ണറെ കൊണ്ട് തന്നെ പ്രസംഗിപ്പിച്ചിട്ടുണ്ട് എന്ന് പറഞ്ഞാൽ ഈ നിയമസഭയിൽ ഭൂരിപക്ഷത്തിന്റെ ആവശ്യം ഇല്ലെന്നാണ്. അവിടെ ഇരിക്കുന്ന ബഹുമാന്യനായ സ്പീക്കർക്ക് ഒരു സാമാജികനെന്നുള്ള നിലയിൽ വോട്ടവകാശമുണ്ട്. എന്നാൽ ആ സാമാജികനെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടാൽ ആ സ്പീക്കർക്ക് വോട്ടവകാശമില്ല. അത് പ്രത്യേകമായ പദവിയാണ്. അത് ഹൗസ്സിന്റെ പദവി ആയതുകൊണ്ട് ആ പദവി നിഷ്പക്ഷമായി വിനിയോഗിക്കുന്നതിനാണ് ആ സ്പീക്കർ എന്ന നിയമസഭ സാമാജികന്റെ വോട്ടവകാശം എടുത്തുകളയുന്നത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, പോയിൻറ് ഓഫ് ഓർഡർ. സ്പീക്കർ നിർവ്വഹിക്കേണ്ട ചുമതലകളെപ്പററി ഭരണഘടനയിൽ വ്യക്തമായി നിർവ്വചിച്ചിരിക്കുന്ന സ്ഥിതിക്ക് അത് ഈ സഭയിൽ എല്ലാവർക്കും ബോദ്ധ്യപ്പെടുത്തി കൊടുത്തു കഴിഞ്ഞതിനുശേഷവും ബഹുമാനപ്പെട്ട മെമ്പർ സ്പീക്കറുടെ പെർഫോർമൻസിനെ സംബന്ധിച്ചിടത്തോളം ദുഃസൂചകമായി പരാമർശിക്കുന്നത് ഓർഡറിലാണോ ?

മി. ചെയർമാൻ : സ്പീക്കറെക്കുറിച്ച് ആവശ്യമില്ലാത്ത പരാമർശനങ്ങൾ കഴിയുന്നതും ഒഴിവാക്കുകയാണ് എപ്പോഴും നല്ലത്.

ശ്രീ. പി. പി. എസ്തോസ് : സ്പീക്കറെക്കുറിച്ച് ദുഃസൂചന ഇല്ല. സ്പീക്കറെന്നുള്ള പദവി ബഹുമാന്യമായ പദവിയാണ്. ആ പദവിയിലിരിക്കുന്ന ആളുകൾ ആരാണെന്നുള്ളത് പ്രശ്നമല്ല. നമ്മുടെ രാജ്യത്ത് പല യജ്ഞങ്ങളും നടത്തുന്നുണ്ട്. സർപ്പയജ്ഞം, സൈക്കിൾ യജ്ഞം എന്നിങ്ങനെ പലതും. ഈ യജ്ഞങ്ങൾ നടത്തുന്ന ആളുകളെല്ലാം പറയുന്നത് അവരുടെ പേര് ഗിന്നസ്സ് ബുക്കിൽ എഴുതി ചേർക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടിയാണ് പലരും യജ്ഞങ്ങൾ നടത്തുന്നത്. കരുണാകരന്റെ ഗവൺമെന്റിൽ സ്പീക്കർ പദവി എന്നത് സാർവ്വദേശീയാടിസ്ഥാനത്തിൽ പാർലമെന്ററി സംപ്രദായം നിലനിൽക്കുന്ന രാജ്യങ്ങളിലൊന്നും തന്നെ ഇത്രമാത്രം പരീക്ഷിക്കപ്പെടാൻ പോകുന്ന ഒന്ന് ആയിരിക്കുകയില്ല ഈ കാസ്റ്റിംഗ് വോട്ട് എന്ന സംപ്രദായം. സർവ്വലോക റിക്കാർഡ് ഭേദിച്ചുകൊണ്ട് ഗിന്നസ്ബുക്കിൽ എഴുതിച്ചേർക്കുവാനുള്ള സന്ദർഭം നമ്മുടെ കേരള നിയമസഭയ്ക്ക് ശ്രീമാൻ കരുണാകരനും ശ്രീമതി ജ്യോതി വെങ്കടചെല്ലവും നൽകിയിരിക്കുകയാണ്. ഭാവിയിൽ കൗതുകവാർത്തകളോ അത്ഭുത വാർത്തകളോ വായിക്കണമെന്ന് തോന്നുന്നവർക്ക് ഗിന്നസ്ബുക്കിൽ കേരളത്തിലെ 1982-ലെ ഏററവും വലിയ ഒരു സംഭവമെന്ന നിലയ്ക്ക് എഴുതിച്ചേർക്കുവാൻ പോകുന്ന സംഭവമായിരിക്കും കേരള നിയമസഭ തുടരുന്നതിലൂടെ ഉണ്ടായിരിക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. ഇത്തരത്തിലുള്ള ഒരു ഗവൺമെന്റ് രൂപീകരിച്ചുകൊണ്ട് ആ ഗവൺമെന്റിന്റെ വക്താക്കളായി നിൽക്കുന്നവർ അവിശ്വാസപ്രമേയ ചർച്ചയിലും ഈ നന്ദിപ്രമേയ ചർച്ചയിലും പറയുന്നത് ഒരേ കാര്യമാണ്. അതായത് നിയമസമാധാനത്തിന്റെ കാര്യം.

ബിർളാ കമ്പനിയുടെ വകയായ മാവൂർ ഗ്വാളിയോർ റയോൺസിൽ നിന്നും മലിനജലം ചാലിയാർ പുഴയിലേക്ക് ഒഴുക്കുന്നതുകൊണ്ട് ആ പുഴയിലുള്ള ജീവജാലങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണെന്ന് പത്രവാർത്തകളിൽനിന്നും നാം മനസ്സിലാക്കുന്നുണ്ട്. ആ വിഷജലത്തിന്റെ മാരകമായ പ്രയോഗം നിമിത്തമാണ് ജീവജാലങ്ങൾ ചത്തൊടുങ്ങുന്നത്. അതുപോലെതന്നെ അതിൽനിന്നും വ്യത്യസ്തമല്ലാത്ത മദ്രാസ് റബ്ബർ കമ്പനി വക മലയാള മനോരമ എന്നുപറയുന്ന ഒരു വിഷജലം കേരളത്തിലെ ജനജീവിതത്തിലൊഴുക്കിയതിന്റെ ഫലമായി ആ വിഷജലം കുടിച്ച കേരളത്തിലെ കുറെ ആളുകൾ ഏതാണ്ട് അസ്തപ്രജ്ഞരോ സുബോധം വീണ്ടെടുക്കുവാൻ കഴിയാത്തവരോ ആയി. ആ അവസ്ഥയിൽ നമ്മുടെ ഈ കൊച്ചു കേരളത്തെക്കൊണ്ടെത്തിച്ചിരിക്കുന്നു. ആ വിഷജലം മുലപ്പാലിലൂടെ കൊടുത്തു വളർത്തിയെടുത്ത ഒരാളാണ് ഇന്ന് ക്രമസമാധാനത്തിന്റെ പേരിൽ തോക്കും ലാത്തിയും പിടിച്ചിരിക്കുന്ന ശ്രീ. ഉമ്മൻചാണ്ടിയെന്നറിയുമ്പോൾ ഗ്വാളിയോർ റയോൺസിലെ വിഷജലം കുടിച്ചു പിടഞ്ഞ് ചത്തുവീഴുന്നത്. മൽസ്യസമ്പത്തുകളാണെങ്കിൽ കേരളത്തിൽ മലയാള മനോരമയുടെ വിഷപ്രയോഗസ്വാധീനം ശക്തിയായി പ്രവർത്തിന്നുന്ന ഉമ്മൻചാണ്ടിയിലൂടെ പ്രയോഗത്തിലാവുമ്പോൾ മരിച്ചുപോകുന്നത് നമ്മുടെ മനുഷ്യസമ്പത്തുകളാണെന്നുള്ള ഓർമ്മ മറുഭാഗത്തുള്ളവർക്ക് ഉണ്ടോ ? കഴിഞ്ഞ ഒന്നരമാസക്കാലത്തിനിടയിൽ കേരളത്തിൽ നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ ഒട്ടനവധി സംഭവങ്ങൾ ഉണ്ട്. അതായത് പോലീസ് മർദ്ദനങ്ങൾ, പോലീസ് ആക്രമണങ്ങൾ, മോഷണങ്ങൾ ഇതെല്ലാം.

ഇവിടെ മോഷണത്തെക്കുറിച്ച് അപ്പുറത്തുനിന്നും പറഞ്ഞുകേട്ടു. കൂമ്പപ്പാറപള്ളിയിലെ കാസാ പോയതിനെ കുറിച്ച് ശ്രീമാൻ കുററിയാനി വളരെ വാചാലമായി ഇവിടെ പറഞ്ഞു. ഈ അടുത്ത ദിവസമാണ് ഒമനിൽനിന്നും തിരിച്ചുവന്ന ഒരു സ്ത്രീയുടെ നാൽപ്പതു പവന്റെയോ അറുപത് പവന്റെയോ തൂക്കംവരുന്ന മൂന്നുനാല് ലക്ഷം വിലപിടിപ്പുള്ള ആഭരണങ്ങൾ അവർ കിടന്നുറങ്ങിയപ്പോൾ മോഷണം പോയത്. അതുപോലെതന്നെ മലബാർ പ്രദേശത്ത് ഒരു ബാങ്കിൽനിന്നും നാലുലക്ഷം രൂപ പട്ടാപ്പകൽ തട്ടിയെടുത്തിരിക്കുകയാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നമ്മുടെ മ്യൂസിയത്തിലിരുന്ന നടരാജ വിഗ്രഹം മോഷണം പോയത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. എസ്തോസ് : ഇതുപോലുള്ള പല സംഭവങ്ങളും പത്ത്നാൽപ്പത് ദിവസംകൊണ്ട് നടന്നുകൊണ്ടിരിക്കുകയാണ്. പോലീസ് ആക്രമണം, റൗഡി വിളയാട്ടം ഇതെല്ലാം ഇന്ന് നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല.

കഴിഞ്ഞമാസം 19-ാം തീയതി ഇവിടെ ഒരു ബന്ത് നടന്നു. മൂവാററുപുഴ പട്ടണത്തിൽ അന്നുനടന്ന പണിമുടക്കിനെ തുടർന്ന് ക്രൈം 26, 27, 28, 29 എന്നീ നമ്പരുകളനുസരിച്ച് അഞ്ചാറ് കേസ് ചാർജ് ചെയ്തു. യാതൊരു ഗ്രൗണ്ടും ഇല്ലാതെ അവിടെ ഭരണകക്ഷിയിലെ ചില ആളുകൾ നിർബന്ധമായി ആവശ്യപ്പെട്ടതനുസരിച്ചാണ് അത്തരം കേസ്സ് പോലീസ് ചാർജ് ചെയ്തത്. നൂററിഇരുപതോളം ആളുകളെ അതിൽ പ്രതികളാക്കിയിട്ടുണ്ട്. ഒരു ദിവസം ആറേഴ് പ്രാവശ്യം ലാത്തിചാർജ് നടത്തി. അതിനുമുൻപ് ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിൽ ഒരു ബന്ത് 1981 ആഗസ്ററിൽ കേരളത്തിൽ നടന്നു. അങ്ങയുടെ പാർട്ടിയിലെ എം. എൽ. എ. മാർ നേതൃത്വം കൊടുത്തു കൊണ്ട് മൂവാററുപുഴ പട്ടണത്തിൽ അന്ന് കടകൾ അടപ്പിക്കുവാൻ വേണ്ടി ബലപ്രയോഗവും കല്ലേറും നടത്തി. എറണാകുളത്തുനിന്നും തിരിച്ച ഒരു ട്രാൻസ്പോർട്ട് ബസ് മൂവാററുപുഴ ബസ്സ്ററാൻറിന് അടുത്ത് വന്നുനിൽക്കുന്ന സമയത്ത് അന്ന് ബന്തിന് നേതൃത്വം കൊടുത്ത പാർട്ടിയിൽപ്പെട്ടവർ സ്ഥലം എം. എൽ. എ. യുടെ നേതൃത്വത്തിൽ ആ ബസ്സിന്റെ ടയർ കുത്തിക്കീറുകയും കാററഴിച്ചു വിടുകയും ചെയ്തു എന്നുള്ള വസ്തുത പത്രങ്ങളിൽ വന്നതാണ്. നിങ്ങൾക്കും ഞങ്ങൾക്കുമെല്ലാം ആ വസ്തുത അറിയാവുന്നതല്ലേ? എന്നിട്ട് അതിൻമേൽ യാതൊരു കേസും ഉണ്ടായിട്ടില്ല. അന്ന് തുറന്നുവച്ചിരുന്ന ഒട്ടനവധി കടകളുടെ നേർക്ക് കല്ലേറ് നടത്തി. എന്നിട്ടും ഒരു കേസ്സും ഉണ്ടായിട്ടില്ല. അങ്ങനെ എത്രയോ സംഭവങ്ങൾ കേരളത്തിലുടനീളം നടന്നിട്ടുണ്ടെന്നറിയാമോ? അപ്പോൾ പോലീസ് നയം എന്താണെന്നുള്ളതിനെക്കുറിച്ച് ശ്രീമാൻ കരുണാകരന്റെ പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന ബന്തും അതുപോലെതന്നെ കഴിഞ്ഞമാസം 19-ാം തീയതി പ്രതിപക്ഷപ്പാർട്ടികളുടേയും ട്രേഡ് യൂണിയനുകളുടേയും സംയുക്ത നേതൃത്വത്തിൽ നടന്ന പണിമുടക്കിന്റെ അനുഭവം വച്ചുനോക്കിയാൽ ശ്രീ. കെ. കരുണാകരൻ ഈ ഗവർണ്ണറുടെ പ്രസംഗത്തിൽക്കൂടി ഗവർണ്ണറെക്കൊണ്ട് ഭരണഘടനാതീതമായി രൂപം കൊടുത്തിട്ടുള്ള ഈ ഗവൺമെൻറ് ഉദ്ദേശിക്കുന്ന കാര്യങ്ങളെന്താണെന്ന് പറഞ്ഞിട്ടുള്ളത് വളരെ വ്യക്തമാണ്.

ഇവിടെ പദ്ധതി വിഹിതത്തെക്കുറിച്ച് പലരും പറയുകയുണ്ടായി. 1550 കോടിരൂപയുടെ മൊത്തം അടങ്കലുള്ള 6-ാം പഞ്ചവൽസര പദ്ധതിയുടെ മൂന്നാമത്തെ വർഷമാണിത്. മൂന്നാമത്തെ വർഷം കേരളത്തിന് കിട്ടിയിട്ടുള്ള വിഹിതം 275 കോടി രൂപമാത്രമാണ്. ഇത് മുൻവർഷങ്ങളിലേതുപോലെ തന്നെയാണ്. അല്ലാതെ കൂടുതലൊന്നുമല്ല. ശ്രീമാൻ കരുണാകരൻ എറണാകുളത്ത് വച്ച് ഒരു പത്രസമ്മേളനം നടത്തി. ആ സമ്മേളനത്തിൽ പറഞ്ഞു ഇത് പുനഃപരിശോധിക്കുമെന്ന് കരുതുന്നുവെന്ന്. സർ, 1980-81-ലെ വിലനിലവാരവും 1981-82-ലെ വിലനിലവാരവും 1982-83-ലെ വിലനിലവാരവും വച്ചാൽ 1981-82-ലെ 275 കോടി രൂപയുടെ ഔട്ട്-ടേൺ 1982-83-ൽ ഉണ്ടാകണമെങ്കിൽ എന്തായിരിക്കും സ്ഥിതിയെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. നമ്മുടെ ഇൻഡ്യൻ പ്രസിഡൻറ് ജനുവരി മാസം 25-ാം തീയതി കർണ്ണാടകയിൽവച്ച് പറഞ്ഞത് എന്താണെന്നറിയാമോ?

..............the per capita income in the country was much less compared to that in many other countries. More than 48 per cent of the population lived below the poverty level. It is a mystery how they live considering the sky-high prices. God alone knows, എന്നാണ്. ഇത്ര രൂക്ഷമായ വിലക്കയററം ഇൻഡ്യയുടെ ചരിത്രത്തിലോ മററ് ലോകരാജ്യങ്ങളുടെ ചരിത്രത്തിലോ ഉണ്ടാകാത്ത രീതിയിലുള്ള വിലക്കയററമുണ്ടായ സാഹചര്യത്തിൽ പദ്ധതി വിഹിതം 275 കോടിരൂപയായി ലിമിററ് ചെയ്തത് വർദ്ധിപ്പിക്കുകയില്ലെന്ന് പറഞ്ഞ് കഴിഞ്ഞിരിക്കുകയാണ്.—ഇത് കേരളത്തിലെ സമ്പത്വ്യവസ്ഥയെ നശിപ്പിക്കുന്നതാണ്. അതിനും പുറമേ ഐ. എം. എഫ്-നു നമ്മുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ പണയംവച്ചുകൊണ്ട് സാർവദേശീയ നിധിയിൽ നിന്നുള്ള ലോൺ കിട്ടുന്നതിനുള്ള വ്യവസ്ഥകൾ രഹസ്യരേഖയാക്കി വച്ചിരിക്കുകയായിരുന്നു എന്ന് ഹിന്ദു റിപ്പോർട്ടർ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ന്യൂയോർക്കിൽനിന്നും ഐ. എം. എഫ്.ൽ കൂടി ലോൺ കൊടുക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച ഒരു രഹസ്യ രേഖയിൽ നിന്നും ചില വാചകങ്ങൾകൂടി ഇവിടെ അവതരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. Some liberalisation measures were introduced in the import policy for 1981-82 and the authorities indicate that the import policies for 1982-33 and 1983-84''. ഇത് മാത്രമല്ല വേൾഡ് ബാങ്ക് എന്താണ് പറഞ്ഞിരിക്കുന്നത്? The World Bank insists on high power tariffs.

കറണ്ട് ചാർജ്ജ് കൂടണമെന്ന് നിർബന്ധമായി പറഞ്ഞിരിക്കുന്നു.
The World Bank has made it clear to the Indian Government during recent discussions that the State Electricity Boards must be in a position to meet at least 20 per cent of their investment requirements through internal resource generation.

ഇത്തരമൊരു പരിതഃസ്ഥിതിയിൽ നമ്മുടെ രാജ്യത്ത് ഇലക്ട്രിസിററിയുടെ ചാർജ്ജ് കൂട്ടണമെന്ന് വേൾഡ് ബാങ്ക് ആവശ്യപ്പെടുന്നു. അങ്ങനെ കൂട്ടിയില്ലെങ്കിൽ വേൾഡ് ബാങ്കിൻെറ ലോൺ കിട്ടുകയില്ല. ആ വേൾഡ് ബാങ്ക് തന്നെ യു. എസ്. മോണോപ്പളിയാണ്. അമേരിക്കയാണ് അതിൻെറ മോണോപ്പൊളി. അമേരിക്കൻ ഇംപോർട്ട് ലിബറലൈസ് ചെയ്തത് ഏതാണ്ട് ലക്ഷക്കണക്കിന് രൂപ വിലപ്പിടിപ്പുള്ള കേരളത്തിൻെറ പ്രധാന വിഭവസമ്പത്തായ നാളികേര വ്യവസായത്തെ നശിപ്പിക്കത്തക്കവിധത്തിൽ. രണ്ടുലക്ഷം ടൺ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ഐ. എം. എഫ്. ലോണിനുവേണ്ടിമാത്രം അമേരിക്കക്കാരെ സന്തോഷിപ്പിക്കാൻ കൊക്കോയും റബ്ബറും അടക്കം ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ഇത്രയും വലിയ സാമ്പത്തിക പരിതഃസ്ഥിതിയെ മുമ്പിൽവച്ചുകൊണ്ടാണോ കരുണാകരൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറിന് ശ്രീ. ആൻറണിയുടെ ഗ്രൂപ്പിൽപ്പെട്ട ആളുകളും ശ്രീ. മാണിയുടെ ഗ്രൂപ്പിൽപ്പെട്ട ആളുകളും പങ്കാളികളായതെന്ന് ചോദിക്കാനാഗ്രഹിക്കുകയാണ്. 1980-81, 1981-82 വർഷങ്ങളിൽ ഈ നിയമസഭയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയപരിപാടികൾ ഗവർണ്ണർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ആ പരിപാടികൾ വായിച്ചിട്ടുണ്ടോ? ജനങ്ങളുടെ പുരോഗതിക്കാവശ്യമായ കൃഷിക്കാരുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിച്ചുകൊടുക്കുന്നതിനെക്കുറിച്ചും അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായവില കിട്ടുന്നതിനെക്കുറിച്ചും കടബാദ്ധ്യത വെട്ടിക്കുറക്കുന്നതിനെക്കുറിച്ചുംതൊഴിലില്ലാത്തചെറുപ്പക്കാർക്ക് തൊഴിലില്ലായ്മവേതനം നൽകിന്നതിനെക്കുറിച്ചും അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ജനക്ഷേമകരമായ അത്തരം പദ്ധതികളൊന്നും ഈ പ്രസംഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കാണാൻ കഴിയുകയില്ല. അധികാരകേന്ദ്രീകരണത്തിനുവേണ്ടി ഇരിക്കുന്ന പാർട്ടി അധികാരവികേന്ദ്രീകരണത്തെ അനുകൂലിക്കുകയില്ലെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽക്കൂടി വ്യക്തമായിരിക്കുന്നു. ജനാധിപത്യത്തേയും പൗരസ്വാതന്ത്ര്യത്തേയും ജനാധിപത്യാവകാശങ്ങളെയും രക്ഷിക്കാൻ അധികാര വികേന്ദ്രീകരണം നടപ്പാക്കാൻ കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്ന ഒരു പരിപാടിയും നിർദ്ദേശിക്കാത്ത ന്യൂനപക്ഷ ഗവൺമെൻറിൻെറ നന്ദിപ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. വി. വി. ജോസഫ് (മൂവാററുപുഴ) : രാഷ്ടീയ കൊലപാതകങ്ങളുടെയും കാളരാത്രി അവസാനിച്ചിട്ട് ജനാധിപത്യപുലരിയുടെ ശംഖുനാദം മുഴങ്ങിയ ഗവർണ്ണരുടെ പ്രസംഗത്തിനുള്ള കൃതജ്ഞതാപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ന്യൂനപക്ഷ ഗവൺമെൻറ്, ജനവിരുദ്ധ ഗവൺമെൻറ് എന്നെല്ലാം പ്രതിപക്ഷം ഇവിടെ പറയുകയുണ്ടായി. ഒരു വോട്ടിൻെറ ഭൂരിപക്ഷം ഭൂരിപക്ഷമല്ലെന്ന് കണക്കിൻെറ ആദ്യപാഠം അറിയാവുന്ന ആരും പറയുകയില്ല. 71-ാമത്തെ വോട്ട് ആരുടേതാണെന്ന് രാഷ്ട്രീയത്തിൽ ഒരു പ്രശ്നമല്ല. രാഷ്ട്രീയ സദാചാരത്തെപ്പററി പറയാനുള്ള, രാഷ്ട്രീയത്തിലെ ധർമ്മ അധർമ്മത്തെപ്പററി പറയാനുള്ള എല്ലാ അവകാശങ്ങളും ഉപേക്ഷിച്ചുകൊണ്ട് അവസരവാദരാഷ്ട്രീയത്തിൻെറ ബലിപീഠത്തിൽ ഹോമിച്ചിട്ടുള്ള പാർട്ടികളാണ് ഇന്ന് ഇൻഡ്യയിൽ എല്ലായിടത്തും ഭരിക്കുന്നത്. ചാക്കിട്ട് പിടുത്തത്തെക്കുറിച്ചും മററും ധാർമ്മിക രോഷംകൊള്ളാൻ പ്രതിപക്ഷത്തിന് എന്ത് അവകാശമാണുള്ളത്? 1970-ൽ അച്ചുതമേനോൻെറ മന്ത്രിസഭാകാലത്ത് എൻെറ നിയോജകമണ്ഡലത്തിലെ എം. എൽ. എ. ആയിരുന്ന ശ്രീ. കെ. സി. സഖറിയായെ മാർക്സിസ്ററ് പാർട്ടിക്കാർ ചാക്കിട്ട് പിടിക്കുകയുണ്ടായി. അന്ന് എം. എൽ. എ. ക്വാർട്ടേഴ്സിൽ വീട് തടങ്കലിൽ ആയിരുന്ന അദ്ദേഹത്തെ കാണാൻപോലും ആ നിയോജകമണ്ഡലത്തിൽനിന്ന് വന്ന ഞങ്ങളെ ആരേയും അനുവദിച്ചിട്ടില്ല. മൂന്നു ദിവസംകഴിഞ്ഞ് അദ്ദേഹത്തിൻെറ വീട്ടിൽ ചെന്നപ്പോൾ മാർക്സിസ്ററ് കമ്മ്യൂണിസ്ററ്പാർട്ടിയിലെ ആളുകൾ വളഞ്ഞുവച്ചു. അന്നു മന്ത്രിയായിരുന്ന കെ. ടി. ജേക്കബ്ബിനു പോലും പോലീസ് സഹായത്തോടുകൂടി മാത്രമേ അദ്ദേഹത്തെ കാണാൻ സാധിച്ചുള്ളൂ. അതുപോലെതന്നെ ഭൂരിപക്ഷം നഷ്ടപ്പെട്ട അച്ച്യുതമേനോൻെറ മന്ത്രിസഭാകാലത്ത് കേരളാ കോൺഗ്രസിൻെറ എം. എൽ. എ. ആയിരുന്ന എം. ഐ. മാർക്കോസിനെ ചാക്കിൽക്കേററി ഭൂരിപക്ഷം ഉണ്ടാക്കിയ സി.പി.ഐ. കാർക്ക് ഇന്ന് ചാക്കിട്ടുപിടുത്തത്തെക്കുറിച്ച് പറയാൻ എന്താണ് അവകാശം? ശ്രീമതി ഇന്ദിരാഗാന്ധിയുടെയും ചരൺസിംഗിൻെറയും ആസാമിലെയും ന്യൂനപക്ഷ മന്ത്രിസഭകൾക്ക് പിന്തുണ നൽകിയിട്ടുള്ള മാർക്സിസ്ററ് പാർട്ടിക്ക് ന്യൂനപക്ഷത്തെപ്പററിപറയാൻ എന്ത് അവകാശമാണുള്ളത്. ശ്രീ. പി. ടി. ചാക്കോയെ രാഷ്ട്രീയ തേജോവധം ചെയ്യാൻ മുന്നോട്ടുവന്ന ആളുകൾ ഇന്ന് ചെകുത്താൻവേദമോതുന്നതുപോലെ അദ്ദേഹത്തെ പ്രകീർത്തിക്കുന്നത് ഒരു അടവായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. ബസ്സുകൾ തീ വെച്ചാൽ, കല്ലെറിഞ്ഞാൽ, ടയറുകൾ കുത്തിക്കീറിയാൽ, വൈസ് ചാൻസലറെ കൊല്ലാൻ ശ്രമിച്ചാൽ, സെനററ് ഹാൾ കയ്യേറിയാൽ അങ്ങനെയുള്ളവർക്ക് അടിയല്ലാതെ പൂമാലയാണോ കൊടുക്കേണ്ടത്? കൊട്ടാരക്കര ട്രാൻസ്പോർട്ട് ബസ്സ്ററാൻറിൽ തകർന്ന് കിടക്കുന്ന ട്രാൻസ്പോർട്ട് ബസ്സിൻെറ അസ്ഥിപഞ്ജരം കാണാനുണ്ട്. നൂറുകണക്കിന് ആളുകളെ കയററി ഇറക്കി ജനസേവനം നടത്തിയ ആ വന്ദ്യമാതാവിൻെറ അസ്ഥിപഞ്ജരം കേരളമൊട്ടാകെ പ്രദർശിപ്പിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അങ്ങനെ പ്രദർശിപ്പിച്ചാൽ അടുത്ത തെരഞ്ഞെടുപ്പിൽ ജനാധിപത്യമുന്നണിയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം പ്രചരണത്തിന്റെ മററ് യാതൊരു ആവശ്യവുമില്ല. ഈ ഗവൺമെൻറിന്റെ ചെയ്തികളെപ്പററി പ്രതിപക്ഷത്തിന് ഒന്നും പറയാനില്ല. ഇന്ന് മാർക്ക് ലിസ്ററ് കേസ്സിൽ ഈ ഗവൺമെൻറ് എടുത്തിട്ടുള്ള ധീരമായ നടപടിയെക്കുറിച്ച് ഒന്നും പറയാനില്ല. ഷോപ്പ് കോൺട്രാക്ടർമാർ പുറത്തുനിന്ന് കള്ള പെർമിററ് ഉണ്ടാക്കി സ്പിരിററ് കൊണ്ടുവന്നപ്പോൾ അതിനെതിരായി ഒരു ചെറുവിരൽ അനക്കാൻ അന്നത്തെ ഗവൺമെൻറിന് സാധിച്ചിട്ടുണ്ടോ? മണർക്കാട് പാപ്പനെ അറസ്ററ് ചെയ്യുമെന്ന് വീരവാദം മുഴക്കിയിട്ട് ആ മണർക്കാട് പാപ്പനെ തൊടാൻ നിങ്ങൾക്ക് സാധിച്ചോ? ഏതാനും ഡൂക്കിലി കോൺട്രാക്ടർമാരുടെ പേരിൽ നടപടി സ്വീകരിക്കാനേ അന്നത്തെ ഗവൺമെൻറിനു കഴിഞ്ഞിട്ടുള്ളൂ. എറണാകുളം പട്ടണത്തിലെ പതിനാലുനില കെട്ടിടത്തിൽ അമ്പതിലധികം ഡോക്ടർമാരെവച്ച് ഡിസ്പെൻസറി നടത്തുന്ന പുളിക്കനെപോലുള്ള വമ്പൻമാരായ ആളുകളെ കയ്യാമം വച്ച് കൽതുറുങ്കിൽ അടയ്ക്കാൻ ശേഷിയും ശേമുഷിയും പ്രദർശിപ്പിച്ച ഗവൺമെൻറാണ് ഇന്ന് ഇവിടെ ഭരിക്കുന്നത്. രാത്രി മുഴുവൻ മണ്ണെണ്ണവിളക്കിനുമുമ്പിലിരുന്ന് പഠിക്കുന്ന പാവപ്പെട്ട കുട്ടികളുടെ സ്ഥിതി ഇന്ന് എന്താണ്? അവന് പൂജ്യം മാർക്ക്. അവർക്ക് ഡോക്ടറാകാനും എൻജിനീയറാകാനും പററാത്ത സാഹചര്യമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. കഞ്ചാവും സെഞ്ചുബറീസും മററും കഴിച്ചു നടക്കുന്ന പണക്കാരന്റെ മക്കൾക്ക് ഡോക്ടറാകാനും എൻജിനീയറാകാനുമുള്ള സംവിധാനം ഉണ്ടാക്കിക്കൊടുത്ത ഉന്നതൻമാരായ ആളുകളുടെ പേരിൽ നടപടി സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമെന്ന് ഞാൻ കരുതുകയാണ്. സി. പി. ഐ. നേതാവ് സിൻഡിക്കേററ് മെമ്പർ ഇറവങ്കര ഗോപാലക്കുറുപ്പിന്റെ സന്തത സഹപാഠിയായ അശോകനെപ്പോലെയുള്ള ആളുകളുടെ ഉപജാപകസംഘം കഴിഞ്ഞ കുറെവർഷങ്ങളായി യൂണിവേഴ്സിററിയിൽ നടത്തിയ കൊള്ളരുതായ്മയെ സംബന്ധിച്ച് മാർക്ക്ലിസ്ററ് തിരുത്തിയതു സംബന്ധിച്ച് കണ്ടുപിടിക്കാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. അഴിമതി ഇല്ലാതാക്കാൻ ഈ ഗവൺമെൻറിന് സാധിച്ചിട്ടുണ്ട്. ഭരണം പൊളിച്ചതിനെപ്പററി മനോരമയെ കുററം പറഞ്ഞു. മനോരമയാണ് ഈ ഭരണം പൊളിച്ചതെന്ന് ശ്രീ. എസ്തോസ് പറഞ്ഞു. സ്വന്തം ഭാര്യയെ പൊറുപ്പിക്കാൻ കഴിവില്ലാത്തതുകൊണ്ട് ആ ഭാര്യ മററാരുടേയെങ്കിലും കൂടെ പോയാൽ അയൽപക്കക്കാരന്റെ നേരെ കൊഞ്ഞണംകുത്തിയിട്ട് എന്താണ് പ്രയോജനമെന്ന് ചോദിക്കാനാഗ്രഹിക്കുകയാണ്. പണിമുടക്കിനെ സംബന്ധിച്ച് വളരെ വാചാലമായി ഇവിടെ പ്രസംഗിച്ചു. 19-ാം തീയതി നടന്ന പണിമുടക്കിൽ കാഞ്ഞിരപ്പുഴ ലാത്തിച്ചാർജ്ജ് നടന്നു. 120 പേരുടെ പേരിൽ കേസ് എടുത്തുവെന്ന് വിലപിക്കുന്നതുകേട്ടു. കട തുറന്നുവച്ചിരുന്ന മർച്ചൻറ് അസോസിയേഷൻ പ്രസിഡൻറിന്റെ കടയ്ക്ക് നേരെ മാർക്സിസ്ററ് പാർട്ടിയിലെ ആളുകൾ കല്ലെറിഞ്ഞതിനെക്കുറിച്ച് അങ്ങേയ്ക്ക് ന്യായീകരിക്കാൻ കഴിയുമോ ?

പണിമുടക്കെന്നു പറഞ്ഞാൽ ബന്താണോ ? കടയിലെ തൊഴിലാളികളാണ് പണിമുടക്കുന്നത്. അതേസമയത്ത് മുതലാളി പണിമുടക്കിൽ പങ്കെടുക്കുന്നില്ല. ആ മുതലാളി അല്ലെങ്കിൽ കട ഉടമസ്ഥന് കട തുറന്നു വയ്ക്കാനുള്ള അവകാശമില്ലേ? അങ്ങനെ കട തുറന്നു വച്ചിരുന്ന കട ഉടമസ്ഥന്റെ നേരെ കല്ലെറിഞ്ഞതിന്റെ പേരിലാണ് അവിടെ കേസ്സെടുത്തിട്ടുള്ളത്. ഞങ്ങൾ ഇപ്പുറത്തിരിക്കുന്ന ആളുകളാരും പോലീസിനെ സ്വാധീനിക്കുകയോ കേസെടുക്കാൻ പറയുകയോ ചെയ്തിട്ടില്ല. ഞങ്ങൾ ജനാധിപത്യ വിശ്വാസികൾ പോലീസിനെ ഉപയോഗിച്ചുകൊണ്ടുള്ള യാതൊരു രാഷ്ട്രീയ പ്രവർത്തനങ്ങളും ആഗ്രഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്ത് വളരെയേറെ പ്രശ്നങ്ങളുണ്ട്. അഭ്യസ്തവിദ്യരായ ജനങ്ങളുടെ തൊഴിലില്ലായ്മയും സമൂഹത്തെ കാർന്നു തിന്നുന്ന അഴിമതിയുമാണ് നമ്മുടെ നാട്ടിലെ കാതലായ പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റാണ് ഇവിടെ അധികാരത്തിലിരിക്കുന്നത്. ആ ഗവൺമെന്റിന്റെ ചെയ്തികളെക്കുറിച്ച് യാതൊന്നുംപറയാതെ പറഞ്ഞു പറഞ്ഞ് പഴകി തുരുമ്പിച്ച ന്യൂനപക്ഷമെന്നും, കാലുമാററമെന്നും കൂറുമാററമെന്നുമുള്ള പഴയ ആ ആവനാഴിയിലെ പഴകിയ അസ്ത്രങ്ങൾ വീണ്ടും വീണ്ടും ഉപയോഗിക്കുന്ന ദയനീയമായ കാഴ്ചയാണ് ഇവിടെ കാണാൻ സാധിക്കുന്നത്.

കർഷക തൊഴിലാളി പെൻഷനെപ്പററി ഈ ഗവൺമെന്റ് ഒന്നും പറഞ്ഞില്ല എന്നു പറഞ്ഞു. നിങ്ങളുടെ ഗവൺമെന്റല്ലേ അതു നിറുത്തലാക്കിയത്? കഴിഞ്ഞ കാലത്തു ഭരിച്ചിരുന്ന ശ്രീമാൻ ഇ. കെ. നായനാരുടെ ഗവൺമെന്റ്, ഒരു ക്യാബിനററിന്റെ തീരുമാനത്തോടുകൂടിയാണ് അതു മാററിവച്ചത്. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ പേരിൽ അത് പരിശോധിക്കാൻ ഏർപ്പെടുത്തിയിട്ട്, എറണാകുളത്ത് ശ്രീമാൻ ടി. കെ. രാമകൃഷ്ണന്റെ കൈയിൽനിന്ന് പെൻഷൻ വാങ്ങിച്ച കർഷകത്തൊഴിലാളികൾക്ക് പോലും പെൻഷൻ ലഭിക്കാത്ത ദുരവസ്ഥ വന്നിരിക്കുകയാണ്. അതുപോലെതന്നെ കഴിഞ്ഞകാല ഗവൺമെന്റ് അനുവദിച്ച പല നല്ല പരിപാടികളും നടപ്പിലാക്കാൻ കാര്യക്ഷമതാരാഹിത്യംകൊണ്ട് സാധിച്ചിട്ടില്ല.

അതുപോലെതന്നെ തെങ്ങുവെട്ടു പരിപാടി. പത്തും പതിനഞ്ചും രൂപ മുടക്കി തെങ്ങുവെട്ടിയ പാവപ്പെട്ട ആളുകൾ ഇന്ന് പണംകിട്ടാതെ നമ്മുടെ നാട്ടിൽ അലഞ്ഞുതിരിയുകയാണ്. അതുപോലെതന്നെ തൊഴിലില്ലായ്മാവേതനം. അതൊന്നും കൊടുക്കുകയില്ലായെന്ന് ഈ ഗവൺമെന്റ് പറഞ്ഞിട്ടില്ല. കർഷക തൊഴിലാളി പെൻഷനും തൊഴിലില്ലായ്മാ വേതനവും ശരിയായ രീതിയിലുള്ള സംവിധാനം ഉണ്ടാക്കി, നടപ്പിൽ വരുത്തുവാനുള്ള പരിപാടികൾ ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഈ ഗവൺമെന്റിനെ ഇവിടെനിന്ന് പുറത്താക്കുമെന്ന് പറയുന്നതു കേട്ടു. ഇവിടെ ഒരു കെയർ ടേക്കർ ഗവൺമെന്റ് അധികാരത്തിലിരുന്നാൽ ആ ഗവൺമെന്റിനെ ചവിട്ടി പുറത്താക്കുമെന്ന് മാർക്സിസ്ററു പാർട്ടി കഴിഞ്ഞ ദിവസം പ്രമേയം പാസാക്കിയതായി ഞാൻ വായിക്കുകയുണ്ടായി. കരുണാകരന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ ഉണ്ടാക്കിയാൽ ആയിരങ്ങളുടെ പതിനായിരങ്ങളുടെ ശവശരീരത്തിന്റെ മുകളിൽക്കൂടി മാത്രമേ സെക്രട്ടേറിയററിലേക്ക് കടത്തിവിടുകയുള്ളു എന്ന് ശ്രീമാൻ പി. വി. കുഞ്ഞിക്കണ്ണൻ പറഞ്ഞിട്ട്, ശ്രീമാൻ കരുണാകരൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് ഇത്രയും കാലം ഇവിടെ ഭരിച്ചിട്ട്, ഒരു ഈച്ചയെപോലും അനക്കാൻ പ്രതിപക്ഷത്തിന് ഇതുവരെ സാധിച്ചിട്ടില്ല. അങ്ങനെയുള്ള പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം യാതൊരുവിധ പരിപാടികളും ഈ ഗവൺമെന്റിനെതിരായി സംഘടിപ്പിക്കാൻ കഴിയുകയില്ലായെന്ന് ഞങ്ങൾക്ക് ആത്മവിശ്വാസമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ജനവിരുദ്ധമായിട്ടുള്ള പരിപാടികൾ നടത്തിയിട്ടുള്ള പ്രതിപക്ഷത്തിന് ജനങ്ങളെ സംഘടിപ്പിച്ച് മുന്നോട്ടുപോകാൻ സാദ്ധ്യമല്ല. തെരഞ്ഞെടുപ്പിനെ നേരിടാമെന്നും, തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷമുണ്ടാക്കാമെന്നും, ആത്മവിശ്വാസത്തോടുകൂടി മുന്നോട്ടുപോകാനും പ്രതിജ്ഞാബദ്ധമായ ഒരു മുന്നണിയാണ് ഈ വശത്തിരിക്കുന്നതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയുള്ള ഒരു ഗവൺമെന്റ് ഇവിടെ അധികാരത്തിലിരിക്കുന്നി

ടത്തോളംകാലം ഈ രാജ്യത്തെ ജനങ്ങളെ പേടിക്കേണ്ട യാതൊരു കാര്യവും ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമില്ല. ഈ ഗവൺമെൻറിന് ഭൂരിപക്ഷമുണ്ട്. ആ ഭൂരിപക്ഷത്തിൻെറ അടിസ്ഥാനത്തിലാണ് ഈ ഗവൺമെൻറ് മുന്നോട്ടുപോകുന്നത്, ഈ ഗവൺമെൻറിന് പല പരിപാടികളുമുണ്ട്. കഴിഞ്ഞകാലങ്ങളിൽ ഗവൺമെൻറിനെ പിന്താങ്ങിയിരുന്ന ആളുകൾ ആ പരിപാടികളെക്കുറിച്ച് യാതൊന്നും അവരുടെ പ്രസംഗങ്ങളിൽ പറയുന്നില്ല. കരചരണാദികൾ ഛേദിക്കപ്പെട്ട് റോഡിൽ വലിച്ചെറിയപ്പെട്ട വാസവദത്ത ഉപഗുപ്തനെ അന്വേഷിച്ച് തോഴിയെ പറഞ്ഞയച്ചതുപോലെ ജനതാപാർട്ടിയുടെ പുറകേയും മററും അനുചരൻമാരേയും ദൂതൻമാരേയും അയച്ച് നിരാശാബോധത്തോടുകൂടി തിരിച്ചുവന്നപ്പോൾ, ഈ ഗവൺമെൻറിനെ താഴെയിറക്കാൻ രക്തരൂക്ഷിതമായ വിപ്ലവം ഉണ്ടാകുമെന്ന് പറയുകയാണ്. ആ രക്തരൂക്ഷിതമായ വിപ്ലവമൊന്നും ഈ നാട്ടിൽ ഉതകാൻ പോകുന്നില്ല, ഈ നാട്ടിൽ ഫലപ്രദമാകാൻ പോകുന്നില്ലായെന്നു പറഞ്ഞുകൊണ്ട്, നമ്മുടെ നാട്ടിൻെറ പുരോഗതിക്കും ജനങ്ങളുടെ പുരോഗതിക്കും ഉതകുന്ന നയപരിപാടികളും പ്രസ്താവനകളും ഉൾക്കൊള്ളുന്ന അന്തസ്സുററ ഗവർണറുടെ നയപ്രഖ്യാപനത്തിന് അവതരിപ്പിച്ചിരിക്കുന്ന ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ഇ. കെ. പിള്ള : സർ, ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുന്നു. ഈ പ്രസംഗത്തിലുള്ള പ്രധാനപ്പെട്ട ചില പ്രശ്നങ്ങളെ സംബന്ധിച്ച് സംസാരിക്കണമെന്ന് എനിക്കാഗ്രഹമുണ്ടെങ്കിലും സമയക്കുറവുകൊണ്ട് ഞാൻ ആ ഭാഗത്തേക്കു കടക്കുന്നില്ല. മലയോര കൃഷിക്കാർക്ക് പട്ടയംകൊടുക്കാൻ കഴിഞ്ഞ ഗവൺമെൻറ് സ്വീകരിച്ചുവന്ന നടപടികൾ ഈ ഗവൺമെൻറ് അധികാരത്തിൽവന്ന ഉടനെതന്നെ, ഇടുക്കി കളക്ടറെ വിളിച്ചു നിറുത്തി വയ്പിച്ചു. കേരളാ കോൺഗ്രസ്സിൻെറ പ്രമേയംപോലും അത് ഉടനെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

വിദ്യാഭ്യാസ രംഗത്താണെങ്കിൽ അംഗീകൃത സ്കൂളുകളെന്നു പറഞ്ഞ് ഒരു മാതിരി പുതിയ സ്കൂളുകൾ—കഴിഞ്ഞ ഗവൺമെൻറ് തുടങ്ങാൻ പാടില്ലായെന്ന് പറഞ്ഞ സ്കൂളുകൾ—തുടങ്ങാനുള്ള ആരംഭം കുറിച്ചിരിക്കുകയാണ്. അതിൻെറ വിശദാംശങ്ങളെ കുറിച്ചൊന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. മന്ത്രിമാർതന്നെ സഞ്ചരിക്കുന്ന സ്ഥലങ്ങളിൽ ചെന്നാൽ മുറികൾ കിട്ടുന്നില്ല എന്നു പറഞ്ഞാൽ.........

(ബഹളം)

ജനങ്ങളുടെ സമരങ്ങളെ സംബന്ധിച്ചിടത്തോളം അടിച്ചമർത്തുന്നതിന് ഈ ഗവൺമെൻറ് ചില സമീപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ആ ഭാഗങ്ങളെ സംബന്ധിച്ചൊന്നും വിശദമായി പരാമർശിക്കാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒരു കാര്യം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങേ ഭാഗത്തുനിന്ന് ചില ജനാധിപത്യ വാദികൾ ഇവിടെ ചില വാദങ്ങൾ ഉന്നയിച്ചു. 1957-ലും, 1967-ലും 80-ലും കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വന്നപ്പോൾ ഭരിക്കാൻ അറിയാത്തതുകൊണ്ട് അവർ പോയി എന്നാണ് വാദം. ഞാൻ വിനയാന്വിതനായി അപ്പുറത്തിരിക്കുന്ന ആളുകളോട് ചരിത്രത്തിൻെറ ഏടുകൾ നോക്കാൻ പറയുകയാണ്. 1947-ൽ സ്വാതന്ത്ര്യം കിട്ടിയതിനുശേഷം തിരുവിതാംകൂറിൽ ആദ്യമായി ഒരു ഗവൺമെൻറ് വന്നത് താണുപിള്ള സാറിൻെറ നേതൃത്വത്തിലാണ്. 108-ൽ 108-ഉം കോൺഗ്രസ്സാണ്. ആറുമാസം കഴിയുന്നതിനുമുമ്പ് ആ ഗവൺമെൻറിനെ അടിച്ചു വീഴ്ത്തിയ ശക്തി കമ്മ്യൂണിസ്ററാണോ ? ശാന്തമായി നിങ്ങൾ ആലോചിക്കണം. 1956-ൽ ശ്രീ. പനംപള്ളി ഗോവിന്ദമേനോൻ ഈ സഭയിൽനിന്ന് പറഞ്ഞ കാര്യങ്ങൾ നമുക്ക് നല്ലവണ്ണം

LIBRARY ARCHIVES Kerala Legislative Assembly

അറിയാം. 'എൻെറ പാർട്ടിയിൽപ്പെട്ട ആറ് എം. എൽ. എ. മാർ രാജിവച്ചു പോയിരിക്കുന്നതുകൊണ്ട് ഭരണം തുടരാൻ വയ്യായെന്ന്'' അദ്ദേഹം പറഞ്ഞു.

'മണപ്പിച്ച് ചുംബിച്ച് നക്കി കടിച്ചിട്ടി-
ണങ്ങാതെ ദൂരത്തെറിഞ്ഞാൻ കുരങ്ങൻ
മണിശ്രേഷ്ഠമാഴ്കൊല്ല നിന്നുള്ളു കാണ്മാൻ
പണിപ്പെട്ടുടയ്ക്കാഞ്ഞതേ നിൻെറ ഭാഗ്യം.'

എന്നാണ് അദ്ദേഹം പറഞ്ഞത്. 1960 നോക്കൂ! പട്ടംതാണുപിള്ള സാറിൻെറ ഗവൺമെൻറിനെ ഒഴിവാക്കിയിട്ട്, വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വന്ന ശങ്കറിൻെറ മന്ത്രിസഭയെ ഒഴിവാക്കുന്നതിനുവേണ്ടി, 1964-ൽ ശങ്കറിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭയെ താഴെ പററിക്കുന്നതിനുവേണ്ടി അന്നു നടന്ന വാദപ്രതിവാദങ്ങൾ കോൺഗ്രസിൻെറ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ സമയംപോലെ ഒന്ന് എടുത്ത് വായിച്ചുനോക്കണം. നാക്കിന് വേണ്ടിടത്തോളം നീളമുള്ള ശ്രീ. സി. എം. സ്ററീഫൻ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ശ്രീ. സ്ററീഫനെ സംബന്ധിച്ച്, കോൺഗ്രസ്സുകാർക്കുള്ള വിലയിരുത്തൽ ഞാൻ വായിക്കുകയാണ്. 'ഈ മന്ത്രിസഭയിൽനിന്ന് ശ്രീ. പി. ടി. ചാക്കോ പോയതിനുശേഷം ശ്രീ. സ്ററീഫൻ എന്നോടു പറഞ്ഞ കാര്യം ഞാൻ മറന്നിട്ടില്ല' ആരാണത് പറയുന്നത് ? ശ്രീ. കെ. എം. ജോർജ് ! 'ശങ്കറിനെ എങ്ങനെ വിശ്വസിക്കാൻ കഴിയും ജോർജ്'' ? 'അദ്ദേഹം നല്ല മനുഷ്യനാണ്, കുഴപ്പമൊന്നും ഉണ്ടാക്കുകയില്ലെന്ന്'' ഞാൻ പറഞ്ഞു. അദ്ദേഹം കള്ളനാണ്, കൊള്ളക്കാരനാണ്, അരിയെങ്കിൽ അരി, തുണിയെങ്കിൽ തുണി, പഞ്ചസാരയെങ്കിൽ പഞ്ചസാര അങ്ങനെ അവരവരുടെ വിഹിതം പററിക്കൊണ്ട് നടക്കുന്നവരാണ് കോൺഗ്രസ്സുകാരെന്ന്'' അന്ന് നിയമസഭയിൽ കേട്ടതാണ്.

(ബഹളം)

സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിൻെറ അന്തസ്സ് വെട്ടിവീഴുത്തുന്ന ചിത്രമാണ് ഞങ്ങൾ കണ്ടത്. കേരളത്തിൽ അത് ആവർത്തിക്കുന്നു എന്നാണ് ഞാൻ പറയുന്നത്. കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വന്നാൽ, ഭരിക്കാൻ കൊള്ളരുതാത്തവരായതുകൊണ്ട് അവർ ഭരണംകളഞ്ഞു കുളിക്കുന്നുവെന്ന് സ്വന്തം കുതികാൽവെട്ടി ശീലിച്ച കോൺഗ്രസ്സ്, പിന്നീട് മററുള്ളവരെ കിട്ടിയപ്പോൾ അവരുടെ കാല് വെട്ടി ശീലിച്ച കോൺഗ്രസ്സ് ഈ രാജ്യത്ത് ഈ കാര്യം പറഞ്ഞുകൊണ്ട് നടക്കുന്നത് അവർക്ക് ചരിത്രം അറിഞ്ഞുകൂടാത്തതുകൊണ്ടാണെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ കോപിക്കരുത്.

നമ്മുടെ സംസ്ഥാനത്തെ പ്രതിസന്ധിയെക്കുറിച്ച്—ആ വാക്ക് ഞാൻ ഉപയോഗിക്കുമ്പോൾ—അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ അഖിലേന്ത്യാ പശ്ചാത്തലം ഒന്ന് മനസ്സിലാക്കണം. 1947-ലും 1956 ലും 1960-ലും സംസ്ഥാനങ്ങളിലെ ഗവൺമെൻറുകളെ ഒരുപക്ഷേ മറിക്കാനോ മാററാനോ നിങ്ങൾക്ക് ശ്രമിക്കാം. പക്ഷേ അന്നത്തെ സ്ഥിതിയല്ല ഇന്ന്. ഗാന്ധിജി പറഞ്ഞതെന്താണ് ? സ്വാതന്ത്ര്യം കിട്ടിയാൽ സ്വതന്ത്ര ഭാരതത്തിൽ വീടില്ലാത്തവന് വീടുണ്ടാകും. വസ്ത്രമില്ലാത്തവന് വസ്ത്രമുണ്ടാകും. ഭക്ഷണമില്ലാത്തവന് ഭക്ഷണമുണ്ടാകും എന്നാണ്. ആ ഗാന്ധിജിയുടെ നാട്ടിൻെറ ഇന്നത്തെ സ്ഥിതി എന്താണെന്ന് ശ്രീ. എസ്. തോമസ് ഇവിടെ വായിച്ച് കേൾപ്പിച്ചു. ദാരിദ്ര്യരേഖയ്ക്കു താഴെ താമസിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന് അദ്ദേഹം വായിച്ചു. ആരാ പറഞ്ഞത് രാഷ്ട്രപതി പറഞ്ഞതാണ്. നവഭാരതത്തിന്റെ ശിൽപ്പിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന നെഹ്റു എന്താണ് പറഞ്ഞത്? 'സ്വാതന്ത്ര്യം സമാധാനം, ജനാധിപത്യം, സോഷ്യലിസം, മതേതരത്വം, ചേരിചേരായ്മ എന്നീ ആറ് തൂണുകളിൽ നവഭാരതം സൃഷ്ടിക്കാൻ പോകുന്നു, എന്നാണ് അദ്ദേഹം പറഞ്ഞത്. നെഹ്റു ഇന്നു ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ, അദ്ദേഹം അടിത്തറ പാകിയ ആറ് തൂണുകളിൽ ചേരിചേരായ്മയല്ലാത്ത മറ്റെല്ലാ തൂണുകളുടെയും അസ്ഥിവാരം ശ്രീമാൻ കരുണാകരന്റെ നേതാവ് ഇന്ദിരാഗാന്ധിയും കുടുംബവും കൂടി ഇന്ന് പറിച്ചെടുത്തിരിക്കുകയാണ്. ചേരിചേരായ്മാനയത്തിൽ വെള്ളം ചേർത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്തിന് ചുറ്റും യുദ്ധത്തിന്റെ കാർമേഘങ്ങൾ ഉരുണ്ടുകൂടുന്നു. സംസ്ഥാനങ്ങൾ ഇന്ന് ശിഥിലീകരണ പ്രക്രിയയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

മതവർഗ്ഗീയ സംഘടനകൾ തലപൊക്കുന്നു. തൊഴിലാളികളും കൃഷിക്കാരും പാപ്പരായിക്കൊണ്ടിരിക്കുന്നു. വ്യവസ്ഥാപിത നിയമങ്ങളെപ്പോലും കാററിൽ പറത്തുന്നു. എന്തിന് ഒററവാക്കിൽ പറഞ്ഞാൽ നമ്മുടെ രാജ്യത്ത് കോടാനുകോടി ജനങ്ങൾ ജീവിത ദുസ്സഹം അനുഭവിച്ചുവരുന്നു. അതിന്റെ ഒരു നേരിയ രൂപം കണ്ടിട്ടാണ് നിങ്ങൾ കർമ്മയോഗി എന്ന് വിശേഷിപ്പിച്ച ആന്റണി ഈ രാജ്യത്ത് ഒരു ബദൽ സംവിധാനം വേണമെന്നു പറഞ്ഞത്. ആ ആന്റണി ഇപ്പോൾ എവിടെ നിൽക്കുന്നു എന്നു ഞാൻ അടുത്ത വരിയിൽ പറയാം. ഞാൻ നിങ്ങളോടു ചോദിക്കുന്നത്, അന്ന് ആന്റണി പറഞ്ഞ സാഹചര്യം ഇപ്പോൾ കുറെക്കൂടി മൂർഛിച്ചിട്ടുണ്ടോ, അതോ ഇല്ലാതായിട്ടുണ്ടോ? ഞങ്ങളുടെ അഭിപ്രായത്തിൽ ഇൻഡ്യയിൽ ജനാധിപത്യം നശിക്കുന്നു, സ്വേച്ഛാധിപത്യം വളരുന്നു, കുടുംബ വാഴ്ച വരുന്നു. ആന്റണി അന്നു പറഞ്ഞ എല്ലാ കാര്യങ്ങളും കൂടുതൽ മൂർച്ഛിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യയിലെ കോടാനുകോടി ജനങ്ങളെ യോജിപ്പിച്ച് ഒരു നയത്തിനെതിരായി പോരാടുക എന്നുള്ള ഇന്ത്യയിലെ ജനങ്ങളെ അവകാശ സമരത്തിനു രൂപം കൊടുക്കുന്ന അതിന്റെ ഒരു രൂപമാണ് ഇന്ത്യയിൽ വളർന്നു വരുന്ന ഇടതുപക്ഷ ജനാധിപത്യ ബദൽ സംവിധാനം. ആ ബദൽ സംവിധാനം ആന്റണി അംഗീകരിച്ചതായിരുന്നു. ആ ബദൽ സംവിധാനത്തിന്റെ പ്രസക്തി ഇന്നും വർദ്ധിച്ചു വരുന്ന കാലഘട്ടത്തിൽ ബഹുമാന്യനായ ആന്റണിയോട്, ഉമ്മൻ ചാണ്ടിയോട് വളരെ വിനീതമായി ഞാൻ ചോദിക്കുന്നത് ഈ സാഹചര്യം കണ്ടിട്ട് നിങ്ങൾ ഈ ദേശീയ ബദലിനുവേണ്ടി കൂടുതൽ ശക്തമായും കൂടുതൽ മൂർച്ഛയോടുകൂടിയും പ്രവർത്തിക്കേണ്ട ഘട്ടത്തിൽ നിങ്ങൾ എന്തുകൊണ്ട് പുറത്തുപോയി എന്നുള്ളതിനെപ്പററി നെഞ്ചിൽ കൈവച്ച് ആത്മാർത്ഥമായി ചിന്തിക്കണമെന്നാണ് ഞാൻ പറയുന്നത്. ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കുകയാണ്. എന്റെ മുമ്പിലിരിക്കുന്ന ചന്ദ്രശേഖരനും ജനതാ പാർട്ടിയും, ഇവിടെ ഇരിക്കുന്ന ഷൺമുഖദാസിന്റെ അഖിലേൻഡ്യാ കോൺഗ്രസ്സും ഇന്ന് ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ എന്തു ദുസ്സഹമുണ്ടായാലും ശരി താൽക്കാലിക പ്രതിസന്ധിയിൽ എന്തായാലും ഉറച്ചു നിൽക്കണമെന്ന് അവരെ പ്രേരിപ്പിച്ച ചിന്താഗതി ഈ പറഞ്ഞ അഖിലേൻന്ത്യാ പശ്ചാത്തലമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങൾ അവരെ അനുമോദിക്കുന്നു. പക്ഷേ ഈ സാഹചര്യത്തിൽ ആന്റണി വിട്ടുപോയത് അറിയാതെ അല്ല. ആന്റണിയോട് പവാർ വിലക്കി, എന്താണ് പവാർ പറഞ്ഞത്, കേരളമാകുന്ന ഏദൻ തോട്ടത്തിലെ വിലക്കപ്പെട്ട കനി നിങ്ങൾ പറിച്ചു തിന്നരുതെന്നാണ് പറഞ്ഞത്. പക്ഷേ എന്താണ് വന്നത്. അപ്പോഴുണ്ട് വയലാർ രവിയാകുന്ന സാത്താൻ വന്നിരിക്കുന്നു. അദ്ദേഹം പറഞ്ഞു നിങ്ങൾ ഈപഴം പറിച്ചു തിന്നണം, പറിച്ചു തിന്നരുതെന്നു ദൈവം പറയുന്നത് എന്താണെന്ന് വച്ചാൽ,

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പറിച്ചു തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെ ആകും; പറിച്ചു തിന്നാൽ ഇന്ദിരാഗാന്ധിയെപ്പോലെ ആകും; നിങ്ങൾ ഇന്ദിരാഗാന്ധിയെപ്പോലെ ആകാതിരിക്കണമെങ്കിൽ നിങ്ങൾ ഈ കായ് പറിച്ചു തിന്നരുതെന്നാണ്. ആൻറണിക്ക് ആവേശം കൊണ്ടു അദ്ദേഹം ഒരു ഓട്ടം ഓടി. ആ ഓട്ടത്തെപ്പററി എനിക്കു പറയാൻ വയ്യ. ആ വിലക്കപ്പെട്ട കനി പറിച്ചു തിന്നാൽ ഹൗവ്വ ഓടിയ ഓട്ടത്തെപ്പോലെയാണ് കേരള മന്ത്രിസഭയിൽ ചേരാൻ ആൻറണി അവിടെ നിന്നും പവാറിൻെറ ഉപദേശത്തെ തിരസ്ക്കരിച്ചുകൊണ്ട് ഒരു ചാട്ടം ചാടിയത്. അതിനെ ഞാൻ ഒരു പദ്യത്തിൻെറ വരികളിൽ നിങ്ങളെ കേൾപ്പിക്കാനാഗ്രഹിക്കുന്നു.

''വേദവിഹാരത്തിൽ പറയുന്നതെന്താണ് ?

ഇരുമ്പ ചങ്ങലയ്ക്കും ബന്ധിപ്പാൻ വയ്യാമട്ടിൽ
വരമ്പു കടന്നവളാശയാൽ പ്രേരിതയായ്,
ലോകത്തെപുറംകാലാൽ തട്ടിയെറിഞ്ഞിട്ട്
വ്യാധൻെറ വലയിലേക്കോടുന്ന മൃഗംപോലെ''.

അതാ ഇരിക്കുന്നു വ്യാധൻ. കേരളമാകുന്ന ഏദൻതോട്ടത്തിൽ കരുണാകരനാകുന്ന വ്യാധൻ വച്ചിരിക്കുന്ന ജനാധിപത്യ മുന്നണി ആകുന്ന വലയിൽ ഇപ്പോൾ ആൻറണി കിടക്കുകയാണ്. ആൻറണി അവിടെ കിടന്ന് പറയുന്നതെന്താണ്:

''ചെയ്യരുതാത്തത് ചെയ്തവനെങ്കിലും:
നീയെന്നെ തള്ളല്ലേ തമ്പുരാനേ;

നീയെന്നെ തള്ളല്ലേ തമ്പുരാനേ, തമ്പുരാനേ, എന്നു കരുണാകരനെ വിളിച്ചുകൊണ്ട് ആൻറണി ദയനീയ സ്ഥിതിയിൽ അവിടെ കിടന്ന് കരയുന്നത് വളരെ ദയനീയം ആയിരിക്കുന്നു. ഒരു കാലത്ത് വലിയ ഉഗ്രപരാക്രമശാലിയായിരുന്ന ശ്രീ. ആൻറണി കരുണാകരൻെറ വലയിൽ കിടന്ന് ''ഞാവൂ'' ഞാവൂ കരവുതും ചെയ്തവിടെ വലത്താൻ അതാണ് ഇന്ന് ഈ രാജ്യത്തിൻെറ സ്ഥിതി. ഞാനൊന്നു പറയാം, നമ്മുടെ മുമ്പിലിരിക്കുന്ന സുധീരനുൾപ്പെടെ അദ്ദേഹത്തിൻെറ കഴിവുകളെപ്പററി പറയുന്നുണ്ട്. ഞാൻ ഒരു കാര്യമേ പറയുന്നുള്ളൂ. പണ്ടത്തെ കാര്യങ്ങളൊന്നും പറയുന്നില്ല ഈ ഗവർണ്ണർ അധികാരത്തിൽ വന്നതിനുശേഷം ഈ സംസ്ഥാനത്ത് മൂന്നു മന്ത്രിസഭയെ മറിച്ച ആളാണ് ആൻറണി കാലുവാരലിൽ ഇത്രയും വിദഗ്ധനെ ഈ കേരളം ഇതിനുമുമ്പു കണ്ടിട്ടില്ല. സർക്കസ് കൂടാരത്തിൽ ആളുകൾ ഊഞ്ഞാലിലിരിന്നു ആടുന്നതു കാണുമ്പോൾ ആ ഊഞ്ഞാലിൽ ഇരുന്നാൽ കൊള്ളാമെന്നു തോന്നും. കഴിഞ്ഞ പഞ്ചായത്തു മുനിസിപ്പൽ തെരഞ്ഞെടുപ്പു വന്നപ്പോൾ ഞങ്ങളുടെ മുന്നണിയിൽ നിന്ന് വിട്ടുപോയി ഇപ്പോൾ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ മാർക്സിസ്ററു പാർട്ടിയുമായി കൂടിയാലോചിച്ചു സഖ്യം, ഉണ്ടാക്കി തെരഞ്ഞെടുപ്പിൽ മൽസരിച്ചു. ആൻറണിയുടെ രാഷ്ട്രീയ സദാചാരബോധമാണത്. അതാ സി. എച്ച്. മുഹമ്മദുകോയ ഇരിക്കുന്നു. സി. എച്ചിന് ഇന്നു വയ്യാത്തതുകൊണ്ട് അദ്ദേഹത്തെ വിഷമിപ്പിക്കുന്നത് എനിക്കു തീരെ ഇഷ്ടമല്ല. എന്നാലും സത്യം പറയാതിരിക്കാൻ നിവർത്തിയില്ല. സി. എച്ചിനെ മുഖ്യമന്ത്രിയാക്കി. പ്രസവിക്കുന്ന സ്ത്രീകൾക്ക് ഒരു പ്രസവകാല സംരക്ഷണം ഉണ്ട്. പക്ഷേ സി. എച്ചിന് ഒരു പ്രസവകാല സംരക്ഷണം പോലും കിട്ടിയില്ല. പ്രസവകാലസംരക്ഷണം കിട്ടണമെങ്കിൽ 56 ദിവസം വേണം. പക്ഷേ 53 ദിവസം കഴിഞ്ഞപ്പോൾ ആൻറണി സി. എച്ചിൻെറ കാലുവാരി. സത്യമാണോ സീതിഹാജീ നിങ്ങൾ ആത്മാർത്ഥമായി ചിന്തിക്കൂ. ഇങ്ങനെ പ്രസവകാല സംരക്ഷണംപോലും കിട്ടാത്ത സി. എച്ചിൻെറ മന്ത്രിസഭയുടെ കഷ്ടകാലമായിരുന്നു. അതുകഴിഞ്ഞ് ആൻറണി അവിടംകൊണ്ട് അവസാനിപ്പിച്ചില്ല. വേഗം ഇ. എം. എസ്. നമ്പൂ

LIBRARY ARCHIVES Kerala Legislative Assembly

തിരിപ്പാടിന്റെ ആഫീസിലും വീട്ടിലും അദ്ദേഹം പോയി 35 അസംബ്ലി സീററുകളും 7 പാർലമെന്റു സീററുകളും തന്നാൽ ഞങ്ങൾ വാസുദേവൻ നായരുടെ മുന്നണിയെ പൊളിച്ച് നിങ്ങളുടെ കൂടെ വരാം എന്ന് പറഞ്ഞു നടന്ന തല്ലേ ആന്റണി. പക്ഷെ മാർക്സിസ്ററു പാർട്ടി സുഹൃത്തുക്കൾ അതു നിഷേധിച്ചു. നിങ്ങൾക്ക് 35 സീററ് സാദ്ധ്യമല്ലെന്ന് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി നിഷേധിച്ചതുകൊണ്ടു മാത്രം.... (ബഹളം) ഉള്ളതു പറയുമ്പോൾ അച്ചിക്കു കലി തുള്ളും. ചക്കിൻ കഴ വിഴുങ്ങിയിട്ട് ചുക്കു വെള്ളം കുടിക്കാൻ നടക്കരുത്. 35 അസംബ്ലി സീററും 7 പാർലമെന്റ് സീററും ഞങ്ങൾക്കു തന്നാൽ പി. കെ. വി. യുടെ ഗവൺമെന്റിനെ കാലുവാരി ഇപ്പോൾ മുന്നണി ഉണ്ടാക്കാമെന്ന് ആന്റണി പറഞ്ഞതാണ്. കമ്മ്യൂണിസ്ററുകാർ പറഞ്ഞു അതു നടക്കുകയില്ല. എതിരായ ഏർപ്പാടായതു കൊണ്ട് അവർ അതു നിഷേധിച്ചു. നിഷേധിച്ചതുകൊണ്ടു മാത്രമാണ് അന്നതു നടക്കാതെ പോയത്. ആന്റണിയാണ് കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏററവും വലിയ ജനവഞ്ചകൻ. ഈ കേരളം കണ്ടിട്ടുള്ളതിൽ വച്ചേററവും വലിയ രാഷ്ട്രീയ വഞ്ചകൻ ആന്റണി, കാലുവാരി ഈ രാജ്യം കണ്ടിട്ടുള്ളതിൽ വച്ച് ഏററവും വലിയ കാലു വാരി..... (ബഹളം)

ശ്രീ. കെ. പി. നൂറുദ്ദീൻ: ഒരു പോയിന്റ് ഓഫ് ഓർഡർ. 1977-ൽ നടന്ന തെരഞ്ഞെടുപ്പിൽ വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളിലാകെ ജനതാ പാർട്ടി തരംഗങ്ങൾ ആഞ്ഞടിച്ചപ്പോൾ കേരളത്തിൽ മാത്രം അങ്ങനെ സംഭവിക്കാതിരുന്നത് ഏ. കെ. ആന്റണി ആകുന്ന വിന്ധ്യാ പർവ്വതത്തിന്റെ ചെറുത്തു നിൽപ്പുകൊണ്ട് ആണെന്നു പ്രസംഗിച്ച എം. എൻ. ഗോവിന്ദൻ നായരുടെ അനുയായി ഇപ്പോൾ ആന്റണിയെ തള്ളിപ്പറയുന്നത് ഓർഡറിലാണോ ?

മി. സ്പീക്കർ: ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. ഇ. കെ. പിള്ള: പ്രഗൽഭനായ മാണിയുടെ പദവിയും ഞാൻ വിസ്മരിക്കുന്നില്ല. അദ്ദേഹം കഴിഞ്ഞ തവണ പറഞ്ഞതെന്താണ്. ആന്റണി കോൺഗ്രസ് രാജിവച്ചതിനു ശേഷവും അദ്ദേഹം നാലു ദിവസം പിന്നോട്ടു പോയി എന്നാണു പറഞ്ഞത്. സാമദാനഭേദ ദണ്ഡങ്ങൾ കൊണ്ട് വിവശനായ നമ്മുടെ മാണിയെ കേന്ദ്രത്തിന്റെ ഇൻറൻസീവ് കെയർ യൂണിററിൽ 4 ദിവസം സൂക്ഷിക്കാൻ എന്തുകൊണ്ടിടയായി. അവിടെ നിന്നു പുറത്തുവന്നത് പഴയ മാണിയല്ല, അദ്ദേഹം ഒരു പുതിയ മാണിയാണ്. ആ മാണിയുടെ രൂപഭാവങ്ങളെ സംബന്ധിച്ചിടത്തോളം ഞാനൊന്നും ഇപ്പോൾ പറയാനാഗ്രഹിക്കുന്നില്ല. അദ്ദേഹത്തിനു പശ്ചാത്താപം വന്നു തുടങ്ങിയിരിക്കുന്നു. അതാണ് കേരളാ കോൺഗ്രസ്സിന്റെ ഇന്നലത്തെ പ്രമേയം. പശ്ചാത്താപമാണ് പ്രായശ്ചിത്തമെന്നാണ് മഗ്ദലനമറിയം പറഞ്ഞിട്ടുള്ളത്, ആ വഴിക്ക് നീങ്ങുന്നതു കൊണ്ട് അദ്ദേഹം ഒന്നുകൂടി ആലോചിച്ച് നെഞ്ചിൽ കുരിശുണ്ടെങ്കിൽ ആ കുരിശിൽ കൈവച്ച് അദ്ദേഹം ഒന്നു പറയണം. മുഖ്യമന്ത്രിയായിരുന്ന നായനാരോട് അദ്ദേഹം പറഞ്ഞതാണ്. ഗവർണരുടെ മുമ്പിൽ പോയി നിയമസഭ വിളിച്ചുകൂട്ടി ഭൂരിപക്ഷം തെളിയിക്കാൻ ആവശ്യപ്പെടണമെന്ന് അന്നു മാണി പറഞ്ഞതാണ്. മാണി ഇപ്പോൾ പറയുന്നത് അങ്ങനെ പറഞ്ഞില്ലെന്നാണ്. മാണി പറഞ്ഞതാണ്. അങ്ങനെ നെഞ്ചിൽ കൈവച്ചുകൊണ്ട് ഒന്നാലോചിക്കാനാണ് ഞാൻ പറയുന്നത്.

സർ, വാരണാസിയെ സംബന്ധിച്ചും ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചുമൊക്കെ പറയുന്നുണ്ട്. ഇതിനെപ്പററി അറിയാത്ത ഒരംഗം ഇന്നലെ ഇവിടെ പറയുന്നതുകേട്ടു. വയലാറിലും മററും ഞങ്ങളുടെ സഖാക്കൾ പോയത് തോക്കിനകത്ത് ഉണ്ട ഉണ്ടെന്നറിഞ്ഞിട്ടാണ്. വയലാറിൽ മാത്രമല്ല, വയലാറിലും,

LIBRARY ARCHIVES Kerala Legislative Assembly

ശൂരനാട്ടിലും കൈയൂരിലും, കവുമ്പായിലും മുനയൻകുന്നിലും പാറക്കുന്നിലും ഞങ്ങളുടെ സഖാക്കൾ പോരാടിയിട്ടുള്ളത് തോക്കിൽ ഉണ്ട ഉണ്ടെന്നുള്ളതു കൊണ്ടു മാത്രമല്ല നിങ്ങളുടെ കയ്യിൽ വടിയുണ്ടെന്നും, നിങ്ങളുടെ കൈയിൽ ഗുണ്ടാസ് ഉണ്ടെന്നും മനസ്സിലാക്കികൊണ്ടുതന്നെ അതിനെ നേരിടാനുള്ള ചങ്കൂററത്തോടുകൂടിയാണ് കമ്മ്യൂണിസ്ററ് പ്രസ്ഥാനം മുന്നോട്ടു വന്നിട്ടുള്ളത്. ആ കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ തള്ളിപ്പറയുകയാണ്. ആൻറണി പറയുന്നു ഈ രാജ്യത്ത് കമ്മ്യൂണിസം കുരുക്കത്തില്ല എന്ന്. ശ്രീമാൻ പട്ടംതാണുപിള്ള പറഞ്ഞു, തിരുവിതാംകൂറിൻെറ മണ്ണിൽ സോഷ്യലിസവും, കമ്മ്യൂണിസവും വളരാൻ ഞാൻ സമ്മതിക്കുകയില്ലാ എന്ന്. ഒരു കോൺഗ്രസ്സുകാരൻ, മാമൻമാപ്പിള പറഞ്ഞു, ഞാൻ വിഷം കുടിച്ചു മരിക്കുമെന്ന്. ഹിററ്ലർ മാത്രമല്ല ഇവരാരും അതു ചെയ്തില്ല. ഹിററ്ലർക്കും കെയ്ഷക്കിനും റെയ്ഗണും പററാത്ത കാര്യം ഈ ആറാട്ടുമുണ്ടനായ ആൻറണിക്ക് നടക്കത്തില്ല എന്നുള്ളതാണ് സത്യം. ആ കാര്യം നല്ലവണ്ണം ഓർത്തുകൊള്ളണം. ഇന്ന് ആൻറണി കേരള രാഷ്ട്രീയത്തിൽ കാപാലിയായി മാറിയിരിക്കുന്നു. കരുണാകരൻെറ കാപാലി. കരുണാകരൻെറ കാപാലിയായി മാറിയിരിക്കുന്ന ആൻറണി കേരള രാഷ്ട്രീയം ഇന്നു കണ്ടിട്ടുള്ളതിൽ ഏററവും വലിയ വിശ്വാസവഞ്ചകനാണ്. രാഷ്ട്രീയവഞ്ചകനാണ്, ജനവഞ്ചകനാണ്. ആ പേര് ഭാവി തലമുറ ഉരുവിടുമെന്ന് ഞാൻ പറയുന്നു.

എൻെറ മണ്ഡലത്തിൽ നടന്ന ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. അർദ്ധ രാത്രിയിൽ ഉമ്മൻചാണ്ടിയുടെ പോലീസും അതുപോലെ തോട്ടം മുതലാളിയുംകൂടി ഒരുമിച്ച് നിരാഹാരസത്യാഗ്രഹം നടത്തിയിരുന്ന............

മിസ്ററർ സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം, രണ്ട്, മൂന്നു മിനിറേറാളം കൂടുതൽ ബഹുമാനപ്പെട്ട മെമ്പർ എടുത്തു. ദയവായി ഇരിക്കണം.

ശ്രീ. ഇ. കെ. പിള്ള : നിരാഹാര സത്യാഗ്രഹം നടത്തിയിരുന്ന ആളിനെ..

(ബഹളം) അർദ്ധ രാത്രിക്ക് കടന്നു ചെന്ന് അവിടെയിട്ടു തല്ലിച്ചതച്ചു. മുതലാളിയുടെ ബംഗ്ലാവിൽ കൊണ്ടുപോയി അവിടെയിട്ടു മുതലാളിയും പോലീസുംകൂടി ഒരുമിച്ചു തല്ലി.

മിസ്ററർ സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. എൻ. സുന്ദരൻ നാടാർ : ഭൂരിപക്ഷമുള്ള ഒരു ഗവൺമെൻറിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. സർ എനിക്കു മുമ്പു

1 p. m. പ്രസംഗിച്ച ശ്രീ. ഇ. കെ. പിള്ള ഇവിടെ നടത്തിയ പ്രസംഗം പാതിവൃത്യത്തെപ്പററി വ്യഭിചാരികൾ പ്രസംഗിക്കുന്ന പ്രസംഗമല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഞാൻ ആരെക്കുറിച്ചും അതിവിശദമായി വിമർശിക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ഭൂരിപക്ഷംഉണ്ടായിരുന്ന ഇടതുപക്ഷ മുന്നണിയുടെ ഗവൺമെൻറ് എന്തുകൊണ്ട് തകർന്നു എന്ന് രാഷ്ട്രീയ വിദ്യാർത്ഥികൾ പോലും മനസ്സിലാക്കി കഴിഞ്ഞിരിക്കുന്നു. മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ വിജയിച്ച് അധികാരത്തിൽ വന്ന എൻെറ സുഹൃത്ത് സഖാവ് നായനാർ 21 മാസം ഇവിടെ ഭരണം നടത്തി. ആ ഭരണ വൈകല്യങ്ങൾ വളരെ വിശദമായി നയപ്രഖ്യാപന പ്രസംഗത്തിൽ ഉണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിയമസമാധാന തകർച്ച ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളുടെ താല്പര്യത്തെ സംരക്ഷിക്കുന്നതിന് ജനാധിപത്യം കാത്തുസൂക്ഷിക്കുന്ന ഒരു ഗവൺമെന്റിനു മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് അന്ന് അധികാരത്തിൽ കയററിയ, ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ബോധമുള്ള, രാജ്യതാല്പര്യങ്ങളുള്ള പാർട്ടികൾ ജനാധിപത്യ ശക്തികളുമായി യോജിച്ചുകൊണ്ട് ഒരു ഗവൺമെന്റ് ഇവിടെ ഉണ്ടാക്കിയത്. ഗവൺമെന്റിന് ഭൂരിപക്ഷമില്ല. എങ്ങനെ ഉണ്ടാകുമെന്ന് ഇവിടെ പ്രചരണം നടത്തി. അന്ന് ഞങ്ങളും ഞങ്ങളുടെ നേതാക്കളും ഇവിടെ സൂചിപ്പിച്ചു. ഗവൺമെന്റിന്റെ ഭൂരിപക്ഷം തെളിയിക്കുന്നത് അങ്ങാടിയിലല്ല അസംബ്ലിയിലാണെന്ന്. ഭൂരിപക്ഷം തെളിയിക്കപ്പെട്ടിരിക്കയാണ്. ഒരു കാര്യം ഇവിടെ ഊന്നിപ്പറയാൻ ഞാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട ശ്രീനിവാസനെപ്പോലുള്ള ആളുകൾ ഉത്തരവാദിത്വമുള്ള ആളുകൾ നമുക്കൊന്ന് പയററി നോക്കാം, ഉരച്ചു നോക്കാം എന്നൊക്കെ അസംബ്ലിയിൽ നിന്ന് പ്രസംഗിക്കുന്നതു കേട്ടു. ജനാധിപത്യത്തിന്റെ ശ്രീകോവിലെന്നു പറയുന്ന അസംബ്ലിയിൽ മാററ് ഉരയ്ക്കാൻ ഞങ്ങൾക്ക് കരുത്തുണ്ട്, ശേഷിയുണ്ട് എന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതുപോലെ തന്നെ കേവലം മുപ്പതുദിവസത്തെ പഴക്കമുള്ള ഈ ഗവൺമെന്റിന്റെ നിയമസമാധാനത്തേയും പോലീസ് നയത്തേയും വളരെ രൂക്ഷമായി ഇവിടെ വിമർശിക്കുന്നതു കേട്ടു. ഇരുപത്തിയൊന്നു മാസം ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്തത് എങ്ങനെയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്തായിരുന്നു വിലങ്ങാട് മുതൽ കുണ്ടറവരെയുള്ള കൊലപാതകങ്ങൾ? കാർഷികമേഖലയും വ്യാവസായികമേഖലയും അസ്വസ്ഥതമൂലം ഉലഞ്ഞു കിടക്കുകയായിരുന്നു. അത് നിയന്ത്രിക്കാൻ അത് ഇനി ഇവിടെ ഉണ്ടാകാതിരിക്കാൻ ആ രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും നടന്നിട്ടുള്ളപ്പോഴും ശക്തമായി ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന അന്നത്തെ മന്ത്രി അത് കൈകാര്യം ചെയ്തിട്ടില്ല. അദ്ദേഹത്തെ ഞാൻ കുററം പറയുന്നില്ല. അന്ന് മിനിവകുപ്പ് മന്ത്രിമാർ ഈ രാജ്യത്തുണ്ടായിരുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം ഉള്ള പോലീസ് സ്റ്റേഷനുകളെല്ലാം മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയാഫീസാക്കിയെന്നു പറയാതിരിക്കാൻ എനിക്ക് നിവർത്തിയില്ല. അന്ന് പണം ഉണ്ടാക്കുന്ന പരിപാടിയാക്കിപ്പൊലീസിനെ. ഇന്ന് നേരെമറിച്ച് രാഷ്ട്രീയനിറം നോക്കാതെ ഏതു ഭാഗത്തുനിന്ന് അഴിമതി ഉണ്ടായാലും അസ്വസ്ഥത ഉണ്ടായാലും അത് നിയന്ത്രിക്കുമെന്ന് പുതിയ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നു. ഈ ഗവൺമെന്റിനെ അനുമോദിക്കാതിരിക്കാൻ നിവർത്തിയില്ല. മറെറാന്ന് പ്രതിപക്ഷങ്ങൾ ഇവിടെ പാവപ്പെട്ട ഹരിജനങ്ങൾക്കുവേണ്ടി വക്കാലത്തു പറയുന്നു. ഇരുപത്തിയൊന്നു മാസം ഇവിടെ ഭരിച്ചു, കോടി കണക്കിനു രൂപ ലാപ്സാക്കി, പാനൂർ സബ് ഇൻസ്പെക്ടർ സോമനെ ഡ്യൂട്ടിയിലിരുന്ന സമയത്ത് വെട്ടി വച്ചിട്ട് എന്തു ചെയ്തു നിങ്ങൾ എന്നു ഞാൻ ചോദിക്കുകയാണ്. അങ്ങനെ ഹരിജനങ്ങളെ ദ്രോഹിച്ച ഹരിജനങ്ങൾക്ക് സംരക്ഷണം നൽകാത്ത ഒരു ഗവൺമെന്റിനെ ഇവിടെ തൂത്തെറിയപ്പെട്ടിരിക്കുകയാണ്.

അതുപോലെതന്നെ മുൻ മുഖ്യമന്ത്രി അന്നു പ്രഖ്യാപിച്ചത് നമുക്കെല്ലാവർക്കും അറിയാം. ഞങ്ങൾ അധികാരത്തിൽ വന്നാൽ മിച്ചഭൂമി പിടിച്ചെടുക്കും പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുമെന്ന് പറഞ്ഞു. ഒരിഞ്ച് ഭൂമിയെങ്കിലും പിടിച്ചെടുക്കാൻ മുൻഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. അതുപോലെതന്നെ വ്യവസായ നയം എന്തായിരുന്നു. പന്ത്രണ്ടുവർഷം വ്യവസായ കുത്തക പിടിച്ചിരുന്ന ഇന്ത്യൻ കമ്മ്യൂണിസ്ററു പാർട്ടിയുടെ മുൻമന്ത്രിമാർ ഇന്ന് വ്യവസായവകുപ്പിനെക്കുറിച്ച് വിമർശിക്കുന്നതു കേൾക്കുമ്പോൾ എനിക്ക് പലതും സംസാരിക്കാൻ തോന്നിപ്പോവുക

യാണ്. ഇന്ന് വ്യവസായം എന്തായി. പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. ഗവർണ്ണരുടെ നയപ്രഖ്യാപനപ്രസംഗത്തിൽ വ്യവസായം പുനർജ്ജീവിപ്പിക്കും എന്നു പറഞ്ഞിരിക്കുകയാണ്.

എനിക്കൊന്നേ ഈ ഗവൺമെന്റിനോട് പറയാനുള്ളൂ. രണ്ടരലക്ഷത്തോളം വരുന്ന പനചെത്തുതൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി പനകയറ്റ തൊഴിലാളി ക്ഷേമകോർപ്പറേഷൻ രൂപീകരിക്കണം. അതുപോലെതന്നെ പാറശ്ശാലയിൽഒരുപഞ്ചസാര ഫാക്ടറി ഉടനടി ആരംഭിക്കണമെന്നും പാറശ്ശാലയിൽ ഒരു ഡിസ്റ്റിലറി ആരംഭിക്കണമെന്നും, ഗവൺമെന്റിനോട് ഞാൻ ശുപാർശ ചെയ്യുന്നു. 84 ഖണ്ഡികകളായി കേരളത്തിന്റെ നാനാമുഖമായ കാര്യങ്ങൾ, ജനങ്ങൾക്ക് ചെയ്തു കൊടുക്കേണ്ട കാര്യങ്ങൾ വളരെ വിശദമായി ഗവർണ്ണരുടെ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. അത് വളരെ സ്പഷ്ടമായി നോക്കിയാൽ നമുക്കെല്ലാവർക്കും അറിയാം. ഭരണസൗകര്യത്തിനായി അവികസിത പ്രദേശങ്ങളെ വളർത്തി എടുക്കുന്നതിനുവേണ്ടി റവന്യൂ യൂണിറ്റുകൾ ഉടനടി പുനസംഘടിപ്പിക്കുമെന്ന് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ തെക്കേഅറ്റമായ പാറശ്ശാലയിൽ ഒരു താലൂക്ക് രൂപീകരിക്കാൻ 1982-ൽ ആരംഭിക്കുമെന്ന് മുൻഗവൺമെന്റ് പറഞ്ഞിരുന്ന കാര്യം നടപ്പിലാക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഈ ഗവൺമെന്റ് എന്തൊക്കെ നല്ല കാര്യങ്ങൾ ചെയ്യാൻ പോകുന്നു. കർഷകത്തൊഴിലാളി പെൻഷനെപ്പറ്റി കഴിഞ്ഞ ഗവൺമെന്റിലെ പ്രതിപുരുഷൻമാർ, വിശേഷിച്ചും മാർക്സിസ്റ്റ് പാർട്ടിയും ഇന്ത്യൻകമ്മ്യൂണിസ്റ്റു പാർട്ടിയും വാനോളം പുകഴ്ത്തി സംസാരിക്കുന്നതു എനിക്കു കേൾക്കാൻ കഴിഞ്ഞു. വളരെ പരസ്യമായി മുൻമുഖ്യമന്ത്രി പ്രഖ്യാപിച്ചതാണ് എന്റെ ചോദ്യത്തിന് ഉത്തരമായി—കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചതിൽ വളരെ ക്രമക്കേടുകൾ ഉണ്ടെന്നും അനാവശ്യമായും ധാരാളം രൂപ കൊടുത്തു എന്നും അദ്ദേഹം പറഞ്ഞു. അറുപതു വയസ്സു തികഞ്ഞ എത്ര കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ കഴിഞ്ഞു എന്ന് നിങ്ങൾ ആലോചിക്കണം. അങ്ങനെ തൊഴിലാളി രംഗത്തേയും കാർഷിക രംഗത്തേയും വ്യവസായരംഗത്തേയും തകർത്തു തരിപ്പണമാക്കുന്ന ഇടതുപക്ഷ ഗവൺമെന്റിൽ നിന്നും ജനാധിപത്യത്തെ സംരക്ഷിക്കാനും ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അപ്പുറത്തു നിന്ന് ഇറങ്ങിവന്ന് ഒരു ഗവൺമെന്റ് ഇവിടെ രൂപീകരിച്ചിരിക്കുന്നു. ഈ ഗവൺമെന്റിന് ഭൂരിപക്ഷം ഉണ്ട്. ന്യൂനപക്ഷം എന്നു പറയുന്നവർക്ക് വിവരമില്ല എന്നാണ് എനിക്കു പറയാനുള്ളത്. രണ്ടു മുന്നണികൾ ഇവിടെ മൽസരിച്ചാൽ ഒരു മുന്നണിക്ക് എഴുപത്തിയൊന്നും ഒരു മുന്നണിക്ക് എഴുപതും ആയാൽ മന്ത്രിസഭ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുപോലെ തന്നെ എന്റെ സുഹൃത്ത് കബീർ ഇവിടെ പൊയ്ക്കാലി മന്ത്രിസഭ എന്നൊക്കെ പറഞ്ഞു. അദ്ദേഹത്തിന്റെ പൊയ്ക്കാലി അങ്ങനെയിരിക്കട്ടെ എന്നു മാത്രമേ എനിക്കു പറയുവാനുള്ളു. ഇവിടെ വലിയ രാഷ്ട്രീയ വിമർശനങ്ങൾ പറയുന്നതു കേട്ടു. ഈ ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്യുന്നതിലേയ്ക്കുവേണ്ടി തുടങ്ങി വച്ച ഈ കാര്യങ്ങൾ കക്ഷി താല്പര്യങ്ങൾക്ക് അതീതമായ, ആദർശപരമായ സൃഷ്ടിപരമായ വിമർശനങ്ങൾ നടത്തിയ പ്രതിപക്ഷങ്ങൾ ഇതിൽ സഹകരിക്കണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഈ നന്ദി പ്രമേയത്തെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. സി. പി. മൂസ്സാൻകുട്ടി</u> : സർ, ഞാൻ ഗവർണ്ണറുടെ നയപ്രഖ്യാപനമെന്ന് പറഞ്ഞുകൊണ്ട് ഇവിടെ എഴുതിയിട്ടുള്ള ഈ കുറിപ്പിനേയും അതിനുവേണ്ടി നന്ദിരേഖപ്പെടുത്തികൊണ്ടുള്ള ശ്രീമാൻ തച്ചടി പ്രഭാകരന്റെ നന്ദിപ്രമേയത്തെയും ശക്തിയായി എതിർക്കുകയാണ്. കാരണം, ഇതു

LIBRARY ARCHIVES Kerala Legislative Assembly

ജനിക്കാത്ത ഒരു പെൺകുട്ടിയുടെ ജാതകവുമായി മരിച്ച ഒരു ആൺകുട്ടിയുടെ വീട്ടിലേയ്ക്ക് കല്യാണം നിശ്ചയിക്കുന്നതിനായി പോകുകയും ആ വീട്ടിലെ കാരണവർതന്നെ ജനിക്കാത്തപെൺകുട്ടിയുടെ ഭാഗത്തുചേരുകയും ചെയ്തിട്ടുള്ള ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ടാണ് ഞാൻ ശക്തിയായി നന്ദിപ്രമേയത്തെ എതിർക്കുന്നത്. ഇവിടെ വച്ച ഗവർണ്ണറുടെ ഈ കുറുപ്പിൽതന്നെ കാർഷികരംഗത്തെ സംബന്ധിച്ചൊക്കെ എഴുതിയിട്ടുണ്ട്. എന്നാൽ ഇന്ന് കേരളത്തിലെ കാർഷിക രംഗത്തെ സംബന്ധിച്ചുപറയുമ്പോൾ, പ്രധാനമായും കഴിഞ്ഞ കേരളാഅസംബ്ലിയിലും അതിനുശേഷവും പല രൂപത്തിലുള്ള ചർച്ചകളും മററും നടത്തി പ്രമേയങ്ങൾ പാസ്സാക്കുകയും നിവേദനവുമായി കേന്ദ്രത്തിൽ പോവുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ, ഇന്ന് അങ്ങേഭാഗത്തിരിക്കുന്ന എട്ടുകാലി മന്ത്രിസഭയിൽപ്പെട്ടിട്ടുള്ള നമ്മുടെ മുഖ്യമന്ത്രി എന്നുപറയുന്ന ആൾതന്നെയും ആഴ്ചയിൽ രണ്ടുവട്ടം കേരളത്തിലെ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പോയിട്ടുള്ള ആളാണ്. പക്ഷെ, കാർഷിക രംഗത്തെ സംബന്ധിച്ച വളരെ വിശദമായ ഒരു കാര്യം ഇതിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. കാർഷികരംഗത്തെ സംബന്ധിച്ചു പറയുമ്പോൾ രാസവളങ്ങളുടെ വിലവർദ്ധനവിനെ സംബന്ധിച്ച് നിവേദനം കൊടുക്കുമെന്നാണ് പറയുന്നത്. കഴിഞ്ഞ 21 മാസക്കാലവും ശ്രീമാൻ കരുണാകരന് നിവേദനം കൊടുക്കലായിരുന്നു പതിവ്. നിവേദനത്തിന് പല ഉദ്ദേശങ്ങളുമുണ്ട്. പക്ഷെ ഈ നിവേദനത്തിൽ കേരളത്തിലെ കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച് എന്തു ചെയ്യുമെന്ന് വ്യക്തമാക്കിയിട്ടില്ല. രാസവളങ്ങളുടെ കാര്യം മാത്രമല്ല, ഇന്ന് കേരളത്തിൽ ഏററവും വലിയ സാമ്പത്തിക തകർച്ചയിലേയ്ക്ക് എത്തിയിട്ടുള്ള ഒരു പ്രശ്നമുണ്ട്. കേരളം ഒരു കർഷക രാജ്യമാണെന്ന് അംഗീകരിച്ചിട്ടുണ്ട്. ഇവിടെ നാളികേരത്തെ സംബന്ധിച്ചും, കൊക്കൊയെ സംബന്ധിച്ചും അതുപോലെ റബ്ബറിനെ സംബന്ധിച്ചും എല്ലാം പറയുന്നുണ്ട്. നാളികേരത്തിന്റെ സ്ഥിതി എന്താണ്? നാളികേരത്തെ സംബന്ധിച്ച് പറയുമ്പോൾ, ഇവിടെ 1981-ൽ നാൽപ്പതിനായിരം ടൺ എണ്ണ ആണ് ഇറക്കുമതി ചെയ്തിട്ടുള്ളത്. അതിന്റെ ഫലമായിട്ടുതന്നെ കേരളത്തിൽ 200 കോടി ഉറുപ്പികയുടെ സാമ്പത്തിക തകർച്ച ഉണ്ടായിട്ടുണ്ട്. അതായത് കേരളത്തിലെ കൃഷിക്കാരുടെ കൈയിൽനിന്ന് 200 കോടി ഉറുപ്പിക പോയി എന്നാണർത്ഥം. ഇതു ചെയ്യുന്നത് ഇൻഡ്യാ രാജ്യത്തിലെ കുത്തകക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. എന്നാൽ 1982-ൽ ഇവിടെ രണ്ടുലക്ഷം ടൺ ഓയിൽ ഇറക്കുമതി ചെയ്യുമെന്നാണ് പറയുന്നത്. 1981-ൽ നാൽപ്പതിനായിരം ടൺ ആയിരുന്നെങ്കിൽ ഇന്ന് അത് 2 ലക്ഷം ടൺ ആയി വർദ്ധിക്കുമ്പോൾ 200 കോടിയിൽനിന്ന് എത്ര ഇരട്ടിയാണ് വർദ്ധിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ആ ങ്ങനെ കേരളത്തിലെ കൃഷിക്കാരോടു എത്ര ക്രൂരമായിട്ടാണ് കേന്ദ്രഗവൺമെൻറ് പെരുമാറുന്നത്. ഇവിടത്തെ കൃഷിക്കാരെ അടിച്ചമർത്തുന്ന സമീപനം സ്വീകരിക്കുന്ന 'കൊല്ലുന്ന രാജാവിനെ തിന്നുന്ന മന്ത്രി' യെന്നുള്ള നിലയിൽ കേരളത്തിൽ ഒരു ഗവൺമെൻറ് വരണമെന്നുള്ളതാണ് ഇന്ദിരാഗാന്ധിയുടെയും ശ്രീമാൻ കരുണാകരൻേറയും ആഗ്രഹം. ഈ രാജ്യത്തെ കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നില്ല. കാർഷിക രംഗത്തെ സംബന്ധിച്ച സ്ഥിതി ഇതാണെങ്കിൽ നമ്മുടെ പദ്ധതികളെ സംബന്ധിച്ച സ്ഥിതി എന്താണ്? കേരളത്തെ സംബന്ധിച്ച് 275 കോടി ഉറുപ്പികയുടെ പദ്ധതിയാണ് കഴിഞ്ഞ ആണ്ടിൽ അംഗീകരിച്ചത്. ഇന്നത്തെ ചില പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. 21 സംസ്ഥാനങ്ങളിൽ 16 ശതമാനം അവരുടെ പദ്ധതി വിഹിതം വർദ്ധിപ്പിച്ചുകൊടുക്കുകയാണ് ഇൻഡ്യാ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. ഇവിടെ 20 ശതമാനം വില വർദ്ധനവുണ്ടായി എന്ന് ബഹുമാനപ്പെട്ട ചില മെമ്പറൻമാർ വായിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുപ്പിച്ചു. ആ വില വർദ്ധനവുവച്ച് കേരളത്തെ സംബന്ധിച്ച് 20 ശതമാനം കൂട്ടുകയാണെങ്കിൽ 330 കോടി രൂപ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി കേന്ദ്രഗവൺമെൻറ് അംഗീകരിക്കേണ്ടതായിരുന്നു. എന്നാൽ കേന്ദ്ര ഗവൺമെൻറിന് ഇതിനെ സംബന്ധിച്ച് നിവേദനം കൊടുക്കുമെന്നാണ് പറയുന്നത്. ഇത് കേരളത്തിലെ പദ്ധതികളെ സംബന്ധിച്ച് വലിയ ഒരു പ്രശ്നമാണ്. കേരളത്തിലെ കാർഷിക പ്രശ്നത്തെ സംബന്ധിച്ചോ, കർഷകത്തൊഴിലാളികളുടെ പെൻഷനെ സംബന്ധിച്ചോ, തൊഴിലില്ലായ്മ വേതനത്തെ സംബന്ധിച്ചോ ഇവിടെ യാതൊരു ഉറപ്പും കൊടുക്കുന്നില്ല. പക്ഷെ ഇവിടെ ഒരു ഉറപ്പ് കൊടുക്കുന്നുണ്ട്. ഇവിടത്തെ ക്രമസമാധാനം പുനഃപരിശോധിക്കുമെന്ന്. സർ, അതു ശരിയാണ്. കേരളത്തിലെ ക്രമ സമാധാനം പുനഃപരിശോധിച്ചിട്ടുണ്ട്. ഈ ചുരുങ്ങിയ ദിവസത്തിനുള്ളിൽ കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം മർദ്ദനങ്ങൾ നടത്തിയിട്ടുള്ള ഒരു ഗവൺമെൻറ് വേറെ ഉണ്ടായിട്ടില്ല. കേരളത്തിൽ ഈ കാലഘട്ടത്തിൽ അൻപതോളം സ്ഥലങ്ങളിൽ ലോക്കപ്പ് മർദ്ദനങ്ങൾ നടത്തിയിട്ടുണ്ട്. 27 സ്ഥലങ്ങളിൽ ലാത്തിചാർജ്ജ് നടത്തിയിട്ടുണ്ട്. രണ്ടു സ്ഥലങ്ങളിൽ വെടിവയ്പ് നടത്തിയിട്ടുണ്ട്. ഒരു സ്ഥലത്ത് ടിയർ ഗ്യാസ് പ്രയോഗവും നടത്തിയിട്ടുണ്ട്. കേരളത്തിലെ പോലീസിനെ സംബന്ധിച്ച് മുഖം നോക്കാത്ത പോലീസ് മർദ്ദനം ആണെന്ന് സർട്ടിഫിക്കററ് കൊടുത്തിട്ടുണ്ട്. പക്ഷെ കൊലപാതകങ്ങളെ സംബന്ധിച്ചു പറയുമ്പോൾ, രാഷ്ട്രീയ കൊല പാതകങ്ങളടക്കം 15 കൊലപാതകങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്. ഇവിടത്തെ ക്രമസമാധാനത്തിനുവേണ്ടി ഈ ഗവൺമെൻറിനെ സഹായിക്കണമെന്നാണ് പറയുന്നത്. ക്രമസമാധാനം നിലനിർത്തുന്നതിനുവേണ്ടിയാണ് ചില ആളുകൾ അങ്ങേ ഭാഗത്തുപോയി നിന്നത്. ക്രമസമാധാനകാര്യത്തിൽ പതിനഞ്ചോളം കൊലപാതകങ്ങൾ നടത്തിയിട്ടുള്ളതിൽ ജില്ല തിരിച്ചു പരിശോധിച്ചാൽതന്നെ കമലയേട്ടത്തിയുടെ ജില്ലയിലാണ് എട്ടോളം കൊല പാതകങ്ങൾ നടന്നത്. പിന്നോക്ക സമുദായങ്ങൾക്ക് റിസർവേഷൻ നൽകി യിട്ടുണ്ട് ഈ സർക്കാർ. കൊലപാതകത്തെ സംബന്ധിച്ച് അഞ്ച് ആദിവാസി കളെ കൊലചെയ്തിരിക്കയാണ്. ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്ററുടെ നിയോജക മണ്ഡലത്തിലാണ് ഈ ആദിവാസികൾ കൊലചെയ്യപ്പെട്ടത്. നെൻമേനി പഞ്ചായത്തിൽ സരോജിനി എന്നു പറയുന്ന സ്ത്രീ കൊലചെയ്യ പ്പെട്ടു. കമലയേട്ടത്തി ഒരു സ്ത്രീ ആണെന്നാണ് പറയുന്നത്. അവരുടെ നിയോജക മണ്ഡലത്തിൽ തരിയോട് പഞ്ചായത്തിൽ സരോജിനി എന്ന സ്ത്രീയെ കൊലചെയ്ത് പുഴയരുകിൽ കൊണ്ടുചെന്നിടുകയാണ് ചെയ്തത്. ഇത്രയും ചുരുങ്ങിയ ദിവസംകൊണ്ട് ഇത്രയധികം കൊല പാതകങ്ങൾ നടത്തിയിട്ടുള്ള ഒരു സംസ്ഥാനം കേരളമല്ലാതെ വേറെയില്ല. അതുപോലെ ഷാഹുൽഹമീദിനെപ്പോലുള്ള ആളുകളെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. രാഷ്ട്രീയ കൊലപാതകങ്ങൾ നടത്തിയിട്ടുള്ള ഒരു ഗവൺമെൻറ്. ഈ ഗവൺമെൻറ് ക്രമസമാധാനം സംരക്ഷിച്ചു എന്നാണ് ഇവിടെ പറയുന്നത്. കൊലപാതകങ്ങൾ മാത്രമാണോ? കേരള സംസ്ഥാനത്തെ സംബന്ധിച്ചു പറയുമ്പോൾ ദൈവങ്ങളെ രക്ഷിക്കുന്ന ഒരു ഗവൺമെൻറല്ലെ ഇത്? ഈ ഗവൺമെൻറ് ഇവിടെവന്ന അവസരത്തിലാണ് ശബരിമലയ്ക്ക് പോയ അയ്യപ്പൻമാരെ മുഖംമൂടി ധരിച്ചുകൊണ്ടുവന്നു കൊള്ളചെയ്തത്. കഴിഞ്ഞ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ ഈ സഭയിലേക്ക് ആദ്യമായി കയറി വന്നത് മുഖംമൂടികളായിരുന്നു. ആ മുഖംമൂടികളാണ് ശബരിമലയിൽ തീർത്ഥാടനത്തിനു പോയ ആളുകളെ കൊള്ളചെയ്തത്. അവരെക്കുറിച്ചു പരിശോധിക്കാനോ കണ്ടുപിടിക്കാനോ സാധിക്കാതെ ദുർബലമായിട്ടുള്ള ഈ ഗവൺമെൻറ് ഏതു രീതിയിലാണ് മുഖംനോക്കാതെ ഭരണം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ബത്തേരിയെ സംബന്ധിച്ച് പരിശോധിച്ചാൽ ആദിവാസികളെ കൊല ചെയ്തിരിക്കുന്നു. എന്തിനുവേണ്ടിയാണ്? പ്രായമുള്ളവരും കുട്ടികളുമായ അഞ്ച് ആദിവാസികളെയാണ് വെടിവച്ചുകൊന്നിരിക്കുന്നത്. വെടിവയ്ക്കുകയും വെട്ടി കൊല ചെയ്യുകയും ചെയ്തു. അതിനുശേഷം അവിടത്തെ പോലീസ് ആഫീസറൻമാർ നേരിട്ടു സംസാരിച്ചപ്പോൾ പറഞ്ഞത് അയാൾ ഒരു മാനസികരോഗിയാണെന്നാണ്. അത് പത്രങ്ങളിൽ വരികയും ചെയ്തിട്ടുണ്ട്. പക്ഷെ അയാൾക്ക് യാതൊരു മാനസിക രോഗവുമില്ല. ഗവൺമെൻറിൻെറ സ്വാധീനംവച്ചുകൊണ്ട്, പോലീസ് ആഫീസറൻമാരുടെ സ്വാധീനം വച്ചുകൊണ്ട് കോടതിയിൽ മൊഴി കൊടുപ്പിച്ച് മാനസികരോഗിയാണെന്ന്. ഇതിൻെറ അർത്ഥം എന്താണ്? ആദിവാസികളെപ്പോലും ഇത്തരത്തിൽ കൊലപ്പെടുത്തുന്നതിന് പ്രോൽസാഹനം നൽകുന്നത് ഇവിടെ അധികാരത്തിൽ വന്നിട്ടുള്ള ഉമ്മൻചാണ്ടിയുടെയും ശ്രീമാൻ കരുണാകരൻേറയും ഗവൺമെൻറാണ്. ഈ ഗവൺമെൻറിൻെറ കീഴിൽ ആദിവാസികളെയും ഹരിജനങ്ങളെയും ക്രൂരമായി കൊലചെയ്തത് യാതൊന്നും ഭയപ്പെടാനില്ല എന്നുള്ളതുകൊണ്ടുമാത്രമാണ്. മാത്രമല്ല, ബത്തേരിയിൽ 19-ാം തീയതി നടന്ന ലാത്തിചാർജിനെ സംബന്ധിച്ചും പറയാം.എന്താണ് അവിടെ നടന്നിട്ടുള്ളത്. പണിമുടക്കാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. ശ്രീ. ഉമ്മൻചാണ്ടിയുടെ ഭാര്യയടക്കം പണി മുടക്കിയിട്ടുണ്ട്. അഖിലേന്ത്യാടിസ്ഥാനത്തിൽ തൊഴിലാളികളുടെ അവകാശത്തിനുവേണ്ടിയാണ് പണി മുടക്കിയത്. അവിടത്തെ തൊഴിലാളികൾ പണി മുടക്കി ബത്തേരി പട്ടണത്തിൽക്കൂടി പ്രകടനം നടത്തിയ അവസരത്തിൽ യാതൊരു പ്രകോപനവുമില്ലാതെയാണ് പോലീസ് ലാത്തിചാർജ്ചെയ്ത് 15 ആളുകളെ ആശുപത്രിയിലാക്കിയത്. വളരെ മൃഗീയമായ രൂപത്തിലാണ് പോലീസ് ലാത്തിചാർജ് നടത്തിയത്. അവിടെ ശ്രീകണ്ഠപുരം പട്ടണത്തിൽ 19-ാം തീയതി പണിമുടക്കിയ അഞ്ഞൂറോളം തൊഴിലാളികൾ ജാഥയായി പോകുന്ന അവസരത്തിൽ അവരുടെ നേർക്ക് ഇന്ദിരാകോൺഗ്രസിൻെറ ആഫീസിൽനിന്നാണ് കല്ലേറുണ്ടായത്. അതിനുശേഷം പോലീസ് ലാത്തിചാർജ്ജും പിന്നീട് വെടിവയ്പും ഉണ്ടായി. എന്തായിരുന്നു ആ ലാത്തിചാർജ്ജിൻെറ ആവശ്യം, അവടെ എന്തു പ്രകോപനമുണ്ടായി. 1948-ൽ ശ്രീകണ്ഠപുരം പട്ടണത്തിൽ 5 കിലോമീററർ കിഴക്കു ഭാഗത്ത്, അന്ന് ശ്രീമാൻ മാധവമേനോനും, ടി. പ്രകാശവും ചെയ്തിട്ടുള്ള കാര്യമാണ് ഇന്ന് പോലീസ് അവിടെ ചെയ്തത്. കാവുംപായ് എന്ന സ്ഥലത്ത് കൃഷിക്കാർ ഭൂമിക്കുവേണ്ടി സമരം ചെയ്ത അവസരത്തിൽ ഇത്തരം ഒരു വെടിവയ്പ് അന്നത്തെ പോലീസ് മന്ത്രിയായിരുന്ന മാധവമേനോനും ടി. പ്രകാശത്തെയുംപോലുള്ള ആളുകൾ ചെയ്തിട്ടുണ്ട്. 5 പേർക്കുമാത്രം നിൽക്കാവുന്ന ഒരു ലോക്കപ്പ്മുറിയിൽ 15 പേരെ ഇട്ട് പോലീസ് മർദ്ദിച്ചു എന്നു മാത്രമല്ല അവരുടെ ഉടുവസ്ത്രങ്ങൾ അഴിച്ചു, അവിടെ വെള്ളംഒഴിച്ചു അവരെ കിടക്കാൻ സമ്മതിക്കാത്ത ഒരു ഫാസിസ്ററ് രൂപത്തിലുള്ള നടപടി സ്വീകരിച്ചിട്ടുള്ള ഒരു നയമാണ് അവിടത്തെ പോലീസ് അംഗീകരിച്ചിട്ടുള്ളത്. എന്നിട്ട് പറയുകയാണ് ക്രമസമാധാനം ഭംഗിയായി നടക്കുന്നുവെന്ന്. പോലീസ് മർദ്ദനം അവിടെ മാത്രമല്ല നീലേശ്വരത്തു നടന്നു, കണ്ണൂരിൽനടന്നു, യുവജനോൽസവത്തിൽ ഞങ്ങളടക്കം പങ്കെടുത്തിട്ടുള്ള ആളുകളാണ്. അപ്പോൾ മന്ത്രിമാർ വന്നിട്ടില്ലായിരുന്നു. എന്തിനുവേണ്ടി പോലീസ് അവിടെ ആദ്യം ലാത്തിചാർജ്ജ്നടത്തി. ഭയപ്പെട്ടിട്ടാണോ? ആളുകൾ യുവജനോൽസവത്തിന് പോകാറുണ്ട്. ഏററവുമധികം ആളുകളെ കാണുമ്പോൾ ഈ മന്ത്രിമാർ ഭയപ്പെട്ടു എന്നു വരാം. പക്ഷേ പോലീസ് ഈ രൂപത്തിലുള്ള മർദ്ദന നടപടികൾ സ്വീകരിക്കുന്നത് ശരിയല്ല. മർദ്ദനം മാത്രമല്ല, അവിടെ വളരെ ആളുകളെ അടിച്ചോടിച്ച്. പോലീസ് മാത്രമല്ല ഇതു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത്. ശ്രീമാൻ നൂറുദ്ദീന്റെ നിയോജക മണ്ഡലത്തിൽ, കേളിക്കടവിൽ എക്സൈസ് ഉദ്യോഗസ്ഥൻമാർ ചായ കുടിച്ചുകൊണ്ടിരുന്ന ഗുരുസ്വാമി എന്നുപറയുന്ന ഒരു ചെറുപ്പക്കാരനെ അടിച്ചുകൊന്നു വെള്ളത്തിലിട്ടു. അത്തരം ഒരു ആഭ്യന്തരവകുപ്പാണ് ഇവിടെയുള്ളത്. പോലീസ് വകുപ്പും എക്സൈസ് വകുപ്പും കൂടി ച്ചർന്നുകൊണ്ടാണ് അടിച്ചുകൊന്നത്. അതുകൊണ്ട് ശക്തിയായി ഇത്തരം ഫാസിസ്ററു ദുർഭരണത്തിനെതിരായി ഈ രാജ്യത്തെ ഇടതുപക്ഷ ജനാധിപത്യവാദികൾ യോജിച്ചുകൊണ്ട് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർത്തുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. സി. ചെറിയാൻ :</u> സർ, ഗവർണ്ണർ ഈ ജനാധിപത്യമുന്നണി ഗവൺമെന്റിന് വേണ്ടി ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തികൊണ്ട് എന്റെ സുഹൃത്ത് ശ്രീ. തച്ചടി പ്രഭാകരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ രാജ്യത്ത് നടപ്പിലാക്കാൻ പോകുന്ന നയപരിപാടികളെക്കുറിച്ചുള്ള വ്യക്തമായ ഒരു രൂപമാണ് ഗവർണ്ണർ ഈ സഭയിൽ നൽകിയത്. ആ പരിപാടികൾ പൂർണ്ണമായും ഈ രാജ്യത്തെ ജനങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടെന്നതിൽ എനിക്ക് യാതൊരു സംശയവുമില്ല. ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള ദുർബ്ബലജനവിഭാഗങ്ങൾക്കും, ഹരിജനങ്ങൾക്കും, കർഷകർക്കും ഒരുപോലെ ആശ്വാസം നൽകുന്ന പരിപാടികളാണ് ഈ നയപ്രഖ്യാപനത്തിലൂടെ നടപ്പിലാക്കാൻ പോകുന്നത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇവിടെ മുൻപ് ഭരിച്ച ഗവൺമെന്റ് നടപ്പിലാക്കിയ പല പരിപാടികളും തുടർന്ന് നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ നയപ്രഖ്യാപന പ്രസംഗം അങ്ങയെപ്പോലെ ചെയറിലിരുന്ന അന്നത്തെ സ്പീക്കർ, അംഗങ്ങൾക്ക് പഠിക്കുന്നതിനും, വായിക്കുന്നതിനും വേണ്ടി വിതരണം ചെയ്തിട്ടുള്ളതാണ്. അന്നു മുതൽ ഇത് വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നെങ്കിൽ ഏതെങ്കിലുമൊന്ന് ഇതിന് എതിർക്കുന്നതിന് ,അപ്പുറത്ത് ഇരുന്ന ആളുകൾക്ക് ലഭിക്കുമായിരുന്നു. അന്നു മുതൽ ഇന്നുവരെ പ്രസംഗിച്ച പല സുഹൃത്തുക്കളും ഈ ഗവൺമെന്റിന് അധികാരമില്ല, ഈ ഗവൺമെന്റ് അധികാരത്തിൽ തുടരുന്നത്—ധാർമ്മികമായും രാഷ്ട്രീയമായും തെററാണ്, എന്നാണ് പറയുന്നത്. മറിച്ച് ഈ ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന പരിപാടികൾ നടപ്പിലാക്കിയാൽ ഈ രാജ്യത്തെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് എന്തെല്ലാം ദോഷം ഉണ്ടാകുമെന്നുള്ളതിനെ കുറിച്ച് പറയാൻ ആരും മെനക്കെട്ടില്ല. ആ കാര്യത്തിൽ മാത്രമേ എനിക്ക് പരാതിയുള്ളൂ. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് പല പരിപാടികളും നടപ്പിലാക്കാൻ പോകുകയാണ്. ദുർബ്ബലരായിട്ടുള്ള കർഷകരെ സംബന്ധിച്ചിടത്തോളം അവർക്ക് ആശ്വാസം നൽകുന്ന പല പരിപാടികളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. വർഷങ്ങളായിട്ട് കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വേണ്ടി വാദിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, അവർക്ക് ആശ്വാസം നൽകുന്ന പരിപാടികൾ ആര് നടപ്പിലാക്കിയാലും അതിനെ സ്വാഗതം ചെയ്യേണ്ടതാണ്. കമ്മ്യൂണിസ്ററ് പ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്ത് അരാജകത്വം ഉണ്ടെങ്കിൽ മാത്രമേ അവരുടെ പ്രസ്ഥാനം വളർത്താൻ സാധിക്കുകയുള്ളുവെന്ന് അവർക്ക് വിശ്വാസമുണ്ട്. അവർ അതിനെ എതിർത്തു കൊള്ളട്ടെ, എനിക്ക് ആ കാര്യത്തിൽ പരാതിയുമില്ല. പക്ഷെ നിങ്ങൾ ആർക്കുവേണ്ടി നിലകൊള്ളുന്നു എന്നത് മനസ്സിലാക്കിക്കൊണ്ട് അവർക്ക്, ഏത് ഗവൺമെന്റായാലും നടപ്പിലാക്കാൻ ശ്രമിക്കുക, നല്ല കാര്യങ്ങളെ സഹർഷം സ്വാഗതം ചെയ്യാൻ മുന്നോട്ട് വരണമെന്നാണ് എനിക്ക് പറയാനുള്ളത്. ഹരിജനങ്ങളെ സംബന്ധിച്ചിട

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം നമുക്കറിയാം, 21 മാസക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനുവേണ്ടി കൈ പൊക്കി കൊടുത്തിട്ടുള്ള ഒരു അംഗമാണ് ഞാൻ. ഈ സഭയിൽ ഹരിജനങ്ങൾക്ക് വേണ്ടി പല ക്ഷേമ പരിപാടികളും നടപ്പിലാക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ കൂടി പ്രസ്താവിച്ചിട്ടുണ്ട്. പല സുഹൃത്തുക്കളും ആ കാര്യത്തെ പററി പറഞ്ഞു. ഹരിജനക്ഷേമ വകുപ്പിനെ സംബന്ധിച്ചിടത്തോളം അതിനെ ഒരു പ്രത്യേക വകുപ്പായി പരിഗണിച്ചുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ അവർക്ക് അവഗണിക്കപ്പെട്ടിരുന്ന അവകാശങ്ങൾ സംരക്ഷിച്ചു കൊടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്നു എന്ന് കേട്ടപ്പോൾ യഥാർത്ഥത്തിൽ ഞാൻ സന്തോഷിച്ചു. അതുകൊണ്ട് അപ്പുറത്ത് ഇരിക്കുന്ന ഹരിജൻ സുഹൃത്തുക്കളോട് ഞാൻ പറയുകയാണ്, അവർ കഥയറിയാതെ ആട്ടം കാണുകയാണെന്ന്. മാത്രമല്ല, അതിന്റെ പ്രവർത്തനങ്ങൾ സുഗമമായും നടത്തുന്നതിന് പരിപാടികൾ ഇതിനകം ആസൂത്രണം ചെയ്തു, അതിനെ ഒരു ഇൻഡിപെൻഡന്റ് വകുപ്പാക്കി മാററി, പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. ഇനിയെങ്കിലും നിങ്ങൾക്കിതിനെ അംഗീകരിച്ചുകൂടെ. അതുപോലെ തന്നെ ഭരണരംഗത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി റവന്യൂ യൂണിററുകൾ വിഭജിക്കുമെന്ന് പറയുന്നു. പല സുഹൃത്തുക്കളും ഇപ്പോൾ അതൊക്കെ പറഞ്ഞാണ് പുച്ഛിക്കുന്നത്. കേരളത്തിലെ ഏററവും വലിയ ജില്ലയായ കൊല്ലം ജില്ലയെ വിഭജിക്കണമെന്നും കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരപ്രദേശങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് പത്തനംതിട്ട ജില്ല രൂപീകരിക്കണമെന്നുമുള്ളത് ഈ സഭയിൽ ആദ്യമായിട്ടുണ്ടായ ഒരാവശ്യമല്ല. ഒരു കന്നി അയ്യപ്പനെപ്പോലെ ഈ സഭയിൽ കടന്നുവന്നപ്പോൾ അന്നുമുതൽ ഞാൻ ഇവിടെ ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. പത്തനംതിട്ട ജില്ല രൂപീകരണത്തിന്റെ അവകാശികൾ ഈ രാജ്യത്തെ കൊല്ലം ജില്ലയിലെ കിഴക്കൻ മലയോരപ്രദേശത്തെ സാധാരണക്കാരായ എല്ലാ ആളുകളുമാണ്. അക്കൂട്ടത്തിൽ നിങ്ങളിൽ പലരുമുണ്ട്. ഉണ്ണികൃഷ്ണനും, എം. കെ. ദിവാകരനും എല്ലാം ഉണ്ട്. നിങ്ങൾക്ക് അറിയില്ലെങ്കിൽ ഞാൻ പറഞ്ഞു തരാം. അതുപോലെ തന്നെ റാന്നി താലൂക്കിന്റെ കാര്യം. ഇതൊക്കെ പറഞ്ഞാൽ പോരാ, പ്രഖ്യാപിക്കണം. അടിയന്തിരമായി പ്രഖ്യാപിക്കാനുള്ള നടപടിയെടുക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ഇതൊരു ന്യൂനപക്ഷ ഗവൺമെന്റ് ആണെന്നാണ് പറയുന്നത്. ഞാൻ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. സർ, ഈ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ നിന്നും പോകാനുള്ള കാരണമെന്താണ്. പല സുഹൃത്തുക്കളും ഇവിടെ പറഞ്ഞതാണ്. 21 മാസക്കാലം ഭരിച്ച് ഈ രാജ്യത്ത് കൊലപാതകവും കൊള്ളയും നടത്തുന്നതിന്റെ ഹോൾസെയിൽ ഏറെറടുത്തത് ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയുമാണ്. അങ്ങനെ ഈ രാജ്യത്ത് നടന്നിട്ടുള്ള എല്ലാ കൊലപാതകങ്ങളുടെയും ഒരു ഭാഗത്ത് ആരാണ്, മാർക്സിസ്ററ് പാർട്ടിക്കാരാണ്, സഖാവ് പി. കെ. വാസുദേവൻ നായർക്ക് അത് നിഷേധിക്കുവാൻ സാധിക്കുകയില്ല; ശ്രീ. ബേബിജോണിന് നിഷേധിക്കാൻ സാധിക്കുകയില്ല. എല്ലാ അംഗങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ ഈ സഭയ്ക്ക് അകത്തും പുറത്തും പറഞ്ഞിട്ടുള്ള കാര്യമാണ്. ഈ രാജ്യത്ത് എവിടെ കൊലപാതകം നടന്നാലും ആർ.എസ്.എസ്. കാർ ചത്താൽ അതിന്റെ ഒരുഭാഗത്ത് മാർക്സിസ്ററ് പാർട്ടിക്കാരാണ്. കോൺഗ്രസ്സുകാരന് അടികൊണ്ടാൽ അതിന്റെ ഒരുഭാഗത്ത് മാർക്സിസ്ററ് പാർട്ടി. ഈ രാജ്യത്തെ നടന്നിട്ടുള്ള എല്ലാ കൊലകളുടെയും കൊലപാതകങ്ങളുടെയും അക്രമപ്രവർത്തനങ്ങളുടെയും ഒരുഭാഗത്ത് ആഭ്യന്തരവകുപ്പുമന്ത്രിയുടെ പാർട്ടി; ഇതിന്റെയെല്ലാം പിന്നിൽ അവർ കൈകാര്യം ചെയ്തിരുന്ന രാഷ്ട്രീയ പ്രസ്ഥാനം ഉണ്ടായിരുന്നതുകൊണ്ടാണ് ഞങ്ങളില്ല, എന്നു പറഞ്ഞത്. അതിനെ സംബന്ധിച്ചിട

LIBRARY ARCHIVES Kerala Legislative Assembly

ത്തോളം ആർക്കും തർക്കമുണ്ടെന്ന് തോന്നുന്നില്ല. അക്കാര്യത്തിൽ ഞങ്ങളുടെ സുഹൃത്ത് അപ്പുറത്തിരിക്കുന്ന ശ്രീ. ഷൺമുഖദാസിന്റെ പാർട്ടിക്കും എതിരുണ്ടെന്നു എനിക്ക് തോന്നുന്നില്ല. കാരണം വേളിയിൽ ഞങ്ങൾ ഒരുമിച്ചുകൂടിയപ്പോൾ ഇറങ്ങി പോരാൻ ഞങ്ങൾ ഒരുമിച്ച് തന്നെയാണ് തീരുമാനിച്ചത്. ഇപ്പോൾ നിങ്ങളുടെ സുഹൃത്തായി ഒരുമിച്ച് അപ്പുറത്തിരിക്കുന്ന ആളുകളും അന്ന് മിനിട്ട്സിൽ ഒപ്പിട്ട് കൊടുത്തിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയായിട്ടുള്ള ബന്ധം വിച്ഛേദിക്കണമെന്ന കാര്യത്തിൽ തർക്കമില്ലെന്നുള്ള കാര്യം എനിക്ക് വ്യക്തമായി അറിയാം. സി. പി. ഐ. യെ സംബന്ധിച്ചിടത്തോളം ന്യൂനപക്ഷ ഗവൺമെന്റ് ആണെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട ശ്രീനിവാസനും പി. കെ. വാസുദേവൻ നായരും ഞങ്ങളൊക്കെ വളരെ സ്നേഹിക്കുന്ന ഇ. കെ. പിള്ള ചേട്ടൻ വരെ പറഞ്ഞത്, ഇതൊരു ന്യൂനപക്ഷ ഗവൺമെന്റാണെന്നാണ്. ഈ ഭാഗത്ത് നിന്ന് സംസാരിച്ച എല്ലാ സുഹൃത്തുക്കളും അങ്ങോട്ട് ചില കാര്യങ്ങൾ ചോദിച്ചു. ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായർ ഞങ്ങൾ ബഹുമാനിക്കുന്ന ആളാണ്. വളരെ പാരമ്പര്യമുള്ള ഒരു അംഗമാണ്. കേരള സംസ്ഥാനത്ത് മുഖ്യമന്ത്രിയായി ഭരിച്ചിട്ടുള്ള ആളാണ്. കേരളത്തിൽ റവന്യൂവകുപ്പ് മന്ത്രിയായി ശ്രീനിവാസൻ ഭരിച്ചിട്ടുണ്ട്. ഞങ്ങൾ നിങ്ങളോട് ചോദിക്കട്ടെ 1969-ൽ അച്യുതമേനോൻ ഉണ്ടാക്കിയത് ന്യൂനപക്ഷ ഗവൺമെന്റ് ആയിരുന്നില്ലേയെന്ന്, അവസാനം സംസാരിച്ച എന്റെ സുഹൃത്ത് ഇ. കെ. പിള്ള ചേട്ടനെ കൊണ്ടുപോലും അതിന് മറുപടി പറയിക്കാൻ സഖാവ് പി. കെ. വാസുദേവൻ നായർക്ക് സാധിച്ചിട്ടില്ല ; എന്നുള്ളത് ഒരു വസ്തുതയാണ്. ഈ രാജ്യത്തെ ജനങ്ങളുടെ മുമ്പിൽ ജനാധിപത്യ സംവിധാനത്തിൽ ആദ്യമായിട്ട് ഒരു ന്യൂനപക്ഷ ഗവൺമെന്റ് ഉണ്ടാക്കിയതിന്റെ പിതൃത്വം ശ്രീ. അച്യുതമേനോനും സി. പി. ഐ. ക്കും ആണെന്നുള്ളതിന് യാതൊരു സംശവുമില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുൻപ് ഡിസംബർ മാസം 26-ാം തീയതി ഈ സഭയിലെ 71 അംഗങ്ങളുടെ പിന്തുണ ഈ ഗവൺമെന്റിന് ഉണ്ടായിരുന്നു എന്നുള്ളത് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യമാണ്. അതുകൊണ്ട് സി. പി. ഐ. സുഹൃത്തുക്കളോട് ഞാൻ പറയുകയാണ് ; നിങ്ങൾ അറിയാതെ ഈ നാടകം ചവിട്ടുന്നത് നിങ്ങൾക്കപകടമാണ് എന്നാണ്. ഒരു കാര്യം ഇവിടെ വ്യക്തമാണ്. സി. പി. ഐ. അണികളെ സംബന്ധിച്ചിടത്തോളം, വർഷങ്ങളായി ചെങ്കൊടിയും പിടിച്ചുകൊണ്ട് സി.പി.ഐ. ക്കുവേണ്ടി പ്രവർത്തിക്കുന്നതായ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ അവർ ബോധവാൻമാരാണ്. അതുകൊണ്ട് തന്നെയാണ് കാലം കഴിയുന്തോറും സി. പി. ഐ. യിലെ പല സുഹൃത്തുക്കളും പുറത്തേക്ക് ചാടുന്നത്. പത്രങ്ങളിൽ ഞങ്ങൾ വായിച്ചതാണ്, കഴിഞ്ഞദിവസം തിരുവനന്തപുരത്തെ പി. കെ. വാസുദേവൻ നായരുടെയും ശ്രീനിവാസന്റെയും പാർട്ടിയിൽപ്പെട്ട സുഹൃത്തുക്കളായ ആളുകൾ ഡാങ്കേ ഗ്രൂപ്പിലേക്ക് പോകുന്നുവെന്ന്. നിയമസഭാ സമ്മേളനത്തിന്റെ അടുത്ത പ്രാവശ്യം ഇവിടെ ആരൊക്കെ കാണുമെന്നതിനെക്കുറിച്ച് നമുക്ക് കണ്ടറിയാം. ഒരു കാര്യമുണ്ട്. ഞങ്ങളുടെ നാട്ടിലൊക്കെ പറയും, വഴുതനങ്ങയ്ക്കകത്ത് പുഴു കയറിയാൽ ആരുമറിയില്ലെന്ന്. വഴുതനങ്ങയ്ക്കകത്ത് പുഴു കയറിയാൽ അവസാനം തോട് മാത്രമായി അവശേഷിക്കും. ആ ഗതികേടിലേക്ക് സി. പി. ഐ. പോയി പതിക്കും എന്നുള്ളതിന് യാതൊരുസംശയവുമില്ല. അതുപോലെ തന്നെ എ.ഐ. സി. പി. യുടെ വളർച്ച നിങ്ങൾ തന്നെ ഉണ്ടാക്കി കൊടുക്കുന്ന ഈ ദുർഗതിയിൽ നിന്ന് ഉണ്ടാകുന്നുവെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അവർ നന്നാകുമെന്നുള്ള പ്രതീക്ഷയിലാണ് ഞങ്ങൾ അവരുമായി കൂട്ടുചേർന്നത്. 1957-ലും 1967-ലും

LIBRARY ARCHIVES Kerala Legislative Assembly

പഠിച്ച ഗുണപാഠങ്ങൾ അവരിൽ അൽപ്പം മാററം ഉണ്ടാകുമെന്ന് ഞങ്ങൾ ആത്മാർത്ഥമായി പ്രതീക്ഷിച്ചു. കാഞ്ഞിരത്തിന്റെ ചുവട്ടിൽ തേൻ ഒഴിച്ചാലും അതിന്റെ കയ്പ്പ് മാറുകയില്ലല്ലൊ, എന്നുള്ള ഗതികേട് ആണ് മാർക്സിസ്ററ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് പറയാനുള്ളത്. ഞങ്ങളുടെ സുഹൃത്തുക്കളായ ഇപ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾ പലതും ഇവിടെ പറഞ്ഞു. പ്രത്യേകിച്ച് വർഷങ്ങളായി ഒരു പാർട്ടിക്കുവേണ്ടി പണി എടുത്തിട്ടുള്ള ഞങ്ങളുടെ ഷൺമുഖദാസും, അതുപോലെ പ്രിയപ്പെട്ട ചാക്കോച്ചനും ഒക്കെ പറഞ്ഞ കാര്യങ്ങളിലൊക്കെ കൂടുതൽ കടന്നാൽ അവർക്ക് ബുദ്ധിമുട്ട് ആകുമെന്നുള്ളതു കൊണ്ട് ഞാൻ അങ്ങോട്ട് കടക്കുന്നില്ല. അപ്പുറത്തിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയ്ക്കുവേണ്ടി അവിശ്വാസ പ്രമേയം അവതരിപ്പിക്കാൻ എന്റെ സുഹൃത്ത് ഷൺമുഖദാസിനെ തന്നെ കണ്ടെത്തുവാൻ അവർക്ക് സാധിച്ചു. അവതരിപ്പിക്കാത്ത അവിശ്വാസങ്ങളുടെ ഒരു പാർട്ടിയാണ് ഷൺമുഖദാസിന്റെ പാർട്ടി. വലിയ പ്രതീക്ഷയോടുകൂടി ഒരു ഗ്രൂപ്പുണ്ടാക്കിയ ഒരാളാണ് എന്റെ സുഹൃത്ത് ശ്രീ. ചാക്കോ അദ്ദേഹത്തെ ആ ഗ്രൂപ്പിന്റെ നേതാവായിട്ടു പോലും അംഗീകരിക്കാൻ ഷൺമുഖദാസിന് പോലും സാധിച്ചിട്ടില്ല. കാരണം ഷൺമുഖദാസിന് ചാക്കോയിൽ വിശ്വാസമില്ലെന്ന് ആണ്. കോഴിക്കോട് ജില്ലയിലും മററും നടന്ന പല കമ്മിററികളിലും ഷൺമുഖദാസ് പറയുന്നത് അതാണ്. അതുകൊണ്ട് അവതരിപ്പിക്കാൻ സാധിക്കാത്ത അവിശ്വാസങ്ങളുടെ പാർട്ടിയെന്നും മാത്രമേ ഞാൻ ഈ ഷൺമുഖദാസിനെക്കുറിച്ച് പറയുന്നുള്ളു. എ. കെ. ആന്റണിയുടെ ആദർശധീരതയെക്കുറിച്ച് പല ആളുകളും ഇവിടെ സംസാരിച്ചു, പ്രത്യേകിച്ച് എന്റെ ബഹുമാന്യ സുഹൃത്ത് കടന്നപ്പള്ളി രാമചന്ദ്രൻ. കാരണം വളരെയധികം ദിനരാത്രങ്ങൾ അദ്ദേഹത്തോടു കൂടി കഴിഞ്ഞിട്ടുള്ള ആളാണ് കടന്നപ്പള്ളി രാമചന്ദ്രൻ. അതുപോലെ തന്നെ ശ്രീ. അബൂബേക്കറും ഇവിടെ പറഞ്ഞു, അവസാനം ശ്രീ. ഇ. കെ. പിള്ള ചേട്ടനും പറഞ്ഞു.

ശ്രീ. കെ. പി. നൂറുദ്ദീൻ: മാർക്സിസ്ററുകാർക്ക് ചാക്കോയിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് ഷൺമുഖദാസ് അംഗീകരിക്കാത്തതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. സി. ചെറിയാൻ: ഷൺമുഖദാസിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഷൺമുഖദാസിന്റെ ബുദ്ധിയല്ല പ്രവർത്തിക്കുന്നത് എന്നുള്ളത് ഞങ്ങൾക്കറിയാം. കടന്നപ്പള്ളി രാമചന്ദ്രനും അബൂബേക്കറും അതുപോലെ തന്നെ ഇ. കെ. പിള്ള ചേട്ടനുമൊക്കെ പറഞ്ഞു; ഞങ്ങൾക്കൊക്കെ ഇപ്പോൾ ആന്റണിയെ പുച്ഛമാണ്, എന്ന്. ഇത് പറഞ്ഞപ്പോൾ എനിക്ക് ഒരു കാര്യമാണ് ഓർമ്മ വരുന്നത്. ഒരു ഗ്രാമത്തിൽ വളർന്ന ഒരു കർഷകൻ പട്ടണത്തിൽ ചെന്ന് ഒരു അൾസേഷ്യൻ നായ്കുട്ടിയെ വാങ്ങി. ആ അൾസേഷ്യൻ നായ്കുട്ടിയെ വീട്ടിലെ കുഞ്ഞുങ്ങളെക്കാളും നന്നായി നോക്കി വളർത്തി. അതിന് കൈ വളർന്നൊ കാല് വളർന്നൊ എന്ന് നോക്കി വീട്ടിലെ ഗൃഹനാഥനോടൊപ്പം തന്നെ കസേരയിൽ കയററി ഇരുത്തി അതിന് പാലും തേനും ഒക്കെ കൊടുത്തു വളർത്തിക്കൊണ്ടു വന്നിട്ട്, അവസാനം വീട് കാവൽ ഏൽപ്പിക്കുന്ന ജോലിവരെ ആ നായ്കുട്ടിക്ക് കൊടുത്തു. ഒരു അർദ്ധരാത്രി സമയത്ത് അക്രമികൾ വന്ന് അതിന് അപ്പക്കഷണം ഇട്ടു കൊടുത്തുകൊണ്ട് ആ പട്ടിയെ സ്വന്തം പടിയിലേക്ക് വിളിച്ച്, ആ വീട് ആക്രമിച്ചതു പോലെയാണ്, ഞങ്ങളുടെ ചില സുഹൃത്തുക്കളെ ആദർശധീരനായ ശ്രീ. എ. കെ. ആന്റണി വളരെയധികം വളർത്തിക്കൊണ്ടു വന്ന്, അവസാനം ഞങ്ങൾക്ക് തന്നെ പാരയായത്. എനിക്ക് അവരോട് പറയാനുള്ളത് ചോറ് തന്ന കൈയിൽ തിരിഞ്ഞ് കടിക്കരുതെന്ന് മാത്രമാണ്. ശ്രീ. അബൂബേക്കറിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴം ആദർശധീരനായ ആൻറണിയെക്കുറിച്ച് പുച്ഛമാണ്. അദ്ദേഹത്തെ ആധുനിക കേരളത്തിലെ ഒരു ആദർശധീരനായിട്ട് പറയണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കാരണം ഈ രാജ്യത്തെ പി. ഡബ്ല്യു. ഡി. റെസ്റ്റ് ഹൗസുകളിലും നമ്മുടെ ക്ലിഫ് ഹൗസിലും ഒക്കെ പോയി നോക്കിയാൽ കേരളത്തിൽ ഒരു പി. ഡബ്ല്യു. ഡി. വകുപ്പ് മന്ത്രി ഉണ്ടായിരുന്നു ; അദ്ദേഹം ആദർശധീരനായിരുന്നുവെന്ന്, കുഞ്ഞുങ്ങളെ പറഞ്ഞ് പഠിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എ. കെ. ആൻറണിയെ സംബന്ധിച്ചിടത്തോളം ആദർശധീരനാണെന്ന കാര്യം ഈ രാജ്യത്തെ ജനങ്ങളുടെ മുൻപിൽ പഠിപ്പിക്കേണ്ട കാര്യമില്ല. അദ്ദേഹം ആദർശധീരനായിട്ടാണ് ഈ രാജ്യത്ത് പ്രവർത്തിക്കുന്നത്. ആൻറണിയുടെ പേര് എഴുതി തലയിൽ വച്ചുകൊണ്ട് ആ തൊപ്പി വച്ചുകൊണ്ട്, അധികാരത്തിൽ വരുന്നതിന് വോട്ട് പിടിച്ച ഇ. കെ. പിള്ളയെ പോലുള്ള ആളുകളം, ഇനിയും വരാൻ പോകുന്ന വിപത്തുകളെക്കുറിച്ച് ഓർമ്മയിൽ വയ്ക്കണം. കിഴക്കൻ മലയോര പ്രദേശങ്ങളിൽ കഴിഞ്ഞകാലങ്ങളിൽ ജനങ്ങളിൽ നിന്നും അദ്ദേഹത്തിനു കിട്ടിയ സഹകരണം ഇനി അതുപോലെ കിട്ടുകയില്ലെന്നുള്ള കാര്യം മാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു.

<u>മി. സ്പീക്കർ:</u> ഓർഡർ, ഓർഡർ, സഭ ഇപ്പോഴം പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും ചേരുന്നതുമാണ്.

(1982 ഫെബ്രുവരി 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.33-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly